# അമീബ ആനയെ തിന്നുമ്പോൾ

സനാഥനായ ആനയുടെ അടുത്തിരുന്ന് എന്നും അനാഥനായ അമീബ കരയും. കൊമ്പു കൊണ്ടു കുത്തിയും മുറിവേൽപ്പിച്ചും വെള്ളത്തിൽ മുക്കി ശ്വാസം മുട്ടിച്ചും ആന അമീബയെ വേദനപ്പിച്ചുകൊണ്ടേയിരിക്കും. ഒടുവിൽ രാത്രിയാവുമ്പോൾ കുഞ്ഞമീബ കിടന്നുറങ്ങും. ഉറങ്ങുമ്പോൾ അമീബയുടെ സ്വപ്നങ്ങൾ ഓരോന്നായ് ചിറകുവിരിയ്ക്കും. താൻ വളർന്ന് വളർന്ന് ആനയേക്കാൾ വലുതായ് ഒറ്റവായ്ക്ക് ആനയെ അകത്താക്കുന്നതുവരെ നീളും ആ സ്വപ്നങ്ങൾ. ഇവിടെ ആനയെന്നതും അമീബയെന്നും വെറും അപരനാമങ്ങൾ. ഈ വലിയ ലോകത്തിന്റെ വിശാലമായ സ്നേഹം സന്തോഷത്തോടെ ഏറ്റുവാങ്ങുന്ന അമീബയ്ക്കുള്ള അഭിനന്ദനമാവട്ടെ ഈ മാഗസിൻ. വലിയവനാണെന്ന അഹങ്കാരത്താൽ ചെറിയവനാകുന്ന ആനയ്ക്കുള്ള താക്കീതും ഇതും തന്നെയാവാട്ടെ. വിദൂരമല്ല ഈ സ്വപ്നത്തിലേക്കുള്ള യാഥാർത്ഥ്യത്തിന്റെ ചവിട്ടുപടികൾ. നാളെയെന്നെങ്കിലും "അമീബ ആനയെ തിന്നുമ്പോൾ" ലോകം പറയും. "പലരും ഈ സ്വപ്നം പണ്ടേ കണ്ടിരുന്നു."


Dr. V S SUJATHA
Staff Editor


SWAENA E
Student Editor


ALAN C ANTONY
Sub Editor


ARUNJITH P


ARJUN T P


APARNA V M


ANAGHA S NAMBISAN


MEGHA L M


GOKUL K GOPI


RAEESA P


KEERTHANA K


ROSHNA GEORGE


ATHIRA G R


ANJALI V A


SRESHMA C K


SUGINA P


ASIF ALI P


ABHIN P K


AMRITHA HARI

## The Crew


Staff Editor : Dr.V. S. Sujatha
Student Editor : Swaena E.
Magazine Committee : Arunjith P, Arjun T.P., Anagha S, Megha L M, Gokul K, Aparna V M, Raeesa P, Keerthana K, Athira G.R., Roshna G, Anjali V A, Asif Ali P, Abhin P K, Sreshma C K, Sugina P, Amritha Hari

Printing : Ebenezer Printers, Thrissur
Periodicity of Publication : Annual
Printers Name : Dr. V. S. Sujatha,
Professor, Department of
Plantation Crops & Spices,
College of Horticulture,
Vellanikkara, Thrissur

Published under the authority of the
Magazine Committee 2014-15


Declaration

I Swaena E, hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Swaena E.


Special Thanks to


Dr. P. K. Rajeevan, Dr. A. T. Francis,
Dr. Vishalakshi, Amal Jamal, Akhisha P. A
Aravind K. S, Aparna K. Gokul, Remzeena
Sai Parvathy, Keerthana Jayarajan, Anju S.
Sajin Raj, Anto Varghese, Shruthi Surendran
Mirfath, Shameena, Binsiya, Badriya
Haritha Raj, Ashika, Hiba T, Shilpa R
Anagha V. Gopal, Arjun P, Leema Mathew,
Nasreen V, Aparna R A, Akhil K P




"വിജയത്തിന്റെ കഥകൾ വായിക്കരുത്. നിങ്ങൾക്ക് ഒരു സന്ദേശം മാത്രമേ ലഭിക്കുകയുള്ളൂ. തോൽവിയുടെ കഥകൾ വായിക്കൂ, വിജയത്തിലേക്കുള്ള ചില ആശയങ്ങൾ നിങ്ങൾക്ക് ലഭിച്ചേക്കും"

കൈവെച്ച മേഖലകളെയെല്ലാം പൊന്നാക്കിയ ശ്രീ. **എ. പി. ജെ. അബ്ദുൽകലാം.** വിശേഷണങ്ങൾക്കതീതമായ മഹത്വ്യക്തിത്വമേ, അങ്ങു ജീവിക്കുന്നു, എന്നെന്നും ഞങ്ങളുടെ മനസ്സുകളിൽ... നശ്വരമായ ജീവിതത്തെ അനശ്വരമായ പ്രവർത്തനമണ്ഡലത്തിലൂടെ തോൽപിച്ച യോഗ ഗുരോ, ഉയർന്ന സ്വപ്നങ്ങൾ കാണാൻ വെമ്പുന്ന ഓരോ മാനവഹൃദയത്തിലും അങ്ങു വസിക്കും, അനശ്വരതയുടെ കാവലാളായ്... ഓരോ ഭാരതീയന്റെയും രക്തത്തിലെ തിളയ്ക്കുന്ന ഓർമ്മയായ്...

# MESSAGE



I am glad to know that College of Horticulture, Vellanikkara, Thrissur district will be publishing its annual magazine for the academic period 2014-15.

In the field of higher education, students should utlize every opportunity to learn, experience and explore in order to broaden their knowledge base. They should also pursue vocations that can contribute towards societal development. I hope that College of Horticulture, Vellanikkara would continue to provide opportunities and facilities for its students and faculty to excel in academic pursuits and set benchmarks in the domain of higher education.

Wishing all success

Oommen Chandy

Chief Minister, Govt. of Kerala

# MESSAGE



ഹരിതസുന്ദരമായ ഒരു നവലോകം സ്വപ്നം കാണുന്നവരാണ് ഞങ്ങൾ. അതു നേടി ത്തരേണ്ട ചുമതല കാർഷിക വിദ്യാർത്ഥികളായ നിങ്ങൾക്കുള്ളതാണ്.

സ്നേഹസുഗന്ധം നിറഞ്ഞു നിൽക്കുന്ന ഒരു നന്ദനോദ്യാനമായി ഈ ഭൂമിയെ മാറ്റാൻ നിങ്ങൾക്കു കഴിയട്ടെ.

ഹരിത കഥകളും ഹരിത കവിതകളും ഹരിത കലാരൂപങ്ങളുമടങ്ങുന്ന ഒരു നല്ല കലാസൃഷ്ടിയായി ഈ മാഗസിൻ രൂപം പ്രാപിക്കട്ടെ

നിങ്ങളുടെ എല്ലാ സംരംഭങ്ങൾക്കും നന്മകളും വിജയാശംസകളും നേരുന്നു.

സ്നേഹാദരങ്ങളോടെ

**സിപ്പി പള്ളിപ്പുറം**

# MESSAGE



കലാലയ സംസ്കാരത്തിന്റെ നേർക്കാഴ്ചകളാണ് കോളജ് മാഗസിനുകൾ. ഗതകാല സ്മരണകളും, ആധുനിക കാലഘട്ടത്തിന്റെ സ്വപ്നങ്ങളും, പ്രതീക്ഷകളും . വെല്ലുവിളികളും ഇഴചേർന്ന കലാലയത്ത് ന്റെ ഹൃദയത്തുടിപ്പുകളെ ഒപ്പിയെടുക്കുവാൻ ഉതകുന്ന ഒരു അമൂല്യ സാഹിത്യസൃഷ്ടിയാണ് 'അമീബ ആനയെ തിന്നുമ്പോൾ എന്ന പേരിൽ മാഗസിൻ ക്ലബ് രൂപകല്പനചെയ്ത ഈ ഗ്രന്ഥം

ഈ മഹത്യത്നത്ത് ന് നേതൃത്വം നൽകിയ സ്റ്റാഫ് എഡിറ്റർ ഡോ. വി.എസ് സുജാത, സ്റ്റുഡന്റ് എഡിറ്റർ കുമാരി സ്വാഇന. ഇ. എന്നിവർക്കും അണിയറയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും അഭിനന്ദനങ്ങൾ!!

Dr. Koshy Abraham
Associate Dean, College of Horticulture

# MESSAGE



ആധുനിക യുഗം  പ്രശ്നങ്ങളും പ്രതിസന്ധികളും നിറഞ്ഞതാണ്. ചിന്തകളാണ് ഒരു മനുഷ്യനെ നാശത്തിലേയ്ക്കോ ഉയർച്ചയിലേയ്ക്കോ തിരിച്ചുവിടുന്നത്. ചിന്ത നിഷേധ മാർഗ്ഗത്തിലേയ്ക്ക് തിരിഞ്ഞാൽ അതു ഹാനികരമാകും. മറിച്ച്, സൃഷ്ടിപരവും സർഗാത്മകവുമായ പാതയിലേയ്ക്ക് തിരിഞ്ഞാൽ സന്തോഷവും ഉത്സാഹവും നിറഞ്ഞ ജീവിതത്തിലേയ്ക്ക് എത്തിപ്പെടും. മനുഷ്യ മനസ്സിനെ ഉണർത്താനും  ഉയർത്താനും നല്ല തീരുമാനങ്ങളിലേയ്ക്ക് നയിക്കാനും സാഹിത്യ സൃഷ്ടികൾക്കുള്ള കഴിവ് അപാരമാണ്. അതുപോലെ കലുഷിതമായ മനസ്സുകളിൽ ഉന്മേഷമുണർത്താൻ പോരുന്നവയാണ് ഹൃദ്യമായ സംഗീതം, സൗഹൃദസംഗമങ്ങൾ, കലാകായിക ആസ്വാദനങ്ങൾ.

പോയ വർഷത്തെ കോളജിലെ സംഭവവികാസങ്ങളോടൊപ്പം വിദ്യാർത്ഥികൾ, അദ്ധ്യാപകർ,അനദ്ധ്യാപകർ എന്നിവരുടെ സാഹിത്യ സൃഷ്ടികളും കൂടി കോർത്തിണക്കി ഉണ്ടാക്കിയ ഓർമ്മസൂക്ഷിപ്പു ഗ്രന്ഥമാണ് ഈ കോളേജ് മാഗസിൻ. കോളേജ് മാഗസിൻ നല്ല നിലവാരം പുലർത്തിയിട്ടുണ്ടെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. മാഗസിൻ രൂപകല്പനചെയ്തു പുറത്തിറക്കിയ സ്റ്റുഡന്റ് എഡിറ്റർ കുമാരി സ്വാഇനക്ക് പ്രത്യേക അഭിനന്ദനങ്ങൾ. ഇതിന് ഏറെ സഹായിച്ച സ്റ്റാഫ് എഡിറ്റർ ഡോ. വി.എസ്. സുജാത, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, മറ്റു വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവർക്കും അഭിവാദനങ്ങൾ. ഇതിനു വേണ്ട എല്ലാ പ്രോത്സാഹനങ്ങളും സഹകരണവും നൽകിയ അസോസിയേറ്റ് ഡിൻ ഡോ. കോശി  എബ്രഹാമിനും  അഭിനന്ദനങ്ങൾ.

Dr. P. A. Joseph
Associate Patron, Students' Union 2014-15

# MESSAGE



ഒരു വർഷത്തോളം നീണ്ടുകിടക്കുന്ന ഒരു തപസ്യയുടെ ഒടുവിലാണ് ഈ കോളേജ് മാഗസിൻ പിറവിയെടുക്കുന്നത്. കോളേജ് മാഗസിൻ ഒരു കലാലയത്തിലെ സർഗ്ഗപ്രതിഭയുടെ പരിച്ഛേദമാണ്.

ജീവിതത്തിലെ ഏറ്റവും ആസ്വാദ്യമായതും ഒരുപക്ഷേ കലാലയ ജീവിതമായിരിക്കും. അത് മിഴിവാർന്നതാവണമെങ്കിൽ പഠനത്തോടൊപ്പം മറ്റ് സർഗ്ഗാത്മക പ്രവർത്തനങ്ങളും വേണം.

ജീവിതം കെട്ടിപ്പടുക്കാനും എവിടെയും ഒന്നാമനാവാനുമുള്ള തത്രപ്പാടിൽ യാന്ത്രികമായ ഒറ്റപ്പെട്ട തുരുത്തുകളായി ഇന്ന് മനുഷ്യജീവിതം മാറിക്കൊണ്ടിരിക്കുന്നു. വ്യക്തിഗതമായ ഈ തരത്തിലുള്ള വളർച്ച സാമൂഹിക വ്യവസ്ഥിതിയെത്തന്നെ തകിടം മറിക്കുകയാണ്.

കലയും സാഹിത്യവും സമൂഹത്തിന്റെ കെട്ടുറപ്പിനും കൂട്ടായ്മക്കും അനിവാര്യമാണ്. ഹോർട്ടികൾച്ചർ കോളേജിലെ വിദ്യാർത്ഥികളുടെ സർഗ്ഗസൃഷ്ടികൾ പങ്കുവെക്കാനുള്ള ഏറ്റവും നല്ല ഒരു മാധ്യമമാണ് കോളേജ് മാഗസിൻ.

കോളേജ് മാഗസിനിലേക്കുള്ള കൃതികളുടെ ബാഹുല്യവും വൈവിധ്യവും എനിക്ക് ഏറ്റവും അധികം സന്തോഷവും അഭിമാനവും തരുന്നതായിരുന്നു. മാഗസിനിലേക്ക് കഥയും കവിതയും ലേഖനങ്ങളും തന്ന് ഇതിനെ സമ്പുഷ്ടമാക്കിയ ഓരോരുത്തരോടുമുള്ള നന്ദി ഞാൻ ഇവിടെ കുറിക്കട്ടെ.

മാഗസിൻ കമ്മിറ്റിയുടെ ചിട്ടയായ പ്രവർത്തനത്തെപ്പറ്റി എടുത്തു പറയാതെ വയ്യ. സ്റ്റുഡന്റ് എഡിറ്ററുടെ നേതൃത്വത്തിൽ വളരെ ചിട്ടയായും ദിശാബോധത്തോടെയും ഉള്ള മാഗസിൻ കമ്മറ്റിയുടെ പ്രവർത്തനം എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് ഒരു മികവുറ്റ പ്രസിദ്ധീകരണമാക്കാൻ സഹായിച്ചു. മാഗസിൻ കമ്മിറ്റിക്കും സ്റ്റുഡന്റ് എഡിറ്റർക്കും അനുമോദനങ്ങൾ.

"അമീബ ആനയെത്തിന്നുമ്പോൾ" മാഗസിൻ കമ്മിറ്റിയുടെ സ്വപ്നങ്ങളുടെ സാക്ഷാത്ക്കരമാണ്. വായനക്കാരുടെ ആസ്വാദനത്തിനും പ്രതികരണത്തിനുമായി ഇത് സമർപ്പിക്കുന്നു.

Dr. V. S. Sujatha
Staff Editor, Students' Union 2014-15



സ്വപ്നം കാണാൻ കരുത്തുള്ളവർമാത്രം ഈ താളുകൾ മറിയ്ക്കുക.
വാക്കുകളുടെ ഏറ്റക്കുറച്ചിലുകളറിയാത്ത,
ക്ലാവ് പിടിച്ച മനസ്സുകൾക്ക് ഒരുപക്ഷെ ഇതൊരു
ചേതനയറ്റ ശബ്ദമായ് തോന്നിയേക്കാം. വികാരതീവ്രമായ വരികളിൽ
സ്വപ്നങ്ങൾ ചേർത്തുവെച്ചപ്പോൾ
പേനത്തുമ്പിൽ കിനിഞ്ഞ ജീവരക്തമാണ് ഇതിലെ ഓരോ വരികളും.
എഴുതാത്ത വരികളിൽ ഇനിയുമേറെ ബാക്കിയുണ്ട്.
മൗനത്തിലെവിടെയോ ഇനിയും ശബ്ദം ബാക്കിയുള്ളതുപോലെ,
നാളെയിലെവിടെയോ ഇന്നിന്റെ സ്നേഹസ്പർശമുള്ളതുപോലെ.
ഇനിയുമൊരുപാട് സ്വപ്നങ്ങൾ ഈ താളുകളിൽ
എഴുതിച്ചേർക്കണമെന്നുണ്ട്.
പക്ഷേ പലതും ഇവിടെ ബാക്കിവെയ്ക്കുകയാണ്.
നാളെ, ഞങ്ങൾക്കുശേഷം വരുന്നവർക്കായ്...


എഡിറ്റർ




# സമർപ്പണം

ചില്ലിട്ടകണ്ണാടിക്കൂടുകളിൽ ജീവനറ്റ ചിറകുകളുമായ്
എത്തനോളിൽ ഞങ്ങൾ മുക്കിക്കൊന്ന പൂമ്പാറ്റകൾക്ക്...
പുഴുവിൽ നിന്നും പൂമ്പാറ്റയാവാൻ പ്യൂപ്പകൊണ്ട്
സ്വപ്നങ്ങൾ നെയ്തിട്ടും, മോഹം സഫലമാകാതെ
പ്ലാസ്റ്റിക്ക് സഞ്ചിയിൽ ശ്വാസംമുട്ടി മരിച്ച പുഴുക്കൾക്ക്....
സ്യൂഡോമോണാസ് ലായനിയിൽ ഒരു രാത്രി മുഴുവൻ
കുതിർത്ത് വെച്ച് ഞങ്ങളുടെ സ്നേഹവും ചേർത്ത്
പാകിയിട്ടും മുളയ്ക്കാതെ പോയ കൊട്ടേപാടത്തെ നെൽവിത്തുകൾക്ക്
ഹെർബേറിയം ഷീറ്റുകളുടെ ഇരുളറയിൽ
ഇനിയൊരിക്കലും കാണാത്ത മണ്ണിനെയോർത്ത് വിതുമ്പുന്ന പുൽനാമ്പുകൾക്ക്
വെയിൽ മറയുമ്പോൾ ഞങ്ങൾ
അനാഥരാക്കിപ്പോവുന്ന ക്ലാസ്മുറികൾക്ക്
വിപ്ലവങ്ങളുടെ കാഹളങ്ങളിൽ
സന്തതസഹചാരിയായ സൽക്കാരയുടെ ഇഷ്ടികഭിത്തികൾക്ക്
രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് L.H ലേയ്ക്കെത്തിനോക്കിയ
പാലക്കാടൻ കാറ്റിന്
ഒറ്റപ്പെടലിന്റെ വിങ്ങലിൽ
M.Hന്റെ മൂലയിൽ വിതുമ്പുന്ന ഒഴിഞ്ഞു തീർന്ന വീഞ്ഞുകുപ്പികൾക്ക്
നോർത്തിന്ത്യ ടൂറിലുടനീളം ഞങ്ങളെ
അനുഗമിച്ച നൂറ്റാണ്ടുകൾക്ക് സാക്ഷിയായ തീവണ്ടിപ്പാളങ്ങൾക്ക്
വെയിലിലും മഴയിലും ഇലപൊഴിയുന്നതും
തളിരില പുനർജ്ജനിക്കുന്നതുമറിയാതെ
ഇവിടെ ഞങ്ങൾക്ക് കാവലാകുന്ന സെക്യൂരിറ്റി ചേട്ടൻമാർക്ക്
അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നുതന്ന
ഗുരുഭൂതർക്ക്
പിന്നെ ഗുൽമോഹർ പൂത്ത ഈ വഴികളെ
പ്രണയിച്ച ഓരോ കാൽവെയ്പ്പുകൾക്കും
ഞങ്ങളീ സ്നേഹത്തിന്റെ താളുകൾ സമർപ്പിക്കട്ടെ.

ഏകാന്തതയുടെ മതിൽക്കെട്ടിനുള്ളിലിരുന്ന് ഞാൻ സ്വപ്നങ്ങൾ കണ്ടു.
കാക്കത്തൊള്ളായിരം സ്വപ്നങ്ങൾ...
കണ്ണുകൾ അടച്ചും, തുറന്നും, അറിഞ്ഞും, അറിയാതെയും.
ഇന്നലകളിലെ കുരങ്ങനിൽനിന്ന് നാളെയിലെ കള്ളക്കുരങ്ങനിലേക്ക് വരെ
നീണ്ടു ആ സ്വപ്നങ്ങൾ...
സ്വപ്നങ്ങളെ അരിച്ചെടുത്തൊരു പുസ്തകമുണ്ടാക്കി ഞാൻ
കണ്ണിന് കുളിരേകിയവയെ മാത്രം തിരഞ്ഞെടുത്ത് നിർമ്മിച്ച സ്വപ്നപുസ്തകം.
അതിൽ ഞാനെന്റെ ആദ്യത്തെ സുന്ദരസ്വപ്നം എഴുതിച്ചേർത്തു.
"വിത്തിന്റെ പുറംതോടുപൊട്ടിച്ച് അത്ഭുതത്തോടെ ഈ ലോകത്തെ
നോക്കുന്ന ഒരു കുഞ്ഞു പുൽനാമ്പാണ് ഞാൻ".






തിരക്കേറിയ നാഷണൽ ഹൈവേയുടെ ഓരത്ത്, തലയെടുപ്പോടുകൂടി നിൽക്കുന്ന പ്രവേശനകവാടം.
അമ്പലനടയാണെന്നു കരുതി കൈകൂപ്പിയെങ്കിൽ വിഷമിക്കേണ്ട. ഇതും ക്ഷേത്രമാണ്...
ഞങ്ങളുടെ കർഷകക്ഷേത്രം. മണ്ണിനേയും മനുഷ്യനേയും ഒരുപോലെ സ്നേഹിക്കുന്ന വലിയൊരു സമൂഹത്തിലേക്കുള്ള പടിപ്പുര.




കാൽ വെയ്പുകൾ വേഗത്തിലാകുന്നു... മനസ്സിൽ ഹോർട്ടിക്കോസ് എന്ന ആവേശം പെരുമ്പറ കൊട്ടുന്നു.
ഗുൽമോഹർ പൂത്ത വഴികളിലൂടെ... ഇന്നലെകളുടെ വെളിച്ചത്തിൽ ഇന്നിലൂടെ നാളെയുടെ പൊരുൾതേടി എത്തിയത് ഈ **വീഥികളിലൂടെ...**



# കാതോർക്കുമ്പോൾ



Anagha S. Nambisan
Falcons'12

ഒരു ജലകണത്തിന്റെ ആദ്യാനുകമ്പയാൽ,
സൂര്യരശ്മിതൻ സ്നേഹസ്പർശത്താൽ,
മണ്ണിന്റെ മാറോടുചേർത്ത താരാട്ടിനാൽ,
കാറ്റിന്റെ കരലാളനത്തിൻ തണുപ്പിനാൽ,
വീണ്ടുമൊരു മറുപിറവിയീ ലോകത്തിൽ
വിത്തിൽ നിന്നുമൊരു മരമായ്,
വേരുകൾ പടർന്നൊരാൽമരമായ്...
ഉടലിൽ ജീവനും, ഉയിരിൽ പ്രാണനും
സഹസ്രാബ്ദങ്ങൾതൻ വേദനകളുമായ്
ജന്മത്തിൻ നെഞ്ചിലാളും വിളക്കിനെ
നേർത്ത കാറ്റിലണച്ചു കളയാതെ,
ഇനിയുമിവിടെ ഞാനൊരൊറ്റയാനായ് ....
ഹൃദയത്തുടിപ്പുമായ് ജന്മാന്തരങ്ങളിൽ
നിശ്ശബ്ദവേദനകൾക്ക് സാക്ഷിയായ്,
ഇടിഞ്ഞ കൽത്തൂണുകൾക്ക് കാവലായ്,
എനിക്കൊപ്പമെൻ നെഞ്ചോട്
ചേർന്നു വളർന്നവർ തന്നെയെൻ
കൈകളെ വെട്ടിമാറ്റുമ്പോഴും,
കരയാൻ കണ്ണീർതികയാഞ്ഞിട്ടോ
അറിയില്ല, ചുണ്ടിൽ വിരിഞ്ഞതൊരു
പ്രാർത്ഥനമാത്രം, ഒരു  പൂവിന്റെ ഗന്ധമായ്...
മൗനമായ് ഞാനിവിടെ കാത്തുനിൽക്കാം
യുഗങ്ങൾക്കിപ്പുറം നിൻ മനസ്സിലൊരു
മരമായ്, സ്നേഹമായ്, ജീവനായ് ഞാൻ
വളർന്നൊരാൽമരമാവുമ്പോൾ
ഒരു നിമിഷം, ഈ ദലമർമ്മരങ്ങൾക്ക് കാതോർക്കുക....

# മുറ്റം





Gokul K Gopi
Falcons' 2

മരപ്പണിക്കാരന്റെ ചീന്തേറ് ആ നീളമേറിയ മരക്കഷ്ണത്തിലമർന്ന് വലിയ ശബ്ദമുണ്ടാക്കി. ഓരോ തവണ ആ ശബ്ദമാവർത്തിക്കുമ്പോഴും വാസുവിന് അത് അവസാനിക്കാത്ത ഒന്നാണെന്ന് തോന്നുകയും അത്യധികം അസ്സഹനീയമാവുകയും ചെയ്തു. മരപ്പണിക്കാരൻ അത് മനസ്സിലാക്കിയിട്ടെന്നപോലെ വാസുവിനെനോക്കി ചിരിച്ചു. പരിഹാസത്തോടെയല്ല, സൗഹൃദത്തിന്റെ നേർത്ത ചിരി. പക്ഷേ അതിൽപ്പോലും വാസു അല്പം പരിഹാസം കണ്ടെത്താൻ ശ്രമിച്ചു. അവൻ മുറിയിലേക്ക് കയറിപ്പോയി.

വാസു വന്നിട്ട് ദിവസങ്ങൾ കുറച്ചായി എങ്കിലും മരപ്പണിക്കാരനേയും അയാളുടെ പണിസാധനങ്ങളേയും സഹിഷ്ണുതയോടെ പരിഗണിക്കാൻ അവനിതുവരെ പഠിച്ചില്ല. മുറിയിലെ ചെറിയ കട്ടിലിൽ ഒന്നു മയങ്ങാൻ കിടക്കുമ്പോഴായിരിക്കും ചുറ്റിക ഉളിയുടെ തലതകർക്കുന്ന ശബ്ദം മുഴങ്ങുന്നത്. ചിലപ്പോൾ ചീന്തേറ് മരക്കഷ്ണത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ നടത്തുന്ന ദീർഘമായ യാത്രയുടെ ഇരമ്പം, അല്ലെങ്കിൽ ജനൽച്ചട്ടകളിലെ ചെറുദ്വാരങ്ങളിലേയ്ക്ക് ഇരുമ്പുകമ്പികളടിച്ചു കയറ്റുന്നതിന്റെ പ്രകമ്പനങ്ങൾ. ഏറെ നേരം അസ്വസ്ഥതകളോടെ വാസു കിടന്നു. മനസ്സിലെ ബോധ

ത്തിന്റെ വെളിച്ചം മങ്ങി മങ്ങി അബോധത്തിന്റെ ഇരുളിന് വഴി മാറിക്കൊടുത്തു. സുഗന്ധമില്ലാത്ത പൂക്കളേയും മനുഷ്യരി ല്ലാത്ത നഗരത്തേയും അവൻ സ്വപ്നം കണ്ടു. അവിടെ വലി യവീടുകളിൽ സദാ സംഗീതം പൊഴിയുന്ന വലിയ മുറികൾ. ഒഴിഞ്ഞ കസേരകൾ കൊണ്ട് ചുറ്റപ്പെട്ട മേശകളിൽ അനവധി ഭക്ഷണ സാധനങ്ങൾ നിരന്നിരിക്കുന്നു. കഴിക്കാൻ ആരുമില്ല. താഴെ വീഥിയോരങ്ങളിൽ വണ്ടികൾ നിർത്തിയിട്ടിരിക്കുന്നു. അവയിലേറി നഗരക്കാഴ്ചകൾ കാണുവാൻ ഒരാൾപോലു മില്ല.

മരപ്പണിക്കാരന്റെ പണിസ്ഥലത്ത് നിന്നുയർന്ന സ്ത്രീശ ബ്ദമാണ് അവനെ ഉണർത്തിയത്. ഇരുണ്ട നിറമുള്ള, ഉയരം കുറഞ്ഞ, സാമാന്യം വണ്ണമുള്ള ഒരു സ്ത്രീ. അവർക്ക് മുപ്പത് വയസ് പ്രായം കാണും. ജനലഴികളിൽ കൈവെച്ചുകൊണ്ട് വാസുദേവ് അവരെ നോക്കി. മരപ്പണിക്കാരൻ ആ സ്ത്രീയുടെ കൈകൾ ചേർത്തുപിടിച്ചു ചുംബിച്ചു. അവ രുടെ കണ്ണുകൾ നിറഞ്ഞതിൽ നിന്ന്, ഒരു തുള്ളി പുറത്തേ ക്കൊഴുകുവാൻ വെമ്പിനിന്നു. അവർ നമ്രമുഖിയായിരുന്നെ ങ്കിലും അതിൽ പ്രതിഫലിച്ചു കണ്ടത് പാകതയുള്ള ഒരു കാമുകിയുടെ സുധീരമായ ഭാവമാണ്, കുസൃതിയും.

അവർ നടന്നകന്നു.

മരപ്പണിക്കാരന്റെ കണ്ണുകൾ തന്റെ പ്രണയിനി പോയ വഴിയേ അല്പദൂരം പിൻതുടർന്നു.

വാസു ചോദിച്ചു:

"അതാരാണ്?"

മരപ്പണിക്കാരൻ ആ സ്ത്രീയെപ്പറ്റി പറഞ്ഞു:

"നീ അമ്മായി എന്നു വിളിക്കേണ്ട ആളാണ്. എന്റെ പഴ യൊരു ഇഷ്ടമാണത്."

ഒന്നും ഇഷ്ടപ്പെടാത്തതുപോലെ വാസു വീട്ടിലേക്കു കയ റിപ്പോയി.

നേരം പുലർന്നപ്പോൾ വാസു മുറ്റത്തെ പണിസ്ഥലത്തു വന്നിരുന്നു. ടാർപ്പായ വലിച്ചു കെട്ടിയതിന്കീഴെ കുറേയേറെ മരത്തടികളുണ്ട്. ഒരു മൂലയിൽ നിറയെ പട്ടികകൾ അടുക്കി വച്ചിരിക്കുന്നു. അതിൽ ചാരിവച്ചിട്ടുണ്ട് പണിക്കാരന്റെ പണി യായുധങ്ങളുള്ള സഞ്ചി. മുറ്റത്ത് തലേദിവസത്തെ പണി യ്ക്കിടയിലുണ്ടായ മരപ്പൊടിയും മറ്റും അങ്ങിങ്ങ് കിടക്കു ന്നു. ജനലിനും കതകിനും വേണ്ടി മുറിച്ച പട്ടികകളുടെ ബാക്കി കഷ്ണങ്ങൾ വാരിയെടുത്ത് കളയാൻ തുടങ്ങുകയാ യിരുന്നു അവൻ.

"വാസൂ ....; കളയണ്ട... ആവശ്യമുണ്ട്".

വാസു അത് അവിടെതന്നെയിട്ടു.

ഇനിയെത്ര ദിവസം? അവൻ കണക്കുകൂട്ടി. അമ്മ പറ ഞ്ഞിട്ടാണ് ഇവിടെ വന്നു നിൽക്കുന്നത്. അമ്മാവന്റെ വീട്ടിൽ വന്നാൽ, രണ്ടു ദിവസത്തിലധികം നിൽക്കാറില്ല. ഇപ്പോഴിതാ ഇത്രയും ദിവസം, അതും അമ്മ കൂടെയില്ലാതെ . വാസുവിനു പണ്ടുമുതലേ അമ്മാവനോട് വലിയ ഇഷ്ടമില്ല, ഇഷ്ടക്കേടും. രണ്ടു കാര്യങ്ങൾക്കും പറയത്തക്ക കാരണവുമില്ല. അച്ഛൻ മരിക്കുന്നതുവരെ അമ്മാവൻ വീട്ടിലേയ്ക്കു വരുന്നത് വളരെ കുറവായിരുന്നു എന്നമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. വാസു വിന് ഇഷ്ടമില്ല, ആ മൃദുവല്ലാത്ത കൈവിരലുകളും, ഒതുങ്ങി യിരിക്കാത്ത ചുരുളൻ മുടിയും, തെറ്റൊന്നും പറയാനില്ലെ ങ്കിലും, ആ ചിരിയും.

നാലാം ക്ലാസിൽ പഠിക്കുമ്പോൾ അമ്മാവൻ സ്കൂളിൽ വന്നു. ആ പണിസഞ്ചിയും തൂക്കിപ്പിടിച്ചുകൊണ്ട്. അവൻ തൂണിനോട് ചേർന്ന് മറഞ്ഞുനിന്നു. അമ്മാവന്റെ കണ്ണുകൾ സ്കൂൾ മുറ്റത്തും മറ്റും അവനെതിരഞ്ഞു. അമ്മാവൻ സ്കൂളിൽ മരപ്പണിക്ക് വന്നതാണ്. പിന്നീടുള്ള രണ്ടു ദിവസ ങ്ങളിൽ അവൻ അങ്ങോട്ടു പോയതേയില്ല.

കൂട്ടുകാരൻ വാസുവിനോട് ചോദിച്ചു:

"നീയെന്താ എൻ.എസ്.എസ് സ്കൂളിൽ ചേരാഞ്ഞത്?"

"എനിക്കിഷ്ടമില്ല" അവൻ പറഞ്ഞു.

വാസുദേവ് പഠിച്ചത് 'ബോയ്സി'ലാണ്. അവൻ പെൺകു ട്ടികളെ വെറുത്തു, അവരോട് കൂട്ടുകൂടിയില്ല.

രാവുകളിൽ, നിലാവത്ത് നിഴലുകൾ മുറ്റത്തു തീർക്കുന്ന ചിത്രങ്ങൾ നോക്കികൊണ്ടിരിക്കാറുണ്ട് വാസു. അവന്റെ അമ്മയുടെ മടിയിൽ തലചായ്ച്ച് നീളമേറിയ, കുളിർമ്മയുള്ള ഇറയത്താണ് അവനിരിക്കുക. അപ്പോൾ മാത്രം അവൻ പെൺവർഗ്ഗത്തിൽ പിറന്നവരെ വെറുത്തില്ല.

മരപ്പണിക്കാരൻ വലിയ തിരക്കിലാണ്. അയാൾക്കു പിടി പ്പത് പണിയുണ്ട്. കൊത്തുപണികളുള്ള ഒരു വാതിൽ മെനഞ്ഞു കൊണ്ടിരിക്കുന്നു. അതിൽ ഇലകളും, പൂക്കളും മറ്റു മനോഹരമായ രൂപങ്ങളും. വാസു കാലത്തെണീറ്റ് മുറ്റ ത്തേക്ക് വരുമ്പോൾ അയാൾ പണിതുകൊണ്ടിരിക്കുകയായി രുന്നു.

"ചായ കുടിച്ചോ വാസൂ...?"

"ഇല്ല"

"വാസൂ ...വാ, അമ്മാവൻ വാതിലുണ്ടാക്കുന്നത് കാണണ്ടേ?"

"ഞാനില്ല".

ഉളിമരത്തിൽ നിന്നെടുക്കാതെ അമ്മാവൻ തുടർന്നു:

"ഉപ്പുമാവുണ്ട്, എടുത്ത് കഴിക്കില്ലേ?"

ശരിയെന്ന് അവൻ മൂളി.

ഏറെനേരത്തെ മൗനം.

ഉളിയുടെ അഗ്രം തട്ടി മരച്ചീളുകൾ തെറിച്ചുവീണുകൊ ണ്ടിരുന്നു. നിലത്തുവീണ ഓരോ കഷ്ണവും ആ വാതിലി ലേക്ക് കൂട്ടിച്ചേർക്കപ്പെട്ട രൂപഭംഗിക്ക് വഴിമാറികൊടുത്തവ യായിരുന്നു.

വാസു ചോദിച്ചു:

"അപ്പോ, ഇന്നാളു കണ്ട ചേച്ചിയെ അമ്മാവൻ കല്യാണം കഴിക്കുമോ?"

"ഉവ്വല്ലോ?"

വാസു മുഖം കുനിച്ച്, ഉറക്കത്തിന്റെ ആലസ്യത്തിലങ്ങനെ ഇരുന്നു.

അമ്മാവൻ ചോദിച്ചു:

"വാസു കല്യാണം കഴിക്കില്ലേ?".

"ഇല്ല .എനിക്ക് പെണ്ണുങ്ങളെ ഇഷ്ടമില്ലാ ..."

പിറ്റേന്ന്, പത്രക്കാരന്റെ സൈക്കിൾ മുറ്റത്തെത്തുന്നതിനു മുൻപേ അവൻ ഉണർന്നു. പണിപ്പുരയിൽ അടുക്കിവച്ച

പരന്ന പലകകൾക്കു മുകളിൽ ഉടുമുണ്ട് പുതച്ചുറങ്ങിയ അമ്മാവൻ ഉണർന്നിട്ടില്ല. തിരികെ വിളിച്ചു കൊണ്ടുപോകാൻ അമ്മ വരുമെന്നേറ്റ ദിവസമാണ്.

പല്ലുതേച്ച് കുളിച്ച് അവൻ തയ്യാറായി നിന്നു. വഴിയിലാരെയും കണ്ടില്ല. അതിനിടയിൽ അമ്മാവൻ ഉണർന്നു; പല്ലുതേച്ച്, കുളിച്ച്, ചായകുടിച്ച്, വീണ്ടും പണി തുടങ്ങി. വാസു ഇറയത്ത് അമ്മയെ കാത്തിരുന്നു.

"നീയെന്താ വാസൂ ആലോചിക്കുന്നേ?'

"ഒന്നുമില്ല"

സന്ധ്യാംബരത്തിൽ ഇരുൾ പരന്നു.

അമ്മ വന്നില്ല.

പിറ്റേന്നും അവൻ കാത്തിരുന്നു.

ഇടയ്ക്ക് മുറ്റത്തേയ്ക്കിറങ്ങി, റോഡിലൂടെ പോയ വണ്ടികളിൽ അവന്റെ കണ്ണുകൾ അമ്മയെ തിരഞ്ഞു. എപ്പോഴോ ക്രമം തെറ്റിയ ചെറിയ മരക്കഷ്ണങ്ങൾ അവനൊതുക്കി വച്ചു. അമ്മയെ കാത്തു മുഷിഞ്ഞ അടുത്ത ദിനങ്ങളിൽ അവൻ പഴയചിരട്ടേറുകൊണ്ടു വണ്ടിയോടിച്ചു കളിച്ചു. മുറ്റത്തെ ചെമ്മണ്ണ് വകഞ്ഞ് അവന്റെ കൈകൾ വഴിയുണ്ടാക്കി, പട്ടികകഷ്ണങ്ങൾ കൊണ്ട് വീടുണ്ടാക്കി, ആ അങ്കണം അവൻ കളിസ്ഥലമാക്കി.

ഇടയ്ക്കൊക്കെ ആ വീഥിയിലേക്ക് നോക്കി, അമ്മ വരുന്നുണ്ടോയെന്ന്.

കുഞ്ഞുകൈകൾ കളിപ്പാട്ടങ്ങൾക്കായി കൊതിക്കുന്നത് പണിക്കാരൻ കണ്ടു. അയാൾ അവനെനോക്കി പുഞ്ചിരിച്ചു. ആദ്യമായി വാസുവും അമ്മാവന് മറുചിരി സമ്മാനിച്ചു.

മരപ്പണിക്കാരൻ ഒരു മൂലയിലിരുന്ന ആ ചെറിയ സഞ്ചി തുറന്നു. അതിൽ നിന്ന് നാലു ചക്രങ്ങളുള്ള ഒരു കളിവണ്ടി പുറത്തെടുത്തു. മരം കൊണ്ടുണ്ടാക്കിയ ഒരു കൊച്ചു ലോറി. വാസു മനം നിറഞ്ഞ് പുഞ്ചിരിച്ചു, കണ്ണുകൾ വിടർന്നു. അവൻ അമ്മാവനെ സ്നേഹത്തോടെ നോക്കി. അവന്റെ മെഴുകുപേനകൾ അതിനു നിറം പകർന്നു. മുറ്റത്തെ കുഞ്ഞുവഴികളിൽ ചെറുചക്രങ്ങൾ അടയാളം തീർത്തു. അന്നേദിവസം പണിക്കാരന്റെ വീടിനുമുന്നിൽ ശബ്ദമുണ്ടാക്കികൊണ്ട് ഒരു ഓട്ടോറിക്ഷ വന്നു നിന്നു. മുറ്റത്തെ പച്ചില ച്ചാർത്തിനിടയിലൂടെ ഓട്ടോയിൽ നിന്നിറങ്ങി വരുന്ന സ്ത്രീരൂപത്തെ വാസു കണ്ടു.

"അമ്മ"

അവന്റെ ചുണ്ടുകൾ പറഞ്ഞു.

അവൻ മുറ്റത്തേക്കോടി. പക്ഷേ അതമ്മയല്ലായിരുന്നു. മറ്റൊരാൾ. അന്ന് മരപ്പണിക്കാരന്റെ കരങ്ങളോട് ചേർന്ന അതേ കൈകൾ. അയാളുടെ ചുംബനമേറ്റു വാങ്ങിയ വിരലുകൾ. അമ്മാവന്റെ സഖി. വാസുദേവ് പിന്നോട്ടിറങ്ങിനിന്നു. അയാൾ അവനെ തലോടി.

ആ സ്ത്രീ അവനെവിളിച്ചു.

"വാസുദേവ്".

അവനത്ഭുതമായി - എങ്ങനെയവർ തന്റെ പേരറിഞ്ഞു.

വീണ്ടും :

"വാസുവെന്താ മിണ്ടാത്തെ"

വാസുദേവ് കൗതുകത്തോടെ ചിരിച്ചു.

പാതയോരത്തെ കുഞ്ഞരുവിയിൽ ഭാവിയിലെ അവന്റെ അമ്മായിയും അവനും പെറുക്കിയെടുത്ത ഇലഞ്ഞിപ്പൂക്കൾ സുഗന്ധം പരത്തിക്കൊണ്ടൊഴുകി നടന്നു. ഒരു മരക്കഷ്ണത്തിൽ തന്റെ കൈകൊണ്ടു തീർത്ത പുഷ്പം മരപ്പണിക്കാരൻ അമ്മായിക്കു നൽകി. തന്റെ പുതിയ കുഞ്ഞുലോറി വലിച്ചുകൊണ്ട് അവൻ വീടുചുറ്റി. അമ്മായി അവന്റെ പിന്നാലെയും.

കുളിരുള്ള ഒരു മഴ ഇരുവരെയും നനയ്ക്കുവാൻ വന്നു ചേർന്നു. നീർത്തുള്ളികൾ വീണ് കുതിർന്ന മണ്ണിലൂടെ ഇളം കാലുകൾക്കൊപ്പം ആ യുവതിയും. മഴകൊണ്ടുവന്ന തണുപ്പിൽ വാസു അവളുടെ ദേഹത്തേക്ക് ചേർന്നിരുന്നു. ഇറയത്തെ കസേരയിലിരുന്ന് അമ്മാവൻ ഇരുവരെയും നോക്കി. വാസുവിന്റെ കണ്ണുകൾ പാതിയടഞ്ഞു. അവൻ മെല്ലെയെണീറ്റ് മുറിയിലേക്ക് നടന്നു.

ജനലിലൂടെ പുറത്തേക്ക് നോക്കിയിരുന്ന വാസുവിന് ചുണ്ടിൽ ചിരിപൊട്ടി. അമ്മാവന്റെ കൃസൃതികലർന്ന മുഖവും അമ്മായിയുടെ പുഞ്ചിരിയും.

അവർ അടുത്തിരുന്നു വാക്കുകൾ പങ്കിടുന്നു, വാക്കുകളേക്കാൾ വാചാലമായ മൗനവും.

വാസുദേവ് തളർന്നു മയങ്ങി.

"വാസൂ.... എണീക്കു...."

പരിചയമുള്ള കൈ അവന്റെ തോളിൽ. അമ്മ തന്നെ. അവൻ വേഗമെണീറ്റു. അവന് സന്തോഷം തോന്നി പക്ഷേ... കാരണമറിയാത്ത ദുഃഖവും. ഇനി വീട്ടിൽ പോകാമല്ലോ

"എടാ വീട്ടിൽ പോകണ്ടേ?".

"പോണം".

അവൻ വേഗമൊരുങ്ങി, മുറ്റത്തേക്കിറങ്ങി. അവിടെ ഒരു കസേരയിൽ അമ്മാവനിരിപ്പുണ്ട്. വാസു ചുറ്റും നോക്കി. ആ വലിയ മുറ്റത്തെങ്ങും മറ്റാരുമില്ല. അരുവിയിലൂടെയൊഴുകിയ ഇലഞ്ഞിപ്പൂപോലെ ആ യുവതി മാഞ്ഞുപോയി.

അമ്മാവൻ എണീറ്റുവന്നു. എന്നിട്ട് പറഞ്ഞു:

"പോയി"

അമ്മ മുറ്റത്തേക്കിറങ്ങിയതു കണ്ടപ്പോൾ അയാൾ വാസുവിന്റെ ചെവിയിൽ പതുക്കെ പറഞ്ഞു:

"അമ്മയോട് അമ്മായിയെപറ്റി പറയണ്ടാട്ടോ".

"ഇല്ല".

വാസു ഒരു കൃസൃതിച്ചിരിയോടെ പറഞ്ഞു. എന്നിട്ട് തന്റെ രണ്ടു കൈകൾകൊണ്ട് ഉളിപിടിച്ചു തഴമ്പിച്ച ഇടംകൈയിൽ മെല്ലെയമർത്തി.

മരപ്പണിക്കാരനോട് യാത്രപറഞ്ഞ് വാസുവും അമ്മയും നിരത്തിലേക്കിറങ്ങി. തിരിഞ്ഞുനോക്കുമ്പോൾ അയാളുടെ ചുറ്റികയുടെ ചുണ്ടുകൾ ഉളിയുടെ ശിരസ്സിൽ ചുംബിക്കുന്നത് കണ്ടു. അവന്റെ കയ്യിലിരുന്ന ചെറിയ സഞ്ചിയിലെ മരവണ്ടിയും, ചിരിയുടെ ഓർമ്മപ്പൊട്ടുകളുമല്ലാതെ വേറെന്താണ് അവനാ മുറ്റത്തുനിന്നെടുത്തു കൊണ്ടുപോയതെന്ന് വരും നാളുകൾ പറയട്ടെ. ■



# Song of the earth



Neeraja Puthiamadom
PG

*Destiny ! oh reveal thy mystery*
*Beautiful nature,embodiment of wonders*
*You adorned me in beauty*
*Oh!- mountains, hillocks, rivers, plains and valleys*
*Oh ! you enriched my beauty*
*Wild life, fishes and birds*
*You tickled me with your soft footsteps*
*In the ages, I was adorned in glory*
*Clad in nature's bounteous beauty*

*Human ! oh nasty being*
*I gave you a place to live*
*A place of peace, beauty and glory*
*But alas ! You are ruling my domain*

*Your filthy footsteps woke me up from sleep*
*You removed the trees for which I gave place before you*
*You built concrete shelters over me*
*And you stamped me down*

*You dumped malicious wastes on my grooves*
*You shed blood on my silent mountains*
*You ripped the silence of my lonely deserts*
*You conquered my oceans and ruined my peace of mind*

*I cried out in pain*
*I warned you through earthquake*
*Demolished your territories*
*Ripped the life of a few of you*

*Oh! Filthy man, you wake me up often*
*I drained water into your territories*
*And left you to moan*
*You called it Tsunami and celebrated*

*Oh! Filthy man!*
*Stop ruling my dynasty*
*Rita, Katrina, Earthquake and Tsunami*
*Are my signs of tears and revenge*

*Oh! Filthy man!*
*Stop your violence, for I am-not violent*
*Stop your aggression, for I am not aggressive*
*Know, it is my fate*

*To remain till the end*
*Not for me, not for you*
*But for your generations to come.*



# തീ കിളിർക്കുന്ന മണ്ണ്



Arun Thazath
Falcons'12

ഇന്ത്യൻ ഗ്രാമങ്ങളിലെ കൃഷിയിടങ്ങളിലൂടെ വീശുന്ന കാറ്റിൽ മണ്ണിന്റേയും മനുഷ്യന്റെയും വൈവിദ്ധ്യപൂർണ്ണമായ, നൂറ്റാണ്ടുകളുടെ വികാസചരിത്രമുള്ള ഗന്ധം കലർന്നിട്ടുണ്ട്. ആ കാറ്റാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ പായ്ക്കപ്പലിനെ മുന്നോട്ടു തള്ളിനീക്കിക്കൊണ്ടിരുന്ന പ്രധാനശക്തി. ഇന്ന് രാജ്യത്തിന്റെ മൊത്ത - ആഭ്യന്തര ഉത്പാദനത്തിന്റെ 17 ശതമാനം മാത്രമായി കാർഷികമേഖലയുടെ സംഭാവന ചുരുങ്ങിയെങ്കിലും സമ്പദ്‌വ്യവസ്ഥയുടെ പ്രാഥമിക മേഖല എന്ന നിലയിലും രാജ്യത്തെ 50 ശതമാനത്തോളം ജനങ്ങളുടെ ജീവിതവൃത്തിയെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന മേഖല എന്ന നിലയിലും അതിനുള്ള പ്രാധാന്യം ഇപ്പോഴും നിലനിൽക്കുന്നു. നമ്മുടെ രാജ്യം കാർഷികമേഖലയിൽ നേരിടുന്ന പ്രതിസന്ധിയെ വിലയിരുത്തുന്നതിനുള്ള പരിശ്രമങ്ങൾ അതുകൊണ്ടുതന്നെ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

**ഇന്ത്യൻ കാർഷിക പ്രതിസന്ധി സ്വാതന്ത്ര്യലബ്ധിക്കു മുൻപുള്ള സാമൂഹിക പശ്ചാത്തലം.**

എല്ലാ പ്രതിസന്ധികൾക്കും ഒരു ആരംഭമുണ്ടാകുമെന്നു പറഞ്ഞപോലെ ഇന്ത്യയിലെ കാർഷിക പ്രതിസന്ധിക്കുമുണ്ട് ഒരു തുടക്കം. അതിന്റെ വേരുകൾ ആഴ്ന്നുനിൽക്കുന്നത് പഴയ കൊളോണിയൽ ശക്തികളുടെ അധിനിവേശത്തിന് മുൻപ് ഇന്ത്യൻ ഗ്രാമങ്ങളിലെ കാർഷികോത്പാദനപ്രക്രിയ ഫ്യൂഡൽ സമൂഹത്തിന്റെ പ്രാകൃതവും ചുരുങ്ങിയതുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയുള്ളതായിരുന്നു. ജാതിവ്യവസ്ഥയുടെയും ജന്മിത്തത്തിന്റെയും കീഴിൽ, പണിയെടുത്തിരുന്ന മനുഷ്യരുടെ (താഴ്ന്ന ജാതിക്കാർ) ആവശ്യങ്ങളും അവകാശങ്ങളും പരിമിതമായിരുന്നതുകൊണ്ടും മൊത്തം ഗ്രാമീണ ജനസംഖ്യ ചെറുതായിരുന്നതുകൊണ്ടുമാണ് ഈ കാർഷികോത്പാദനവ്യവസ്ഥയ്ക്ക് അന്നത്തെ സാമൂഹികാവശ്യങ്ങൾ ഒരു പരിധി വരെയെങ്കിലും നിറവേറ്റാൻ സാധിച്ചത്. എന്നാൽ കൊളോണിയൻ ആധിപത്യം സമൂഹത്തിൽ പുതിയ ആവശ്യങ്ങളും പുതിയ വിപണിയും ഉയർത്തിക്കൊണ്ടുവന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെയും ജന്മിത്തത്തെയും ഒരേ സമയം തീറ്റിപ്പോറ്റേണ്ട തരത്തിൽ ഉത്പാദനക്രമം മാറിമറിഞ്ഞു. ക്ഷാമങ്ങളും പട്ടിണിമരണങ്ങളും തുടർക്കഥയായിരുന്ന ആ കാലഘട്ടത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബ്രിട്ടീഷുകാർ കൃഷിയെ ആധുനീകരിച്ചു. ഈ ആധുനീകരണ പ്രക്രിയയുടെ ഫലം പൂർണ്ണമായും ഗുണമായിരുന്നോ ദോഷകരമായിരുന്നോ എന്ന് നമുക്ക് പറയാൻ സാധിക്കില്ല, കാരണം ഒരു ആധുനിക രാജ്യമാകുന്നതിലേക്കുള്ള ആദ്യ പടവുകൾ ഇന്ത്യ ചവിട്ടിയത് ഈ കാലഘട്ടത്തിലാണ്. അതേ സമയം, കാർഷിക ഉത്പാദനപ്രതിസന്ധിയും അതിനെമറികടക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങളും ആരംഭിച്ചതും ഈ കാലഘട്ടത്തിൽ തന്നെ.

**സ്വതന്ത്ര ഇന്ത്യ: കാർഷിക വിപ്ലവത്തിന്റെ നാട്.**

സ്വാതന്ത്ര്യലബ്ധിയുടെ ഫലമായി കൊളോണിയൽ ചൂഷണത്തിൽ നിന്ന് രാജ്യം മുക്തിനേടിയെങ്കിലും സമ്പദ്വ്യവസ്ഥ നേരിട്ടുകൊണ്ടിരുന്ന വെല്ലുവിളികൾ അവസാനിച്ചില്ല. വർദ്ധിച്ച ജനസംഖ്യയും ഉത്പാദന-സേവനമേഖലകളിലെ പിന്നോക്കാവസ്ഥയും ഒത്തുചേർന്ന് കാര്യങ്ങൾ കൂടുതൽ വഷളാകുന്ന സ്ഥിതിയായിരുന്നു. ഇത്തരമൊരവസ്ഥയിലാണ് കേന്ദ്രീകൃതാസൂത്രണ പ്രക്രിയകളിൽ ആസൂത്രണ കമ്മീഷനും പഞ്ചവത്സരപദ്ധതികളും ആരംഭിക്കുന്നത്. വ്യവസായ മേഖലയുടെ അടിസ്ഥാനശിലകളായ ഇരുമ്പ്-ഉരുക്ക് വ്യവസായങ്ങളും മറ്റു ഘനവ്യവസായങ്ങളും സ്ഥാപിക്കപ്പെട്ടത് ഇതോടുകൂടിയാണ്. വ്യവസായ മേഖലയ്ക്ക് അനുപൂരകമായ തോതിൽ കാർഷികമേഖലയും വികസിക്കേണ്ടത് ഒരു രാജ്യത്തിന്റെ സാമ്പത്തിക-സാമൂഹിക ഭദ്രതയ്ക്ക് ആവശ്യമാണ്, കാരണം വ്യാവസായിക ഉത്പാദനത്തിനാവശ്യമായ മനുഷ്യവിഭവശേഷിയെ നിലനിർത്താൻ വളർച്ച പ്രാപിച്ച സ്ഥിരതയുള്ള കാർഷികോത്പാദനവും വേണം. രാജ്യത്ത് ഒരു കാർഷിക വിപ്ലവം അനിവാര്യമാക്കി തീർത്ത സാഹചര്യം ഇതായിരുന്നു.

കാർഷിക വിപ്ലവമെന്ന പദത്തിന് രണ്ട് അർത്ഥതലങ്ങളുണ്ട്. ഒന്ന് കാർഷിക ഉത്പാദനപ്രകിയയുടെ വിപ്ലവകരമായ മാറ്റമാണ്, രണ്ടാമത്തേതാകട്ടെ കാർഷികമേഖലയിലെ ഉത്പാദനസാമൂഹ്യബന്ധങ്ങളുടെ വിപ്ലവകരമായ മാറ്റവും. ആദ്യത്തെ പ്രക്രിയ രാജ്യത്തൊട്ടാകെ ഒരു പരിധിവരെ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞു. ഹരിത വിപ്ലവമെന്ന് നമ്മൾ ഓമനപ്പേരിട്ടു വിളിക്കുന്നത് ഉത്പാദനപ്രകിയയിലെ വിപ്ലവകരമായ ഈ മാറ്റത്തെയാണ്. എന്നാൽ രണ്ടാമത്തെ വശം രാജ്യത്തൊട്ടാകെ ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചില്ല. ഭൂപരിഷ്ക്കരണനിയമം കൊണ്ടുവന്ന്, ജന്മിത്തത്തെയും ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ കൃഷി സമ്പ്രദായത്തെയും തകർത്ത് ആധുനിക ഉത്പാദന-സാമൂഹിക ബന്ധങ്ങൾ സ്ഥാപിക്കാൻ ഇന്ത്യയിൽ കേരളത്തിനും പശ്ചിമ ബംഗാളിനും മാത്രമേ സാധ്യമായുള്ളൂ. ഒരു ഉത്പാദക വർഗ്ഗം എന്ന നിലയിൽ കർഷകർക്ക് മൊത്തത്തിൽ ഉയർച്ചയുണ്ടാകുന്നതിനു പകരം ഉയർന്ന ജാതിക്കാരായ ധനികകർഷകർ, താഴ്ന്ന ജാതിക്കാരായ ദരിദ്രകർഷകർ, കർഷകത്തൊഴിലാളികൾ എന്ന തരത്തിലുള്ള ചേരിതിരിവ് ശക്തിപ്പെട്ടു; ഭൂപരിഷ്ക്കരണ പ്രക്രിയയിലെ അപൂർണ്ണതയാണ് ഇതിലേക്ക് നയിച്ചത് (ചില താഴ്ന്ന ജാതികൾ ധനിക കർഷകരായി ഉയർന്നുവന്ന പ്രതിഭാസം ഉത്തരേന്ത്യയിലെ ചില സംസ്ഥാനങ്ങളിലുണ്ടായിട്ടുണ്ട്). യന്ത്രവൽക്കരണത്തിന്റെയും ആധുനിക കൃഷിരീതിയുടെയും ഗുണഫലങ്ങൾ കർഷകർക്കിടയിൽ ഒരേപോലെ വ്യാപിപ്പിക്കുന്നതിനുപകരം ഓരോ കർഷകന്റെ സാമ്പത്തിക സ്ഥിതിയിലെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് ആ സങ്കേതങ്ങൾ രാജ്യത്ത് പ്രചരിച്ചു.

**പുത്തൻ സാമ്പത്തിക നയം: മാറുന്ന കാർഷികരംഗം**

തീർത്തും മന്ദഗതിയിലായ സാമ്പത്തിക വളർച്ചാനിരക്ക്, രൂക്ഷമായ തൊഴിലില്ലായ്മ, ആധുനിക വ്യവസായങ്ങളുടെയും സേവനസംരംഭങ്ങളുടെയും എണ്ണവും ഗുണവും പരിമിതം, ഇതായിരുന്നു എൺപതുകളുടെ അവസാനത്തിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാനെന്ന പേരിൽ 1991 ൽ ഇന്ത്യാഗവൺമെന്റ് കൊണ്ടുവന്ന നയമാണ് പുത്തൻ സാമ്പത്തികനയം. മിശ്രസമ്പദ്വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് മാതൃകയിലുള്ള കേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടേയും കീഴിൽ നിന്ന് വിപണി കേന്ദ്രീകൃതമായ മറ്റൊരു സമ്പദ്ഘടനയിലേക്ക് രാജ്യത്തെ പറിച്ചുനടുന്നതിനുവേണ്ടിയായിരുന്നു ഈ നയം കൊണ്ടുവന്നത്. 'സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം' എന്നതായിരുന്നു അതിന്റെ മുദ്രാവാക്യം. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്പന്നങ്ങളും, സാങ്കേതിക വിദ്യകളും സംരംഭങ്ങളുമായി ലോകത്തെ മുൻനിര സംരംഭകർ നമ്മുടെ രാജ്യത്തെ വിപണി തേടി പറന്നെത്തി. വികസനത്തെപ്പറ്റിയുള്ള സാമൂഹിക പരിപ്രേക്ഷ്യം തന്നെ മാറിമറിഞ്ഞു. മുഴുവൻ ജനങ്ങളുടെയും ജീവിതനിലവാരവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്ന തരത്തിലുള്ള വികസനപ്രവർത്തനങ്ങൾ എന്നതിനുപകരം വൻകിട-സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുവഴി സമൂഹത്തിന്റെ മേൽത്തട്ടിൽ കുമിഞ്ഞുകൂടുന്ന സമ്പത്ത് തുള്ളി തുള്ളിയായി താഴെത്തട്ടിലേക്ക് കിനിഞ്ഞിറങ്ങുന്ന വികസനമാതൃക എന്ന സങ്കൽപം ഉയർന്നു വന്നു. സാമ്പത്തിക വളർച്ചാനിരക്ക് ഉയർത്തുകയെന്ന ലക്ഷ്യം നടപ്പാക്കാൻ പുത്തൻ സാമ്പത്തികനയം കൊണ്ട് സാധിച്ചുവെങ്കിലും അതിനു കൊടുക്കേണ്ടിവന്ന വില വലുതാണെന്ന് ഇന്നു നമ്മൾ മനസ്സിലാക്കി കൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണം കാർഷിക മേഖലയിൽ മാത്രം വരുത്തിയ പ്രത്യാഘാതങ്ങളെ വിലയിരുത്തിയാൽ തന്നെ നമുക്കിതു മനസ്സിലാക്കാൻ സാധിക്കും.

ആഗോളവത്കരണനയങ്ങളുടെ ഭാഗമായി നമ്മുടെ രാജ്യം വിവിധ സ്വതന്ത്ര വ്യാപാരകരാറുകളിൽ ഒപ്പുവച്ചു. കൃഷിയുമായി ബന്ധപ്പെട്ടും ഇത്തരം കരാറുകൾ ഒപ്പുവെക്കുകയുണ്ടായി (ഉദാ: ആസിയാൻ കരാർ). ആഭ്യന്തര കാർഷിക വിപണിയെ പുറമെ നിന്നു വരുന്ന വിലകുറഞ്ഞ കാർഷികോത്പന്നങ്ങൾ പിടിച്ചടക്കുന്നതിനാണ് ഈ കരാറുകൾ വഴിവെച്ചത്. റബ്ബർ കർഷകന്റെയും നാളികേര കർഷകന്റെയുമെല്ലാം നട്ടെല്ലൊടിക്കുന്ന തരത്തിൽ വിലയിടിവ് വ്യാപകമായത് ഇതോടുകൂടിയാണ്. കാർഷികോത്പന്നങ്ങളുടെ അവധി വ്യാപാരം (Future trade) കൂടി അനുവദിച്ചതോടെ പല ഉത്പന്നങ്ങളുടെയും വിലയുടെ കാര്യത്തിൽ യാതൊരു സ്ഥിരതയുമില്ലാതായി. ധനക്കമ്മി കുറയ്ക്കുന്നതിന്റെ ഭാഗമായി കൃഷിക്കുള്ള സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും വെട്ടിച്ചുരുക്കുന്ന നിലപാടിലേക്ക് ഗവൺമെന്റുകൾ പോയി. കുറഞ്ഞ പലിശനിരക്കിൽ കർഷകന് ദേശസാൽകൃത ബാങ്കുകളിൽ നിന്നും മറ്റു ബാങ്കുകളിൽ നിന്നും ലഭിക്കുന്ന കാർഷികവായ്പകളുടെ തുക വളരെ പരിമിതമായി തന്നെ നിലനിന്നു. ഈ മൂന്നു സാഹചര്യങ്ങൾക്കൊപ്പം വിലകയറ്റം കൂടി ഒന്നിക്കുന്നതോടെ ദരിദ്ര കർഷകൻ തീർത്തും കഷ്ടസ്ഥിതിയിലായി. കടക്കെണിയിൽ കുടുങ്ങി ആത്മഹത്യയെന്ന അവസാനത്തെ പോംവഴിയിലേക്ക് അവൻ എത്തിച്ചേരുന്ന കാഴ്ച ഇന്ന് പുതുമയില്ലാത്തതായി തീർന്നിരിക്കുന്നു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം പ്രതിദിനം 46 കർഷകർ എന്ന നിരക്കിൽ രാജ്യത്ത് കർഷക ആത്മഹത്യകൾ നടക്കുന്നുണ്ട്. ഈ പ്രശ്നത്തിന് വലിയൊരു പരിഹാരമാക്കാവുന്ന കാര്യമാണ് കാർഷികോത്പന്നങ്ങളുടെ വ്യാപകമായ തോതിലുള്ള കുത്തകസംഭരണം, എന്നാൽ ഇത് ഗവൺമെന്റിന്റെ ഒരു പ്രധാന അജണ്ടയേ അല്ല. അന്താരാഷ്ട്ര വിപണിയിൽ കാർഷികോത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിറ്റഴിച്ച് നമ്മുടെ മാർക്കറ്റ്


റ്റിൽനിർത്താൻ കഴിയണമെന്നുണ്ടെങ്കിൽ ആ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന കർഷകന് വളരെ കുറഞ്ഞ വില മാത്രം നൽകേണ്ടതും അവന്റെ ജീവിതസാഹചര്യങ്ങളെ മൃഗതുല്യമായ അവസ്ഥയിൽ തന്നെ തളച്ചിടേണ്ടതും അത്യാവശ്യമാണ്. ഇതാണ് ഇന്നത്തെ സമൂഹത്തിൽ നടപ്പായിക്കൊണ്ടിരിക്കുന്ന ക്രൂര ധർമ്മം.

കർഷകത്തൊഴിലാളികളുടെ അവസ്ഥയും ദരിദ്രകർഷകന്റേതിൽ നിന്ന് വിഭിന്നമല്ല. രാജ്യത്തു നിലനിൽക്കുന്ന സാമൂഹിക പിന്നോക്കാവസ്ഥയുടെ വ്യക്തമായ പ്രതിഫലനമാണ് കർഷകത്തൊഴിലിന്റെ മേഖലയിൽ നമ്മൾ കാണുന്നത്. അവിദഗ്ധവും അസംഘടിതവുമായ രൂപത്തിലാണ് ഇന്നും രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളും പണിയെടുത്തുകൊണ്ടിരിക്കുന്നത്. തോട്ടം മേഖലയിലും കൃഷിയുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലും പണിയെടുക്കുന്നവരെയാണ് അസംഘടിത കാർഷികത്തൊഴിലിന് ഉദാഹരണമായി നമുക്ക് എടുത്തുകാട്ടാൻ കഴിയുക. ഇവരെയാകട്ടെ ആഗോളവത്ക്കരണത്തിന്റെ ഭാഗമായി അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന അതത് വ്യവസായങ്ങൾ കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തൊഴിൽ നിയമങ്ങൾ നഗ്നമായി ലംഘിക്കപ്പെടുകയും സേവന - വേതനവ്യവസ്ഥകൾ പരിഹാസ്യമാംവിധം മോശമായിരിക്കുകയും ചെയ്യുന്ന അവസ്ഥ തോട്ടം മേഖലയിൽ വ്യാപകമാണല്ലോ. മൂന്നാറിൽ 'പെൺപിളൈ ഒരുമൈ' എന്ന പേരിൽ ഉയർന്നുവന്ന തൊഴിലാളി പ്രക്ഷോഭം ഈ അവസ്ഥയുടെ ഒരു സ്വാഭാവിക പ്രത്യാഘാതം മാത്രം. ഇത്രയും പിന്നോക്കം നിൽക്കുന്ന തൊഴിൽമേഖലയായ കാർഷികവൃത്തിക്ക് ആധുനിക സമൂഹത്തിൽ ഭാവി ഒട്ടും ശോഭനമല്ല. ഈ വസ്തുതകളിൽ നിന്നും നമുക്ക് ഒരു നിഗമനത്തിൽ എത്തിച്ചേരാൻ കഴിയും. ഇന്ന് നമ്മുടെ രാജ്യം കാർഷികമേഖലയിൽ നേരിടുന്നത് ഉത്പാദനപ്രതിസന്ധിയല്ല മറിച്ച് ഉത്പാദകവർഗ്ഗങ്ങളായ കർഷകനും കർഷകത്തൊഴിലാളിയും അപ്രത്യക്ഷമാകുന്നു എന്നുള്ള പ്രതിസന്ധിയാണ്. അവർ ഒന്നുകിൽ മരിച്ചുപോവുകയോ അല്ലെങ്കിൽ നഗരങ്ങളിലേക്ക് കുടിയേറി വേറെ ഏതെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കുകയോ ചെയ്യുന്നു. കതിരുകൾ വിളഞ്ഞുകൊണ്ടേയിരിക്കുന്നുണ്ട്, പക്ഷെ കൊയ്യാനും മെതിക്കാനും വീണ്ടും വിതക്കാനും വേണ്ടുന്ന കൈകൾ അപ്രത്യക്ഷമാകുകയാണ്.

### നാളെയുടെ വിത്തുകൾ

ഇന്ന് രാജ്യം കാർഷികമേഖലയിൽ നേരിടുന്നത് ദ്വിമുഖമായ പ്രതിസന്ധിയാണ്. നേരത്തെ ചൂണ്ടിക്കാട്ടിയപോലെ ഉത്പാദക വർഗ്ഗങ്ങൾ അപ്രത്യക്ഷമാകുന്നു എന്നുള്ളതാണ് ഒന്നാമത്തെ പ്രതിസന്ധി. രണ്ടാമത്തേതാകട്ടെ ആധുനിക കൃഷിരീതിയുടെ അശാസ്ത്രീയമായ പ്രയോഗം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, കാർഷിക ഉത്പാദനക്ഷമതയുടെ ഇടിവുമാണ്. അമിതമായ രാസവള - കീടനാശിനി പ്രയോഗം മണ്ണിനും മറ്റുജീവജാലങ്ങൾക്കും മനുഷ്യാരോഗ്യത്തിനും ഹാനികരമാകുന്നു എന്നുള്ളത് ഇന്നൊരു പ്രധാനവെല്ലുവിളിയായി മാറിയിരിക്കുന്നു. ലാഭക്കൊതിയാണ് ഈ രണ്ട് പ്രതിസന്ധികളുടെയും മൂല കാരണം. അനുദിനം മൂർച്ഛിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിസന്ധികൾക്ക് പരിഹാരം പഴയ കാർഷിക സംസ്കാരത്തിലേക്കും ജൈവകൃഷി, പ്രകൃതികൃഷി പോലുള്ള ബദൽ കൃഷിസമ്പ്രദായങ്ങളിലേക്കുമുള്ള തിരിച്ചുപോക്കാണ് എന്ന് വാദിക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്. മനുഷ്യനെവീണ്ടും ആൾക്കുരങ്ങാക്കുകയെന്നതാണ് അവൻ നേരിടുന്ന സാമൂഹിക പ്രതിസന്ധികൾക്കുള്ള പരിഹാരം എന്ന് വാദിക്കുന്നതിനു തുല്യമാണിത്. കൃഷിശാസ്ത്രവും അതിന്റെ ഫലമായി വികസിച്ച സാങ്കേതികവിദ്യകളുമല്ല മറിച്ച് അവയുടെ അശാസ്ത്രീയവും ലാഭത്വരയിൽ അധിഷ്ഠിതമായതുമായ പ്രയോഗമാണ് പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് നയിച്ചതെന്ന് യുക്തിപൂർവ്വം ചിന്തിക്കുന്ന ആർക്കും മനസ്സിലാകും. പ്രതിസന്ധികൾക്കുള്ള യഥാർത്ഥ പരിഹാരം കിടക്കുന്നത് കാർഷികമേഖലയുടെ വിപ്ലവകരമായ പുനഃസംഘാടനത്തിലാണ്. രാജ്യത്തിന്റെ ആഭ്യന്തര കാർഷിക വിപണി അന്താരാഷ്ട്ര വിപണിയുമായി വേർപ്പെടുത്താൻ കഴിയാത്തവണ്ണം വിളക്കിച്ചേർക്കപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ചെറുകിടകർഷകനും അവിദഗ്ധവും അസംഘടിതവുമായി തൊഴിൽ ചെയ്യുന്ന കർഷകതൊഴിലാളിക്കും വിപണിയിലെ മത്സരത്തോട് പിടിച്ചു നിൽക്കാൻ കഴിയില്ല. അപ്പോൾ 'ഇനിയെന്ത്? ' എന്ന ചോദ്യം ആശങ്കാകുലമായ വിധം വലുപ്പമുള്ളതായിത്തീരുന്നു. കൃഷിഭൂമിയുടെയും ഉത്പാദനപ്രക്രിയയുടെയും പുനഃസംഘാടനത്തിന്റെ കാര്യത്തിൽ ഒരേ ഫലത്തിലേക്ക് എത്തിക്കുന്ന രണ്ട് മാർഗ്ഗങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. കർഷകരുടെ പങ്കാളിത്തത്തിലൂടെ രൂപീകരിക്കുന്ന ഉത്പാദക - സഹകരണസംഘങ്ങൾക്കു കീഴിൽ (Production co-operatives) കൃഷിഭൂമിയും കാർഷികോത്പാദനവും ഏകീകരിക്കണം; ഇത്തരം ഉത്പാദക സഹകരണ സംഘങ്ങളിൽ കർഷകത്തൊഴിലാളികളെ സംഘടിതമായി ജോലിചെയ്യാനും ആധുനിക കൃഷിരീതികൾ പ്രയോഗിക്കാനും പരിശീലിപ്പിച്ച് സ്ഥിരം തൊഴിലിനു നിയമിക്കണം. ഇതാണ് നമുക്ക് മുൻപിലുള്ള ഒന്നാമത്തെ പരിഹാരം. രണ്ടാമത്തേതാകട്ടെ കൃഷിഭൂമി പിടിച്ചെടുത്ത് വലിയ ഫാമിങ്ങ് കമ്പനികളെ ഏൽപ്പിക്കലാണ്. അവർ കേന്ദ്രീകൃതവും ശാസ്ത്രീയവുമായ രീതിയിൽ കൃഷിചെയ്യുകയും ലാഭാടിസ്ഥാനത്തിൽ ഉത്പന്നങ്ങൾ വിൽക്കുകയും ചെയ്യും. വലിയ കൃഷിഭൂമിയും കേന്ദ്രീകൃതമായ കൃഷിരീതിയും - ഇതാണ് രണ്ടു മാർഗ്ഗങ്ങളുടെയും അവസാനഫലം. എന്നാൽ രണ്ടിന്റെയും സാമൂഹ്യഫലങ്ങൾ ഒരുപോലെയല്ല എന്ന് ഒറ്റനോട്ടത്തിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാം. ആദ്യത്തേത് കർഷകന്റെയും കർഷകത്തൊഴിലാളികളുടേയും പുരോഗതിയിലേക്കും രണ്ടാമത്തേത് അവരുടെ പരിപൂർണ്ണമായ നാശത്തിലേക്കും നയിക്കും. കാർഷികോത്പന്നങ്ങൾക്കുമേലും ഭൂമിയുടെമേലുമുള്ള കുത്തക ഉത്പാദക വർഗ്ഗങ്ങളിൽ തന്നെ നിക്ഷിപ്തമാക്കുന്നതാണ് ആദ്യത്തെ രീതി, രണ്ടാമത്തെതാകട്ടെ ഈ കുത്തക ഫാമിങ് കമ്പനികൾക്ക് ലഭിക്കുന്നതിലേക്ക് നയിക്കും. എന്തുതന്നെയായാലും ഈ രണ്ടുമാർഗ്ഗങ്ങൾ മാത്രമാണ് നമുക്ക് മുന്നിലുള്ളത്. Co-operatives or corporates എന്നുള്ളതാണ് നാളെയുടെ നിയമം. കൃഷി ആര്? എങ്ങനെചെയ്യും? എന്നതിനെസംബന്ധിച്ചുള്ള ശക്തമായ ആശയസമരത്തിന്റെ വിത്തുകൾ കാലം സമൂഹമനസ്സിൽ വിതക്കാൻ തുടങ്ങിയിരിക്കുന്നു. ഇവ വെറും വിത്തുകളല്ല; ഇവ കിളിർക്കുമ്പോൾ പൊന്തിവരുന്നത് അഗ്നിയാണ്. സാമൂഹിക ഉത്പാദനക്രമത്തെ മുഴുവൻ ജ്ഞാനസ്നാനം ചെയ്യിക്കാൻ പോകുന്ന അഗ്നി.

■



# ഇന്നിന്റെ പുലരികളിൽ ഞാൻ കണ്ട കിനാവേ

എന്റെ മനസിന്റെ നാലു ചുവരുകൾക്കുള്ളിൽ ഞാനൊളിപ്പിച്ചു വെച്ച എന്റെ പ്രണയം ഇന്ന് എല്ലാ അതിർവരമ്പുകളും മറികടന്ന് അണപൊട്ടിയൊഴുകാൻ തുടങ്ങി. അതിന്റെ വേലിയേറ്റത്തിൽ ഞാനാകെ നനഞ്ഞു. ആ തണുപ്പിന്റെ പിരിമുറുക്കം സഹിക്കവയ്യാതെയാണ് ഞാനീ കത്തെഴുതുന്നത്. നമ്മൾ തമ്മിൽ ഒന്നുമില്ലായിരുന്നു. ഒന്നുമില്ലായ്മയിൽ നിന്നാണല്ലോ എല്ലാത്തിന്റെയും തുടക്കം. ഈ ഹോർട്ടിയുടെ മലർവാടിയിൽ വച്ച് എന്റെ പ്രണയം എപ്പോൾ മൊട്ടിട്ടെന്നറിയില്ല. പക്ഷേ, ഇന്നത് വിരിഞ്ഞിരിക്കുന്നു. നിനക്കായി എന്നിൽ നിന്നുതിർന്ന അശ്രുകണങ്ങളായിരിക്കാം അതിനെവളർത്തിയത്. ഇന്ന് ആ പൂവിന്റെ സൗരഭ്യമെന്നെ വീർപ്പുമുട്ടിക്കുന്നു. നീയറിയാതെ ഈ നാലുവർഷം ഞാൻ നിന്നിലേക്ക് സഞ്ചരിക്കുകയായിരുന്നു. ഇതിനിടയ്ക്ക് എത്രവട്ടം നീ എന്നെ ശ്രദ്ധിച്ചുവെന്നറിയില്ല. പൂമ്പാറ്റ പൂവിൽ നിന്ന് തേൻ നുകരുന്നതു പോലെ നിന്നിൽ നിന്നെന്റെ പ്രണയം നുകരാൻ നിനക്കുചാരെ ഞാനെന്നുമുണ്ടാവും, നീ അനുവദിക്കുകയാണെങ്കിൽ. രക്തശോഭയിൽ ജ്വലിച്ചിരുന്ന ഗുൽമോഹറിന്റെ കുളിരിൽ നിന്റെ വിരലുകളിൽ എന്റെ വിരലുകൾ ചേർത്ത് തൊട്ടുരുമ്മി നടക്കുന്ന നാളുകൾ നമുക്കന്യമല്ലെന്ന് ഞാൻ പ്രതീക്ഷിച്ചു. ഒരു വശത്ത് പ്രണയത്തിന്റെ ലഹരി എന്നെ മദിപ്പിക്കുമ്പോൾ മറുവശത്ത് യാഥാർത്ഥ്യത്തിന്റെ മുള്ളുകൾ എന്നെ കുത്തിനോവിക്കുന്നുണ്ടായിരുന്നു. ഈ പിരിമുറുക്കത്തിൽ നിന്ന് രക്ഷപ്പെടാൻ എത്രയോ വട്ടം നിന്നോടെന്റെ പ്രണയം വെളിപ്പെടുത്താൻ ഞാനാഗ്രഹിച്ചു; പക്ഷേ അതിനുശേഷം നിന്നെ ദൂരെ നിന്നു നോക്കികാണുവാനുള്ള അവകാശം കൂടി നീ നിഷേധിക്കുമോ എന്ന ഭയം എന്നെ പിന്തിരിപ്പിച്ചു. സൽക്കാരയുടെ umbrella corneril കൂട്ടുകാരികളോടൊപ്പം ചിരിച്ചുല്ലസിക്കുമ്പോൾ, പാലക്കാടൻ ചുടുകാറ്റേറ്റ് പാറിപ്പറക്കുന്ന നിന്റെ കറുത്ത മുടിയിഴകൾ കോതിയൊതുക്കുവാൻ ഞാനാഗ്രഹിച്ചിരുന്നു. ഒരു കരലാളനത്തിൽ നിന്നെയൊതുക്കി പ്രണയമഴ നനയുവാൻ ഞാൻ കൊതിച്ചിരുന്നു. ഹോർട്ടിയുടെ ഇടനാഴിയിലൂടെ നീ നടക്കുമ്പോൾ നിന്റെ പാദസരക്കിലുക്കവുമായി എന്റെ നെഞ്ചിടിപ്പ് അലിഞ്ഞുചേരുമായിരുന്നു. ഓരോ വാക്കിലും ഓരോ നോക്കിലും എന്നെ നീ കവരുമ്പോൾ നിന്നിലലിയാനുള്ള വെമ്പലിൽ ഞാനെന്നെത്തന്നെ മറക്കുകയായിരുന്നു. ക്ലാസ്റൂമിലെ വിരസത നിറഞ്ഞ Theory ക്ലാസുകളിൽ ശ്രദ്ധയുറപ്പിച്ച് നിർത്തുമ്പോൾ അറിഞ്ഞിരുന്നുവോ നീ പോലുമറിയാതെ നിന്നെ കടക്കണ്ണിലൂടെ ഒളിഞ്ഞു നോക്കികൊണ്ട് ഒരു ഹൃദയം അവിടെ തുടിക്കുന്നുണ്ടെന്ന്.

നമ്മുടെ North India tour നീ ഓർക്കുന്നില്ലേ. ഗാങ്ടോക്കിലെ മരം കോച്ചുന്ന തണുപ്പിൽ കോടമഞ്ഞിനാൽ അലംകൃതമായ പുലരിയിൽ നിന്റെ കണ്ണിൽ എന്നെ കാണുവാൻ, നിന്റെ പുഞ്ചിരി നുകരുവാൻ ഞാൻ എത്രമാത്രം ആഗ്രഹിച്ചിരുന്നെന്നോ പ്രിയേ... അന്ന് എല്ലാവരും മഞ്ഞ്കട്ടകൾ എറിഞ്ഞു കളിച്ചപ്പോൾ നിന്റെ തനുവിലമർന്ന് ചിന്നിചിതറിയ ഹിമകണങ്ങൾ ഞാനായിരുന്നെങ്കിൽ എന്ന് ഞാൻ സ്വപ്നം കണ്ടിരുന്നു. ഞാൻ കണ്ട ആ സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമാകണമെന്ന് ആഗ്രഹിക്കുന്നതിൽ തെറ്റുണ്ടോ? ഇന്ന് നാലുവർഷം കഴിഞ്ഞ് ഹോർട്ടിയിൽ നിന്ന് ഓർമ്മകളോടൊപ്പം എന്റെ കൈകോർത്ത് പടിയിറങ്ങുവാൻ നീ ഉണ്ടാവില്ലേ? മരുഭൂമിയിലെ മരുപ്പച്ചപോലെ എന്റെ ജീവിതത്തിന്റെ ഓരോ ഏടിലും വർണ്ണങ്ങൾ വാരി വിതറുവാൻ, ജീവിത സായാഹ്നങ്ങളിൽ ഒരുമിച്ച് ഓർമ്മകൾ അയവിറക്കാൻ, മഴ കാത്തുനിൽക്കുന്ന വേഴാമ്പലിനെപോലെ നിന്റെ പാദസ്പന്ദനങ്ങൾ കാത്ത് ഞാനിവിടെ.

എന്ന് നിന്റെ സ്വന്തം ■

പണി
യുമില്ലായിരു
ന്നു. എല്ലാവ
രേയും പണിയിപ്പി
ക്കുന്ന ആളെ
പ്പോലെ തൊപ്പിയും
വെച്ച് കുടയും ചൂടി
ഞാൻ നിന്നു. കൈലാ
സിന്റെ പ്ലോട്ടിൽ കപ്പ
നടാൻ എന്നെ വിളിച്ചപ്പോൾ
എനിക്കൊന്നും വയ്യാ എന്നും
പറഞ്ഞ് കേട്ടഭാവം നടിക്കാതെ
ഞാൻ അവിടെ നിന്നു. നിന്റെ
എല്ലാ കപ്പയും പന്നികൊണ്ടുപോ
കും. എന്നവൻ ശപിച്ചു. "ഹും ...
പന്നിയോ ... നീ പോടാ ചെർക്കാ ..."
എന്നും പറഞ്ഞ് ഞാൻ ഫീൽഡിൽ
നിന്നിറങ്ങി.

മിക്ക ദിവസങ്ങളിലും ഞാൻ കപ്പ പ്ലോട്ടിൽ പോകുമായിരുന്നു. പുതിയ ഇല തളിർക്കുന്നതും വളരുന്നതും ഞങ്ങളെല്ലാം സന്തോഷത്തോടെ വീക്ഷിച്ചു. എന്റെ കപ്പകളെല്ലാം മറ്റുള്ളവരേക്കാൾ നന്നായ് വളർന്നു. കാരണം ഞാനാണല്ലോ ആദ്യം നട്ടത്. ഞാൻ മൗണ്ടിന് വീണ്ടും നല്ല വലുപ്പം കൂട്ടി. ഇതിനിടയിലാണ് നമ്മുടെ സാക്ഷാൽ പന്നിയുടെ ആക്രമണം തുടങ്ങുന്നത്. ആദ്യമാദ്യം ഒന്നോ രണ്ടോ മൗണ്ടുകളാണ് ആക്രമിച്ചിരുന്നത്. പന്നി വന്നിരുന്നു എന്നു കേട്ടാൽ ആദ്യം ചോദിക്കുന്നത് ആരുടെ പ്ലോട്ടിൽ നിന്നായിരുന്നെന്നാണ്. സ്വന്തം പ്ലോട്ടിൽ അല്ലെന്നറിഞ്ഞാൽ എവർക്കും സമാധാനമാകും, കൂടാതെ പന്നി കയറിയ പ്ലോട്ടിലെ സഹപാഠിയോട് "സമാധാനമായിരിക്കുക" എന്ന ഒരു ഭംഗിവാക്ക് പറഞ്ഞ് ആ സംഭവം അവസാനിപ്പിക്കുകയും ചെയ്യും. പന്നിയുടെ ശല്യം രൂക്ഷമായപ്പോൾ ഞങ്ങൾ ഒരു ഹോമിയോ മരുന്ന് പരീക്ഷിച്ചു നോക്കി. ഒരു ഫലവുമുണ്ടായില്ല എന്ന് മാത്രമല്ല, പന്നിയുടെ ശല്യം കലശലാവുകയും ചെയ്തു. രണ്ടോ മൂന്നോ കപ്പകൾ പോയി എന്ന വാർത്തയുമായാണ് ഓരോ ദിവസവും അവസാനിച്ചിരുന്നത്. എന്റെ കർത്താവേ, എന്റെ കപ്പകളെ കാത്തു രക്ഷിക്കണേ" എന്ന പ്രാർത്ഥനയുമായിട്ടാണ് ഞാനും നടന്നത്. ഒരു ദിവസം വൈകീട്ട് ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ ഒരു കപ്പ പോയെന്നും ഹരികുഞ്ഞ് അത് എടുത്ത് ഒന്നുകൂടെ മൗണ്ടിൽ കുത്തി വച്ചിട്ടുണ്ടെന്നും ജിഫി വന്നു പറഞ്ഞു. "എന്റെ മാതാവേ, എന്നാലും എന്റെ ഒരു കപ്പ പോയല്ലോ" എന്നും പറഞ്ഞ്കൊണ്ട് ഞാൻ ആ ദിവസം കഴിച്ചു കൂട്ടി. പിറ്റേ ദിവസം പോയ കപ്പ ഒന്നുകൂടി വച്ച് നന്നായി മണ്ണിടാമെന്ന് കരുതിയാണ് റോഷ്നിയേയും കൂട്ടി പ്ലോട്ടിലേക്ക് പോയത്. പോകുന്ന വഴി മുഴുവൻ പന്നി കൊണ്ടുപോയ എന്റെ കപ്പയെപ്പറ്റി പറഞ്ഞ് അവളെ ഞാൻ ബോറടിപ്പിച്ചു.

ഞങ്ങളവിടെയെത്തിയപ്പോൾ കണ്ട കാഴ്ച ഞെട്ടിപ്പിക്കുന്നതായിരുന്നു. വെള്ളപ്പൊക്കം വന്ന ദുരിത ബാധിത പ്രദേശം പോലെ കിടക്കുന്ന എന്റെ പ്ലോട്ട് അകലെ നിന്നുതന്നെ കാണാമായിരുന്നു. ആരുടെ പ്ലോട്ടാണതെന്ന് റോഷ്നിക്ക് മനസ്സിലായില്ല. അവൾ ചോദിച്ചപ്പോൾ "എടീ, അതെന്റെ പ്ലോട്ടാണെന്ന് പറയാൻ പോലും നാവ് പൊന്തിയില്ല. അവൾ വീണ്ടും ചോദിച്ചു. "അതെന്റെയാടീ... " എന്ന് ഞാൻ മനസ്സിൽ പറഞ്ഞു. ചുണ്ട് അനങ്ങിയെന്ന് തോന്നുന്നു. പക്ഷേ ശബ്ദം ഇടറിപോയി. അന്ത്യോപചാരം അർപ്പിക്കാൻ നിൽക്കുന്ന ഒരാളെപ്പോലെ മൗനമായ് ഞാനെന്റെ പ്ലോട്ടിന്റെ അടുത്ത് നിന്നു. അവൾ ചോദിച്ചു, "ഇത് നിന്റെ പ്ലോട്ടാണല്ലേ?" ഞാൻ തല കുലുക്കി. ആ ഷോക്കിൽ ഒരു വികാരവുമില്ലാതെ ഞാൻ നിന്നു. ഇനിയെന്താ ചെയ്യുക എന്ന അവളുടെ ചോദ്യത്തിന് ഒരു കൂസലുമില്ലാതെ ഞാൻ മറുപടി നൽകി. "എന്തുചെയ്യാൻ... പോയതു പോയി. വീണ്ടും ചെയ്യാൻ എന്നെക്കൊണ്ട് വയ്യാ"! സത്യത്തിൽ അത് പറയുമ്പോൾ ചങ്കു പൊട്ടുന്ന വേദനയുണ്ടായിരുന്നു. ആ കപ്പത്തോട്ടത്തെ ഞാൻ അത്രമാത്രം സ്നേഹിച്ചിരുന്നെന്ന് അപ്പോഴാണ് മനസ്സിലായത്. അതു പറഞ്ഞു തീർന്നപ്പോഴേക്കും എന്റെ കണ്ണുകൾ നിറഞ്ഞു. എന്നെ സമാധാനിപ്പിക്കാൻ അവളെന്തൊക്കെയോ പറഞ്ഞു. ഞാൻ ബാക്കി വന്ന മൗണ്ടുകളുടെ എണ്ണമെടുത്തു. ഒന്ന്, രണ്ട്, മൂന്ന് ബാക്കി പതിനേഴെണ്ണവും ആ കള്ളപ്പന്നി കൊണ്ടുപോയി. അടുത്തുള്ള പ്ലോട്ടിൽ ഒന്നും പന്നി കയറിയിട്ടുമില്ല. എനിക്ക് കൂടുതൽ സങ്കടമായി. "എടീ, നിന്റേത് നല്ല കപ്പ ആയതുകൊണ്ടാണ് പന്നി ആദ്യം നശിപ്പിച്ചത്" എന്ന് റോഷ്നി പറഞ്ഞപ്പോൾ സ്വൽപം ആശ്വാസം തോന്നി. ഇനി ഇതൊക്കെ പറഞ്ഞിട്ടെന്താ കാര്യം, എല്ലാം പോയില്ലേ...

ഉച്ചക്ക് കഴിക്കാൻ ഇരുന്നപ്പോൾ മേശക്ക് ചുറ്റുമിരുന്നവരോട് എന്റെ 17 കട കപ്പപോയി എന്ന് ഒരു ഭാവവ്യത്യാസവുമില്ലാതെ പറഞ്ഞൊപ്പിച്ചു. ചിരിച്ചുകൊണ്ടുള്ള എന്റെ വിവരണം കേട്ട് എല്ലാവരും അന്തംവിട്ടുപോയി. "നിന്റെ കപ്പ തന്നെയാണോ പോയത്?" എന്ന് പലരും ആകാംക്ഷയോടെ ചോദിച്ചു. ഇതിനിടയിൽ താഴത്തെ പ്ലോട്ടിലുള്ള കുറച്ചുപേരുടെ കപ്പ പന്നി കൊണ്ടുപോയെന്ന വാർത്ത മെസ്സ് ഹാളിൽ വെച്ച്

പ്രഖ്യാപിക്കാൻ ഞാൻ മറന്നില്ല. അങ്ങനെയിപ്പോ ഞാൻ മാത്രം വിഷമിക്കേണ്ട. ഞാൻ ആത്മാർഥമായി എന്റെ അവസ്ഥ പറഞ്ഞത് റോഷുവിനോടായിരുന്നു. അവൾ എന്നെ കളിയാക്കില്ലെന്ന് ഉറപ്പുണ്ടായിരുന്നു. "എത്രയോ കർഷകർക്കാണ് ഇത്തരത്തിൽ സങ്കടം അനുഭവിക്കേണ്ടി വരുന്നത്. നമ്മൾ ആകെ 20 കപ്പയല്ലേ നട്ടുള്ളൂ. നഷ്ടം വന്നാലും ലാഭമുണ്ടായാലും അത് നമ്മളെ ബാധിക്കുന്ന കാര്യമല്ല. ഇനി പഠിച്ച് ഒരു അഗ്രികൾച്ചറൽ ഓഫീസർ ആകുമ്പോൾ, കർഷകരുടെ കണ്ണീരു നാം ഓർക്കണം, അവർക്കായി എന്തെങ്കിലുമൊക്കെ ചെയ്യണം" എന്നവൾ പറഞ്ഞു. എല്ലാം പറഞ്ഞു തീർന്നപ്പോൾ അടർന്നു വീഴാൻ വെമ്പി നിന്ന എന്റെ കണ്ണുനീർ തുടച്ചുകൊണ്ട് ഞാൻ അവളോട് പറഞ്ഞു. "എടീ നിന്റെ അഞ്ച് കപ്പ പന്നി കൊണ്ട് പോയിട്ടുണ്ട്, വിഷമിക്കണ്ട കേട്ടോ" അത്രയും നേരം എന്നെ സമാധാനിപ്പിച്ച റോഷുവിന്റെ ഭാവം മാറി. അയ്യോ! എന്റെ കപ്പ പോയോ എന്നും പറഞ്ഞുകൊണ്ട് അവൾ സ്ഥലംവിട്ടു. അപ്പോഴാണ് ഞാൻ ആ സത്യം തിരിച്ചറിഞ്ഞത്. സ്വന്തം സാധനം നഷ്ടമായാലേ വിഷമം ഉണ്ടാകൂ. സമാധാനിപ്പിക്കാൻ എളുപ്പമാണ്. പക്ഷേ അതിനും ഒരു കഴിവ് വേണം കേട്ടോ!

ഉച്ച കഴിഞ്ഞ് ഞാൻ കുറച്ച് പേരുടെ കൂടെ വീണ്ടും പ്ലോട്ടിലേക്ക് പോയി. കൈലാസിനേയും കൂടെ കൂട്ടി. അവന്റെ ശാപം ഏറ്റു എന്ന് അവനെ ഒന്നു ബോധ്യപ്പെടുത്താൻ വേണ്ടി മാത്രം. എന്റെ പ്ലോട്ട് കണ്ടയുടനെ അവൻ ആഹ്ലാദപ്രകടനം തുടങ്ങി. തുള്ളിക്കളിച്ചുകൊണ്ട് ഡുണ്ടുവിന്റെ ക്യാമറക്ക് പോസ് നൽകി. ഹും... എന്റെ മനസ്സ് ദേഷ്യവും സങ്കടവും കൊണ്ട് പുകഞ്ഞുനീറി. പക്ഷേ, ഞാൻ അതൊന്നും പുറത്ത് പ്രകടിപ്പിച്ചില്ല. അവന്റെ കപ്പകൾ നിലത്തുനിന്ന് പൊന്തിക്കോട്ടേ അപ്പോ ഞാനും വരും ആഹ്ലാദപ്രകടനം നടത്താനെന്ന് മനസ്സിൽ ഉറപ്പിച്ചു. ഇതൊക്കെ ചിന്തിച്ചു കൊണ്ട് നിൽക്കുമ്പോഴാണ് താഴത്തെ പ്ലോട്ടിൽ നിന്നും മിന്നുവിന്റെ ദീന രോദനം കേട്ടത്, "എന്റെ പ്രൊഫസറേ, എന്റെയും 17 കപ്പകൾ പന്നി കൊണ്ടുപോയി. സെയിം ടുയു". എന്നിട്ട് അങ്ങോട്ടുമിങ്ങോട്ടും പിച്ചി. 'പ്രൊഫസർ' എന്ന് വിളിച്ചാണ് സാധാരണ ഞങ്ങൾ അഭിസംബോധനചെയ്യാറ്. വലിയ ബുജികൾ ആയത് കൊണ്ടൊന്നുമല്ല, പൊങ്ങച്ചത്തിന് കൈയ്യും കാലും വെച്ച - പിള്ളേരായതു കൊണ്ടാണ്. പിന്നീട് മിന്നുവിന്റെ പൊട്ടിത്തെറിക്കുന്ന വാക്കുകളായിരുന്നു, അതും ഒന്നുമറിയാത്ത കൈലാസിനു നേരെ. ആ പാലാക്കാരി പെൺകൊച്ച് എന്തൊക്കെയോ പറഞ്ഞു. അവൾ പറഞ്ഞത് കേട്ടാൽ തോന്നും കൈലാസാണ് പന്നികളെ ഇറക്കി വിട്ടതെന്ന്. അവളെ ഒരിക്കലും കുറ്റം പറയാൻ പറ്റില്ല കേട്ടോ, കാരണം ആർക്കായാലും തന്റെ പ്ലോട്ട് ഇത്തരത്തിലായാൽ പെട്ടന്നൊരു ഷോക്കുണ്ടാകും. ചിലർക്ക് അത് ദേഷ്യമായി പുറത്ത് വരും, മറ്റു ചിലർക്ക് അത് കണ്ണീരായും.

ഏതായാലും ആ ദിവസത്തോടു കൂടി എന്റെ ഫീൽഡിൽ പോക്കും കാര്യാന്വേഷണങ്ങളും നിന്നു. പോയ കപ്പകൾ ഒന്നു കൂടെ വെച്ച് മണ്ണിടാൻ സജയ് ഉപദേശിച്ചു. " ഇത്രയും നമ്മൾ കഷ്ടപ്പെട്ടതല്ലേ? ഒന്നു കൂടെ വെച്ച് നോക്കിക്കൂടെ? പക്ഷേ എനിക്ക് അതൊട്ടും അംഗീകരിക്കാൻ പറ്റുന്നതായിരുന്നില്ല. പന്നികൾക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുക്കാൻ ഞാൻ അവറ്റകളുടെ അച്ഛനും അമ്മയുമൊന്നുമല്ലല്ലോ... ഇതിനിടയിൽ ആശ്വസിപ്പിക്കാൻ പുതിയ വാക്കുകളുമായി തൻസീലയും സുമയ്യായും രംഗത്തെത്തി. "എടീ, കപ്പ പന്നി കൊണ്ടുപോയതിൽ നീ സന്തോഷിക്കണം. ഇനി ബാക്കിയുള്ള പണികളൊന്നും ചെയ്യണ്ടല്ലോ. ഈ അവസരം മുതലാക്കി ഞങ്ങളും ഞങ്ങളുടെ കപ്പ പറിച്ചു കളയാൻ പോവുകയാണ്." ഈ സുമയ്യായുടെ കപ്പയൊന്നും പന്നി കൊണ്ടു പോകുന്നില്ലല്ലോ എന്ന് ഞാൻ ചിന്തിച്ചു. അവൾക്കു വേണ്ടാത്ത കപ്പ പിന്നെ പന്നിക്ക് എന്തിനാ... പന്നിയുടെ ശല്യം രൂക്ഷമായങ്ങനെ തുടർന്നു. അവസാനം അഗ്രോണമി ഡിപ്പാർട്ട്മെന്റ് വേലി കെട്ടാൻ തീരുമാനിച്ചു. എന്തായാലും വേലി കെട്ടിയിട്ടൊന്നും യാതൊരു പ്രയോജനവുമുണ്ടായില്ല. എല്ലാം ആ പന്നികൾ കൊണ്ടുപോയി. G.T സാറിന്റെ നേതൃത്വത്തിൽ ഏകദേശം ഒരു മാസത്തിനുശേഷം ഞങ്ങൾ ഒരു ശ്രമം കൂടി നടത്തി നോക്കി. പന്നികൾക്ക് അത് ഒട്ടും തന്നെ രസിച്ചില്ല. അവർ ഒരു കടന്നാക്രമണം തന്നെ നടത്തി. എന്തൊക്കെയായാലും ഞങ്ങൾ ഇതിൽ നിന്ന് ഒരു പാഠം പഠിച്ചു. "സൈറ്റ് സെലക്ഷൻ" കൃഷിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതും പ്രാഥമികവുമായ ഒരു സ്റ്റെപ്പ് തന്നെയാണെന്ന്.

■

# आसमान



Gambbire Vilas
PG

फिर बीते वक्त की परछाई ने
आके हमको ऐसा घेरा,
बादल छाने लगे,
हो गया अंधेरा।
तलाश में थे सूरज की
ये काली रात क्यों है?
जिसका कोई मतलब नहीं
दिल में वही बात क्यों है?

क्या हमारे हिस्से में
नूर की एक बूंद भी न थी,
जो सोचा नहीं करेंगे
वही गलती क्यों की?
अब कोसे खुदा को
था दुहाई दे किस्मत की
ये जिन्दगी बन गई है
अजीब एक पहेली सी
बूझने की कोशिश में
पर फिर उलझ जाता हूँ
हार कर फिर, खुद को
समझाता हूँ।

जो सोचते हैं वो नहीं होता
फिर करें क्यों, हम किसी से गिला।
एक मुठ्ठी भर आसमान
मेरा भी होगा,
क्यों डरें इस रात से,
कल फिर सवेरा होगा।





# ഇന്നലെകളിലൂടെ

Aneeta M. R.
Aagneya '13

ഏറെനേരം നീണ്ടുനിന്ന മടുപ്പിക്കുന്ന സെമിനാറുകളുടെ ഫലമായിട്ടായിരിക്കണം അന്ന് ഞാൻ വേഗത്തിൽ നടന്നു. പാർട്ടി ബാനറുകളും നോട്ടീസുകളും അകമ്പടി സേവിച്ച ഇടുങ്ങിയ വരാന്തകളിലൂടെ നടക്കുമ്പോഴാണ് ഞാനവരെ കാണുന്നത്. ബാല്യത്തിന്റെ നിഷ്കളങ്കതയും കുസൃതിയുമായി ഒരു കൂട്ടം കുരുന്നുകൾ, ചുറ്റുമുള്ള പൂക്കളോടും പൂമ്പാറ്റകളോടും കിന്നാരം പറയുന്നവർ. ഒരു നിമിഷം ഓർമ്മയുടെ താളുകൾ പുറകോട്ട് മറിയുകയായിരുന്നു.


ഞാൻ നന്നേ ചെറുതായപോലെ തോന്നി. കൺമുന്നിൽ ഇപ്പോൾ പള്ളിക്കൂടം കാണാം. മാവിൻ ചുവട്ടിൽ കളിക്കുന്ന ഒരുകൂട്ടം കുരുന്നുകളെ കാണാം. അവരിലൊരാളായി ഞാനും ! പൂമ്പാറ്റകൾക്ക് പിറകേ ഓടുന്നു, തല്ലുകൂടുന്നു, ഊഞ്ഞാലാടുന്നു, മുറ്റത്തെ പൂന്തോട്ടത്തിലുള്ള ചെറിയ കുളത്തിലേക്ക് കടലാസുതോണികൾ ഒഴുക്കുന്നു. ഞാൻ തന്നെയോ ഇതൊക്കെ ചെയ്യുന്നത്! സ്ലേറ്റിൽ ചോക്കുകൊണ്ടെഴുതിയ വളഞ്ഞുപുളഞ്ഞ അക്ഷരങ്ങളെ, മഷിത്തണ്ടുകൊണ്ട് മായ്ക്കുന്ന വിദ്യ ആരാണെനിക്ക് പറഞ്ഞ് തന്നത്? കിളികളോടും പൂക്കളോടും കിന്നാരം പറയാൻ, പ്രകൃതിയുടെ ഭാഷ ആരാണെന്നെ പഠിപ്പിച്ചത്.?

അറിയാതെ മനസിലൊരു വേദന. തിരിച്ച് കിട്ടാത്ത എന്തൊക്കെയോ നഷ്ടപ്പെട്ടുവെന്നൊരു തോന്നൽ, ശരിയാണ് ഏറ്റവും സുന്ദരമായ ബാല്യകാലം എന്റെ ജീവിതത്തിൽനിന്ന് പടിയിറങ്ങിയിരിക്കുന്നു. ജീവിതത്തിന്റെ നിഷ്കളങ്കത്വം നഷ്ടപ്പെട്ടുവോ? വളരുന്തോറും അറിയുന്തോറും പരിചിതമായിരുന്നവ നമുക്ക് അപരിചിതമാകുന്നു.

നശ്വരമായതിന് പിറകെ പായുമ്പോൾ ഒന്നു പുഞ്ചിരിക്കാൻ പോലും നാം മറന്നുപോകുന്നു. കുരുന്നു മനസ്സിൽ നിന്ന് പൂക്കളുടെയും പൂമ്പാറ്റകളുടെയും വർണ്ണലോകം മാഞ്ഞുപോകുന്നു. ഇന്നലെകളിൽ നിന്ന് ഇന്നിലേക്കെത്തിയപ്പോൾ പണ്ടെന്നോ പഠിച്ചു മറന്നൊരു ഇടശ്ശേരിക്കവിതയും കൂട്ടിനുണ്ടായിരുന്നു.

ജീവിത യാഥാർത്ഥ്യങ്ങളുടെ ഒരോർമ്മപ്പെടുത്തലായ്....

"പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുമ്പോഴേക്കും
നാവിൽ നിന്നെപ്പോഴോ പോയ് മറഞ്ഞു
നാനാ ജഗന്മനോരമ്യഭാഷ" ■



# യാത്ര



Daly George
Falcons '12

ഒത്തിരി പ്രതീക്ഷകളും കുറച്ച് ആശങ്കകളുമായാണ് ഞങ്ങൾ 58 പേർ അടങ്ങുന്ന Falcons Batch North India 'ടൂറിന് പെട്ടിയും പേറി ഇറങ്ങിത്തിരിച്ചത്. പന്നിപ്പനിയുടെ വലയിൽ തങ്ങൾ വീഴുമോ? ട്രെയിൻ യാത്ര കംഫർട്ട് ആകുമോ? അതിനൊക്കെ പുറമെ ഡ്രസ്സ് അലക്കാൻ സമയം കിട്ടുമോ എന്നൊക്കെ ആയിരുന്നു ചില ആശങ്കകൾ. എന്നാൽ അതിനേക്കാൾ വലുതായിരുന്നു ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും.

ആ നീണ്ട 28 ദിവസങ്ങൾ ഞങ്ങൾക്കുവേണ്ടി കരുതിവെച്ചിരുന്ന കൗതുകങ്ങൾ തേടി 9.00 pm ന്റെ ബിക്കാനർ എക്സ്പ്രസ്സിൽ കയറി യാത്ര ആരംഭിച്ചു. മലയാള മണ്ണുവിട്ട് ഉത്തരേന്ത്യയുടെ നെഞ്ചകത്തേക്ക്. കൊങ്കണിന്റെ ഇരുട്ടറകളിലൂടെ കൂകി വിളിച്ചുകൊണ്ട് ട്രെയിൻ ആദ്യലക്ഷ്യസ്ഥാനമായ ബറോഡയിലേക്ക് പാഞ്ഞു. ആ സമയം Falcons കള്ളനും പോലീസും, ചീട്ടുകളിയും, ചെസ്സ് കളിയും, കത്തിയടിയും ഒപ്പം ചില പുസ്തകപ്പുഴുക്കൾ നോവൽ റീഡിംഗും ആയി മുഴുകിയിരുന്നു.

16-3-15 പുലർച്ചെ ബറോഡ സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ ആനന്ദിലേക്കുള്ള ഞങ്ങളുടെ അടുത്ത ട്രെയിൻ യാത്ര അതിസാഹസമാകുമെന്ന് ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. കാര്യം എന്തെന്നോ?

തൊട്ടടുത്തപ്ലാറ്റ്ഫോമിൽ ഞങ്ങൾക്കായുള്ള ട്രെയിൻ കിടക്കുന്നത് അറിയാതെ കുറേനേരം അവിടെ അലഞ്ഞു തിരിഞ്ഞു. ഒടുവിൽ ആ സത്യം മനസ്സിലാക്കി അപ്പുറത്തേക്ക് എത്തുമ്പോഴേക്കും ട്രെയിൻ നീങ്ങിത്തുടങ്ങി. ഒട്ടും ആലോചിക്കാതെ പെട്ടിയും വട്ടിയുമായി ഞങ്ങൾ ഓടടാ ഓട്ടം. കയ്യിലെ പെട്ടി കമ്പാർട്ടുമെന്റിലേക്ക് വലിച്ചെറിഞ്ഞ് പകുതിപേരും ചാടി കയറി. മറ്റുചിലരാകട്ടെ എന്തുചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുകയും ചെയ്തു. ഒടുവിൽ ഞങ്ങളുടെ സ്വന്തം ഹിന്ദിക്കാരിയുടെ സഹായത്താൽ ട്രെയിൻ നിർത്തിച്ചു. ബാക്കിയുള്ളവരേയും കൂട്ടി ആനന്ദിലേക്ക്. ആനന്ദിൽ ഞങ്ങളെ ഏറെ ആനന്ദിപ്പിച്ചത് അമൂൽ തന്നെ The taste of india അമൂലിന്റെ ഔട്ട്ലെറ്റിൽ മധുരം കൂടി നുണഞ്ഞപ്പോഴേക്കും ഞങ്ങൾ രുചിയുടെ മായാലോകത്തേക്ക് എത്തിച്ചേർന്നു.



Aparna R A
Falcons '12

പിങ്ക് സിറ്റിയിലേക്കുള്ള യാത്രക്കായി അന്ന് രാത്രി വീണ്ടും ട്രെയിൻ കയറുമ്പോൾ രാവിലത്തെ സാഹസികയാത്ര ഓർത്ത് ഞങ്ങൾ ഊറിച്ചിരിച്ചു.

മരുഭൂമിയും, കൊടുംചൂടും, ഒട്ടകവും പിന്നെ കള്ളിമുൾച്ചെടികളുമൊക്കെയായി കേട്ടറിഞ്ഞ രാജസ്ഥാൻ അല്ല പകരം കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന ഗോതമ്പുപാടങ്ങളും അവയ്ക്കിടയിൽ വല്ലപ്പോഴും പ്രത്യക്ഷപ്പെടുന്ന കുഞ്ഞുകുടിലുകളുമാണ് ഞങ്ങൾ യാത്രയിൽ കണ്ടത്. എന്നാൽ ജയ്പൂരിൽ ഞങ്ങളെ വരവേറ്റത് പിങ്ക് സിറ്റി എന്ന പേര് അന്വർത്ഥമാക്കുന്ന വിധം തലയെടുപ്പോടെ നിൽക്കുന്ന കൊട്ടാര സമുച്ചയങ്ങളായിരുന്നു. ജൽമഹൽ, ഹവാമഹൽ തുടങ്ങി നിരവധി സൗധങ്ങൾ ഞങ്ങളെ വിസ്മയിപ്പിച്ചുകൊണ്ടേയിരുന്നു. അതിലുപരി തണുത്ത പ്രഭാതത്തിന്റെ കുളിരിൽ പിങ്ക്സിറ്റിയുടെ ഭംഗി ഞങ്ങളുടെ ലോഡ്ജിന്റെ മുകളിൽനിന്ന് കണ്ണിമവെട്ടാതെ നോക്കിനിന്നത് വേറിട്ട ഒരനുഭവം തന്നെയായിരുന്നു.

അടുത്ത ലക്ഷ്യം നമ്മുടെ തലസ്ഥാനനഗരിയായിരുന്നു. അവിടെ ഞങ്ങളുടെ സാരഥിയായി Panikkers Travels നിയോഗിക്കപ്പെട്ടു. രണ്ട് ചുള്ളൻ A.C. ടൂറിസ്റ്റ് ബസ്സുകളിലായി ഞങ്ങൾ വിശാലമായി ഇരുന്നു. ഞങ്ങളേവരുടെയും സ്വപ്നഗവേഷണകേന്ദ്രമായ IARI ലേക്കായിരുന്നു, ആദ്യയാത്ര. പഴയ സീനിയേഴ്സിനെ പരിചയപ്പെട്ടശേഷം ബുക്ക്സ്റ്റാളിൽ നിന്ന് നല്ലൊരു പർച്ചേസും കഴിഞ്ഞാണ് ഞങ്ങൾ മടങ്ങിയത്. അടുത്ത ദിവസം ഡൽഹിയുടെ മനംമയക്കും കാഴ്ചകളും, ചരിത്രസ്മാരകങ്ങളും, ഷോപ്പിംഗ് കേന്ദ്രങ്ങളുമായി ഞങ്ങൾ അടിച്ചുപൊളിച്ചു. കരോൾ ബാഗിന്റെ നല്ലൊരു ശതമാനം കടകളിലും ഞങ്ങൾ കയറി ഇറങ്ങി. ശേഷം ഡൽഹിയോട് താൽക്കാലികമായി യാത്രപറഞ്ഞ് ചണ്ഡീഗറിലേക്ക് ചേക്കേറി. അന്നോവരെ കണ്ട നഗരങ്ങളിൽ വച്ച് എനിക്ക് ഏറെ പ്രിയം തോന്നിയ നഗരം. 'The City beautiful' എന്ന പേര് അന്വർത്ഥമാക്കും വിധം മനോഹരമായിരുന്നു ആ നഗരം. ആ നാടിന്റെ ജീവിതശൈലിയും, ശുചിത്വപാലനവും മറ്റുള്ളവയിൽ നിന്നും ഏറെ വ്യത്യസ്തവും പാർക്കിംഗ് സൗകര്യം വിദേശരാഷ്ട്രങ്ങളോട് കിട പിടിക്കുന്നതുമായിരുന്നു. കൂടാതെ റോസാചെടികളുടെ വൻശേഖരവുമായി റോസ്ഗാർഡനും, ഉപയോഗശൂന്യമായ വസ്തുക്കളിൽ നിന്നും മായാലോകം തീർത്ത റോക്ക് ഗാർഡനും ഞങ്ങളെ ഏറെ വിസ്മയിപ്പിച്ചു.

ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ച പഞ്ചാബിന്റെ മണ്ണിലേക്കായിരുന്നു ഞങ്ങളുടെ അടുത്ത യാത്ര.





ഹിന്ദി സിനിമയിൽ മാത്രം കണ്ടിട്ടുള്ള സർദാർമാരെ നേരിൽ കണ്ടപ്പോൾ ഏറെ സന്തോഷം തോന്നിയെങ്കിലും അരയിലെ നീണ്ടകത്തി ഒരൽപ്പം ഭയപ്പെടുത്തി. സിഖുകാരുടെ വിശേഷ പ്രാർത്ഥനാ കേന്ദ്രമായ സുവർണ്ണക്ഷേത്രത്തിൽ സന്ദർശനം നടത്തിയത് തലയിൽ തട്ടം ഇട്ടുകൊണ്ടായിരുന്നു. തലയിലെ തട്ടം മാറ്റിയാൽ വഴക്കു പറയുന്ന മേൽനോട്ടക്കാരുണ്ടായിരുന്നു അവിടെ. സത്യം പറയാലോ ഗോൾഡൻ ടെമ്പിൾ സന്ദർശനം കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ പെൺകുട്ടികൾ ഒരുവിധം തളർന്നു, എന്തുകൊണ്ടെന്നാൽ ചുള്ളൻ സിഖ് ചെക്കന്മാരെ വായ്നോക്കി ഞങ്ങൾ അവശരായിക്കഴിഞ്ഞിരുന്നു. അന്നു തന്നെയായിരുന്നു വാഗാബോർഡറിലേക്കുള്ള യാത്രയും. സ്വന്തം ജീവൻ പണയം വച്ച് അതിർത്തി കാക്കുന്ന ധീര ജവാൻമാരും അവരുടെ ആവേശോജ്വലമായ പ്രകടനങ്ങളും ഞങ്ങളിൽ അത്യധികം ഉന്മേഷമുയർത്തി. അതീവ പ്രൗഢിയോടെ ഭാരതത്തിന്റെ യശസ്സുയർത്തിക്കാണിക്കുന്ന പ്രകടനങ്ങൾ ഞങ്ങൾക്ക് ഒരു പുതുപുത്തൻ കാഴ്ചയായിരുന്നു. ചിലർ ഇന്ത്യൻ പതാക മുഖത്തും, കൈത്തണ്ടയിലുമൊക്കെ വരച്ച് രാജ്യസ്നേഹം കാണിച്ചു. അതു ചെയ്യാത്തവർ "യുദ്ധം നടക്കുമ്പോഴും, ക്രിക്കറ്റ് കാണുമ്പോഴും മാത്രം ഇന്ത്യക്കാരെന്ന് പറയുന്നവരല്ല ഞങ്ങൾ" എന്ന ലാലേട്ടൻ ഡയലോഗും പറഞ്ഞുകൊണ്ട് ആരവങ്ങളിൽ പങ്കാളികളായി.

അത്യുന്നതങ്ങളിലെ റിസർച്ച് സ്റ്റേഷൻ ലക്ഷ്യമാക്കി വാഹനം നേരെ കുഫ്രിയിലേക്ക്. കൊടും വളവുകൾ താണ്ടുംതോറും ഛർദ്ദിയുടെയും, മനംപുരട്ടലിന്റെയും വ്യക്തമായ ശബ്ദങ്ങൾ എങ്ങും കേട്ടു തുടങ്ങി. മഞ്ഞു പുതച്ചു കിടക്കുന്ന മലനിരകളിലേക്ക്. പിന്നീടുള്ള യാത്ര അനുസരണ തീരെയില്ലാത്ത കൊച്ചു കുതിരകളുടെ പുറത്തായിരുന്നു. ചിലർ നേർവഴിയിലും, മറ്റുചിലർ കുതിരകൾക്കിഷ്ടമുള്ള വഴിയിലും മലമുകളിലെത്തി. ഞങ്ങളുടെ കാർട്ടൂണുകളിലെ വില്ലൻ യാക്കിനെ അനുസരണയുള്ള ഒരു പൂച്ചക്കുട്ടിയെ പോലെയാണ് അവിടെ കാണാൻ കഴിഞ്ഞത്.


യമുനയുടെ പരപ്പിൽ പ്രതിബിംബം പതിപ്പിച്ചു നിൽക്കുന്ന താജ്മഹൽ എന്ന പ്രണയകുടീരമായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം. ഇതിലും വലിയൊരു കുടീരം ഞാൻ എന്റെ പ്രണയിനിക്കായ് പണിയുമെന്ന് ഞങ്ങളുടെ ആൺപടയും, അതൊന്നും വേണ്ട അൽപം സമാധാനത്തോടെ ചത്താൽമതിയെന്ന് പെൺപടയും വാദിച്ചു.

ഒരു ബാച്ചിലർ എന്ന നിലയിൽ ഏറ്റവും കൂടുതൽ ഗ്രൂപ്പ് ഫോട്ടോ ഞങ്ങൾ എടുത്തത് അക്ബറിന്റെ ഫത്തേപൂർ സിക്രിയിൽ നിന്നായിരുന്നു. ആഗ്രാപേടയൊക്കെ ബാഗിൽ കുത്തിനിറച്ച് തുന്ത്‌ലാ ജംങ്ഷനിൽ നിന്നും ന്യൂ ജൽപായ്ഗുരിയിലേക്ക് ഞങ്ങൾ വണ്ടി കയറി. അതിക്ലേശകരമായ യാത്രക്കൊടുവിൽ ചിലർക്ക് മുട്ടുമടക്കേണ്ടി വന്നു. ഞങ്ങളുടെ കലാതിലകവും,ഗാനകോകിലവുമായ അനുശ്രീയും രണ്ട് തോഴിമാരും വെസ്റ്റ് ബംഗാളിലെ ഒരു five star ഹോസ്പിറ്റലിൽ അഡ്മിറ്റായി. ഗട്ടറുകൾ നിറഞ്ഞ ഇടുങ്ങിയ പാതയിലൂടെ കൊച്ചു ബസ്സുകളിൽ മറ്റൊരു സംഘം സിക്കിമിനെതൊട്ടു. കോരിച്ചൊരിയുന്ന മഴയും കിനിഞ്ഞിറങ്ങുന്ന കോടയും ഞങ്ങളുടെ ക്യാൻവാസുകളിൽ പശ്ചാത്തലമൊരുക്കി.

ഈ Geographical Indication, എന്നു കേട്ടിട്ടേയുള്ളു, ഞങ്ങൾ. എന്നാൽ ഞങ്ങൾ സ്വന്തമാക്കിയ ആദ്യത്തെ G.I darjeeling tea ആണെന്ന് പറയാൻ അൽപം ജാള്യതയുണ്ട്. ഇത്രയും ദേശസൂചകങ്ങളുള്ള കേരളത്തിൽ നിന്നാണ് ഞങ്ങൾ വരുന്നതെന്നോർക്കണം. ചായകുടി ഒരു വീക്ക്നസായും, ഹോബിയായും, ജോലിയായും സ്വീകരിച്ചവർ തേയില പാക്കറ്റുകളുമായി വീട്ടിൽ കയറിച്ചെല്ലുന്നത് സ്വപ്നം കണ്ടു.

കണ്ടിട്ടും കണ്ടിട്ടും കൊതിതീരാത്ത ഡൽഹിയുടെ മണ്ണിൽ വീണ്ടും ഞങ്ങൾ കാലുകുത്തി. കൊച്ചി മെട്രോയുടെ വരവിനായി കാത്തിരുന്ന ഞങ്ങൾക്ക് ഇടക്കാലാശ്വാസമായിരുന്നു ഡൽഹി മെട്രോയിലെ ആ യാത്ര. ഏപ്രിൽ 7ന് 11.25 ന്റെ കേരളാ എക്സ്പ്രസിൽ കയറുമ്പോൾ എല്ലാവർക്കും പറയാൻ നഷ്ടങ്ങളുടെ ഒരു നീണ്ട നിര തന്നെയുണ്ടായിരുന്നെങ്കിലും ഈ 27 ദിനരാത്രങ്ങളുടെ മാധുര്യത്തിൽ അതെല്ലാം അലിഞ്ഞു പോകുന്നു. ദിവസങ്ങൾക്കു ശേഷം വർഷങ്ങൾ പിന്നിട്ട് നാട്ടിലേക്ക് വരുന്ന ഒരു പ്രവാസിയുടെ ലാഘവത്തോടെ ഞങ്ങൾ തൃശൂർ സ്റ്റേഷനിലിറങ്ങി. ഇത് ഒരു കടലാസിന്റെയും, പേനയുടെയും അനുഭവത്തിലേക്ക് മാറ്റുമ്പോൾ എഴുതാതെ വിട്ട ഒരുപാടു സുന്ദരനിമിഷങ്ങളിനിയുമേറെയുണ്ട്. ഈ അവസാനവരികളിൽ ഒരു ഫുൾസ്റ്റോപ്പിനു പകരം ഞങ്ങളുടെ കണ്ണുനീർത്തുള്ളികൾ ചേർത്തോട്ടെ.... ആ ദിനരാത്രങ്ങൾ തിരിച്ചുവന്നിരുന്നെങ്കിൽ ....





# മാതൃദേവോ ഭവ



Dr. Usha K. E.
Prof. Dept. of Agronomy

എനിക്കു ജന്മം നൽകിയ, മുലയൂട്ടി വളർത്തി വലുതാക്കിയ, ജനനീ ! അനന്തകോടി പ്രണാമം. ഈ ലോകം കണ്ടതും അറിഞ്ഞതും അനുഭവിച്ചതും അമ്മയിലൂടെ മാത്രമാണെന്ന പ്രപഞ്ചസത്യം ഞാനറിയുന്നു. അതെ! ഞാനെത്ര ധന്യയാണ്!

അമ്മ എന്റെ ആത്മീയ ഗുരുവായിരുന്നു. സൃഷ്ടിയിലെ മൂന്ന് ഗുണങ്ങളുടെ (സത്വഗുണം, രജോ ഗുണം, തമോ ഗുണം) ഏറ്റക്കുറച്ചിലുകളാണ് ഒരു വ്യക്തിയുടെ പെരുമാറ്റത്തെ സ്വാധീനിക്കുന്നതെന്ന് ഞാനറിഞ്ഞു.

ആത്മാവിന് ഒരിക്കലും ജനനമോ മരണമോ ഇല്ല. മനുഷ്യൻ എപ്രകാരം ജീർണ്ണിച്ച (മുഷിഞ്ഞ) വസ്ത്രം ഉപേക്ഷിച്ച് പുതിയത് സ്വീകരിക്കുന്നുവോ അതുപോലെ ജീവൻ ജീർണ്ണിച്ച ദേഹങ്ങളുപേക്ഷിച്ച് പുതിയ ശരീരങ്ങളെ പ്രാപിക്കുന്നു. ആത്മാവിനെ ആയുധങ്ങൾ മുറിവേല്പ്പിക്കുന്നില്ല , അഗ്നി ദഹിപ്പിക്കുന്നില്ല, ജലം നനയ്ക്കുന്നില്ല, വായു ഉണക്കുന്നുമില്ല. ആത്മാവ് നിത്യവും സർവ്വവ്യാപിയും സ്ഥിരവും ഇളക്കമില്ലാത്തതും കാലാതീതവുമാകുന്നു. ജന്മമെടുത്തിട്ടുണ്ടെങ്കിൽ മരണവും തീർച്ച. ഇതറിയുന്നവൻ മറ്റുള്ളവരോട് ക്രൂരമായി പെരുമാറുകയില്ല. സുഖത്തിലും ദുഃഖത്തിലും അചഞ്ചലമായിരിക്കുന്നവനും രാഗ-ഭയ ക്രോധങ്ങളെ അതിജീവിച്ചവനുമാണ് സ്ഥിതപ്രജ്ഞൻ. ഇന്ദ്രിയങ്ങളെ കീഴടക്കാതെ ലൗകിക വിഷയങ്ങളിൽ മാത്രം ചിന്തിക്കുന്നവന് ആഗ്രഹം കൂടുന്നു. അതിൽനിന്ന് കാമവും, കാമത്തിൽ ക്രോധവും ജനിക്കുന്നു. ക്രോധംമൂലം ബുദ്ധിഭ്രമം ഉണ്ടാകുന്നു. ബുദ്ധിഭ്രമത്താൽ ഓർമ്മ നശിക്കുന്നു. അപ്പോൾ വിവേകശക്തിയും നശിക്കുന്നു. അവസാനം ജീവിതം തന്നെ നശിക്കാനിടയാകുന്നു.

അതിനാൽ ഞാനറിയുന്നു -ഹിംസിക്കരുത്! നിന്ദിക്കരുത്! അഹങ്കരിക്കരുത്! കർമ്മഫലം പ്രതീക്ഷിക്കാതെ കർമ്മം ചെയ്യുക! ചെയ്തുകൊണ്ടിരിക്കുക! ഞാൻ ജനിച്ചത് അതിനുവേണ്ടിയാണ്!

ലോകാ സമസ്താ സുഖിനോ ഭവന്തു: ■



# മുസിരിസ്

## യവനകഥകളിലെ ഭൂമിക



Shahanaz M R
Falcons'12

പൊന്ന് തേടിപ്പോകുന്നവരെപ്പറ്റി കേട്ടിട്ടില്ലേ.?മുത്തുകൾ കോരുന്നവരെപ്പറ്റിയും. കരകൾതോറുമലഞ്ഞ് അവർ മണ്ണിനടിയിലേക്ക് കുഴിച്ചു കുഴിച്ചുപോയി. മുത്തുകൾ വിളയുന്ന കടലാഴങ്ങളിലേക്ക് ഊളിയിട്ടു പോയി. പക്ഷേ ഇതു ചന്തമില്ലാത്ത, നന്നേ ചെറിയൊരു കരിമുത്തു തേടി വൻകരകളും കടലുകളും കടന്ന് കപ്പൽച്ചാലുകൾ കീറിയിട്ടവരുടെ കഥയാണ്. കുരുമുളകെന്ന കറുത്ത പൊന്ന് കടൽ കടന്ന് കൊണ്ടുവന്ന,

സമ്പത്തും പ്രൗഢിയും കുമിഞ്ഞുകൂടി കിഴക്കിന്റെ കവാടമായി വളർന്ന മുചിരിപ്പട്ടണമെന്ന മുസിരിസിന്റെ കഥ.

കുരുമുളകെന്ന കരിമുത്തില്ലാതെ കഴിഞ്ഞുകൂടാനാവാത്ത കാലമുണ്ടായിരുന്നു, അങ്ങ് പടിഞ്ഞാറുള്ളവർക്ക്. അന്നത്തെ മുന്തിയവരുടെ അത്താഴ സദ്യകളിൽ രുചിക്കൂട്ടായും കുടുംബത്തിന്റെ അന്തസ്സ് കൂട്ടുവാനുള്ള ആർഭാടശേഖരമായും അവർ കറിമുളകിനെ ഉപയോഗിച്ചു. സാധാരണക്കാർക്ക് മഞ്ഞുകാലങ്ങളിൽ മാംസം കേടാകാതിരിക്കാനും കുരുമുളകു തന്നെ ആശ്രയം. പനി പിടിച്ചാൽ ജീവൻ രക്ഷാമരുന്നായി ഉപയോഗിക്കുന്നതു കൊണ്ട് അല്പം ദിവ്യത്വവും കുരുമുളകിന് ചാർത്തിക്കിട്ടി.

പടിഞ്ഞാറൻ നാടുകളിലെ മുളകിന്റെ പ്രിയം ശരിക്കും മുതലെടുത്തത് പശ്ചിമേഷ്യയിലെ കച്ചവടക്കാരായിരുന്നു. തഞ്ചത്തിൽ പറിച്ചെടുക്കുന്ന മുളക് പല കൈ മറിഞ്ഞ് ഗ്രീസിലും റോമിലും മറ്റു യൂറോപ്യൻ നാടുകളിലുമെത്തുമ്പോൾ വില ഇരുനൂറിരട്ടിയാകുമെങ്കിലും ആവശ്യക്കാർ ഏറെയായിരുന്നു. പല കള്ളക്കഥകളും ചമച്ച് അറബിക്കച്ചവടക്കാർ കറുത്ത പൊന്നിനെ ലോകത്തിന്റെ കണ്ണിൽ നിന്നും മറച്ചുവെച്ചു. സൂയസ് കനാൽ ഇല്ലാതിരുന്ന കാലത്ത് ആഫ്രിക്ക മുഴുവൻ ചുറ്റി അറബികൾ വന്ന വഴിയേ നമ്മുടെ തീരത്തെത്തുക യൂറോപ്യൻ നാടുകളിലുള്ളവർക്ക് എളുപ്പമായിരുന്നില്ല. ഒടുവിൽ അന്വേഷകന്റെ ഒടുങ്ങാത്ത ആവേശത്തിനു മുമ്പിൽ പ്രകൃതി പുതിയ വീഥികൾ തുറന്നിടുകയായിരുന്നു.

നീണ്ട നാളത്തെ അലച്ചിലിനുശേഷം 'ഹിപ്പാലസ്' എന്ന ഗ്രീക്ക് നാവികൻ കണ്ടെത്തിയ കപ്പൽച്ചാല് അന്താരാഷ്ട്ര കടൽക്കച്ചവടത്തിന്റെ തന്നെ ഗതി തിരുത്തിക്കുറിച്ചു. കാലവർഷക്കാറ്റു പിടിച്ചെത്തുന്ന കപ്പലുകൾക്ക് അറബിക്കടൽ മുറിച്ച് എളുപ്പത്തിൽ എത്താവുന്നത് പടിഞ്ഞാറൻ തീരത്തെ മുചിരിയിലായപ്പോൾ കയറ്റിറക്കുകളുടെ പ്രധാനകവാടവും അതായി മാറി. അങ്ങനെ രാജ്യത്തിന്റെ പല ദിക്കുകളിൽ നിന്നുമായി വിലപിടിച്ച മുത്തും പവിഴവും ആനക്കൊമ്പും ഗംഗാതടത്തിലെ ജടാമാഞ്ചി തുടങ്ങിയ ചരക്കുകളും മുചിരിയിലെത്തിയിരുന്നു. അതോടെ അലക്സാൻഡ്രിയയെപ്പോലെ ലോകത്തെ ഒരു പ്രധാനഎമ്പോറിയമായി മാറി നമ്മുടെ മുചിരിയും. അന്നത്തെ ജനജീവിതത്തെപ്പറ്റി കുറച്ചെങ്കിലും അറിയാനായത് സംഘകാലകൃതികളിലൂടെയാണ്. യവനർക്കു സൗകര്യക്കൂടുതൽ കൊണ്ടാകാം കൂടുതൽ പ്രിയം മുചിരിപ്പട്ടണത്തോടായിരുന്നു. ഗ്രീക്ക് വാക്കുകളിൽ 'സ' എന്ന അക്ഷരം സാധാരണമായതുകൊണ്ടു പതിയെ മുചിരി അവർക്ക് മുസിരിസായി മാറി.

ഇന്റോ-റോമൻ കച്ചവടത്തെപ്പറ്റി ഗവേഷണങ്ങൾ നടത്തിയിട്ടുള്ള വിദേശികളുടെ ചരിത്രരേഖകളിൽ എന്നും വലിയൊരു സ്ഥാനമായിരുന്നു മുസിരിസ്സിന്. രണ്ടാം നൂറ്റാണ്ടിൽ മുസിരിസ്സിലെയും അലക്സാൻഡ്രിയയിലെയും രണ്ട് കച്ചവടക്കാർ തമ്മിലുണ്ടാക്കിയതാണ് മുസിരിസ് പാപ്പിറസ് എന്ന കരാർപത്രം.

അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും കിഴക്കും പടിഞ്ഞാറുമായി പിളർന്ന റോമാസാമ്രാജ്യം ക്ഷയിക്കാൻ തുടങ്ങി. അങ്ങനെ റോമിന്റെ തളർച്ചയോടെ പതിയെ മുസിരിസും മങ്ങാൻ തുടങ്ങി. പശ്ചിമേഷ്യക്കാരുടെ പിൻബലത്തോടെ കുറേക്കാലം കൂടി പിടിച്ചു നിന്നെങ്കിലും, കലി കയറിയ പെരിയാറിന്റെ പ്രവാഹത്തിനു മുമ്പിൽ മുചിരിയുടെ അവസാനവിധിയെഴുതപ്പെടുകയായിരുന്നു. കടൽ കൊണ്ടുവന്ന സമ്പത്തിന്റെ പുളപ്പിൽ മദിച്ചുതിമിർത്ത നഗരം കാലപ്രവാഹത്തിന്റെ ഒഴുക്കിൽ തുടച്ചു നീക്കപ്പെട്ടു. ഒരു തലമുറയാകെ മണൽതിരകളാൽ മൂടപ്പെട്ടു.

കാലത്തിന്റെ മണൽപ്പരപ്പിനടിയിൽ മയങ്ങുകയായിരുന്നു നൂറ്റാണ്ടുകളായി പിടികൊടുക്കാതെയിന്ന മുസിരിസ്. ഇന്നത്തെ ചില കൊലകൊമ്പൻ രാജ്യങ്ങൾ ഇരുട്ടിലായിരുന്ന കാലത്ത് ആഗോള സമ്പദ്‌വ്യവസ്ഥയെത്തന്നെ സ്വാധീനിക്കാൻ കെൽപ്പുണ്ടായിരുന്നു നമ്മുടെ മുചിരിക്ക്. ഇന്ന് പുരാവസ്തു ഗവേഷകർ കാലത്തിന്റെ മണൽത്തിട്ടകളിൽ നിന്നും അവളെ കണ്ടെത്താൻ ശ്രമിക്കുന്നു. തിളക്കം നഷ്ടപ്പെടാതെ അന്വേഷകർക്കായി മൂവായിരം വർഷങ്ങളോളം കാറ്റും മഴയുമേറ്റ് മണ്ണിനടിയിൽ അവൾ കാത്തു കിടക്കുന്നു. മുകൾപ്പരപ്പിൽ നൂറ്റാണ്ടുകൾ മറഞ്ഞുപോകുമ്പോഴും പുതിയ ജനപദങ്ങൾ രൂപം കൊള്ളുമ്പോഴും അവൾ പുനർജ്ജനിയുടെ ശ്വാസങ്ങൾ എണ്ണിപ്പിടിക്കാൻ നോക്കുകയായിരിക്കാം. കടലുകൾ കടന്നുപോയ മുമികയുടെ വേരുകളിൽ പുതുനാമ്പിടുന്ന ദിനായി നമുക്കും കാത്തിരിക്കാം.... ■

# Present in online, then future



Nithin Raj
Taurus'14

The past is history ,present is a gift and future is a mystery. While learning from the past and enjoying the gift called present ,we look up on the future with suspicion. The most relevant question in the twenty first century is 'what the future is going to be?'. As present deeds and actions influence and leads to future events and conditions, every far sighted men give importance to the present in order to make the future pleasant.

The statement 'present in online' has two dimensions and both these are very important. At first, 'present in online' because everything related to life is now dependent on the technological wonder called internet. It allowed the people to communicate with each other through pictures, sound, videos, etc. They can do so even when being millions of miles apart. The internet developed so widely and quickly that within a few decades it conquered every field in human life. From sending-mails to controlling huge satellites and spacecrafts ,internet is used now. Moreover at present, all the activities related to business such as advertisement, marketing, shopping, etc are achieved through internet.



The second dimension is the effect that the internet has on the youth at present. With the advancement in technology and developments in electronic industry, the production of mobile phones and computers have increased widely. The effects these gadgets have on the youth is very high. At present more than eighty percent of the youth population in the developed and developing countries have access to either mobile phone or computer. Internet is also accessible to a huge majority of them. As a result, social networking sites such as facebook, twitter and whatsapp have taken over our young generations. The present condition is that people cannot live without internet. All other activities such as outdoor games, exercises, hobbies are rejected. People change from citizens to netizens. Each and everything in life gets depended on the internet. All these have a very direct effect on the future.



If the present is "present in online", where will the future be?. The present can turn to any direction and the future of us and our earth will depend on the direction it takes. Considering that there is no change in the present condition and pattern of growth, the future too will be dominated by the internet. The future too will be in online. The ' web' will expand to more areas. Each day numerous new inventions will be added to it. For each social networking site that gets outdated, a hundred others will spring up. More and more people will be turned into it. As a result the health status of the people will go down. As the earth reaches its saturation capacity, the advancements in science and technology will allow the people to migrate to other planets and settle there. Also the conditions in earth will become very hi-tech, like being shown in some present day science-fiction movies. And everything will be controlled by the internet and internet alone.

If present takes another turn towards a cleaner and greener earth,we can foresee a future where humans coexist cordially with the nature.Every organism in the nature will have an equal chance of survival and equal availability of resources. Sustainable development will be promoted and nature will be protected. A healthy population will inhabit the earth.

Future is really a mystery. Standing in the present we cannot confidently predict what it is going to be. As the inhabitants of present, what we can do is to lead a life giving equal importance to the technology as well as the nature and hope for the best in the future.....



# ഓ നും ള്ളും ഴും

Sameer Muhammed
PG



രംഗം 1

## ആ കുടക്കീഴിൽ അൽപ്പനേരം....

അങ്ങനെ BTech മാമാങ്കം തീർന്നു. പടച്ചോനേ Passout ആയല്ലോ, ഇനിയെന്തു ചെയ്യും? ഏതൊരു ബിരുദവിദ്യാർത്ഥിയെ പോലെ അവനും ചിന്തിച്ചു. പിന്നെ ആകെയുള്ളൊരു സമാധാനം "BTech-ന് ഭയങ്കര scope ആണല്ലോ, ഇറങ്ങിയ ഉടനെ ജോലി കിട്ടും" എന്നുകേട്ട് തഴമ്പിച്ച വാക്കുകളാണ്. എന്തായാലും എല്ലാവരും വെറുതെ പറയില്ലല്ലോ, എവിടേലും എന്തേലും കിട്ടും! അവൻ മനസ്സിൽ ഉറപ്പിച്ചു.

ഏതോ ജ്ഞാനിയൻ പറഞ്ഞപോലെ Focus on the work. Forget the Result, it will happen.

പതിവ് തെറ്റിയില്ല. സൽക്കാരവേളയിൽ അവളെയും കാത്തിരിക്കുന്ന അവന്റെടുത്തേക്ക് ഒരു കൂട്ടം പരിചാരകരുമായി കഥാനായിക കടന്നു വന്നു. അവളുടെ മനഃസാക്ഷി സൂക്ഷിപ്പുകാരി ദിവ്യകാരിയുടെ കൈ പിടിച്ച് അവൾ നടന്നടുത്തു. ഇരുവശങ്ങളും തോഴിമാരിലും എണ്ണമറ്റ കൂട്ടുകാരിയും മുന്നിൽ ഒരു ബോഡിഗാർഡിനെ പോലെ നമ്മുടെ ജീവസം....

— ഇക്കാ എന്നാ കല്യാണം?

— ഞങ്ങൾ അവരുടെ വീട്ടിലേക്കാ വരേണ്ടേ...

— ഞങ്ങൾക്ക് Dress എടുത്ത് തരണ്ടേ....

ഇങ്ങനെ നൂറുകൂട്ടം ചോദ്യങ്ങൾ.

കോഴ്സ് തീരാറായപ്പോ മുതൽ കേൾക്കുന്നതാ ഈ ചോദ്യങ്ങൾ. നെഞ്ചിലെ തീ ആളിക്കത്തിക്കുന്നതാണ് ഈ ചോദ്യങ്ങൾ.

നുമ്മ full support ആ നീ പൊളിക്ക് മുത്തേ എന്ന് പറഞ്ഞു കൂടെ നിൽക്കുന്ന കൂട്ടുകാരും, എന്തിനും ഞാനുണ്ടാവും കൂടെ എന്നു പറയുന്ന കഥാനായികയും, പിന്നെ അവന്റെ ഇഷ്ടത്തിന് കൂടെ നിൽക്കുന്ന വീട്ടുകാരുമായിരുന്നു അവന്റെ ശക്തി. എല്ലാത്തിനുമുപരി പടച്ചോൻ കൂടെയുണ്ടല്ലോ-? ഇല്ലേ?.. ഉണ്ട്...

അവളെ ഹോസ്റ്റലിൽ കൊണ്ട് വിട്ട് അവൻ പായയിലേക്ക് തിരിച്ചു. കൂടെ അവന്റെ കൂട്ടുകാരും.

— നീ എന്തിനാടേ പേടിക്കുന്നേ, ജോലി കിട്ടിയില്ലേൽ നമ്മൾ Entrepreneurship തുടങ്ങുമല്ലോ...

— എന്ത് തുടങ്ങും..? അതിന് cash...? അതൊക്കെ ശരിയാവും...

— "If u want to enjoy your life, you should be an entrepreneur" BTech ഇന്നത്തെ ചിന്തയിൽ ഒരാൾ ആ വാക്ക് 100 മാർക്കോട് വച്ചു.

- അതെ, അടുത്ത business തന്നെ... ഇനി മറ്റൊരു തീരുമാനമില്ല...
- ഈ Agribusiness അത്ര ചെറിയ സംഭവമൊന്നുമല്ല... നമ്മൾ ഇത് എന്തായാലും നേടിയെടുക്കും... young successful entrepreneurs...
- ഇതു പോരേ... ഒന്ന് തുടങ്ങാൻ മതിയല്ലോ, ഇനിയങ്ങോട്ട് വിജയത്തിലേക്കുള്ള ജൈത്രയാത്രയാണ്. മുളക് ചെടിയിൽ അതുവരെ factamphos-ഉം urea-യും spray ചെയ്ത പോലെയായി...

**രംഗം : 2**

## ചിറകൊടിഞ്ഞ കിനാവുകൾ

തുടക്കത്തിൽ ഒരു മഹാന്റെ വീട് ബിസിനസ് തന്ത്രങ്ങൾ മെനഞ്ഞ് പുകഞ്ഞ് കൊണ്ടിരുന്നു.

- "അപ്പോ ബിസിനസ് എന്താന്നാ പറഞ്ഞത്...?"
- "Agriculture, അതിനെക്കാളും ലാഭകരമായി ഒരു ബിസിനസും ഞാൻ കാണുന്നില്ല"

വാക്കുകൾ വീണ്ടും Agriculture-ൽ സമഗ്രമായ അവാർഡുകളും പലതിലും, മിച്ച Research നടത്തി തെളിഞ്ഞ ഒരുത്തനിൽ നിന്നായിരുന്നതുകൊണ്ട് പിന്നീടൊന്നും ആലോചിക്കേണ്ടി വന്നില്ല.

- "വിശാലമായ ഈ റബ്ബർ തോട്ടങ്ങളിൽ നമ്മൾ തേനീച്ച പെട്ടികൾ ഇറക്കുന്നു... പിന്നീടങ്ങോട്ട് ലാഭമല്ലേ... തേനിന്റെ കുത്തൊഴുക്കായിരിക്കും... ആദ്യം തേൻ മാത്രം വിപണിയിൽ ഇറക്കാം... പിന്നെ പതുക്കെ തേൻ കൊണ്ടുള്ള മറ്റ് products..."
- "ഹാ... അടിപൊളി..."
- "ശ്ശൊ... എന്നാലും ഈ ബുദ്ധി നമുക്ക് നേരത്തെ തോന്നിയില്ലല്ലോ..."?

എല്ലാം കണ്ട് മണ്ണും ചാരി നിന്ന അമ്മയുടെ കണ്ണിലൂടെ നീങ്ങി young-entrepreneurs-ൽ ഒരാളിലേക്ക്...

- "പിന്നെ... ഒരു കാര്യം... ഈ Business എന്ന് പറഞ്ഞാ അത് വലിയ competition ഉള്ള field ആണ്. Business തന്ത്രങ്ങൾ മെനയാൻ വിദഗ്ദ്ധരും ആരെങ്കിലും വേണ്ടേ...? അതുകൊണ്ട് ഞാൻ MBA-ക്ക് പോവാണ്..."
- "എടാ... എന്റെ കാര്യം നിങ്ങൾക്കറിയാലോ... അവിടിപ്പോ third year ആയി എനിക്കാണേൽ ടെൻഷൻ. അതിന് പെട്ടെന്നൊരു ജോലി വേണം. ഈ Business എന്നൊക്കെ പറയുമ്പോൾ അത് പച്ച പിടിക്കാൻ... അല്ല, അതിപ്പോ ഒരു side business ആയിട്ടും കൊണ്ട് പോകാലോ...!"



- "അല്ല... നിങ്ങളിപ്പോ എന്താ പറഞ്ഞ് വരുന്നത്...?"
- "അല്ല... അതിപ്പോ ഇതൊക്കെ manage ചെയ്യാൻ എല്ലാവരും ഇവിടെ നിൽക്കണമെന്നില്ലല്ലോ... നീയായിരിക്കും ഇവിടെ all in all... ഞങ്ങൾ പിന്നിലുണ്ടാവും"
- "ഓ അങ്ങനെ... ഞാൻ PG-ക്ക് പോവാണ്. അതിന്റെയൊക്കെ ഇടയിലാണോ ഒരു Business"
- കെട്ടിപ്പടുത്ത ഒരു മോഹത്തിന് തിരശ്ശീല വീണു.

**രംഗം 3**

## ഒരു വിവാഹാലോചന

പാടശേഖരം Land use board-ന്റെ ശ്രദ്ധയിൽ അവതരിപ്പിച്ചത് കൊണ്ട് അവനൊരു ജോലിക്കാരനായി. അങ്ങനെ കാര്യങ്ങൾ അതിന്റെ വഴിക്ക് നീങ്ങിത്തുടങ്ങി.

- "ടാ... P.G-ക്കാരാ... ഒരു കാര്യമുണ്ടേ... നിന്റെ അമ്മാവൻമാർക്ക് എന്നെ കാണണമെന്ന് പറയുന്നു. ഞാനെന്തിനാ ഒറ്റക്ക് പോകുന്നെ...?"
- "ഒറ്റയ്ക്ക് പോണ്ടടാ... അല്ലെങ്കിലും പണ്ടുമുതൽക്കേ തന്നെ കല്യാണ വിഷയത്തിൽ പെണ്ണിന്റെ അമ്മാവന്മാർ വില്ലന്മാരാ..."
- "അപ്പോ നമുക്ക് പോയാലോ...?"
- "ഉം... പോവാം, ഞങ്ങളും വരാം..."

**രംഗം 4**

## മണവാളനും തോഴന്മാരും

(ശരിക്കും ഇതൊരു പെണ്ണുകാണലല്ല, ചെക്കനെ കാണലാണ്.)

മണവാളനെ അനുഗമിക്കുന്ന തോഴന്മാർ മൂന്ന്. മണവാളന്റെ അനിയൻ, ഒരു Pg-ക്കാരൻ, പിന്നെ ഒരു MBA-ക്കാരൻ.

മണവാളന് പിന്നെയും ഒരു ആശങ്ക...

- "ടാ, പിള്ളേരെ... ഓർമ്മയുണ്ടല്ലോ... ആർക്കും ഒരു സംശയവും തോന്നരുത്."

"മതി... മതി... നിങ്ങൾ തമ്മിൽ കോളേജിലൊന്നല്ല പഠിച്ചത്... പരിചയം പോലും ഇല്ലെന്ന് പറഞ്ഞേക്കാം പോരെ...?"

- "നേരോ കാലോ നോക്കാതെ ഇതല്ലേടാ...!"

സ്വീകരിക്കാനായി മുന്നിൽ വന്നു നിന്ന വൽസലയെ മറികടന്ന് കൊണ്ട് അവർ വീടിനകത്തേക്ക് കയറി. ഇതിനിടയിൽ MBA-ക്കാരൻ സ്വന്തമായി വീണ്ടും ഓർമ്മിപ്പിച്ചു.

- "ടാ... അവളുടെ പേരെന്ത് ഓർമ്മയുണ്ടല്ലോ... മുകുളാണോ..."
- "ഓ... നീ എന്നെ പരിഹസിക്കാൻ വിചാരിച്ചോ... നിങ്ങൾ എന്റെ performance..."

നീ അവന്റെ അനിയനെ ഉപദേശിച്ചോ എനിക്കവനെ അത്രത്തോളം വിശ്വാസം പോരാ"

— "20"

— "അപ്പോ നിങ്ങളൊക്കെ എന്ത് ചെയ്യുന്നു?" — പെണ്ണിന്റെ ഉപ്പ.

— ഞാൻ PG ചെയ്യുന്നു

ഞാൻ MBA ചെയ്യുന്നു

ഞാൻ ഡിഗ്രി first year...

ഓരോരുത്തരായി പരിചയപ്പെടുത്തി.

ദാ വരുന്നു ഒരു ചായ. അവർ പെണ്ണിനെ അകത്തേക്ക് വിളിച്ചോണ്ട് പോകുന്നു. ഇനി പെൺപടയുടെ പരിചയപ്പെടൽ.

— "എവിടാ പഠിച്ചേ?"

— "ജോലി എവിടാ...? നല്ല ശമ്പളമൊക്കെ ഉണ്ടല്ലോ?"

അങ്ങനങ്ങനെ കുറേ ചോദ്യങ്ങൾ. അനിയൻ കൂടെ വന്നിട്ടുണ്ടെന്നറിഞ്ഞപ്പോൾ അവനെയും വിളിച്ചു അകത്തേക്ക്. ചിരിച്ചോണ്ട് അകത്തേക്ക് വന്ന അനിയനെ നോക്കി ജോലിക്കാരൻ പ്രാർത്ഥിച്ചു. പടച്ചോനേ... മിണ്ടിച്ചേക്കണേ... ജോലിക്കാരന്റെ പേടികളെല്ലാം അസ്ഥാനത്താക്കിക്കൊണ്ടായിരുന്നു അനിയന്റെ ആ ചോദ്യം..

— "ഉപ്പാന്റെ അനിയത്തിയാണോ? നല്ല face cut ഉണ്ടല്ലോ?" ഒരാളോടുമായിരുന്നില്ല ആ ചോദ്യം. പെണ്ണിന്റെ ഉമ്മയോടായിരുന്നു.

— പടച്ചോനേ.. തീർന്ന്.. ജോലിക്കാരൻ മനസ്സിൽ കേണു.

ഭാഗ്യത്തിന് ഉമ്മാക്ക് ആ ചോദ്യം നന്നായി രസിച്ചത് കൊണ്ട് ഒന്നും കുഴപ്പമായി സംഭവിച്ചില്ല.

ദീർഘനേരത്തെ കാത്തിരിപ്പിൽ ചെറുക്കനെ കാണാതെ തോഴൻമാർ അങ്കലാപ്പിലാവുന്നു

— "അവനെന്താ വരാത്തെ? എല്ലാം കുളമായോ? ചെക്ക് കഴിഞ്ഞതും ഒന്നും ഞങ്ങളില്ലല്ലോ..?" തോഴന്മാർ വെപ്രാളപ്പെടുന്നു.

— "അളിയാ എന്തോ മിസ്സ് വരുന്നുണ്ട്.. juice അങ്ങനെ തോന്നണേ...ടാ... അവനാ വരുന്നുണ്ട്..."

കുടുംബക്കാരിലുള്ളോ എന്ന ആകാംക്ഷയോടെ അവർ പെണ്ണിനെ കാണുന്നു [illegible] പെണ്ണിന്റെ [illegible]



ചോദിച്ചു.

"ആരെ എന്തേ മക്കളേ..?"

"കുടിക്കാനിലയോ...?"

"ഉപ്പ എന്ത് ചെയ്യുന്നു..." അങ്ങനെ പോകുന്നു ചോദ്യങ്ങൾ.

— "ബാങ്ക് കൊടുത്തു. നിസ്കരിക്കണ്ടേ...?" അതിനിടയിൽ കൂട്ടത്തിലെ മൂത്ത കാരണവർ ഓർമ്മിപ്പിച്ചു.

— "എടാ.. മറച്ചിട്ടോ.. ഇത് നിനക്ക് നിസ്കരിക്കാൻ അറിയോന്ന് test ചെയ്യാനാ.. ഇനി ഒന്നും നോക്കണ്ട.. തകർത്തോ..."

നിസ്കാരത്തിനുശേഷം മണവാളൻ test 1st ക്ലാസ്സിൽ പാസ്സാവുന്നു...

അതിനുശേഷം അവരെ കാത്തിരുന്നത് ഒരുഗ്രൻ വിരുന്നായിരുന്നു. മട്ടൻ [illegible] പത്തിരി വരെ അവിടെ നിരന്നു. വയറു നിറഞ്ഞു. ഇനി മനസ്സ് നിറയണ്ടേ? എന്തോന്നിനെന്നും പറയാത്തത്? [illegible] തോഴന്മാർ വീണ്ടും അങ്കലാപ്പിലാവുന്നു. അങ്ങനെ അവസാനിക്കാതെ അവർ ഇറങ്ങാൻ ഒരുങ്ങുന്നു.

മുത്തശ്ശാരണവർ മുന്നോട്ട് വന്ന് പറയുന്നു

"അടുത്തയാഴ്ച ഞങ്ങൾ അങ്ങോട്ട് വരുന്നുണ്ട്. വീടും വീട്ടുകാരെയുമൊക്കെ ഒന്ന് കാണാൻ..."

അങ്ങനെ മണവാളൻ അവന്റെ മുത്തിനെ സ്വന്തമാക്കിയ നിർവൃതിയോടെയും അതിലേറെ നിർവൃതിയോടെ തോഴന്മാരും അവിടുന്ന് ഇറങ്ങുന്നു.

**രംഗം 5**

**തനിയാവർത്തനം**

— "ടാ... നമുക്കൊരു Business തുടങ്ങിയാലോ മുത്തേ..."

— "ഞാൻ Ready ആണല്ലോ.. അളിയാ.. നിങ്ങളുണ്ടോ..?"

— "നിങ്ങ പോളിക്ക് ... നമ്മ കൂടെയുണ്ട്. OK എന്നാ.. നാളെയൊന്ന് കൂടണം... Action plan തയ്യാറാക്കാൻ"

"അല്ല... എന്താ Business ആ നമുക്ക് തുടങ്ങ..?"

(നാടകം ഇവിടെ അവസാനിക്കുന്നില്ല. ഇനിയും ഒരുപാട് ബിസിനസ് സ്വപ്നങ്ങൾ വിരിയാൻ കാത്തിരിക്കുന്നു)


Supreme
enjoy !
the traditional taste
Plum Cake
NUT CAKE
Rich Plum Cake
Butter Cake
Chocolate cake
Milk Rusk
Supreme Food Products, P.O.Panangad, Thrissur Dt., Kerala. Ph : 0480-2851393, e-mail : supremebros@yahoo.co.in, www.supremefoodproducts.com



Sajay S.
Aagneya 13



# അത് കോപ്പിയാണെടാ...

'അത് കോപ്പിയാണെടാ' സിനിമാതീയേറ്ററിൽനിന്ന് പുറത്തിറങ്ങുന്ന പ്രേക്ഷകനിൽ നിന്ന് ഇന്ന് നാം ഏറ്റവും കൂടുതൽ കേൾക്കുന്ന വാക്കുകൾ. അനവധിപേരുടെ കണ്ണീരും വിയർപ്പുകൊണ്ട് കെട്ടിപ്പടുത്ത മലയാള ചലച്ചിത്രമേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഈ കോപ്പിയടി സംസ്കാരമാണെന്ന് പറയാം. പണ്ട് ഒരു സിനിമ കണ്ടിറങ്ങിയാൽ അതിന്റെ നല്ലവശവും മോശവശവും തിരിച്ചറിയുകയാണ് പ്രേക്ഷകൻ ചെയ്തിരുന്നത്. നല്ലതാണെങ്കിൽ അഭിനന്ദിക്കാനും മോശമാണെങ്കിൽ വിമർശിക്കാനും അവനറിയാമായിരുന്നു. ഇന്ന് ഒരു സിനിമയെ വിലയിരുത്തുന്നതിന് മുമ്പ് ആ സിനിമ ഏതെങ്കിലും അന്യഭാഷാസിനിമയുടെ കോപ്പിയടിയാണോ എന്ന് യൂട്യൂബിലൂടെയും മറ്റ് വെബ്സൈറ്റുകളിലൂടെയും അവൻ അന്വേഷിക്കുന്നു. ഒട്ടനവധി മഹാരഥന്മാരെ ഇന്ത്യൻ ചലചിത്ര ലോകത്തിന് പ്രദാനം ചെയ്ത മലയാള സിനിമയ്ക്ക് എങ്ങനെ ഈ അവസ്ഥ വന്നുവെന്ന് അറിയില്ല. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയ ഒരു പ്രതിഭാസമല്ല. നമ്മുടെ മനം കീഴടക്കിയ പല പഴയകാല സിനിമകളും മലയാളത്തിന്റെ സ്വന്തമെന്ന് പറയാൻ കഴിയില്ല. വാർത്താവിനിമയരംഗവും സോഷ്യൽമീഡിയകളും ഇന്നത്തെപ്പോലെ വികാസം പ്രാപിക്കാത്തത് നാൽ നാം അത് അറിഞ്ഞില്ലെന്നേയുള്ളൂ.

മലയാള സിനിമയിലെ മികച്ച സംവിധായകരിൽ ഒരാളായ രഞ്ജിത്തും സൂപ്പർതാരം പൃഥിരാജും പങ്കെടുത്ത 'ക്യാംപസ് ടോക്കിൽ' ഒരു പെൺകുട്ടി ചോദിച്ച ചോദ്യം ഇതാണ്. 'മലയാളത്തിൽ ഇപ്പോൾ കൊറിയൻ സിനിമകളേയും ഇംഗ്ലീഷ് സിനിമകളേയും കോപ്പിയടിച്ച് ഇറങ്ങുന്ന സിനിമകളാണ് അധികവും. ഇതിൽ പലതും ഹിറ്റുകളാണ്. ഇങ്ങനെ മറ്റുള്ളവരെ കോപ്പിയടിച്ച് ജയിക്കുന്നതാണോ സ്വയം പരീക്ഷയെഴുതി തോൽക്കുന്നതാണോ നല്ലത്?" നല്ല ചോദ്യമാണെന്ന് മറുപടി പറഞ്ഞുതുടങ്ങിയ രഞ്ജിത്ത്, സ്വയം പരീക്ഷയെഴുതി തോൽക്കുന്നതാണ് നല്ലതെന്ന് കൂട്ടിച്ചേർത്തു. ന്യൂ ജനറേഷൻ എന്ന ലേബലിലറിയപ്പെടുന്ന സിനിമകളിൽ പലതും കോപ്പിയടികളാകുന്ന ഈ സാഹചര്യത്തിൽ ആ പെൺകുട്ടിയുടെ ചോദ്യം വളരെ പ്രസക്തമാണ്. സിനിമ തുടങ്ങുമ്പോൾ കാണിക്കുന്ന 'ഇൻസ്പയർട് ഫ്രം' കോപ്പിയടിയെയാണ് ഉദ്ദേശിക്കുന്നതെന്ന് പ്രേക്ഷകർ മനസ്സിലാക്കുന്നില്ല. ഇങ്ങനെകാണിക്കാതെ തന്നെ സീൻ ഓരോന്നും, ഡയലോഗ് ഓരോന്നും അതേപടി കോപ്പിയടിക്കുന്ന വിരുതന്മാരാണ് കൂടുതലുള്ളത്. അടുത്തിടെ കേട്ട മറ്റൊരു കഥ ഇതാണ്. ഒരേ കൊറിയൻ പടത്തെ തന്നെ കോപ്പിയടിച്ച് സിനിമയെടുത്ത് രണ്ട് മലയാള സംവിധായകർ സിനിമ ചെയ്യാനാരംഭിച്ചു. അതിൽ ഒരു സിനിമ പുറത്തിറങ്ങി. ഹിറ്റായിക്കഴിഞ്ഞാണ് മറ്റേ സംവിധായകന് കാര്യം പിടികിട്ടിയത്. അപ്പോഴേക്കും ഷൂട്ടിങ്ങ് ഏകദേശം കഴിയാനായിരുന്നു. ആ നിർമാതാവിന്റെ അവസ്ഥ നോക്കണെ!!

കോപ്പിയടി സംസ്കാരം മലയാളസിനിമയുടെ ആത്മാവിനെ കാർന്നുതിന്നുമ്പോൾ അത് മുതലെടുക്കുന്ന വേറെ ചില പ്രസ്ഥാനങ്ങളുമുണ്ട്. 'ഇന്ത്യൻ കോപ്പി ക്യാറ്റ്' എന്ന വെബ്സൈറ്റും 'കട്ട് ആന്റ് കോപ്പി' എന്ന ടി.വി. പ്രോഗ്രാമും ഇതിനുദാഹരണങ്ങളാണ്. കോപ്പിയടിയെ ആസ്പദമാക്കി 'ഒരു കൊറിയൻ പടം' എന്നൊരു സിനിമയും ഈയിടെ പുറത്തിറങ്ങി.

ഭരതൻ, പത്മരാജൻ, ലോഹിതദാസ് എന്നിവരിൽ തുടങ്ങി രഞ്ജിത്തിലും പുതുമുഖ പ്രതിഭകളിലും എത്തി നിൽക്കുന്ന നമ്മുടെ തിരക്കഥാരചനപാടവത്തെ ഇല്ലാതാക്കാൻ ഈ കോപ്പിയടി സംസ്കാരത്തിന് കഴിയില്ല എന്ന് നമുക്ക് വിശ്വസിക്കാം. അടുത്തിടെ പുറത്തിറങ്ങിയ 'ആമേൻ' എന്ന സൂപ്പർഹിറ്റ് മലയാളചിത്രത്തിന്റെ സംവിധായകൻ ലിജോ പല്ലിശ്ശേരി പറഞ്ഞവാക്കുകൾ കടമെടുത്താൽ "സിനിമയിൽ നാലോ അഞ്ചോ തരത്തിലുള്ള കലകളെയുള്ളൂ. അതുകൊണ്ടു തന്നെ ഏതെങ്കിലും തരത്തിൽ സിനിമകൾക്ക് സാമ്യം വരുന്നത് തെറ്റു പറയാനാവില്ല" അങ്ങനെവരുന്ന തെറ്റുകളിൽ പക്ഷെ അത്ഭുതപ്പെടാനില്ല. മറ്റൊന്നുമായും സാദൃശ്യമില്ലാത്ത സിനിമകൾ ഇല്ലെന്ന് തന്നെ നമുക്ക് പറയാം. അന്യഭാഷാ ചിത്രങ്ങളെ അതേപടി പകർത്തുന്ന മലയാള സിനിമകളെ നിരാകരിക്കുകയാണ് പ്രേക്ഷകലോകം ഇനി ചെയ്യേണ്ടത്.

NB:- ഇത് ഒരു സിനിമാനിരൂപണമോ സിനിമാ അവലോകനമോ അല്ല, മറിച്ച് ഒരു എളിയ ആസ്വാദകന്റെ കണ്ടെത്തലുകളാണ്. ■



Alan C. Antony
Aagneya'13

# വിശപ്പ്

അയാളൊരു ഗൂഗിൾ ജീവിയായിരുന്നു. മുത്തശ്ശി മരിച്ചതും പെങ്ങൾ വഴിപിഴച്ചതും ശ്രദ്ധിക്കാൻ മൂപ്പർക്ക് കഴിഞ്ഞില്ല. അവസാനം ഗൂഗിൾ തിന്ന് വിശപ്പടക്കാൻ തുടങ്ങിയ അയാൾ പോഷകാഹാരക്കുറവുമൂലം മരിച്ചു. ■

# സൊസൈറ്റി നീതി സൂപ്പർ മാർക്കറ്റ്

**തോട്ടപ്പടി, പി. ഒ. മണ്ണുത്തി, ഫോൺ: 0487 2375728, കൂട്ടാല. പി.ഒ കൂട്ടാല**




## ഒല്ലൂർ ഏരിയ ഹെഡ്‌ലോഡ് & ജനറൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ R 1235

**തോട്ടപ്പടി, പി.ഒ. മണ്ണുത്തി, ഫോൺ: 2375728**

# ഉടൻ ആരംഭിക്കുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് നിക്ഷേപ പദ്ധതികൾ


മാന്യ സഹകാരികളേ,
ഏഴുവർഷക്കാലമായി കൂട്ടായ പ്രവർത്തനത്തിലൂടെ സഹകാരികൾക്ക് സാമ്പത്തികമായി വളർച്ചയ്ക്ക് വലിയ പങ്ക് വഹിക്കാൻ സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയായവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരേയും ക്ഷണിക്കുന്നു. 2015 ജൂലായ് മാസത്തിൽ ആരംഭിക്കുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് നിക്ഷേപ പദ്ധതികളിൽ അംഗങ്ങളായി സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

- ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു.
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് നൽകുന്നു.
- 60 വയസ്സ് കഴിഞ്ഞവർക്ക് 1% അധിക പലിശ നൽകുന്നു.
- എല്ലാവിധ ബാങ്കിങ്ങ് ഇടപാടുകളും നടത്തുന്നു.
- ചുരുങ്ങിയ കമ്മീഷനിൽ ചെക്ക്/ഡി.ഡി. കളക്ഷൻ സൗകര്യം.
- ആഴ്ച – ദിവസ – മാസ നിക്ഷേപ പദ്ധതികൾ.
- കളക്ഷൻ ഏജന്റിന്റെ സേവനം ലഭ്യമാണ്.
- ഉത്സവകാല ചന്തകൾ നടത്തിവരുന്നു.



എന്റെ സ്വപ്നങ്ങളിൽ
അലിഞ്ഞുതീരാൻ ഞാൻ ശ്രമിച്ചു.
സ്വപ്നപുസ്തകത്തിൽ വീണ്ടും വീണ്ടും
സ്വപ്നങ്ങൾ എഴുതിച്ചേർത്തു.
എനിക്ക് ആയിരം ശാഖകളും
മണ്ണിലാഴ്ന്ന് വേരോടിയ
അനേകായിരം കാലുകളും മുളച്ചു.
പേരുപറയാൻ മടിച്ച
അനേകം പക്ഷിമൃഗാദികൾ എന്നിൽ വസിച്ചു.
എന്നിൽ വർണ്ണസൗരഭ്യമാർന്ന പൂക്കളുണ്ടായി.
എന്റെ കൈകൾ ആകാശങ്ങളെ തൊട്ടു.
എങ്കിലും ആകാശങ്ങൾക്ക് മുകളിൽ
ആരോ എനിക്കുവേണ്ടി
അതിർവരമ്പുകൾ തീർത്തിരുന്നു.
കാരമുള്ളുകൾകൊണ്ടു തീർത്ത
ആ പരിധിക്കപ്പുറം എന്റെ വള്ളികൾ പടർന്നില്ല.



ജാലകങ്ങൾ കഥ പറയുന്ന ഞങ്ങളുടെ ഹോർട്ടി... കൈകളിൽ കലപ്പയേന്തി... മണ്ണിൽ പൊന്നു വിളയിക്കാൻ...
ഇതിഹാസങ്ങൾ തേടിയുള്ള യാത്രയിൽ ഞങ്ങൾക്കു വേണ്ടി ഒരുക്കിയ മണിമന്ദിരം.
തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന ഞങ്ങളുടെ സ്വകാര്യ അഹങ്കാരം

Shilpa




തിരക്കേറിയ ഇടനാഴികൾ... നാമൊരുമിച്ചു നടന്നുനീങ്ങിയ വഴിത്താരകൾ...
ആഞ്ഞടിക്കുന്ന പാലക്കാടൻ കാറ്റിനെ വകഞ്ഞുമാറ്റി മണ്ണിലമരാൻ കൊതിക്കുന്ന മഴത്തുള്ളികൾ പോലെ കലഹിച്ചും
ബഹളമുണ്ടാക്കിയും വിഹരിച്ച വീഥികൾ... അന്നും ഇന്നും എന്നും ആരെയൊക്കെയോ കാത്തിരിക്കുന്നു.
അതു ചിലപ്പോൾ ഞാനാകാം. നീയാകാം.

Gokul



Krishna P
Gagnants' 15

## പ്രണയം

ചിന്തകൾക്ക് മേൽ
'ഭ്രാന്ത്'
സ്ഥാനം പിടിച്ചിരിക്കുന്നു.

## പുഞ്ചിരി

മനുഷ്യൻ ചുണ്ടിൽ
തേച്ചുപിടിപ്പിച്ച
നീചമായ ആയുധം

## ചുവപ്പ്

ഇനിയും ഞാനേതു-
ചുവപ്പുകൊണ്ടെഴുതണം
ഇനിയുമേത്
സ്വപ്നത്തിൻ
നിർവൃതി, നിനക്കായ്
ഞാൻ മൊഴിയണം
നിൻ ആത്മഹൃദയത്തെ
സ്നേഹിച്ച
എന്റെ ഹൃദയ വിശുദ്ധി
കാട്ടിത്തരാൻ
സഖീ.....

## കണ്ണട

കണ്ണടവെച്ചത് കാഴ്ചയുടെ
കുറവാൽ ആയിരുന്നില്ല.
തലവേദന തീരെ ഇല്ലായിരുന്നു
ആരോ പറഞ്ഞു
കണ്ണുകൾ കള്ളം പറയില്ലെന്ന്
മനസ്സിന്റെ കാണാക്കയങ്ങളിൽ
മുക്കിത്താഴ്ത്തിയ രഹസ്യങ്ങൾ
കണ്ണുകൾ പറഞ്ഞാലോ...
കണ്ണട കിട്ടിയത് ഭാഗ്യം!
ഇനി കണ്ണിന്റെ പരദൂഷണം
നടക്കില്ല...!



Dr. A. T. Francis
Librarian, Central Library

# വായനയിലൂടെ



ആധുനിക മാധ്യമങ്ങൾ അരങ്ങ് തകർക്കുന്ന ഇന്നത്തെ കാലത്ത് വായനയുടെ പ്രസക്തിയെന്തെന്ന് ചിന്തിക്കുന്നത് ഉചിതമാണ്. "വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും; വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണിമാഷിന്റെ വാക്കുകൾ വായനയുടെ പ്രാധാന്യം വിളിച്ചോതുന്നു. "പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ്" എന്ന ഷേക്സ്പിയറിന്റെ വാക്കുകളും ഇവിടെ പ്രസക്തമാണ്.

കുഞ്ഞുനാളിൽ വർണ്ണങ്ങളിലൂടെയും വരകളിലൂടെയും ആരംഭിക്കുന്ന വായന അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് ഗതിമാറുന്നു. കുട്ടിക്കാലത്ത് മാതാപിതാക്കളുടേയും അദ്ധ്യാപകരുടേയും നിയന്ത്രണത്തിലും മാർഗ്ഗനിർദ്ദേശത്തിലും വായന അഭ്യസിക്കുന്നതാണ് അഭികാമ്യം. ഇതിനു യോജിച്ച സ്വയം പഠനത്തിലൂന്നിയ വിദ്യാർത്ഥി കേന്ദ്രീകൃത സിലബസും കരിക്കുലവും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ, പ്രത്യേകിച്ച് സ്കൂൾ തലത്തിൽ, ഉണ്ടായിരിക്കണം.

ചെറുപ്പത്തിൽ ആരംഭിക്കുകയും ശക്തിപ്പെടുകയും ചെയ്യുന്ന വായനാശീലം ഒരു ഘട്ടത്തിൽ എന്തും വായിക്കാമെന്ന അവസ്ഥയിലെത്തിയേക്കാം. എന്തു വായിച്ചാലും അവയിലെ നല്ലതിനെ സ്വാംശീകരിക്കാനും അല്ലാത്തതിനെ ഉപേക്ഷിക്കാനും ഈ അവസ്ഥയിൽ ഇവർക്ക് സാധിക്കും. നല്ല പുസ്തകങ്ങൾ മൂല്യബോധവും സർഗ്ഗവാസനയും വളർത്തുന്നു. നല്ല ചിന്തകൾ വ്യക്തിയെ മാത്രമല്ല സമൂഹത്തേയും വിമലീകരിക്കുമെന്നത് തീർച്ചയാണ്. ഏതു പുസ്തകം വായിച്ചാലും അവയിലെ ആശയങ്ങൾ വ്യക്തിത്വവികസനത്തിനും സമൂഹനിർമ്മിതിക്കും ഉപയോഗിക്കാനുള്ള ക്രിയാത്മകശേഷിയാണ് വായനക്കാർ ആത്യന്തികമായി ആർജ്ജിക്കേണ്ടത്.

പെൻസിൽവാനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ജാക്വിലിൻ വെൽഷ് എന്ന ഗവേഷകയുടെ "Books or Toys? A Traveller's Tale:Researching Early Movable Books for and by Children in Material and Virtual Collections" എന്ന പ്രബന്ധം ഇക്കാര്യം സൂചിപ്പിക്കുന്നു. കുട്ടികൾക്ക് കളിപ്പാട്ടങ്ങൾക്കും മുൻപേ പുസ്തകങ്ങളാണ് പരിചയപ്പെടുത്തേണ്ടതെന്ന് ഇവർ സമർത്ഥിക്കുന്നു. ഈ ആശയങ്ങൾ മറ്റു പല ഗവേഷണങ്ങളിലൂടെയും സ്ഥിരീകരിച്ചിട്ടുള്ളതാണ്.

വായനശീലമാക്കിയവർക്ക് ഡിമെൻഷ്യയും അൽഷൈമേഴ്സും വരാനുള്ള സാധ്യത കുറയുമെന്ന് "ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിനിൽ" വന്ന പഠനറിപ്പോർട്ട് സൂചിപ്പിക്കുന്നു. മിനിറ്റിൽ 110 വാക്കിൽ കൂടുതൽ വായിക്കാൻ കഴിയുന്നവർ പഠനത്തിൽ മികവുള്ളവരായിരിക്കുമെന്ന് അമേരിക്കയിലെ റീഡ് ഫാസ്റ്റർ, ഗുഡ് & ടോർഗ്സൺ എന്നിവ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. വായനയിലും അറിവുസമ്പാദനത്തിലും താൽപ്പര്യമില്ലാത്തവർ അക്രമങ്ങൾ, മറ്റു സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ വ്യാപൃതരാവാനുള്ള സാധ്യത കൂടുതലാണെന്നും പ്രസ്തുത പഠനം പറയുന്നു.

മെക്സിക്കോയിൽ നിന്നും വന്ന ഒരു വാർത്ത ഇതിനെ സാധൂകരിക്കുന്നതാണ്. മയക്കുമരുന്ന് ഉപയോഗം, അക്രമങ്ങൾ, മറ്റു സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവകൊണ്ട് പൊറുതിമുട്ടിയ ഇവിടെ, ബസ് സ്റ്റോപ്പുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ തുറന്ന ലൈബ്രറികൾ സ്ഥാപിച്ചു. അക്രമത്തിന്റെ കൊടുമുടിയിൽ നിന്നും കൊളംബിയയിലെ ബൊടോട്ട പട്ടണം വായനയിലൂടെ ശാന്തിയുടെ വഴിയിലേയ്ക്ക് തിരിഞ്ഞ മാതൃകയാണ് മെക്സിക്കോയ്ക്ക് പ്രചോദനമായത്.

വായനകുറഞ്ഞു എന്നു വാദിക്കുന്ന അനേകം വ്യക്തികളെ നമുക്ക് കാണാൻ കഴിയും. അക്കാദമികമായ വായനക്കും പഠനങ്ങൾക്കുമപ്പുറത്തുള്ള പൊതു വായന വളരെയേറെ കുറഞ്ഞിരിക്കുന്നു എന്ന് ഇക്കൂട്ടർ വാദിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത് എന്ന് വിലയിരുത്തുന്നത് ഇവിടെ പ്രസക്തമാണ്.

ദീർഘകാലം അച്ചടിച്ച പുസ്തകങ്ങളും ആനുകാലികങ്ങളും മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഡിജിറ്റൽ രേഖകളുടെ വൻ ശേഖരങ്ങൾ തന്നെ ലഭ്യമാണ്. ഡിജിറ്റൽ കൃതികൾ വളരെ എളുപ്പത്തിൽ പ്രസിദ്ധീകരിക്കുവാനും ലോകം മുഴുവൻ ഞൊടിയിടയിൽ കൈമാറ്റം ചെയ്യുവാനും സാധിക്കുന്നു. പരമ്പരാഗത വായനരീതിയിൽ ഡിജിറ്റൽ പുസ്തകങ്ങൾ കാര്യമായ മാറ്റം വരുത്തി. സാധാരണ ഒരു പുസ്തകം മാത്രം ഒരേ സമയം കയ്യിലേന്തിയിരുന്ന സ്ഥാനത്ത് ഇന്ന് ആയിരക്കണക്കിന് പുസ്തകങ്ങൾ ഡി.വി.ഡിയിലോ, ഈ-ബുക്ക് റീഡറുകളിലോ മറ്റ് ഡിജിറ്റൽ ഉപകരണങ്ങളിലോ സൂക്ഷിക്കാം. കൊണ്ടുനടക്കാം. വേണ്ടസമയത്ത് ആവശ്യമായത് മാത്രം എടുത്ത് വായിക്കാം. കൊണ്ടുനടക്കാതെ തന്നെ ഇന്റർനെറ്റ് വഴി ഓൺലൈൻ ആയി ആവശ്യമുള്ള പുസ്തകം കണ്ടെത്തി വായിക്കുകയുമാവാം. ഇവയെല്ലാം വായനക്കാരന് വൻ സൗകര്യങ്ങളാണ് പ്രദാനം ചെയ്യുന്നത്.

എന്നാൽ ഇത്തരത്തിൽ കൈമാറ്റം ചെയ്യുന്ന വിവരങ്ങളിൽ കൂടുതലും പഠനത്തിനോ ഗവേഷണത്തിനോ ആവശ്യമായ പുസ്തകങ്ങളോ ലേഖനങ്ങളോ വാർത്താശകലങ്ങളോ റഫറൻസിനുമാത്രമായ രേഖകളോ ആണെന്ന് കാണാൻ സാധിക്കും. ഒഴിവ് സമയം ക്രിയാത്മകമായി ഉപയോഗിക്കാൻ വായനയും എഴുത്തും ശീലമാക്കിയാൽ അത് വലിയൊരു സാമൂഹ്യമാറ്റത്തിന് വഴിയൊരുക്കുമെന്നതിൽ തർക്കമില്ല.

ലൈബ്രറികൾ ഒരു ജനതയുടെ ആശയങ്ങൾ സൂക്ഷിക്കുകയും ആവശ്യക്കാരന് കൈമാറുകയും ചെയ്യുന്നു. ഭാവനയുടെ വിസ്മയകരമായ ലോകം നമുക്ക് അനുഭവവേദ്യമാക്കുന്നു. അതേ സമയം എല്ലാതരം വായനക്കാരേയും ഉൾക്കൊള്ളാൻ നമ്മുടെ ലൈബ്രറികൾക്കാകണം. ആവശ്യത്തിന് പുസ്തകങ്ങളും നല്ല വായന അന്തരീക്ഷവും ലൈബ്രറികളിൽ സജ്ജീകരിക്കണം.

കാലാനുസൃതമായ മാറ്റങ്ങളും പുരോഗതിയും നാം സമൂഹത്തിൽ കാണുന്നു. വീടുകളും വഴികളും വാഹനങ്ങളും ഏറെ നവീകരിക്കപ്പെടുകയും വിപുലപ്പെടുകയും ചെയ്തു. എന്തിനേറെ, നമ്മുടെ ഹോട്ടലുകളും ബാർബർ ഷോപ്പുകളും വരെ ശീതീകരണ, ഇന്റർനെറ്റ്, പാർക്കിംഗ് സൗകര്യം തുടങ്ങിയ ആധുനിക സൗകര്യങ്ങളുള്ളവയായി. എന്നാൽ, നമ്മുടെ ലൈബ്രറികളുടെ ഇന്നത്തെ അവസ്ഥ യെന്താണ്? സ്കൂൾ ലൈബ്രറികളുടേയും പബ്ലിക് ലൈബ്രറികളുടേയും കാര്യമാണ് ഏറെ കഷ്ടം. ഭൂരിപക്ഷം കുട്ടികളും പഠിക്കുന്ന സംസ്ഥാനസിലബസ് സ്കൂളുകളിൽ ലൈബ്രറികൾ ശാസ്ത്രീയമായി പ്രവർത്തിച്ചു തുടങ്ങിയിട്ടേയില്ല. ഏതാനും അലമാരകളിൽ ഒതുങ്ങുന്ന ലൈബ്രറികൾ, മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ഔദാര്യം കൊണ്ട് നാമമാത്രമായി പ്രവർത്തിക്കുന്നു. യോഗ്യതയുള്ള ലൈബ്രേറിയൻമാർ ഇവിടെയില്ല. കുട്ടികൾക്ക് സ്വയം പഠനത്തിനു വേണ്ട ലൈബ്രറി പീരിയഡുകളോ സംസ്ഥാനസിലബസ് സ്കൂളുകളിൽ ഇല്ല. പുസ്തകങ്ങൾ ശാസ്ത്രീയമായി വർഗ്ഗീകരിക്കുകയോ കാറ്റലോഗ് തയ്യാറാക്കുകയോ മിക്കവാറും സ്കൂളുകളിൽ ചെയ്തിട്ടില്ല. "ലൈബ്രറികൾ വിദ്യാലയങ്ങളുടെ ഹൃദയമാണ് എന്ന് അഭിപ്രായപ്പെട്ട നമ്മുടെ ഏറ്റവും പ്രിയപ്പെട്ട അദ്ധ്യാപകൻ ഡോ: എസ്.രാധാകൃഷ്ണന്റെ വാക്കുകൾ മുഖവിലയ്ക്കെടുത്താൽ നമ്മുടെ സ്കൂളുകൾ ഹൃദയമില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെടും. ഈയവസ്ഥ വിദ്യാർത്ഥികളുടെ എല്ലാ വിഷയങ്ങളിലുമുള്ള സ്വയം പഠനശേഷിയെ കാര്യമായി ബാധിക്കുന്നുണ്ട് എന്നതാണ് വസ്തുത. പഠനത്തിനും പഠനേതര വായനയ്ക്കും പുസ്തകങ്ങൾ, പത്രമാസികകൾ എന്നിവ ആവശ്യത്തിനു ലഭിക്കുന്നില്ല. ഒഴിവുസമയം വായനയ്ക്ക് എന്ന ഏറ്റവും ക്രിയാത്മക രീതി ഇവിടെ പ്രാവർത്തികമാക്കാനാവുന്നില്ല.

ലൈബ്രറികളിലൂടെ തുടർ വിദ്യാഭ്യാസവും ആജീവനാന്ത പഠനവും നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള ഭരണകൂടത്തിന്റെ ഉത്തരവാദിത്വവും ഐക്യ രാഷ്ട്രസഭയുടെ വിദ്യാഭ്യാസ -ശാസ്ത്ര-സാംസ്കാരിക വിഭാഗമായ യുനെസ്കൊ അടിവരയിട്ട് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഈയവസരത്തിൽ കേരളത്തിലെ പബ്ലിക് ലൈബ്രറികളുടെ ഇന്നത്തെ അവസ്ഥയെന്തെന്ന് വിലയിരുത്തുന്നത് ഉചിതമാണ്. ഭരണകൂടത്തിന്റെ ശക്തമായ പിൻബലമില്ലാതെത്തന്നെ എഴുപതുകൾ



വരെ ഒരു വിധം നന്നായി പ്രവർത്തിച്ചിരുന്ന ലൈബ്രറികൾ പലതും ഇന്ന് മറ്റു മേഖലകളിൽ വന്ന വളർച്ചക്കനുസരിച്ച് മാറുന്നതിനോ സേവനങ്ങൾ വിപുലീകരിക്കുന്നതിനോ സാധിക്കാതെയാണ് പ്രവർത്തിക്കുന്നത്. ഇവയിൽ ഏതാനും ചില ലൈബ്രറികൾ നന്നായി പ്രവർത്തിക്കു

ന്നുണ്ട് എന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നു.

സംസ്ഥാനം മുഴുവൻ സേവനം നൽകുന്ന സംസ്ഥാനലൈബ്രറിയോ ജില്ല മുഴുവൻ സേവനം നൽകുന്ന ലൈബ്രറികളോ സ്ഥാപിക്കാൻ കേരളത്തിൽ ഇതുവരെ സാധിച്ചിട്ടില്ല. പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും കീഴിൽ കുറെ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും മുഴുവൻ തദ്ദേശവാസികളുടേയും വായനാ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല.



20 വർഷത്തോളമായി പബ്ലിക് ലൈബ്രറി സേവനങ്ങൾക്കുവേണ്ടി മാത്രമായി എല്ലാ കേരളീയരിൽ നിന്നും കെട്ടിട നികുതിയുടെ 5 ശതമാനം ലൈബ്രറി നികുതി പ്രത്യേകമായി പിരിക്കുന്നുണ്ട്. എന്നിട്ടും നമുക്കു വേണ്ട ലൈബ്രറികളും വായനാസൗകര്യങ്ങളും സർക്കാർ തലത്തിൽ ഒരുക്കിയിട്ടില്ല എന്നതാണ് വാസ്തവം.

ലൈബ്രറി കൗൺസിലിനു കീഴിൽ എല്ലാ തദ്ദേശഭരണ വാർഡുകളിലും ഓരോ ലൈബ്രറികൾ വീതമെങ്കിലും ഉണ്ടാവേണ്ടതാണ്. അവയ്ക്കു പിൻബലമായി പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ കേന്ദ്ര ലൈബ്രറികൾ ഉണ്ടാവണം. ഇവയുടെ മേൽനോട്ടത്തിനും സേവനസഹകരണത്തിനുമായി ജില്ലാ ലൈബ്രറികൾ പ്രവർത്തിക്കണം. എല്ലാ ജില്ലാ ലൈബ്രറികളിലൂടെയും, സംസ്ഥാനം മുഴുവൻ സേവനം നൽകുന്ന സ്ഥാപനമായി സംസ്ഥാനകേന്ദ്ര ലൈബ്രറിയെ മാറ്റിയെടുക്കണം. ട്രിവാൻട്രം പബ്ലിക് ലൈബ്രറിയെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയെന്ന് പുനർനാമകരണം ചെയ്തെങ്കിലും സേവനസ്വഭാവത്തിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ല എന്നതാണ് സത്യം.

പ്രധാനമായി സ്വന്തം പ്രൗഢിവിളിച്ചറിയിക്കാനായി മാത്രം പ്രഭുക്കന്മാരുടെ അലമാരകളിൽ വിലയേറിയ രത്നങ്ങളുടെ കൂട്ടത്തിൽ അടച്ചു പൂട്ടിയാണ് പണ്ട് പുസ്തകങ്ങൾ സൂക്ഷിച്ചിരുന്നത്. എന്നാൽ, പുസ്തകങ്ങളുടെ മൂല്യം അവയുടെ ഉപയോഗത്തിലാണെന്നും അതിനായി വായനക്കാരന് ആവശ്യമുള്ള ഏതു പുസ്തകവും അഥവാ വിജ്ഞാനവും നൽകുവാൻ ലൈബ്രറികൾ എല്ലാ സൗകര്യങ്ങളോടും കൂടി സജ്ജമായിരിക്കണമെന്നുമായിരുന്നു ഇന്ത്യയിലെ ലൈബ്രറിശാസ്ത്രത്തിന്റെ പിതാവായ ഡോ: എസ്.ആർ. രംഗനാഥന്റെ വാദം. നമ്മുടെ ലൈബ്രറികൾ ഈ സേവനനിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. വ്യക്തികളും പൗരസമൂഹവും അധികാരികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാലെ ലക്ഷ്യം നേടാനാവുകയുള്ളൂ.


കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ശ്രീ.പി.എൻ. പണിക്കർ 1945 മുതൽ 77 വരെ, നീണ്ട 32 വർഷം കേരള ഗ്രന്ഥശാല സംഘത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് കേരളത്തിലെ ഗ്രന്ഥശാലകൾ ക്രിയാത്മകവും സർഗ്ഗാത്മകവുമായ പരിപാടികളുടേയും സാക്ഷരതാ പ്രവർത്തനങ്ങളുടേയും സജീവ വേദികളായി മാറിയത്.

എല്ലാ സൗകര്യങ്ങളോടും കൂടിയ ആധുനിക പബ്ലിക് ലൈബ്രറികളും സ്കൂൾ ലൈബ്രറികളും അടിയന്തിരമായി ഉണ്ടാവേണ്ടത് സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. വായന ഏറ്റവും പ്രധാനപ്പെട്ട ജീവിതചര്യയായി നിലനിർത്താനും അതിനായി പരമ്പരാഗത ലൈബ്രറികളോടൊപ്പം ഡിജിറ്റൽ ലൈബ്രറികളും ഇന്റർനെറ്റ് ലോകത്തുള്ള ഓൺലൈൻ ലൈബ്രറികളും ഉപയോഗപ്പെടുത്തുവാനും നാം പരിശീലിക്കേണ്ടതാണ്. ■


# Tears and Dew drops



Aashika Sasindran
Taurus'14



After spending long bright hours
with her,
He bid good bye and he sank
beneath oceans
On the bosom of mother earth,
she stood alone as a tiny plant
She couldn't console herself
Her sorrows came out as tears,
at the tip of her new flushes
But when it dawned, her tears
blossomed joy in the heart of
others as dewdrops!
An exquisite phenomena of
nature
She put up a veil over her
sorrows...
And now I wish, If I could turn
my tears into dewdrops
As dewdrops glitter in the
rays of sunlight
My tears should sparkle through,
the eyes which pass through me
Thus never allowing others to
tresspass into my sorrows!



# ഗലീലിയോ ...

## അന്ധത സ്വയം വരിച്ച ശാസ്ത്രജ്ഞൻ



Rifa Ashin P
Taurus'14

ശാസ്ത്രം സത്യാന്വേഷണമാണ്. അവിടെ ലക്ഷ്യബോധമുണ്ട്. പരീക്ഷണങ്ങളും നിരീക്ഷണങ്ങളുമുണ്ട്. വിവരശേഖരണവും വിശകലനവും നിഗമനങ്ങളുമുണ്ട്. നിഗമനങ്ങളെ മുൻകാല വിവരങ്ങളുമായി തട്ടിച്ചുനോക്കി ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ചിലപ്പോൾ തിരുത്തലുകളും നടത്തുന്നു. അതാണ് ശാസ്ത്രപുരോഗതിയുടെ അടിത്തറ. ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യസംസ്കാരത്തിന്റെ വളർച്ച കൂടിയാകുന്നതും ഈ രീതിയിലാണ്. ചരിത്രം കണ്ട ഏറ്റവും മികച്ച ശാസ്ത്രജ്ഞരിലൊരാളായ ഗലീലിയോയെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം ആദ്യം ഓർക്കേണ്ടതും ഇതു തന്നെ.

400 വർഷങ്ങൾക്കുമുമ്പ്, കൃത്യമായി പറഞ്ഞാൽ 1609 ഡിസംബറിൽ ഇന്നത്തെ നിലവാരം വെച്ച് നോക്കുമ്പോൾ വെറുമൊരു കളിപ്പാട്ടം മാത്രമായ ചാരഗ്ലാസ് ഗലീലിയോ ആകാശത്തേക്കു തിരിച്ചുവെച്ചപ്പോഴാണ് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പ്രപഞ്ചസങ്കൽപ്പം എന്നെന്നേക്കുമായി തകർന്നടിഞ്ഞത്. ഒറ്റയടിക്ക്-ഭൂമി പ്രപഞ്ചകേന്ദ്രമല്ലാതായി; ചന്ദ്രനിൽ കുന്നും കുഴികളുമുണ്ടായി, വ്യാഴത്തിന് ചന്ദ്രൻമാരുണ്ടായി; ശുക്രന് വൃദ്ധിക്ഷയങ്ങളുണ്ടായി; സൂര്യന് കളങ്കമുണ്ടായി. ഗലീലിയോ ഓരോ ഇരവും പകലാക്കി മാറ്റിയപ്പോൾ ആകാശം കൂടുതൽ കൂടുതൽ മിഴിവാർന്നു വന്നു. അവസാനം, നക്ഷത്രങ്ങളുടെ അത്ഭുതകരമായ നിരകൾ തീർത്ത ആകാശഗംഗയിലെ ചെറിയൊരു കണ്ണി മാത്രമായിത്തീർന്നു ഭൂമി. അന്ന് മനുഷ്യനിലൂടെടുത്ത അമ്പരപ്പുകൾക്ക് 400 -വർഷങ്ങൾക്കുശേഷവും അറുതി വന്നിട്ടില്ലെന്ന് നാമിന്നറിയുന്നു. ഹബിൾ ടെലിസ്കോപ്പിലെ കാഴ്ചകൾക്കപ്പുറം പ്രപഞ്ചം വികസിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അത്ഭുതങ്ങൾ കാത്തിരിക്കുന്ന ആകാശത്തേക്ക് ഗലീലിയോ ദൂരദർശിനി തിരിച്ചുവച്ചതിന്റെ നാനൂറാം വാർഷികം 2009 ൽ ലോകം ആഘോഷിച്ചു, അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷമെന്ന യുനെസ്കോ പ്രഖ്യാപനത്തിലൂടെ.

**കലാപകാരി**

പോരാട്ടങ്ങൾ നിറഞ്ഞതായിരുന്നു ഗലീലിയോയുടെ ജീവിതം. ഇത്രമേൽ പീഡിപ്പിക്കപ്പെട്ട മറ്റൊരു ശാസ്ത്രജ്ഞൻ ചരിത്രത്തിലുണ്ടാകാനിടയില്ല. ജീവിതത്തിന്റെ മുക്കാൽപങ്കും അദ്ദേഹം കലഹിച്ചു കൊണ്ടിരുന്നത് താൻ ജനിക്കുന്നതിനും രണ്ടായിരം വർഷം മുമ്പ് മരിച്ചുപോയ അരിസ്റ്റോട്ടിലുമായിട്ടാണ്. ഗലീലിയോയുടെ കാലംവരെ ശാസ്ത്രത്തിലെ അംഗീകരിക്കപ്പെട്ട അവസാനവാക്ക് അരിസ്റ്റോട്ടിലിന്റേതായിരുന്നു. അതിനെ ചോദ്യം ചെയ്യാൻ അക്കാലം വരെ ആരും ധൈര്യപ്പെട്ടില്ല. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അരിസ്റ്റോട്ടിലിന്റേതായ വ്യവസ്ഥാപിത സങ്കൽപ്പങ്ങളെ സംശയത്തോടെയാണ് ഗലീലിയോ നോക്കിക്കണ്ടതെന്ന് ചരിത്രം പറയുന്നു.

ഭൂമിയാണ് പ്രപഞ്ചകേന്ദ്രം, അതു ചലിക്കുന്നില്ല, ചന്ദ്രനും സൂര്യനുമുൾപ്പെടെയുള്ള ഗോളങ്ങൾ ഭൂമിയെ ചുറ്റുന്നു; നക്ഷത്രങ്ങൾ പതിച്ചുവച്ച ആകാശമേലാപ്പിനപ്പുറത്തുള്ള സ്വർഗ്ഗം കുറ്റമറ്റതാണ്. ഭൂമിയിൽ മാത്രമേ കുറ്റങ്ങളും കുറവുകളുമുള്ളൂ തുടങ്ങിയ അരിസ്റ്റോട്ടിലിയൻ സങ്കൽപ്പങ്ങളുടെ ശവപ്പെട്ടിയിൽ അവസാന ആണികൂടി തറച്ചതിനു ശേഷമാണ് ഗലീലിയോ യുഗം തീരുന്നത്.

**ശാസ്ത്രസത്യങ്ങൾ പരീക്ഷണങ്ങളിലൂടെ**

ആശയങ്ങൾ ചർച്ചചെയ്ത് നിഗമനങ്ങളിലെത്തുന്നതിനു പകരം പരീക്ഷണങ്ങളും നിരീക്ഷണങ്ങളുമായിരിക്കണം നിഗമനങ്ങൾക്കടിസ്ഥാനമെന്നു ഗലീലിയോ വിശ്വസിച്ചു. വസ്തുക്കളുടെ ഭാരവും വേഗവും തമ്മിൽ ബന്ധമുണ്ടെന്ന അരിസ്റ്റോട്ടിലിയന്മാരുടെ ആശയം തകർത്തെറിഞ്ഞുകൊണ്ടാണ് ഗലീലിയോ ആദ്യമായി പൊതുവേദിയിൽ കൊടുങ്കാറ്റുയർത്തുന്നത്. ഭാരവ്യത്യാസമുള്ള രണ്ടു വസ്തുക്കൾ മുകളിൽ നിന്ന് ഒരേ സമയം താഴേക്കിട്ടാൽ ഭാരം കൂടിയത് ആദ്യം നിലംപൊത്തുമെന്നായിരുന്നു നിലവിലുണ്ടായിരുന്ന ധാരണ. ഇത് അംഗീകരിക്കാൻ ഗലീലിയോ കൂട്ടാക്കിയില്ല. മഞ്ഞുവീഴ്ചയുണ്ടാകുമ്പോൾ പലവലിപ്പമുള്ള ഐസ്കട്ടകൾ ഒരേ സമയം ഭൂമിയിലെത്തുന്നത് ഗലീലിയോ ശ്രദ്ധിച്ചിരുന്നു. ഒരു തൂവലും ഇരുമ്പുഗോളവും താഴേക്കിട്ടാൽ അവ വ്യത്യസ്ത സമയം ഭൂമിയിൽ പതിക്കുന്നത് ഭാരവ്യത്യാസം കൊണ്ടല്ല. മറിച്ച് വായുവിലെ പ്രതിരോധ വ്യത്യാസം കൊണ്ടാണ്. ശൂന്യതയിൽ ഇവ ഒരേസമയം ഭൂമിയിലെത്തുമെന്നും ഗലീലിയോ പ്രസ്താവിച്ചു.


ടെലസ്കോപ്പ് കണ്ടുപിടിച്ചത് ലിപ്പർഷെയാണെങ്കിൽ അത് സമർത്ഥമായി ഉപയോഗപ്പെടുത്തിയതിലാണ് ഗലീലിയോയുടെ മഹത്വം. തന്റെ നിരീക്ഷണഫലങ്ങൾക്ക് സാധൂകരണമായ ഗണിതശാസ്ത്ര വിശദീകരണങ്ങളും ഗലീലിയോ നൽകുന്നുണ്ട്. പ്രപഞ്ചമെന്ന മഹത്തായ പുസ്തകത്തിലെ തത്വദർശനം ജ്യാമിതീയ രൂപങ്ങളും ഗണിതഭാഷയുമില്ലാതെ മനുഷ്യന് ഉൾക്കൊള്ളാനാകില്ലെന്നു 'ദ അസ്സേയറിൽ' ഗലീലിയോ എഴുതിയതിന്റെ പ്രസക്തി വളരെ വലുതാണ്.

**ജീവിതത്തിലെ വൈരുദ്ധ്യങ്ങൾ**

ഒരു ദരിദ്രകുടുംബത്തിലെ മൂത്തമകനായിട്ടാണ് ഗലീലിയോയുടെ ജനനം. പിസയിലെ ഒരു സന്യാസിമഠത്തിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സന്യാസിയാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. വൈദിക പഠനം തുടങ്ങിവെച്ചുവെങ്കിലും അതു തുടരാനായില്ല. അച്ഛന്റെ നിർബന്ധപ്രകാരം പിസ സർവ്വകലാശാലയിൽ വൈദ്യവിദ്യാർത്ഥിയായി ചേർന്നു ആയിടയ്ക്ക് ഗണിതശാസ്ത്രജ്ഞനായ ഓസ്റ്റിലിയോ റിസ്കിയുമായുണ്ടായ പരിചയം തന്റെ പഠനമേഖല ഗണിതശാസ്ത്രമാണെന്ന് തിരിച്ചറിയാൻ ഗലീലിയോയെ സഹായിച്ചു.

സ്വകാര്യജീവിതവും ഗലീലിയോയ്ക്ക് പ്രശ്നഭരിതമായിരുന്നു. നാട്ടുനടപ്പനുസരിച്ച് വിവാഹം കഴിച്ചില്ല. കൂടെ താമസിച്ച മറിയ ഗാംബയിൽ മൂന്നു മക്കളുണ്ടായി. ഒരു പിതാവിന്റെ എല്ലാ ബാധ്യതകളും ചുമതലകളും മക്കൾക്കുവേണ്ടി നിർവ്വഹിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു.

ഗലീലിയോ മരിക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം അവതരിപ്പിച്ച ശാസ്ത്രരീതി യൂറോപ്പിലെങ്ങും സ്വാധീനം ചെലുത്താൻ തുടങ്ങിയിരുന്നു. വീട്ടുതടങ്കലിൽ കഴിയുന്ന സമയത്ത് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഗലീലിയോയെ സന്ദർശിക്കാൻ ആരാധകർ പ്രവഹിച്ചു. 1638-ൽ സന്ദർശിച്ച കവി മിൽട്ടണെ ഇവിടെ പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അന്ധനായിക്കഴിഞ്ഞ ശാസ്ത്രജ്ഞനും അന്ധനാകാനിരിക്കുന്ന കവിയും തമ്മിലുള്ള കൂടിക്കാഴ്ച തന്റെ വിഖ്യാതമായ 'പറുദീസ നഷ്ടം' എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രപഞ്ചമാതൃക സംബന്ധിച്ച് സഭ വച്ചു പുലർത്തിയ എതിർപ്പിന്റെ അവസാനതരിയും അവസാനിച്ചുവെങ്കിലും ആ ചരിത്രപുരുഷനെ പുനരധിവസിപ്പിക്കാൻ വത്തിക്കാൻ പാടുപെടുന്നുവെന്നാണ് ഏറ്റവും അവസാനം കിട്ടുന്ന വിവരം. അങ്ങനെ ശാസ്ത്രത്തിന് കാഴ്ച ശക്തിനൽകാനും മനുഷ്യന്റെ കണ്ണുതുറപ്പിക്കാനും ഗലീലിയോയ്ക്ക് കഴിഞ്ഞു. ■





Roshna George
Aagneya' 13

# Three words



It was a friday and it was raining heavily in M[illegible]on's cross; Officer –Sam was stuck in his office as [illegible] been at the garage for repair. He was [illegible] friend, Officer Harry's motor cycle. [illegible] raining heavily, he had no choice but to wait for some more time. Suddenly his phone rang and he saw that it was an unknown number. When he answered the call, from the others side he heard a muffled cry and few whisperings.

He said "Hello .... Who is it?" what he felt was only complete silence on the other side. But when he strained to listen, he could hear the person's breathing. He again tried "Hello... I know there is someone there... whatever it is, please tell me. Only then I can help you."

Then a female voice said. " I need help... please help me..." It seemed like she was trying very hard to talk and her voice sounded very strained. He said "ok ... what's your name? give me your location... hello ... hello... can you hear me...look miss... please say something ... Hello...hello...

Then suddenly she said " Three... words..."

Then it was complete silence at the other side. He could no longer hear even her breathing.The line went dead....

He wondered what had she meant by ' Three words ...'. That was a very peculiar thing to say. But even before she completed her sentence, the line got dead...
He immediately approached his friend officer Harry and told him about the call. But to his surprise, Harry said " Are you mad? That was definitely someone playing a practical joke on you ... you just leave it man".

Sam said " But ... she needs help... we're here to help people right... that's what we do... C' mon yaa let's do something ."

Harry got irritated and he said " Do you know her name? where she is? No... Right ... Then how are you going to look for her? Tell me..." His stern eyes were challenging him as if whether he had got any answer for this. Sam didn't say anything. He went to his superior officer Mathew. But to his surprise, he too waved him off with the same execuses.

By that time, the rain had stopped .He took out his Cell phone. That's when it struck him. How did the girl get his number ? Now it was confusing.

Just then when he was about to leave the police station, a very elderly couple came to him. They said their grand daughter had gone missing for the past five days. They had come to lodge a complaint. They said she was visiting them during her holidays. She was also working in some shop in the city, but they did not know where. One day she didn't came back from work. He felt sorry for them. They gave him her photo, a girl of 17, innocent looking and beautiful. He silently prayed that let her be alive.

After they left, on an impulse he looked up into the stations computer, about the recent missing cases. What if he get some clue about the mysterious phone call. What shocked him was that , about twenty girls all between the age of 15 and 20, had gone missing during the past two months from his district alone and that too as the parents or relatives had bothered to report to the police. Who knows how many more were there?

On his way back, he dropped in to talk to his friend Philip, who was working in the Telecom Dept. While they were chatting, he suddenly got an idea. He asked his friend to trace the mysterious number, its location and all its details. He knew that what he was doing was wrong. Without the authorities permission, he cannot ask for these information. But his instincts told him that, if he didn't act immediately, the girl may never be found. His friends gave him the details and he returned back to his quarters.

He lived alone in a small apartment and decided to go through the details of the phone number after getting fresh. After wards he had his dinner and took the papers and looked through it. According to them the last phone call was from about 20 miles away from there ,a place called Shadow Creek. He knew that there wasn't any people living there. Just a few industrial units, shops, factories, etc. Now he got very much excited. He checked the list of numbers the person had contacted via this number. But a single number dominated all. He tookup his telephone directory and looked it up. When he saw who it was, he felt like a huge weight had been dropped on to

his shoulder. He quickly called up Harry and then Philip. After having talked to them he called another friend Sheena who was a journalist at ABT News. He quickly got dressed and borrowed his neighbour's car. As he drove through the deserted road he knew he had to do a lot of things but he had very little time.

The next morning ,the city of Morton's Cross, woke up with a shocking news. Every newspaper, every channel, every where it was the subject of interest. According to the reports, the city's Mayor had been arrested for girl trafficking and for murder. It was a local officer one Mr. Sam Alex who had brought out this shocking truth to the public. Sheena, reporter of ABT was about to go live about the incident. The camera man asked her whether she was ready. She said "ok... here we go ... welcome to ABT news live. As you all know, the shocking revelation about the city Mayor. But I am not going tell you anything about this because, Officer Sam Alex himself will be speaking to you. Officer, please tell us what happened". Sam, who looked like he hadn't got any sleep at all, told to the camera. "I got a call from a girl all she said was she needed help and then she just said 'Three words'. I was curious, but after that the line went dead. Then an elderly couple came to complain about their missing grand daughter. On my way back to home, I asked my friend to trace the call. What I found was that , the number to which most number of calls had gone was that of the Mayor. That got me confused. Who will be constantly contacting the Mayor, and it was from that number I got the call. That's when I realised that the personal secretary of the Mayor, Mr. Jack Owen had owned a book shop which was now closed down and was deserted. It was also located at Shadow Creek where the last call, that is, the one I got had come from. You know what that bookshop was called. It was 'Three words'. I quickly took few officers and went there. When we reached there, what we saw was that about 15 girls, all badly beaten up, weakened were being taken to be boarded off to some unknown countries. We were just 5 officers and there were about 20-25 men. The place was heavily guarded. Luckly I had called Sheena on my way, to inform this. And she had said that she'll come over there. The rest I think you all know Sheena and her team secretly recorded everything and it was immediately, telecasted throughout the country. More forces came by and we were able to rescue all the 15 girls They are now safely returned to their homes. But unfortunately five had earlier tried to escape and they were brutually murdered. But I think all the culprits will get the right punishment. Thank you."

Jeena said thank you all... Officer Sam Alex saves the day". Sheena asked Sam. "Hey, how did one of the girls got your number." Sam smiled and said "that was my sister... she had run away from about a month ago." Sheena was shocked. Sam turned and walked away. ■



# Steelman
# സംസാരിക്കുന്നു



Mohammed Nisab
Nakshatra'11

വീഴ്ചകളെക്കുറിച്ച് സംസാരിക്കുമ്പോൾ എല്ലാവർക്കും പറയാനുണ്ടാവുക ഒന്നുകിൽ ഏതെങ്കിലും പരീക്ഷ തോറ്റതിനെക്കുറിച്ച് അല്ലെങ്കിൽ നഷ്ടപ്രണയത്തെക്കുറിച്ച്, അതുമല്ലെങ്കിൽ കൈവെള്ളയിൽ നിന്നും വഴുതിപ്പോയ അവസരങ്ങളെക്കുറിച്ചൊക്കെ ആയിരിക്കും. വീഴ്ചകളും പരാജയങ്ങളും വിജയത്തിന്റേയും ഉന്നമനത്തിന്റെയുമൊക്കെ ചവിട്ടു പടികളാണെന്നു പറയാറില്ലേ... അതു സത്യമാണ്. എന്റെ ഒരു വീഴ്ചയാണ് എന്നെ ഞാനാക്കി മാറ്റിയത്. അഥവാ horti യുടെ Steelman ആക്കി മാറ്റിയത്. ' Steelman' നല്ല അടിപൊളി പേര് അല്ലേ. Superman, spiderman എന്നൊക്കെ പറയുന്ന പോലെ ഒരു പഞ്ച് ഒക്കെയുണ്ട്.

ഞാനിങ്ങനെയൊക്കെയായിത്തീരാൻ ആസ്പദമായ ആ സംഭവം അരങ്ങേറുന്നത് ഞങ്ങളുടെ സ്വന്തം പമ്പ മെൻസ് ഹോസ്റ്റലിലാണ്. പുരുഷകേസരികൾ കിഴക്കോട്ടെന്നോ പടിഞ്ഞാറോട്ടെന്നോ വ്യത്യാസമില്ലാതെ ഒഴുകുന്ന പമ്പയിൽ... അവിടം മുൻപൊരു ഭാർഗവിനിലയമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഭാർഗവി മാത്രമല്ല, ഗതി കിട്ടാതലയുന്ന വേറെയും പല ആത്മാക്കളും അവിടെയുണ്ടായിരുന്നുവെന്നും ഇപ്പോഴും ഉണ്ടെന്നും പറയപ്പെടുന്നു. ആ ഭാർഗവിനിലയത്തിന്റെ ശേഷിപ്പെന്നോണം തലയുയർത്തി നിൽക്കുന്ന ഞങ്ങളുടെ പഴയ മെസ്ഹാളിന്റെ പരിസരത്ത്. ഞങ്ങൾ കുറെ ക്രിക്കറ്റ് പ്രേമികൾ ഒരു കൊച്ചു മാച്ച് നടത്തി. പഴയ മെസ്ഹാളിനകത്തേക്ക് അടിച്ചു പറത്തുന്ന ബോളുകളെയൊന്നും പിന്നെ കളിക്കാൻ കിട്ടില്ല. അങ്ങനെ അവസാനം ഏതോ ഒരു ശുഭമുഹൂർത്തത്തിൽ ഒരുത്തൻ ഒരു സിക്സർ പറത്തി. Ball നേരെ ചെന്ന് പഴയ മെസ്ഹാളിനു മുകളിൽ land ചെയ്തു. ഇനിയൊന്നും ചെയ്യാനില്ലെന്ന മട്ടിൽ കുറെ നേരം അവിടെ ചുറ്റിത്തിരിഞ്ഞു നിന്ന് കളിക്കാരൊക്കെ സ്ഥലം വിട്ടു. എങ്ങനെയെങ്കിലും Ball തിരിച്ചെടുക്കണമെന്ന തീരുമാനത്തിലായിരുന്നു ഞാൻ. അപ്പോഴാണ് മെസ്ഹാളിനു മുകളിലേക്ക് പടർന്നു പന്തലിച്ചു



നിൽക്കുന്ന, മരം എന്റെ ശ്രദ്ധയിൽപ്പെട്ടത്. പണ്ടു മുതൽക്കെ മരംകേറ്റം ഒരു വീക്ക്നസായതുകൊണ്ട് അതൊരു കടമ്പയായി തോന്നിയില്ല. അങ്ങനെ ഞാനും മെസ്ഹാളിന്റെ മുകളിൽ land ചെയ്തു. ഇപ്പോൾ അവിടെ ഞാനും ഒരു പത്തുനൂറ് പന്തുകളും മാത്രം. വേഗം ഒരു ബോൾ കയ്യിലെടുത്തു. അപ്പോഴാണ് തലേന്നു ഞാൻ അടിച്ചു പറത്തി വിട്ട Tennis ball കുറച്ചപ്പുറത്തായി കിടക്കുന്നത് കണ്ടത്. അതെടുക്കാൻ ആ ദ്രവിച്ചു തുടങ്ങിയ ഫൈബർ റൂഫിങ്ങിന്റെ മുകളിലൂടെ നടന്നു. പിന്നെ എന്നെ താഴെയെത്തിച്ചത് ന്യൂട്ടന്റെ ഭൂഗുരുത്വാകർഷണമായിരുന്നു. വീഴ്ചയിൽ എന്റെ ഇടതുകാല് താഴെക്കിടന്ന അമ്മിയിലിടിച്ചുവെന്ന് തോന്നുന്നു. താഴെയെത്തുമ്പോൾ ബോധമുണ്ടായിരുന്നോ ഇല്ലയോ എന്നൊന്നും എനിക്കിപ്പോൾ ഓർമ്മയില്ല. ഒന്നുറപ്പായിരുന്നു ഇടതുകാലിന്റെ എല്ല് രണ്ട് കഷ്ണമായിട്ടുണ്ടെന്ന്. ഞാൻ ഒച്ചവെച്ച ശേഷമാണ് എന്റെയീ വീഴ്ച പുറം ലോകമറിയുന്നതും അവരിൽ ചിലർ എന്നെയെടുത്ത് ഓട്ടോയിൽ കയറ്റുന്നതും. പിന്നെ hospital..... operation.... Ambulance. ഇത്രയൊക്കെ കഴിഞ്ഞിട്ടും ഞാൻ കരഞ്ഞില്ല എന്ന് അത്യധികം അഭിമാനത്തോടെ തന്നെ പറയട്ടെ. ഇതിനെയൊക്കെ ഞാൻ ഒരു പുഞ്ചിരിയോടെയാണ് നേരിട്ടത്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായില്ലേ എന്റെ ശരീരത്തിൽ അടിച്ചു കയറ്റിയ Steel കൊണ്ടല്ല പകരം എന്റെ മനക്കട്ടികൊണ്ടാണ് Steelman എന്ന പേരെനിക്കു വീണതെന്ന്...

■



# ഗുരുവും ശിഷ്യനും



Dr. Mercy George
Prof. Banana Research Station, Kannara

**മാതാ, പിതാ, ഗുരു, ദൈവം എന്നാണല്ലോ നാം പഠിച്ചതും പഠിപ്പിച്ചുവരുന്നതും. എന്നാലിന്ന് ആരും ആരെയും മാനിക്കുന്നില്ല എന്ന് പരിതപിക്കുന്നവരാണ് മിക്കവാറും എല്ലാവരും. വിമർശനാത്മകമായി സ്വന്തം ഹൃദയത്തിലേക്ക് നോക്കിയാൽ മറ്റുള്ളവരോട് നമുക്ക് എത്രമാത്രം ബഹുമാനവും, ധാരണയും ഉണ്ടെന്ന് ഏകദേശം മനസ്സിലാകും.**

ഓരോ വ്യക്തിയുടേയും സ്വഭാവരൂപീകരണത്തിന്റെ അടിസ്ഥാനഘടകങ്ങളാണ് മാതാപിതാക്കളും അദ്ധ്യാപകരും. കുട്ടികൾ വളരുന്ന സാഹചര്യങ്ങൾക്കും നല്ലൊരു പങ്ക് വഹിക്കാനുണ്ട് എന്നത് സത്യം തന്നെ. കൂടാതെ ടെലിവിഷൻ, സിനിമ, പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ മുതലായ മാധ്യമങ്ങളും വലിയ പങ്ക് വഹിക്കുന്നുണ്ട്. അടുത്ത കാലത്ത് ഇറങ്ങിയ പല സിനിമകളും യുവഹൃദയങ്ങളെ സ്പർശിച്ചു, സ്വാധീനിച്ചു എന്നത് ചൂടൻ സംവാദങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്.

സൗഹൃദങ്ങൾക്ക് വലിയ വില കൊടുക്കുന്നവരാണ് ഇപ്പോഴത്തെ യുവതലമുറ. മാതാപിതാക്കൻമാരേക്കാളും, ഗുരുജനങ്ങളേക്കാളും അവർ ഇഷ്ടപ്പെടുന്നതും, ഇടപഴകുന്നതും സുഹൃത്തുക്കളോടൊപ്പമാണ്. അവരിൽ നിന്നും നല്ലത് പലതും പഠിക്കുന്നു. പക്ഷേ പലപ്പോഴും നിഷ്കളങ്കരായ പലരും ചതിക്കുഴികളിൽ ചെന്നുപെട്ട് സൗഹൃദത്തിന് 'വലിയ വില' കൊടുക്കേണ്ടി വരുന്നു. പലരും ജീവിതം തന്നെ നരക തുല്യമായി കഴിച്ചുകൂട്ടുകയോ, ആത്മഹത്യയിൽ അവസാനിപ്പിക്കുകയോ ചെയ്തെന്നുവരാം. ഉൾനാടുകളിൽനിന്നും, പരിമിതമായ ജീവിതസാഹചര്യങ്ങളിൽനിന്നും വരുന്ന മിടുക്കരായ കുട്ടികൾ, അവർക്ക് മാതാപിതാക്കളുടെ ശക്തമായ സംരക്ഷണം ഇല്ലാതിരിക്കുന്ന അവസ്ഥയിൽ പലപ്പോഴും കഴുകന്മാരുടെ കൈകളിൽ അകപ്പെട്ടുപോകുന്നു. മദ്യം, മയക്കുമരുന്ന്, മുതലായ കെണികളിൽ വീഴ്ത്തപ്പെടുന്നവരും മിക്കവാറും നിഷ്കളങ്കരായ കുട്ടികളാണെന്നതാണ് ദാരുണമായ സംഗതി. സ്കൂൾ കുട്ടികളിൽ മയക്കുമരുന്നിന്റേയും മറ്റും ഉപയോഗം വർദ്ധിച്ചുവരുന്നു. ഇതിന്റെയെല്ലാം ഫലമായി ഭാവിതലമുറയുടെ ബൗദ്ധികവും ശാരീരികവുമായ ശേഷി കുറഞ്ഞുവരും എന്നതിൽ സംശയമില്ല.

മദ്യം നിരോധിച്ചതോടെ ഒരു വലിയ വിപത്തൊഴിവായി എന്നാശ്വസിച്ചവർ വീണ്ടും ആശങ്കയോടെയാണ് വർദ്ധിച്ചു വരുന്ന മയക്കുമരുന്നുപയോഗത്തെ കാണുന്നത്. ആദ്യത്തേത് കൂടുതൽ മുതിർന്നവരിലായിരുന്നുവെങ്കിൽ രണ്ടാമത്തേത് കൂടുതലായി വലയം ചെയ്തിരിക്കുന്നത് കുട്ടികളെയാണ്. അതിനാൽ സ്കൂളുകളിലും കോളേജുകളിലും ഇതിനെതിരെ അതീവ ജാഗ്രത പുലർത്തേണ്ടതനിവാര്യമാണ്.


ആഡംബരജീവിതത്തിനും, ഉല്ലാസത്തിനും അനായാസജീവിതത്തിനും വേണ്ടി മോഷണവും പിടിച്ചുപറിയും ഹോബിയാക്കുന്ന കൗമാരക്കാരുൾപ്പെടുന്ന തലമുറ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തങ്ങൾക്ക് മാർഗ്ഗതടസ്സം ഉണ്ടാക്കുന്നവരെ ഇല്ലാതാക്കുവാൻ പോലും പലപ്പോഴും അവർ മടി കാണിക്കുന്നില്ല. അദ്ധ്യാപകരും രക്ഷിതാക്കളും ഉണർന്നു പ്രവർത്തിക്കേണ്ട ഒരു കാലഘട്ടമാണിത്. വിജ്ഞാനം പകർന്നു കൊടുക്കുന്നതോടൊപ്പം ജീവിതമൂല്യങ്ങളും, സഹജീവികളോടുള്ള പെരുമാറ്റരീതികളും അവർ പഠിപ്പിച്ചു കൊടുക്കണം. അതിന് ഉദാത്തമായ ഒരു ഗുരുശിഷ്യബന്ധം വളർത്തിയെടുക്കണം എന്നത് പ്രത്യേകം പറയേണ്ടതില്ല.

ഒരു നല്ല അദ്ധ്യാപകനോ ,അദ്ധ്യാപികയോ ആകുക എന്നത് വളരെ ശ്രമകരമായ ഒന്നാണ്. പരസ്പരവിശ്വാസവും,ബഹുമാനവും സ്നേഹവും ,കരുതലും എല്ലാം ഉണ്ടെങ്കിലേ അന്യോന്യം മനസ്സിലാക്കുവാനും, അതനുസരിച്ച് നല്ല വ്യക്തികളെ വാർത്തെടുക്കുവാനും കഴിയുകയുള്ളൂ. വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും മൂല്യബോധവും ഉണ്ടാക്കിയാൽ മാത്രമേ അതാതുവിഷയങ്ങളിലുള്ള അറിവ് പകരുന്നതിന് പൂർണ്ണമായ ഫലം ഉണ്ടാവുകയുള്ളൂ.

കൂടുതൽ പഠിപ്പിക്കുന്നതല്ല, പകരം സ്വയം അറിവ് സമ്പാദിക്കുവാനുള്ള ആഗ്രഹം ഉളവാക്കുകയും, അതിനുള്ള വഴികൾ കാണിച്ചുകൊടുക്കുകയും, അത് ആസ്വാദ്യകരമാക്കുകയും ചെയ്യുക എന്നതാണ് ഒരു നല്ല ഗുരുവിന്റെ ദൗത്യം. ഗുരുശിഷ്യബന്ധം എന്നത്തേയും പോലെതന്നെ ശ്രേഷ്ഠമായി നിലനിർത്തുവാൻ നാം ബാധ്യസ്ഥരാണ്.

ഒരു നല്ല വിദ്യാർത്ഥിക്ക് ഒരു നല്ല അദ്ധ്യാപകനാകാം. എന്നാൽ ഒരു നല്ല അധ്യാപകന് വളരെയധികം വിദ്യാർത്ഥികളെ മഹത്തായ വ്യക്തികളാക്കാം. ഭാരതത്തിന്റെ പ്രിയപുത്രന്മാരായ ഡോ. എസ് രാധാകൃഷ്ണനെയും അബ്ദുൾകലാമിനെയും ഈ അവസരത്തിൽ അനുസ്മരിക്കാം. ■








Geethu S.
Falcons'12

# CORRUPTION OF DEVELOPMENT AND

One man's nectar is another man's poison. This adage is as elusive as the execution of politics in many respects. As the focus of national debate throws light on the security, diplomacy, cross-border terrorism, communal polarization, regional disparity, child molestation, very many issues, it's high time that the canker of corruption inextricably interwoven with the constitutional principle to be rooted out. Gone are those days of simple living and high thinking. The coterminous diabolic cauldron of necessary evils in our country is sure to feed the climate of our politics that dates back to British Raj.

Whole of India is reverberating for development. But what if this progress brings lot of tainted personalities in the back drop of politics to the media glare? In fact this is the hour of national tragedy. Many of our politicians are proponents of domestic vote bank politics, nepotism and kleptocrisy. Their commitment is supposed to have bold beyond electoral process. The preamble of our constitution pitches for many sine qua non and sovereign values for any citizen. But there is a complete sabotage of ethics, morality, and polished mannerism when it comes to execution.

Fattening the coffers is becoming the quintessential target of politicians when doing away with carrying out any development programmes (urban or rural), Direct Benefit Transfer Schemes, even the Public Distribution System.As a result, the poor continues to become poor while the rich continues to become richer.

Corporatization of any sector let it be agriculture or health care, whatever be, there is a sorry tale of corruption that is hand in hand. It is so pathetic to quote that in the crime capital of world i.e, Venezuela already choked with lot of mishaps, even the police force too are not trust worthy. When the coal blocks scam was busted out by our CAG, it culminated in the cancellation of about 122 licenses across India.

Siphoning off money is becoming part and parcel of our politics which hamper the smooth functioning of anything like Common Wealth Games 2010' which created a tarnished image of Indian Government infront of other countries.

The 'EGALITARIAN' mindset of an ideal politician can nowhere be traced because our politics is so much shrouded by the veil of evils like bigotry, vitriol and cynicism. Hecked by the expediency of men ruling the country, if not turning the ire of common man now and starting to react when the iron is hot, it is dead sure that everything is going to spell doom.

As lokayuktha has been setup in many states of India, the Lokpal Bill, an independent authority strengthened by a good breed of civil




servants must be setup. New initiatives like Judicial Appointment Bill making the judge recruitment more transparent is welcome. Our judiciary must be capable and enabled of mustering every ounce of strength in the

treatment meted out to people charged with graft.

Lot of disaster are striking India one after the other, even the Muzzafarnagar communal clash became yet another man made crisis when the Uttar Pradesh politicians asked to pay an




amount of 5 crores to sign an affidavit related to land exaction.

There is complete erosion of credibility and defection of culture of tolerance as far as India's political culture is concerned. The reality is that the country has become so hostile to worthy and sincere politicians like the ones who came with broom to purge and cleanse India of filth in the name of corruption.

Many moves are being taken by the Government like Sansad Adarsh Gram by means of which each politicians is made responsible for the development of a particular village. This is actually coming under the fold of Village Adoption Scheme. The common layman stands at the receiving end of all deeds whether good and bad of politicians misdeeds.

NEVER GIVE OR TAKE BRIBE. This is something which can be done by us so as to stem this pervasive issue. RIGHT TO INFORMATION ACT continues to be a good incentive for the Government bearers which protects the common man from the malaise.

The new DIGI LOCKER is expected to fortunately resolve the discrepancies and lay down the platform for amicable integration between consumers and service providers.

M. K. Gandhi did once say "A few men with determined spirit and fire of unquenchable faith can alter the course of history." India gifted with the strongest pillars namely democracy, demographic dividend and demand together with the dogged willpower of the largest intellectual power and work force can work out the tactics of these words to curb the malfeasance from our country. Corruption is a cancer, if not treated it will eat away the entire system. So pave way for development in the good stead. NEVER ALLOW CRISIS OF CONTAINMENT TO BECOME A CATASTROPHE.

Never go along with the drift. Act and react whenever needed.

MELT THE TITULAE OF INVITABLE AND START A PEACEFUL CRUSADE AGAINST CORRUPTION.



Dr. Koshy Abraham
Associate Dean & Patron



Dr. P. A. Joseph
Associate Patron

## THE UNION EXECUTIVES 2014 - 15



Vishnu G
President



Anagha S Nambisan
Vice President



Arunjith P
General Secretary



Pournami Sreekumar
Joint Secretary



Jasbeer K Moideen
Arts Club Secretary



Swaena E
Student Editor



Mohammed Murthala
Sports Club Secretary



Aparna K Gokul
S. S. League Secretary



Anjana Subramoniam
Planning Forum Secretary



Sajin Raj
Quiz Club Secretary

## UNIVERSITY UNION COUNCILORS



Nithin S



Nishidha C T



Anirudh K C

## CLASS REPRESENTATIVES



Sameer Muhammed
P. G



Mubarak O P C
2011



Anees M M
2012



Sajay S
2013



Abhin P K
2014

## STAFF ADVISORS



Dr. V. I. Beena
Arts Club



Dr. V. S. Sujatha
Staff Editor



Dr. B. Ajith Kumar
Sports Club



Dr. C. George Thomas
SS League



Dr. Sindhu P V
Planning Forum



Dr. Saji Gomez
Quiz Club

## HOSTEL UNION AFFAIRS



Dr. Koshy Abraham
Warden

### MENS HOSTEL



Dr. Sakeer Hussain
Asst. Warden



Arunjith P
Hostel Secretary

### LADIES HOSTEL



Dr. Haseena Bhaskar
Asst. Warden



Shruthi Surendran
Hostel Secretary

## NSS CO-ORDINATORS



Dr. Saji Gomez



Dr. Mini Shankar



Arjun P



Shruthi Surendran

# Manifesting Leadership




ങ്ങടെ ഏട്ടൻമാര് വേറെ ലെവലാണ്ട്ടാ......



# CASHEW

## A vital ingradient in the balanced diet



- Rich source of fat next to vegetable oil.
- Composed of unsaturated fat, mainly monounsaturated fatty acids (MUFAs; oleic acid).
- Good source of vegetable protein containing amino acids.
- A good source of dietary fiber, which ranges from 4 to 11g/100 g
- Comprises a wide spectrum of vitamins and good source of Calcium, Phosphorus, Sodium and Pottassium.

भारत सरकार

Govt. of India

काजू और कोको विकास निदेशालय

**DIRECTORATE OF CASHEWNUT AND COCOA DEVELOPMENT**

कृषि एवं किसान कल्याण मंत्रालय / Ministry of Agriculture and Farmers Welfare

कृषि, सहकारिता एवं किसान कल्याण विभाग / Department of Agriculture, Cooperation and Farmers Welfare

केर भवन, कोच्ची - 682 011 / Kera Bhavan, Kochi-682011

Web: http//dccd.gov.in |E-mail : dccd@nic.in | Phone: 0484 -2377151 Fax: 0484- 2377239

# ചില
# പത്രാധിപൻമാർ




**V. R. Narendran**
Assistant Director
Farm Information Bureau, Calicut





തിളച്ചുമറിയുന്ന എൺപതുകളുടെ മദ്ധ്യത്തിലാണ് ഞങ്ങൾ കോളേജിൽ എത്തുന്നത്. ടി.വി. പോലുള്ള മാധ്യമങ്ങൾ ജനങ്ങളിലേയ്ക്ക് എത്തുന്നതേയുള്ളൂ. മൊബൈൽ ഫോൺ ഇല്ലേയില്ല. ഹോർട്ടികൾച്ചർ കോളേജിന്റെ ബാലാരിഷ്ടതകൾ തീർന്നുവരുന്നതേയുള്ളൂ. 1984ൽ ആണ് ഞങ്ങളുടെ വരവ്. അപ്പോൾ ഒരു കോളേജ് മാഗസിന്റെ പണി നടക്കുന്നുണ്ടായിരുന്നു. കെ. രവിശങ്കർ ആയിരുന്നു എഡിറ്റർ. സംസ്ക്കാരികരംഗത്ത് നല്ല അവബോധമുണ്ടായിരുന്ന, എഡിറ്റിംഗ് അറിയാമായിരുന്ന ഒരു എഡിറ്റർ. അടുത്തവർഷം ഞങ്ങളുടെ സീനിയർ ബാച്ചിലെ മനോജ് സ്റ്റുഡന്റ് എഡിറ്ററായി. പിന്നെയാണ് എന്റെ ഊഴം.

ജൈവകൃഷിയുടെയും നെൽകൃഷി സംരക്ഷണത്തിന്റെയും മുറവിളികൾ ഉയർന്നു തുടങ്ങിയിരുന്നു. പാരിസ്ഥിതിക അവബോധം മാധ്യമങ്ങളിലൂടെ പൊതുസമൂഹത്തിലേയ്ക്ക് ഇറങ്ങിവന്നു. ക്ലോഡ് ആൾ ഹരിസ് അന്നത്തെ ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യയുടെ ഒരു ലക്കം മുഴുവൻ ദ ഗ്രേറ്റ് ജീൻ റോബറി എന്ന പേരിൽ ഇത്തരം ആശയങ്ങൾ നിറച്ചു. ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം സി. പി. ഗംഗാധരൻ മാഷ് തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചതും അക്കാലത്താണ്. ഞാൻ എഡിറ്റ് ചെയ്ത മാഗസിനിലും സ്വാഭാവികമായി ഇത്തരം ആശയങ്ങളാണ് മുന്നിട്ടു നിന്നത്. എന്റെ സഹപാഠിയായ ചന്ദ്രൻ കോട്ടക്കുന്നനാണ് കവർ ചിത്രം ഡിസൈൻ ചെയ്തത്. ഹോർത്തൂസ് മലബാറിക്കൂസിന്റെ പേര് അനുസ്മരിപ്പിച്ചുകൊണ്ട് ഹോർട്ടസ് എന്നായിരുന്നു മാഗസിന് പേരിട്ടത്.

പൂച്ചെട്ടിയിലെ പ്രിന്റെക്സ് പ്രസ്സിലായിരുന്നു അച്ചടി. ക്ലാസ്സു കഴിഞ്ഞ് മാറ്ററുമായി ഞാൻ പ്രസ്സിലേക്കു തിരിക്കും. സഹോദരന്മാരായിരുന്ന ബാബുവും അജിത്തുമാണ് പ്രസ്സിന്റെ മേൽനോട്ടം. ബ്ലോക്കുകളും മറ്റും ഉണ്ടാക്കി അക്ഷരങ്ങൾ പെറുക്കിവെച്ച് ടൈപ്പ് സെറ്റുചെയ്ത് പ്രിന്റ് എടുക്കുന്ന ഒരു റോട്ടറി പ്രസ്സ് ആയിരുന്നു അത്. തൃശൂർ മുനിസിപ്പൽ സ്റ്റാന്റിനു സമീപം പ്രസ്സിന് ഒരു ഓഫീസ് ഉണ്ടായിരുന്നു. പല മാഗസിൻ എഡിറ്റർമാരും അവിടെ കയറിയിറങ്ങി. പിൽക്കാലത്ത് അത് വലിയൊരു സാംസ്ക്കാരിക സംഘം ആയിതീർന്നു.

ഡോ. പി. എസ്. ഗീതക്കുട്ടിയായിരുന്നു ഞങ്ങളുടെ സ്റ്റാഫ് എഡിറ്റർ. കവി സച്ചിദാനന്ദനും പി. വത്സലയും കവിതയും കുറിപ്പും തന്നു. മാഗസിൻ വിചാരിച്ചപോലെ നന്നാക്കാൻ കഴിഞ്ഞില്ല. പല പ്രോജക്ടുകളും ഉപേക്ഷിക്കേണ്ടിവന്നു. പ്രതീക്ഷിക്കാത്ത കാലതാമസവും ഉണ്ടായി.

എനിയ്ക്കുശേഷം സ്റ്റുഡന്റ് എഡിറ്റർ ആയത് എം. രാമനുണ്ണിയാണ്. വളരെ നന്നായി ചെയ്തിരുന്നതാണ് ആ വർഷത്തെ മാഗസിൻ. അടുത്ത വർഷം സിന്ധു ഭാസ്ക്കരൻ ആയിരുന്നു സ്റ്റുഡന്റ് എഡിറ്റർ.

വിദ്യാർത്ഥി ജീവിതത്തിൽ പത്രാധിപൻമാരായിരുന്ന പലരേയും പിന്നീട് കണ്ടുമുട്ടാറുണ്ട്. മാഗസിൻ കാലം നൽകിയ അനുഭവങ്ങൾ അവരുടെ ജീവിതം മാറ്റിമറിച്ചതിന്റെ സാക്ഷ്യങ്ങൾ പങ്കുവെക്കാറുണ്ട്.

■

# The long walk of refugees




Aparna K. Gokul
Falcons'12



The long waves thundered
lining the lightning streaks
Both my arms were clutched tight
safe in my parent's warmth
Dusk and dawn are leaping over my shadows
My feeble toes walked fast then
My drowsy eyes are knit with
the fading colours of my past.
My past, I wished to remain,
remain throughout for another hundred years
I cuddled in my past
winking back for love and care

When my pupil came out of my eyelids,
I saw many shadows beside
filled with similar blankness
I was unaware of the scene.
Many laid half dead, many
fought back ferociously, hiding the pain
Then I heard the murmer
" No matter who ever falls,
the rest may walk till your end...
Refugees, we have no destination
Safety is only in our dreams
Our last step is our destination".





Shilja K S
Agnova '13

# ദൈവത്തിന്റെ കൈയ്യൊപ്പ്

കവി, നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത് എന്നീ മേഖലകളിൽ കഴിവു തെളിയിച്ച പെരുമ്പടവം ശ്രീധരന്റെ ഏകാന്ത വിസ്മയമായ നോവലാണ് 'ഒരു സങ്കീർത്തനം പോലെ' 1993ൽ പ്രസിദ്ധീകരിച്ച ഈ നോവൽ മലയാളത്തിലെ ഏതൊരെഴുത്തുകാരനും മോഹിക്കുന്ന വയലാർ അവാർഡ് ഉൾപ്പടെ പ്രശസ്തമായ എട്ട് അവാർഡുകൾ കരസ്ഥമാക്കി. അനന്യസാധാരണമായ ഒരു ഇതിവൃത്തം അസാധാരണമായ രചനാപാടവത്തോടെ അവതരിപ്പിച്ചു എന്നതാണ് ഈ കൃതിയുടെ പ്രത്യേകത എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടപ്പോൾ അനശ്വരതയെ സ്പർശിച്ചു നിൽക്കുന്ന ഒരു ശിൽപത്തിനു സദൃശം എന്നു പഴിച്ചവരും ഉണ്ട്.

ലോകപ്രശസ്ത നോവലിസ്റ്റ് ദസ്തയോവ്സ്കിയോടുള്ള ആരാധനയാണ് ഇങ്ങനെയൊരു മഹത്സൃഷ്ടിക്ക് വഴിയൊരുക്കിയത്. ദസ്തയോവ്സ്കി, 'ദി ഗാംബ്ലർ' (ചൂതാട്ടക്കാരൻ) എന്ന നോവൽ എഴുതിയ സാഹചര്യത്തെ പെരുമ്പടവം ഒരു നോവലാക്കി മാറ്റിയിരിക്കുന്നു. ആ നോവൽ എഴുതുന്ന സാഹചര്യത്തിൽ തന്നെയാണ് ദസ്തയോവ്സ്കി തന്റെ സഹധർമ്മിണി അന്നയെ പരിചയപ്പെടുന്നത്. മദ്യപാനി, ചൂതുകളിക്കാരൻ, അസന്മാർഗ്ഗി എന്നൊക്കെ ചീത്തപ്പേര് കേൾപ്പിച്ചു ജീവിക്കുന്ന ദസ്തയോവ്സ്കിയുടെ സ്റ്റെനോ ആയി അദ്ദേഹത്തിന്റെ കൃതികളുടെ ആരാധിക കൂടിയായ അന്നയെത്തുന്നു. അവൾ വരുന്നതോടെ അദ്ദേഹം ജീവിതത്തിൽ ഇതുവരെ അനുഭവിക്കാത്ത്ര സ്നേഹവും ശ്രദ്ധയും പരിചരണവുമെല്ലാം അനുഭവിച്ചറിയുന്നു. അങ്ങനെ 20 വയസുള്ള അന്നയും ഇരട്ടിയിലേറെ പ്രായമുള്ള ദസ്തയോവ്സ്കിയും എല്ലാ എതിർപ്പുകളെയും അതിജീവിച്ച് ഒന്നിയ്ക്കുന്നു. അവർ കണ്ടുമുട്ടിയ നിമിഷം തൊട്ടുള്ള മൂന്നാഴ്ചക്കാലത്തെ അവരുടെ ജീവിതമാണ് 'ഒരു സങ്കീർത്തനം പോലെ'. എങ്കിലും നോവൽ തീരുമ്പോൾ നമുക്ക് അവരോട് ഒരു നൂറ്റാണ്ടിന്റെ അടുപ്പം [illegible] അതു തന്നെയാണ് ഈ നോവലിന്റെ വിജയ[illegible] ജോലി ചെയ്യുന്ന അവസരത്തിൽ പല [illegible] യോവ്സ്കി അന്നയോട് വളരെ മുരടനായി പെരുമാറുന്നു [illegible] അവൾ അയാളുടെ മനസ്സിന്റെ നന്മയെ തിരിച്ചറിഞ്ഞ് [illegible] സഹിച്ച് എല്ലാ പ്രതികൂല സാഹചര്യങ്ങളിൽനിന്നും [illegible] ഹത്തെ കരകയറ്റുന്നു.

വിവേകപൂർവ്വം വാക്കുകൾ തിരഞ്ഞെടുത്ത് [illegible] ളിലും മായാജാലം സൃഷ്ടിക്കാൻ പെരുമ്പടവത്തിന് സാധിച്ചു. 'ഓർമ്മകളിൽ പച്ച കെടാതെ നിൽക്കുന്ന [illegible]' 'മനുഷ്യർ ഉറങ്ങിക്കിടക്കുമ്പോൾ [illegible]' ചിലരുടെ മൗനം അവരുടെ [illegible] 'കണ്ണാടിക്കൂട്ടിൽ നിൽക്കുന്ന ആത്മാവിന് [illegible]' പ്രയോഗങ്ങൾ നോവലിന് കൂടുതൽ ചാരുത [illegible] ക്കാരെ കൂടുതൽ ചിന്തിപ്പിക്കാതെ [illegible] കൃതിയുടെ ഓരോ താളിലും [illegible] സൗരഭ്യവും നിറഞ്ഞു നിൽക്കുന്നു.

ഒരു സന്ദർഭത്തിൽ, ദസ്തയോവ്സ്കിയുടെ [illegible] മേൽ ദൈവത്തിന്റെ കൈയൊപ്പുണ്ടെന്ന് [illegible] ത്തത് അന്ന ഓർക്കുന്നു. ഈ സൃഷ്ടി [illegible] നമുക്ക് സംശയം തോന്നിയേക്കാം [illegible] ത്തിന്റെ ഹൃദയത്തിലും സ്പർശിച്ചിരിക്കുന്നുവോ എന്ന്. [illegible] പാപങ്ങളുടെ സ്മൃതിയിൽ നീറിയ [illegible] ആലപിച്ച അനുതാപനാഥമായ സങ്കീർത്തനത്തിന്റെ [illegible] ഭാവും ഭാഷാസൗന്ദര്യവും ആവാഹിക്കുന്ന ഈ കൃതി [illegible] നോവലുകൾക്കിടയിൽ അപൂർവ്വ ചാരുതയോടെ തിളങ്ങി നിൽക്കുന്നു.

# കുലംകുത്തി!!



Hiba T
Taurus '14



അക്ഷരപക്ഷി ...
രണ്ടു തൂവലുകൾ പൊഴിക്കുന്നു
'ക'യും 'ല'യും
കല കേൾക്കുന്നു
കുലമില്ലെങ്കിൽ കഥയെന്തിനെടോ...?
കലികാലത്തെ കുരുക്കുന്നു
കലാപം കോലങ്ങളെയും
രുധിരം മണക്കുന്നു
മണ്ണിൽ
വിധിയെ പഴിക്കുന്നു
കവിതയും
ഇരുട്ടിൽ

ആരോ വാതിലിൽ മുട്ടുന്നു
അത് തുറക്കുന്നതിനു മുമ്പ്
കുട്ടി അച്ഛനോട്
"എനിക്ക് പേടിയാ"
ഭാര്യ ഭർത്താവിനോടും
പെങ്ങൾ ചേട്ടനോടും
അതുതന്നെ പറഞ്ഞു.
അവർക്കുള്ള മറുപടിയും
ഞാൻ മനസ്സിൽ കണ്ടിരുന്നു.
"എന്റെ കുലം കൊല"
രാവിലെ പള്ളിക്കൂടത്തിൽ ഗുരുശിഷ്യർക്ക്
കേട്ടെഴുത്തിന് വാക്കു പറയുന്നു
"കുലംകുത്തി"

# മറക്കാൻ വയ്യ




Dr. P K Sushama
Professor, Dept. of Soil Science
& Agricultural Chemistry

കാർഷിക സർവ്വകലാശാലയിൽ കാലെടുത്തു വച്ചത് ഒരു വിദ്യാർത്ഥിനിയായി 1973ൽ... പിന്നെ അദ്ധ്യാപികയായി ....മുപ്പതിലേറെ നീണ്ട വർഷങ്ങൾ. ഇതിനിടയിൽ എത്രയോ കണ്ടെഴുത്തുകൾക്കും കേട്ടെഴുത്തുകൾക്കും സാക്ഷിയായി! രസകരമായ ഓർമ്മകൾ, മറക്കാൻ വയ്യ.

രാജകീയ പ്രൗഢിയുള്ള വെള്ളായണി കാർഷിക കോളേജിന്റെ ഓഫീസ് മന്ദിരം. അതിന്റെ താഴത്തെ നിലയിലായിരുന്നു 70-കളിലെ അഗ്രോണമി ഡിപ്പാർട്ട്മെന്റ്. പുറകുവശത്തുള്ള ക്ലാസ്റൂമിലിരുന്നാൽ വിശാലമായ കായലോരദൃശ്യം. അന്നത്തെ ട്രൈമിസ്റ്ററിന്റെ അവസാനമുള്ള പ്രാക്ടിക്കൽ പരീക്ഷ. താഴെ വിവിധതരം കലപ്പകളുടെയും മറ്റു പണിയായുധങ്ങളുടെയും നീണ്ടനിര. അതിന്റെയെല്ലാം പേരു കുറിക്കണം. കോഴ്സ് ടീച്ചറും അനുചരന്മാരും ഞങ്ങളെയും ക്ലാസ്സിലിരുത്തി, ആദ്യത്തെ 5 പേരെയും കൂട്ടി താഴേയ്ക്കുപോയി. ബാക്കിയുള്ളവർ ഊഴവും കാത്ത് .... 15 പേർ കാണും... ആധിയോടെ റെക്കോർഡ് നോക്കി. ഒരു പ്രാവശ്യം മാത്രം കണ്ടിട്ടുള്ള കലപ്പകളുടെ ഉരുണ്ടതും നീണ്ടതുമായ ഭാഗങ്ങൾ. ചിത്രങ്ങൾ നോക്കി മനസ്സിൽ കോറിയിടാൻ ശ്രമിച്ചു. കൃത്യം 15 മിനിട്ടു കഴിഞ്ഞപ്പോൾ ക്ലാസിനു പുറകുവശത്ത് ഏതാനും കല്ലുകൾ വന്നു വീഴുന്നു. കൂടെയുള്ള വീരന്മാർ ഓടിപ്പോയി കല്ലെടുത്ത് അതു പൊതിഞ്ഞ കടലാസ് നിവർത്തുന്നു. ചോദ്യശരങ്ങൾ അന്തരീക്ഷത്തിൽ പായുന്നു. ഞങ്ങളെല്ലാവരും റെക്കോർഡുകൾ മടക്കി വച്ച് പരീക്ഷയെഴുതുവാൻ ധൃതികൂട്ടുന്നു.

ഇനിയും അക്കാലത്തെ ഒരു അൺഅനൗൺസ്ഡ് ക്വിസ് ഓർമ്മയിൽ തെളിയുന്നു. ഒട്ടും പ്രതീക്ഷിക്കാതെ ടീച്ചർ പരീക്ഷ പ്രഖ്യാപിക്കുന്നു. പരീക്ഷാ ഹാളിലോട്ടു പോകുവാൻ പലർക്കും മടി. പക്ഷെ ഏതാനും വിദ്വാന്മാർ ടീച്ചർക്കു മുമ്പ് തന്നെ ഓടി ഹാളിൽ റെഡി. മനസ്സില്ലാമനസ്സോടെ ചോദ്യപേപ്പറിനു കൈനീട്ടി. ഏതാനും പുമരങ്ങളുടെ ശാസ്ത്രീയനാമം എഴുതണം-എല്ലാം കഴിഞ്ഞ ക്ലാസിൽ അവ്യക്തമായി കേട്ട ഓർമ്മകൾ മാത്രം- എവിടെ നിന്നോ മന്ത്രോച്ചാരണം പോലെ നാമങ്ങൾ



വരുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ ചില വിദ്വാന്മാർ തങ്ങളുടെ വെളുത്ത ഷൂവിൽ എഴുതിയ നീല അക്ഷരങ്ങൾ നോക്കി ഉരുവിടുന്നതാണ്. എല്ലാം കിറുകൃത്യം. കണ്ടവരും കേട്ടവരുമെല്ലാം അതിമനോഹരമായി പരീക്ഷയെഴുതി.

ഇനിയും 1983ൽ അദ്ധ്യാപികയായി കടന്നുവന്ന സമയം. സെമസ്റ്ററിന്റെ അവസാനമുള്ള ഒരു ഫൈനൽ പരീക്ഷയുടെ നടത്തിപ്പാണ്. ഡ്യൂട്ടി ഹോർട്ടിക്കൾച്ചർ കോളേജിലെ ഒരു ക്ലാസ്റൂമിൽ. ഒരുവിധം അമ്പതോളം വരുന്ന പരീക്ഷാർത്ഥികളെ അവിടെവിടെ ഇരുത്തി. ചോദ്യപേപ്പറിൽ നല്ലൊരു ഭാഗം Structures എഴുതാനാണ്. കുട്ടികൾ ഞെളിഞ്ഞും പിരിഞ്ഞും ബുദ്ധിമുട്ടുകയാണ്. കൂട്ടത്തിൽ ഒരു വിദഗ്ധൻ വളരെ ലാഘവത്തോടെവരച്ചു കൂട്ടുന്നു. എന്നാൽ ഇടയ്ക്കിടെ താനുടുത്ത വെള്ളമുണ്ട് തിരിച്ചും മറിച്ചും നോക്കുന്നുണ്ട്. സംഗതി മനസ്സിലാക്കി അടുത്തു ചെന്നപ്പോൾ കണ്ടത് പഠിപ്പിച്ചതെല്ലാം പതിന്മടങ്ങ് വ്യക്തമായി മുണ്ടിൽ കോറിയിട്ടിരിക്കുന്ന മോഹനദൃശ്യം.

വീണ്ടും അദ്ധ്യാപികയുടെ ദുരിതം പിടിച്ച നാളുകൾ. ലക്ചർ ക്ലാസ്സിനുമുമ്പ് അരമണിക്കൂറിൽ ക്വിസ് നടത്തി ക്ലാസ്സ് തുടരണം. അതുകൊണ്ട് ചോദ്യങ്ങളെല്ലാം ഒബ്ജക്ടീവ് മാതൃകയിൽ... ചോദ്യപേപ്പർ കൊടുത്ത് സംതൃപ്തിയോടെ നോക്കിനിന്നു. ആരും കോപ്പിയടിക്കുന്നതയി തോന്നിയില്ല. സമയം വളരെ കുറവ്. സാമദാനഭേദദണ്ഡങ്ങൾ ഉരുവിട്ടുകൊണ്ടു തന്നെ ഉത്തരക്കടലാസുകൾ തിരികെ വാങ്ങി. സമയം മതിയായില്ല എന്ന പരിഭവം കുട്ടികൾക്കിടയിൽ... ഉച്ചയായപ്പോൾ ഒരു വിദ്യാർത്ഥിനി വളരെ രഹസ്യമായി കാണാൻ എത്തി. കൂട്ടത്തിലുള്ള രണ്ടു പേപ്പറുകൾ ശ്രദ്ധിക്കണമെന്ന് അപേക്ഷ. വിശദമായി നോക്കിയപ്പോൾ കള്ളത്തരം വ്യക്തമായി. ഒരാൾതന്നെ നീലമഷിയിലും കറുത്ത മഷിയിലും ഉത്തരങ്ങൾ എഴുതിയിരിക്കുന്നു. വിളിച്ചു ചോദിച്ചപ്പോൾ വളരെ രസകരമായി കഥ വിവരിച്ചു. ആൾ ഇടംകയ്യനാണ്. ഒരു ഷീറ്റിൽ എല്ലാം ശരിയുത്തരങ്ങൾ. കൂട്ടുകാരന്റെ പേപ്പറിൽ മനഃപൂർവ്വം രണ്ടു തെറ്റുകൾ . "അതുപിന്നെ അവനെല്ലാം ശരിയാക്കുകയില്ലെന്നു മിസ്സിനറിയില്ലേ?" എന്ന ചോദ്യമെറിഞ്ഞ് ആ മിടുക്കൻ ഓടി.

ഒരു ന്യൂജെൻ പരീക്ഷ കൂടി... 2015 ന്റെ ആദ്യപാതിയിലാണ് നടന്നത്. U.G. Practical ക്ലാസ്സ്റൂമിൽ നിന്നും മൂന്നുനാലു mobile ഫോണുകളുമായി ഞങ്ങളുടെ ടീച്ചിങ്ങ് അസിസ്റ്റന്റ് ഓടിവരുന്നു. ഫോണെല്ലാം പുറത്തു വയ്ക്കണമെന്ന അവരുടെ കർശനനിർദ്ദേശം നിർഭയം തള്ളിയവിരുതന്മാരും കൂടെയുണ്ട്. അതിൽ ഒരാൾ ഫോണിൽ മെസ്സേജ് വായിക്കുന്നതു കണ്ട് പിടികൂടിയതാണ്. അന്നു ചെയ്യാനുള്ള experiment ന്റെ Procedure വ്യക്തമായിത്തന്നെ വായിച്ചു കേൾപ്പിച്ചു. അങ്ങോട്ട് code കൈമാറിയപ്പോൾ ഹോസ്റ്റലിൽ നിന്ന് കൂട്ടുകാരൻ അയച്ചതാണത്രേ.

അയ്യോ! ഇവയെല്ലാം അറുപഴഞ്ചൻ. പുതിയതായി രംഗപ്രവേശനം ചെയ്ത ക്യാമറയെ ഒളിയാൻ വരെ ഞങ്ങൾക്കറിയാം. കാർഷിക വിളകൾ മാത്രമല്ല, കോപ്പിയടിയും കാലാനുസൃതമാകണമെന്ന് വിവക്ഷ. ■



Priyatha Sundaran

Falcons' 12

# വിൽപ്പന

"നമ്മളിപ്പോൾ നിൽക്കുന്നത് ജനമദ്ധ്യത്തിൽ അതിക്രൂരമായി പീഢിപ്പിക്കപ്പെട്ട പെൺകുട്ടി അനിതയുടെ വീടിനുമുമ്പിലാണ്.... അവർക്കുണ്ടായ ഈ അനുഭവത്തെക്കുറിച്ച് അവരോട് തന്നെ ചോദിക്കാം.... "മിസ് അനിത... പറയൂ .... ജനങ്ങൾക്ക് സംഭവത്തെകുറിച്ച് ഒരു സമഗ്രചിത്രം കൊടുക്കേണ്ടതുണ്ട്...

അവൾ ഫോണിൽ നോക്കിക്കൊണ്ട് പറഞ്ഞു.

"അതിന് നിങ്ങളുടെ ചാനൽ ട്രാൻസ്ഫർ ചെയ്ത പണം ഇതുവരെ എന്റെ അക്കൗണ്ടിൽ ക്രെഡിറ്റായില്ലല്ലോ...!" ■







Dr. Meera V. Menon
Professor, Dept. of Agronomy

# A good feeling

Ever get the feeling that you're in a rut? That all the good things are passing you by while you are stuck in a mundane, boring place? I'm sorry to say that I had been having this kind of feeling about my job. Don't get me wrong though. As a person closely linked to the agricultural profession, I had no misconception about its nobility or importance. I took pride in my job, which I tried to do full justice to. However, there was sometimes a sneaking dissatisfaction in my mind. Compared to other professions, was there a certain roughness, or a lack of 'class', or an absence of 'culture' about it? In short, was agriculture lacking in 'glamour'? It took a trip to a paddy field in Palakkad to open my eyes.

My job involved conducting experiments in farmers' fields and entailed frequent visits to monitor and record crop growth. One morning we set off early to Chithali, a village situated about 45 minutes away. I was in a grumpy mood, having overslept and having had to rush through my chores. I had to miss my breakfast in my haste to get to the college on time. Things were not improved when I saw that I was the last person to reach our starting point, and my colleagues were all waiting patiently for me.

Within a few minutes, we were on the national highway, the cool morning air gradually raising my spirits. The sight of green paddy fields stretching into the horizon as far as the eye could see was a further soothing influence. By the time we reached our farmer's fields, I was as cheerful as I would ever be.

We were soon immersed in our work, observing weed incidence, measuring plant height and tiller number and so on. As we recorded the different species of weeds present, I was struck by the beauty of these tiny plants. One species, *Cyanotis axillaris*, had flowers of three hues of violet, each prettier than the other. Quite another shade of the same colour was displayed by *Lindernia crustacea*. There was one weed (*Limnophila heterophylla*) which produced two types of leaves on the same plant – the ones below water were finely divided with feathery leaflets, while those above ground were undivided! There were umpteen numbers of weeds, each with peculiar characters of its own and lovely in its own way, provided you had the eyes to see it.

Once my part was over, I walked on to the neighbouring paddy fields, also the property of our farmer. The entire area was a continuous stretch of rice – an undulating velvety carpet of rich green. And the various hues of green! –words could not capture the spectrum from emerald to deep green, almost black. As a light breeze wound its way over the countryside, the carpet flickered, rose and dropped. Fat white clouds like burst cotton bolls hung in the blue sky stretching as far as the eye could see. Time stood still as a feeling of utter peace engulfed my mind.


As my eyes drank in the glorious green, I slowly became aware of life within it. A damsel fly zipped by and a large green grasshopper sat placidly on a leaf. A white lamb with a black face stared curiously at me before ambling off on the uneven, straggling bund. The air, which I had thought so still, suddenly became filled with sound, the chirpings and squawking of birds, the buzzing of bees and the mooing of a small black cow tethered to a bush.

A whirring sound drew my attention overhead and I was wonderstruck by the sight of tiny forms darting in and out of peculiarly shaped structures hanging from the fronds of a tall palm. As I looked around, I saw that among the coconut palms which grew on the bunds separating the paddy fields were palmyrah palms, dotted here and there. On every such palm were hanging weird pendulous basket like structures, each with one and sometimes two long hollow extensions. I realized that these were the nests of the weaver birds, and what I could see were the birds themselves, going in and out of the nests, through the 'doorways' provided. The nests were made up of paddy leaves and grasses and I realized why these sparrow-like birds were called 'nature's engineers'. Their activity was accompanied by a constant chattering and chirping and I watched spell bound as they sped through the air, performing complicated manoeuvres. I could have stood there for hours, but alas, I was soon called away by my friends.

We walked back to the farmer's home where we found hot tea awaiting us. The tea was served lovingly by the farmer's mother, herself a first rate farmer. She talked about the state of the crop, the problems and the unpredictable rainfall. Each pearl of wisdom was accompanied by a gentle smile. She spoke in the local dialect, as did her sons and other family members. They were sometimes a little difficult to understand, but it was impossible to mistake the genuineness and sincerity of these simple folk.

It is afternoon by the time we begin our journey back, our work well done and our minds at peace with ourselves and the world. Needless to say, I was having second thoughts about my job. A profession in which we had the opportunity to 'stand and stare', a job where we were brought in close contact with the good earth and good people, work which left us filled with satisfaction and a good feeling about ourselves –wasn't I truly blessed?

■







Amrutha E. A.
Aagneya '13

# ജീവിതസമർപ്പണം

ആദരണീയനായ ഗുരുനാഥനുള്ള സമർപ്പണം.
ജോൺ സാറിന്റെ റിട്ടയർമെന്റ് വേളയിൽ
അമൃത സാറിന് സമ്മാനിച്ച സ്നേഹോപഹാരം

ഇനിയും തീരാത്ത ജീവിതയാത്രയിൽ
നിറഞ്ഞ സ്നേഹത്തിൽ പൊതിഞ്ഞ പാൽച്ചിരി
ഒരു വേനൽമഴയായ് വേഴാമ്പലമെൻ
ഹൃദയത്തിൽ പൊഴിയുമ്പോൾ
അണയാത്ത സന്തോഷം എന്നിൽ നിറഞ്ഞു
അതൊരു കെടാവിളക്കായ് എൻ ഹൃദയത്തിൽ
ശുഭ്രമാം രൂപത്തിൽ നിഷ്കളങ്കഭാവത്തിൽ
അണയാതെ ശേഷിപ്പൂ, നിൻ കൃപയാൽ
അതിരുകളില്ലാതെ, അളവുകളില്ലാതെ
വിശാലമായ ആത്മജ്ഞാനത്തിൻ മുൻപിൽ
ഞാനിന്നഭയാർത്ഥിയാണെൻ ഗുരുവേ...!
മണ്ണിലും മനതിലും മായുന്ന സത്യത്തെ
അണയാതെ സൂക്ഷിച്ച പൊൻ പ്രഭയേ
കോടി,കോടി സൂര്യപ്രഭയെ തോൽപ്പിക്കുന്നതാം
ജ്ഞാനം പകർന്നിടും വിദ്യജ്യോതിയേ...
'സുരക്ഷിതം' എന്തെന്നറിയാത്തൊരെന്നെ നിൻ
കൈക്കുമ്പിളിൽ കാത്തുവെച്ചിടുമ്പോൾ
എൻ ജീവിതയാത്രയിൽ കാഴ്ചകൾ മങ്ങുമ്പോൾ
ഉൾക്കാഴ്ച നൽകുകയാണെൻ ഗുരു
അജ്ഞാതമാമെൻ ജീവിതം സമർപ്പിപ്പൂ
എന്നുമെൻ ഗുരുവിൽ, ഗുരുവിൻ തൃപ്പാദത്തിൽ




Visakh N U
Aagneya '13

# Class selfie



**ഞങ്ങളിൽ ചിലർ കമന്റടിക്കും, അഭിപ്രായങ്ങൾ പങ്കുവെയ്ക്കും... ചിലപ്പോൾ മൗനം പാലിക്കും. മോഷണമാണ് ക്ഷമിക്കണം.**

◆കൃഷി

" ഈ അഗ്രികൾച്ചർ പഠിച്ചിട്ട് ... വീട്ടിലെന്തെങ്കിലും ഉണ്ടാക്കണ്ടേ അല്ലെങ്കിൽ നാട്ടുകാര് ചോദിക്കില്ലേ? "

◆സിനിമ

" ഈ സിനിമാക്കാർക്കിപ്പോ എന്ത്ണ്ടായിട്ടാ...? TVലും, FB ലും, Whats Appലും, നിറഞ്ഞുനിൽക്കുകയല്ലേ? വിവാഹം, കുടുംബം, പാലുകാച്ചൽ, ജലദോഷം പോലും വാർത്തതന്നെ. "

◆പത്രം

" ഈ ക്ലാസ്സിൽ എത്രപേർ ഡെയ്‌ലി പത്രം വായിക്കും? ആരുമില്ല അല്ലേ? .... sorry! "

◆കാസർഗോഡ്

" മറക്കാതിരിക്കുക, അവിടുത്തെ പുഴയേയും മണ്ണിനേയും മനുഷ്യനേയും ജീവജാലങ്ങളേയും .... "

◆Mr. Ashokan

" കറുത്ത അങ്കവാലുള്ള കാണാൻ തരക്കേടില്ലാത്ത, രണ്ടരകിലോ തൂക്കമുള്ള എന്റെ വീട്ടിലെ Mr. Ashokan ഇപ്പോൾ അടുപ്പിൽ കിടന്ന് പുകയുകയാണ്. "

◆വിലവർദ്ധന

" വിലവർദ്ധനവിനെക്കുറിച്ച് എഴുതാൻ പറഞ്ഞാൽ .... ഞാനിപ്പോ ഒന്നും എഴുതുന്നില്ല. കുടലാസിനും പേനയ്ക്കുമൊക്കെ ഇപ്പോ എന്താ വില...! "

◆സംവരണം

" പെണ്ണുങ്ങൾക്ക് 50% സംവരണമൊക്കെ കിട്ടിയതല്ലേ. ഒന്ന് പ്രതികരിച്ചൂടെ....? "

◆ഹർത്താൽ

" ഹർത്താലോ? എന്തിനാണാവോ? അറിയില്ലാ... എങ്കിലും അനുകൂലിച്ചേക്കാം. "


- by Aagneya'13

# ചെറിയ വലിയ നുണകൾ



- Pournami Sreekumar
Aagneya'13

വീട്ടിലാരൊക്കെയോ എഴുതുമായിരുന്നു
ആശയങ്ങളെ അക്ഷരങ്ങളാക്കി അവർ
ആകാശങ്ങൾ തീർത്തിരുന്നു.
അതൊന്നുകൊണ്ടുമാത്രം ഞാനുമെഴുതി
ആരോ മറന്നുവച്ച പേനയുമായി
എവിടുന്നോ കളഞ്ഞുകിട്ടിയ കടലാസിൽ
എന്തൊക്കെയോ.....
ആശാന്റെ ആശയങ്ങളും
വയലാറിന്റെ വരികളും
പലപ്പോഴായി കട്ടെടുത്തു.
ആഴ്ചപ്പതിപ്പിലെ കവിതകളെ
ഞാൻ കട്ടും കോപ്പിയും ചെയ്തു.
പുത്തൻ ട്രെൻഡിനായി പിന്നെയും വായിച്ചു.
ദാരിദ്ര്യവും പ്രണയവും വിരഹവും
മാറി മാറി പ്രയോഗിച്ചു.
കവിയരങ്ങിൽ ക്രാന്തദർശിയായി
ഘോരഘോരം പ്രസംഗിച്ചു.
ഒടുവിൽ ഒരു മനുഷ്യായുസിന്റെ
അവസാനത്തെ വരിയുമെഴുതി
ഞാൻ കണ്ട കവി മടങ്ങിയപ്പോൾ
ഈ വരികൾ ഇവിടെ നിർത്തുന്നു.
മഹാകവികളെ മാപ്പ്...
ഭാഷാ സ്നേഹികളെ മാപ്പ്...
മനുഷ്യരേ മാപ്പ് ....



സ്വപനങ്ങൾ വിട്ടെഴുന്നേൽക്കാൻ
അവരെന്നെ നിർബന്ധിച്ചുകൊണ്ടേയിരുന്നു
ഞാൻ കൂട്ടാക്കിയില്ല.
കത്തിയെരിയുന്ന ചൂടിലും
തിമർത്തുപെയ്യുന്ന മഴയുടെ സംഗീതം
ഞാൻ കേട്ടത് സ്വപ്നങ്ങളിലൂടെയായിരുന്നില്ലേ?
പിന്നെയെങ്ങനെയവയെ
തനിച്ചാക്കി ഞാൻ വരും.
സ്വപ്നങ്ങളെ പാതിവഴിയിൽ ഉപേക്ഷിക്കാൻ
അവർ വീണ്ടും പറഞ്ഞു.
മനസ്സില്ലാ മനസ്സോടെ
യാഥാർത്ഥ്യത്തിലേക്ക് ഞാൻ ആഴ്ന്നിറങ്ങി.
വെട്ടിയൊതുക്കിയ എന്റെ ശിഖരങ്ങളിലെ
ആഴത്തിൽ മുറിവേറ്റ
പാടുകളിൽ നിന്നും
രക്തത്തുള്ളികൾ പൊടിയുന്നുണ്ടായിരുന്നു.
എന്റെ ആശകളുടേയും വികാരങ്ങളുടേയും
ശവക്കല്ലറകളിൽ നിന്നുള്ള വിലാപങ്ങൾ
ചുറ്റും പ്രതിധ്വനിച്ചുകൊണ്ടേയിരുന്നു.





ഗിരിശൃംഖങ്ങളിൽ നിന്നുമെത്തുന്ന ജലകണങ്ങൾ പുഴയായി പ്രവഹിക്കും പോലെ, പല
ചുറ്റുപാടുകളിൽനിന്ന് അപരിചിതരെപോലെ വന്ന ഞങ്ങൾ ഒരുമയുടെ ബാലപാഠം പഠിച്ചത് ഇവിടെ വെച്ച്.
തുടരെത്തുടരെയുള്ള ലക്ച്ചറുകളിൽ അടഞ്ഞുപോകുന്ന കൺപോളകൾ കുത്തിത്തുറന്ന്
**Attendence** എന്ന ലക്ഷ്യം മുറുകെ പിടിച്ചു മനസ്സിനെ കല്ലാക്കി ആസ്വദിച്ച പഠനവേദി...

Gokul



വെളിച്ചെണ്ണയിൽ പൊരിച്ചെടുത്ത പഴംപൊരി, കറുമുറെ കറുമുറെ പരിപ്പുവട...
ആവിപറക്കുന്ന ചൂടുചായ. സൽക്കാര, രുചിക്കൂട്ടിന്റെ കലവറ. നാക്കിലയിൽ
സ്വാദുമൊരുക്കി കാത്തിരിക്കുമ്പോൾ, എങ്ങനെയാണ് തോന്നുക ഒന്നെത്തി നോക്കാതിരിക്കാൻ?...

Gokul



Nishidha C T
Nakshathra'11

**സ്നേഹം**

എന്റെ മിഴികൾ പുഴകളാവുന്നത്
നിനക്കിഷ്ടമല്ല.
എങ്കിൽ പറഞ്ഞു താ...
ഉള്ളിൽ നിറയുന്ന
നിന്നോടുള്ള സ്നേഹം
ഞാനെങ്ങോട്ടൊഴുക്കി കളയണം?

**വേദന**

ആരോ പറഞ്ഞുകേട്ട് ,കടമെടുത്ത വരികളാണ്:
ഞാൻ നിന്റെ സ്വന്തമാകില്ലെന്ന്
അവസാനമായി അറിഞ്ഞപ്പോഴുണ്ടായ വേദന
നിന്നെ സ്നേഹിച്ച അന്നുമുതൽ
എനിക്ക് കൂട്ടായി ഉണ്ടായിരുന്നു.

**പ്രതീക്ഷ**

തച്ചുടച്ചിട്ടും തകർത്തെറിഞ്ഞിട്ടും
പിന്നിൽ നിന്നമറി വിളിക്കുന്നുണ്ട്
ഇന്നലെയുടെ നിറമാർന്ന ഓർമ്മകൾ
ഇന്നിന്റെ വിറയാർന്ന കണ്ണീരിൽ
എങ്കിലും ആരോ വരാനുണ്ടെന്ന
പ്രതീക്ഷയിൽ
തിരിഞ്ഞു നോക്കാറുണ്ട് ഇടയ്ക്കൊക്കെ
പിന്നിലേക്ക്.





Dr. C. George Thomas
Professor, Dept. of Agronomy

ശാസ്ത്രബോധവും യുക്തിചിന്തയും നമുക്ക് നഷ്ടപ്പെടുന്നുവോ? നൂറുശതമാനം സാക്ഷരതയുള്ള നാടാണ് എന്ന് മേനി നടിച്ചു നടക്കുന്നതിൽ മലയാളികൾ ഒട്ടും പുറകിലല്ല! പക്ഷെ, ഇത്രയധികം കപടശാസ്ത്രങ്ങൾ അരങ്ങു തകർക്കുന്ന മറ്റൊരു നാടുണ്ടോ? കേട്ടുകേൾവികളുടെയും സാക്ഷ്യങ്ങളുടെയും പുറത്താണ് പല കപട ശാസ്ത്രങ്ങളും വേര് പിടിക്കുന്നത്. ജ്യോത്സ്യം, ഹസ്തരേഖ, പ്രശ്നം, ടെലിപ്പതി, ഇ.എസ്.പി., റെയ്കി, പ്രാണിക് ഹീലിംഗ്, കാന്തചികിത്സ, കടുകുമണി ചികിത്സ, ഗോമൂത്രചികിത്സ ഡൗസിംഗ്, മന്ത്രവാദം, ശകുനം, കരിനാക്ക്, കണ്ണുവെക്കല് - ഇങ്ങനെ എത്ര എത്ര കപടശാസ്ത്രങ്ങളാണ് നമ്മുടെ ഇടയിലുള്ളത്. മന്ത്രവാദം, ചാത്തൻ സേവ എന്നീ ആഭിചാരക്രിയകളിൽ വിശ്വാസമർപ്പിക്കുന്നവരും അവ ചെയ്യുന്നവരുമായി (മിക്കവാറും രഹസ്യമായി!) എത്രയോ പേരുണ്ട്. അവർ ഇവയിൽ പലതും വളരെ ഫലപ്രദമെന്ന് "സാക്ഷ്യം" പറയുകയും ചെയ്യും. സാക്ഷ്യം പറയാൻ ആളുണ്ട് എന്നതുകൊണ്ടുമാത്രം അവ സത്യമാകില്ലല്ലോ?. ശാസ്ത്രജ്ഞൻമാരും ശാസ്ത്ര വിദ്യാർത്ഥികളും ഇത്തരം സാക്ഷ്യങ്ങളുടെ പുറകെ പോയാൽ എങ്ങിനെ ഇരിക്കും?

ശാസ്ത്രം ന്യൂനീകരണത്തിന്റെ (reductionism) അക്രമമാണ് നടത്തുന്നതെന്ന നിലപാട് ചില ഉത്തരാധുനികർ സ്വീകരിച്ചു കാണുന്നുണ്ട്. ഇത് അംഗീകരിക്കാനാവില്ല. ന്യൂനീകരണം പൂർണ്ണമായി നിരാകരിച്ചുകൊണ്ട് ഗവേഷണ പ്രവർത്തനങ്ങൾ നടത്താനാവില്ല. പരീക്ഷണങ്ങളുടെ അടിസ്ഥാനം തന്നെ ന്യൂനീകരണമാണ്. പരീക്ഷണങ്ങൾ നടത്തി ആവർത്തന സ്വഭാവമുള്ള ഫലങ്ങൾ കിട്ടുന്നുവെങ്കിൽ മാത്രമേ പുതിയ അറിവ് ആധുനിക ശാസ്ത്രത്തിന്റെ ഭാഗമായി അംഗീകരിക്കാറുള്ളു. അവകാശവാദങ്ങളെ വസ്തുനിഷ്ഠമായി സമീപിക്കാതെ കേട്ടുകേൾവികളുടെയും സാക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ

പ്രചാരകരായി മാറുന്നത് ശാസ്ത്രത്തിന്റെ വിശ്വാസ്യത തകർക്കും. ശാസ്ത്രമെന്നത് വെറും കഥ പറച്ചിൽ മാത്രമാകും!

ആധുനിക വൈദ്യം, വാക്സിനുകൾ, ജനിതക സാങ്കേതിക വിദ്യ, ആധുനിക കൃഷി രീതികൾ എന്നിവയെ തള്ളിപ്പറയുന്ന കാര്യത്തിൽ ഒരു മത്സരം തന്നെയാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. ഉദാഹരണത്തിന്, ജനിതക സാങ്കേതിക വിദ്യകളുടെ കുത്തകവത്ക്കരണത്തെ എതിർക്കുകയും അവ സുരക്ഷിതമെന്ന് ഉറപ്പു വരുത്താനുള്ള നിയന്ത്രണങ്ങൾക്കു വേണ്ടി വാദിക്കുകയും ചെയ്യുന്നതിനു പകരം, ജനിതക വിദ്യകളുടെ ഉപയോഗത്തെ തന്നെ എതിർക്കുകയാണ് ഏറെ പഠിച്ചു എന്ന് അവകാശപ്പെടുന്ന നമ്മൾ. അത്പോലെതന്നെ കാണേണ്ടതാണ്. ലോകത്ത് നിന്ന് ദാരിദ്ര്യവും പട്ടിണിമരണങ്ങളും ഇല്ലാതാക്കുന്നതിൽ വലിയ പങ്കു വഹിച്ച ശാസ്ത്ര - സാങ്കേതിക നേട്ടങ്ങളുടെ ഉത്തമ മാതൃകയായ ശാസ്ത്രീയ കൃഷിരീതികൾ. ആധുനിക കൃഷി സങ്കേതങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ കഴിച്ചാൽ കാൻസർ വരുമെന്നൊക്കെയുള്ള പ്രചാരണങ്ങൾ അതേപടി ഏറ്റെടുത്തു പാടിനടക്കുന്നവരെ കുറിച്ച് എന്താണ് പറയുക? അതേ സമയം, കാൻസറിന്റെ പ്രധാനകാരണങ്ങളായ പുകവലി, മദ്യപാനം, ജീവിതശൈലി, മലിനീകരണം എന്നിവയെ പ്പറ്റി മൗനം പാലിക്കുകയും ചെയ്യും. ഇവയെല്ലാം ഉത്തരാധുനിക പ്രവണതകൾ മാത്രമാണെന്ന് പറഞ്ഞു ലഘൂകരിക്കാൻ കഴിയില്ല. ഇതെല്ലാം കാണുന്ന സാധാരണ കർഷകരും, കാർഷിക ശാസ്ത്രജ്ഞന്മാരും, കൃഷി ഉദ്യോഗസ്ഥരും, കൃഷി വിദ്യാർത്ഥികളുമൊക്കെ അങ്കലാപ്പിലായില്ലെങ്കിലെ അത്ഭുതമുള്ളു!

നമ്മുടെയൊക്കെ ധാരണ പുരോഗമനവാദികൾ എന്ന് നടിച്ചു നടക്കുന്നവർ പൊതുവേ ശാസ്ത്രത്തിന്റെ കടുത്ത ആരാധകരാണെന്നാണ്. എന്നാൽ ഉത്തരാധുനിക ചിന്തകൾ കൊണ്ടു നടക്കുന്ന നവ-ഇടതുപക്ഷം അങ്ങനെയാണെന്ന് പറയാൻ കഴിയില്ല. ഉത്തരാധുനികർ പലർക്കും ശാസ്ത്രം ഒരു കഥ പറച്ചിൽ മാത്രമാണ്. ഉദാഹരണത്തിന്, പ്രമുഖ എൻ. ജി.ഒ. പരിസ്ഥിതി പ്രവർത്തകയായ വന്ദനശിവയുടെ "ആഗോളവത്ക്കരണം, സ്ത്രീ, പ്രകൃതി" എന്ന പുസ്തകത്തിൽ ശാസ്ത്രത്തെ പറ്റി പറയുന്നത് കേൾക്കൂ: "ഏതൊരു സാമൂഹിക നിർമ്മിതിയും പോലുള്ള ഒന്നാണ് ശാസ്ത്രവും. പാശ്ചാത്യ പുരുഷന്റെ രാഷ്ട്രീയ സാമൂഹിക നിർമ്മിതിയാണ് ശാസ്ത്രം". ഇത്തരത്തിലുള്ള വിമർശനം ക്രമേണ എല്ലാത്തരം കപടശാസ്ത്രങ്ങളേയും ശാസ്ത്രവിരുദ്ധതയേയും അംഗീകരിക്കുന്നതിലേക്ക് നയിക്കുന്നു എന്നതാണ് വാസ്തവം.

ശാസ്ത്രത്തെ തള്ളിപ്പറയുന്ന ഉത്തരാധുനിക പ്രവണതകൾ കാർഷിക രംഗത്തും ബലപ്പെടുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് ജൈവകൃഷി, ബയോഡൈനാമിക് കൃഷി, പ്രകൃതി കൃഷി, സീറോബജറ്റ് പ്രകൃതി കൃഷി, ഒറ്റഞാർ കൃഷി എന്നീ ബദലുകളെല്ലാം. ഇവയെല്ലാം തന്നെ ഗഹനപരിസ്ഥിതി വാദം (deep ecology), പരിസ്ഥിതി സ്ത്രീവാദം (ecofeminism), ലൈഫ് ബോട്ട് സദാചാരം (lifeboat ethics), ജൈവപ്രാദേശിക വാദം (bioregionalism) മുതലായ ഉത്തരാധുനിക ചിന്താധാരകൾക്ക് അനുപൂരമായി ഉയർന്നുവന്നവയാണ്. ശാസ്ത്രത്തിന്റെ രീതി അനുസരിച്ചുള്ള നിരീക്ഷണങ്ങളോ നിഗമനങ്ങളോ പരീക്ഷണങ്ങളോ ഇല്ലാതെ കേവലമായ ഊഹങ്ങളുടെയും സാക്ഷ്യങ്ങളുടെയും പുറത്താണ് ഇത്തരം ബദൽകൃഷി രീതികൾ മുമ്പോട്ടു പോവുന്നത്.

ആധുനിക ശാസ്ത്രീയ രീതികൾ കാർഷിക രംഗത്ത് വ്യാപകമായി സ്വീകരിക്കപ്പെട്ടതോടെ ചില പ്രശ്നങ്ങൾ കണ്ടു തുടങ്ങി എന്നത് സത്യമാണ്. ഈ പ്രശ്നങ്ങളെ പരിഹരിച്ച് ശാസ്ത്രീയ കൃഷിയെ കുറ്റമറ്റതാക്കുന്നതിനുപകരം ആധുനിക കൃഷിയെ തന്നെ നിരാകരിക്കുന്നത് പുരോഗമനമായി കാണാനാവില്ല. യഥാർത്ഥത്തിൽ, ആധുനിക കൃഷിയല്ല കുഴപ്പക്കാരൻ, അതിന്റെ പ്രയോഗമാണ്! ആധുനിക കൃഷി ശാസ്ത്രത്തെ തള്ളിപ്പറയുന്നതിനുപകരം മറ്റു ശാസ്ത്രശാഖകളിലെ വിവരങ്ങൾകൂടി സ്വാംശീകരിച്ചു പരിഷ്കരിക്കുകയാണ് വേണ്ടത്. ബദലുകളല്ല ഇതിന് പരിഹാരം. ബദൽ എന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്ന കൃഷിരീതികളുടെ പോരായ്മകൾ പലപ്പോഴും മൂടിവെക്കപ്പെടുന്നു എന്നതാണ് വാസ്തവം.

ഉദാഹരണത്തിന്, ജൈവ കൃഷിപോലുള്ള ബദലുകൾ ചെയ്യുമ്പോൾ സാധാരണ കൃഷിയെക്കാൾ വിളവു കുറയുമെന്ന കാര്യം അംഗീകരിച്ച വസ്തുതയാണ്. എത്ര കണ്ടു കുറയുമെന്നത് അത് ചെയ്യുന്ന രീതി പോലിരിക്കും. വിളവു കാര്യമായി കുറയാതിരിക്കണമെങ്കിൽ കൂടുതൽ വിഭവങ്ങൾ (ജൈവവളങ്ങളും ജൈവ കീടനാശിനികളും) പ്രയോഗിക്കണം. അതായത് ഉത്പാദനചെലവ് കൂടും. അതുകൊണ്ട് വിളവു കുറഞ്ഞാലും ഇല്ലെങ്കിലും ജൈവകൃഷി ഉത്പന്നങ്ങൾക്ക് അധിക വിലകിട്ടിയേ മതിയാവൂ! വിഭവദാരിദ്രമനുഭവിക്കുന്ന ഒരു സമൂഹത്തിന് ജൈവകൃഷി നന്നായി ചെയ്യാൻ പണവുമില്ല, വിഭവങ്ങളുമില്ല എന്നതാണ് യാഥാർത്ഥ്യം. (ഫ്ളാറ്റുകളിൽ ഗ്രോബാഗ് കൃഷി അല്ലെങ്കിൽ മട്ടുപ്പാവ് കൃഷി ചെയ്യുന്നവരെ അല്ല ഉദ്ദേശിക്കുന്നത്.) നന്നായി ജൈവ കൃഷി ചെയ്യണമെങ്കിൽ മൂലധനവും അഭിഗമ്യതയും (access) ഉണ്ടാവണം. അതുകൊണ്ടാണ് ജൈവ കൃഷി പോലുള്ള ബദലുകൾ ദരിദ്രർക്ക് എതിരെയുള്ള ഗൂഡാലോചനയാണോ എന്ന് സംശയി

ക്കേണ്ടി വരുന്നത്! ദരിദ്ര രാഷ്ട്രങ്ങളിലെ NGO കളും ജൈവകൃഷി ആരാധകരും ഇത് മനസ്സിലാക്കുന്നില്ല (അല്ലെങ്കിൽ അങ്ങനെ ഭാവിക്കുന്നില്ല!) എന്നതാണ് നിർഭാഗ്യകരം.

ബദൽവാദികൾ ഉന്നയിക്കുന്ന മറ്റൊരു പ്രധാനവാദമിതാണ്, "ലോകത്ത് എല്ലാവരെയും തീറ്റി പോറ്റാനുള്ള ആഹാരം ഇപ്പോൾ തന്നെ ഉത്പാദിപ്പിക്കുന്നുണ്ട്. ഓരോ മനുഷ്യനും ആവശ്യമുള്ളതിൽ കൂടുതൽ ഉത്പ്പാദിപ്പിക്കുമ്പോഴും പട്ടിണി നിലനിൽക്കുന്നുവെങ്കിൽ അതിന്റെ കാരണം ഉത്പ്പാദനത്തിന്റേതല്ല, മറിച്ചു വിതരണത്തിന്റേതാണ്" വിതരണത്തിന്റെ കാര്യം ഇങ്ങനെ പറഞ്ഞിരിക്കുന്നത് [illegible] വല്ല പ്രയോജനവുമുണ്ടോ? വിതരണ [illegible] പരിഹരിച്ചു കിട്ടുന്നത് വരെ [illegible] എന്നാണോ? [illegible]രാഷ്ട്രങ്ങൾ [illegible] ഭക്ഷ്യധാന്യങ്ങൾ മുഴുവൻ മനുഷ്യന് ആഹാരമായി മാറുന്നില്ല. മനുഷ്യാഹാരമായി 60 ശതമാനം മാത്രമാണ് ഉപയോഗപ്പെടുത്തുന്നത്. ഏകദേശം 35 ശതമാനം കന്നുകാലി തീറ്റയായി മാറുന്നു. മറ്റൊരു 5 ശതമാനം ജൈവ ഇന്ധനമുണ്ടാക്കാനാണ് പോവുന്നത്. മാത്രമല്ല, ലോകത്തു ഉത്പ്പാദിക്കുന്ന ആഹാരത്തിന്റെ 30–40 ശതമാനം ആഹാരവൃത്തത്തിന്റെ (ഫുഡ് സൈക്കിൾ) ഓരോ പ[illegible]ിലും വെച്ച് നഷ്ടമാവുന്നു എന്നാണ് കണക്ക്. ഇങ്ങിനെയിരിക്കെ ലോകത്തിലെ ഓരോ മനുഷ്യനും ആവശ്യമുള്ളതിൽ കൂടുതൽ ഉത്പാദിപ്പിക്കുന്നുണ്ട് എന്ന് പറഞ്ഞുകൊണ്ട് ബദലുകളിലേക്ക് പോകുന്നത് ആത്മഹത്യാപരമായിരിക്കും!.

പ്ലാനിംഗ് ബോർഡ് മെമ്പറും, കാർഷികാസൂത്രണ വിദഗ്ധനുമായിരുന്ന, അകാലത്തിൽ അന്തരിച്ച ശ്രീ. ഇ.എം. ശ്രീധരനെ(ഇ.എം. എസ്സിന്റെ മകൻ) ഞാൻ വളരെ ആദരിച്ചിരുന്നു. വികസനകാര്യങ്ങളിൽ ശാസ്ത്രീയ സമീപനം വെച്ച് പുലർത്തിയിരുന്ന അദ്ദേഹം കൃഷിയിലെ ജൈവകൃഷി പോലുള്ള ഉത്തരാധുനിക പ്രവണതകളെക്കുറിച്ച് ബോധവാനായിരുന്നു. അദ്ദേഹം എഴുതി: "രാസവളവിരുദ്ധമനോഭാവം സൃഷ്ടിക്കുന്നത് നമ്മുടെ നിലവിലുള്ള ഉത്പാദനത്തേയും ഉത്പാദനക്ഷമതയേയും പുറകോട്ടടിപ്പിക്കാനേസഹായിക്കൂ. അതുകൊണ്ടു തന്നെ ഇതിനെ അലോപ്പതി-ആയുർവ്വേദ തർക്കംപോലെ വളർത്തിക്കൊണ്ടുവരാതെ പ്രശ്നത്തെ സന്തുലിത മനസ്സോടെ സമീപിക്കേണ്ടതുണ്ട്. രാസവളത്തിന്റെ ദുരുപയോഗം ഇല്ലാതാക്കുകയും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും വേണം. ജൈവവളത്തിന്റെ പരിമിതിയും നാം ഉൾക്കൊള്ളണം. യഥാർത്ഥത്തിൽ ഇവ രണ്ടും ഒരുമിച്ചു സന്തുലിതമായി ഉപയോഗിക്കുന്നതിനാണ് നാം പ്രചാരം നൽകേണ്ടത്. (കൃഷിവ്യവസ്ഥയും വിമർശനവും കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 1997; എഡിറ്റർ -സി.പി. നാരായണൻ) ഇതാണ് ശാസ്ത്രീയ സമീപനം. ഇതാണ് നാം സ്വീകരിക്കേണ്ടതും.

ശ്രീ. ഇ.എം. ശ്രീധരൻ കീടനാശിനികളെക്കുറിച്ച് പറയുന്നതും ശ്രദ്ധേയമാണ്. "രോഗപ്രതിരോധശേഷി ആർജ്ജിച്ച പഴയതും, പുതിയതുമായ കീടങ്ങളുണ്ടെന്ന് നാം മനസ്സിലാക്കണം. പുകയില കഷായം കൊണ്ട് ചെറുക്കാവുന്നവയല്ല ഇവ. അവയെ നശിപ്പിക്കാൻ കടുത്ത കീടനാശിനികളുടെ പ്രയോഗം വേണ്ടിവന്നേക്കും. അതുമൂലം ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങളുമുണ്ടാകാം. അവയെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതുണ്ട്". അത്യുത്പാദനശേഷിയുള്ള വിത്തുകൾ ഉപേക്ഷിക്കണമെന്ന വാദം അപകടകരമാണെന്നും അദ്ദേഹം പറയുന്നുണ്ട്. വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ഭക്ഷ്യാവശ്യങ്ങളും വ്യവസായങ്ങളുടെ അസംസ്കൃത [illegible]താവശ്യങ്ങളും നിർവ്വഹിക്കുന്നതിന് നിലവില[illegible]ാദനവും ഉത്പ്പാദനക്ഷമതയും മതിയാകു[illegible]തിരിക്കെ ആ വിത്തുകളെ കയ്യൊഴിയുന്നത് എലിയേ പേടിച്ച് ഇല്ലം ചുടുന്നതിന് സമമാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

പക്ഷേ, ഒന്നോർക്കേണ്ടതുണ്ട്. പരിസ്ഥിതിയെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് കൃഷിയിൽ സുസ്ഥിരത നമുക്ക് കൈവരിക്കാനാവില്ല. വയലുകൾ, തോടുകൾ, കുളങ്ങൾ, തുടങ്ങിയവ നികത്തുക, കുന്ന് ഇടിച്ചു നിരത്തുക, മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് പരിസരം മാലിന്യക്കൂമ്പാരമാക്കുക തുടങ്ങിയ പരിപാടികൾ നാം ആദ്യം ഉപേക്ഷിക്കണം. മണൽ വാരിവാരി മിക്ക നദികളും ഗുരുതരാവസ്ഥയിലാണ്. നമ്മുടെ കാടുകളുടെ സംരക്ഷണമൊക്കെ കടലാസ്സിൽ മാത്രമായി മാറുന്നു. ഇത്തരം തിന്മകൾക്കെതിരെയുള്ള ചെറുത്തുനിൽപ്പ് ശക്തമാക്കാതെ രാസവളവും കീടനാശിനികളുമാണ് ഏറ്റവും വലിയ പ്രശ്നമെന്ന മട്ടിൽ അവതരിപ്പിച്ചുകൊണ്ടുള്ള പ്രചാരണം ഏതായാലും സാധാരണക്കാരനു വേണ്ടിയല്ല. ആധുനിക വൈദ്യത്തിൽ പാർശ്വഫലങ്ങളുണ്ടാക്കുന്നതും നമ്മുടെ പാരമ്പര്യത്തിന് നിരക്കാത്തതുമായ പലതുമുണ്ടല്ലോ? അതുകൊണ്ട് നമ്മുടെ ആശുപത്രികളെല്ലാം ഘട്ടംഘട്ടമായി ആയുർവേദ ആശുപത്രികളോ അല്ലെങ്കിൽ ഹോമിയോപ്പതി ആശുപത്രികളോ ആക്കി മാറ്റണമെന്ന് വാദിക്കാൻ കഴിയുമോ? ഇതുതന്നെയാണ് ജൈവകൃഷിപോലുള്ള ബദലുകളുടെയും സ്ഥിതി.

കേരളം 2016ൽ സമ്പൂർണ്ണ ജൈവ കൃഷിയിലേക്ക് മാറിയെന്നു വെക്കുക. നമ്മുടെ നിത്യോപയോഗ സാധനങ്ങളായ ഗോതമ്പ്, പഞ്ചസാര, ഉരുളക്കിഴങ്ങ്, സവോള, ചെറിയ ഉള്ളി, കടുക്, ജീരകം, മുളക്, മല്ലി,

ഉഴുന്ന്, തുവരപരിപ്പ്, പയർ, നിലക്കടല, ചെറുകടല എന്നിവ പൂർണ്ണമായും അരി, പാല്, മുട്ട, മാംസം, പച്ചക്കറികൾ എന്നിവ ഭാഗികമായും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്. ഇവയും കൂടി ജൈവമാക്കേണ്ടതല്ലേ? ഇത് എങ്ങനെയാണു സാധിക്കുക? മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ആപ്പിൾ, മുന്തിരി, ഓറഞ്ച്, തക്കാളി, ശീതകാല പച്ചക്കറികൾ എന്നിവയൊക്കെ വേണ്ടെന്നു വെക്കാനാകുമോ? കേരളത്തെ അനുകരിച്ച് മറ്റുള്ളവരും പൂർണ്ണമായി ജൈവ കൃഷിയിലേക്ക് പോയാൽ നമ്മുടെ ഭക്ഷ്യസുരക്ഷയുടെ ഗതിയെന്താവും? മറ്റു സംസ്ഥാനക്കാർ ഉത്പാദിപ്പിക്കുന്ന ഇവയൊക്കെ മൂക്കുമുട്ടെ തിന്ന് അവരെ ചീത്ത പറയാൻ മലയാളികൾ ഒട്ടും ലജ്ജിക്കാറില്ല. ജൈവ രീതിയിൽ അരി, ഗോതമ്പ്, മറ്റു ധാന്യങ്ങൾ, പയർവർഗങ്ങൾ എന്നിവ ഉത്പാദിപ്പിച്ചാൽ മാത്രം പോര, ജൈവരീതിയിൽ തന്നെ രണ്ടു മൂന്നു വർഷത്തേക്ക് ബഫർ സ്റ്റോക്ക് ആയി സൂക്ഷിക്കുകയും വേണം! നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഒരു പ്രധാനകണ്ണിയാണ് ഈ ബഫർസ്റ്റോക്ക്; അതു മറക്കണ്ട!

ഇനി ജനസംഖ്യയുമായി ബന്ധപ്പെട്ട കുറച്ചു വസ്തുതകൾ. 1901ൽ 23.8 കോടി മാത്രമായിരുന്നു ഇന്ത്യയിലെ ജനസംഖ്യ. 1961 ൽ ഇത് 43.9 കോടിയായി. 2001 ൽ കേവലം 40 വർഷംകൊണ്ട്, ജനങ്ങളുടെ എണ്ണം 102.7 കോടിയായി; ഏകദേശം രണ്ടര ഇരട്ടി വർദ്ധന! 2011 ലെ സെൻസസ് പ്രകാരം 121 കോടിയിലെത്തി നിൽക്കുന്നു (2015 ലെ മതിപ്പ് പ്രകാരം 129 കോടിയാണ്!). ഇന്ത്യയിലെ ജനപെരുപ്പത്തിന്റെ തോത് 1.34% ആണ്. ഇപ്പോൾ ജനസംഖ്യയിൽ ഒന്നാമത് നിൽക്കുന്ന ചൈനയെ പിന്തള്ളി ഇന്ത്യൻ ജനസംഖ്യ 2050 ൽ 162 കോടിയാവുമെന്നാണ് വിലയിരുത്തൽ (ചൈനയുടെ ജനസംഖ്യ 130 കോടിയിൽ നില്ക്കും). ഇന്ത്യക്ക് ഈ ലോകത്തുള്ള കരഭൂമിയുടെ 2.45 ശതമാനം ഭൂമി മാത്രമാണു സ്വന്തമായുള്ളത്. ഈ ഭൂമിയിൽ വെച്ച് ലോകത്തുള്ള 17 ശതമാനം ജനങ്ങളുടെയും 15 ശതമാനം കന്നുകാലികളുടെയും കാര്യം നോക്കണം. അമേരിക്കൻ ഐക്യനാടുകളുടെ ജനസംഖ്യയുമായി ഒരു താരതമ്യം നല്ലതാണ്. അവരുടെ ജനസംഖ്യയിൽ നേരിയ വർദ്ധനവേ പ്രതീക്ഷിക്കുന്നുള്ളൂ. ഇപ്പോഴത്തെ 32 കോടി 40 കോടിയാവും. ഈ ലോകത്തുള്ള കരഭൂമിയുടെ 7.0 ശതമാനം അമേരിക്കയുടെ കയ്യിലുണ്ടെന്നുള്ള കാര്യം ഓർക്കുക. ഇതുവെച്ചു അവർക്ക് ലോകജനസംഖ്യയുടെ 4.0 ശതമാനം ജനങ്ങളുടെ കാര്യം മാത്രം നോക്കിയാൽ മതി. അതായത്, അമേരിക്ക ഭാവിയിലും വൻശക്തിയായി തുടരും!

ഇന്ത്യയിൽ ഇപ്പോൾ 141 ദശലക്ഷം ഹെക്ടറിലാണ് കൃഷി. അത് അടുത്ത 30-40 വർഷം കൊണ്ട് 100 ദശലക്ഷം ഹെക്ടറായി കുറയുമെന്നാണ് വിലയിരുത്തുന്നത്. ആളോഹരി കൃഷിഭൂമി ഇപ്പോൾതന്നെ 0.11 ഹെക്ടർ (0.28 ഏക്കർ) മാത്രമാണുള്ളത്. ഇത് 2050ഓടെ 0.06 ഹെക്ടർ (0.15 ഏക്കർ) ആയി കുറയുമെന്നത് തീർച്ചയായും നമ്മെ പ്രതിസന്ധിയിലാക്കും. ആധുനിക കൃഷിരീതികളെ കുറ്റം പറഞ്ഞു ജൈവ കൃഷി പോലുള്ള ബദലുകളുമായി നടക്കുന്നവർ ഇത് വല്ലതും ശ്രദ്ധിക്കുന്നുണ്ടോ ആവോ?

കാർഷികരംഗത്തെ യഥാർത്ഥപ്രശ്നങ്ങൾ എന്താണെന്നു മനസ്സിലാക്കാനോ പരിഹാരങ്ങൾ നിർദ്ദേശിക്കാനോ കാര്യമായ ശ്രമങ്ങൾ നടക്കുന്നില്ല. ചെറുകിട കർഷകർക്ക് കൃഷി കൊണ്ട് മാത്രം ജീവിക്കാനാവുന്നില്ല, കൂടുതൽ കൂടുതൽ ആളുകൾ കൃഷി ഉപേക്ഷിച്ച് പോവുന്നു. കർഷകന്റെ യഥാർത്ഥ പ്രശ്നം ആഗോളവത്ക്കരണ, ഉദാരവത്ക്കരണ നയങ്ങളും, വിപണിയുമാണെന്നിരിക്കെ ആധുനിക കൃഷിക്കെതിരെ സാധാരണ കർഷകരെ ഇളക്കിവിട്ട് ബദലുകളുടെ പുകമറ സൃഷ്ടിക്കുകയാണ് ധനികരാഷ്ട്രങ്ങളും അവരുടെ പിന്നണിയാളുകളും. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് മോഹവലയത്തിലാക്കുന്ന ഇത്തരം പ്രവണതകൾക്ക് പിന്നിൽ ആസൂത്രിതമായ ഗൂഢലക്ഷ്യങ്ങളുണ്ടെന്ന് സംശയിക്കണം. ആധുനിക കൃഷിയിലൂടെയും ഹരിത വിപ്ലവത്തിലൂടെയും ഭക്ഷ്യധാന്യ ഉത്പാദനം വർദ്ധിച്ചതുകൊണ്ട് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളുടെ വാഹക ശേഷി കൃത്രിമമായി കൂടി. പക്ഷേ, ഇങ്ങനെകൃത്രിമമായി വാഹകശേഷി കൂടുന്നത് അവിടുത്തെ സ്വാഭാവിക വിഭവങ്ങളുടെ അടിത്തറ തകർക്കും. ഇത് ഭാവിയിൽ ഇപ്പോൾ സ്വാഭാവിക വാഹക ശേഷിക്കുള്ളിൽ മാത്രം നിൽക്കുന്ന മുതലാളിത്ത രാജ്യങ്ങളെ ബാധിക്കും. ഒരുവിധം എല്ലാ മുതലാളിത്ത രാജ്യങ്ങളും വാഹക ശേഷിക്കുള്ളിൽ തന്നെയാണ്. കൃത്രിമ വാഹക ശേഷിയുമായി നിൽക്കുന്ന മൂന്നാം ലോകരാജ്യങ്ങളെ ഇവർ ഭയപ്പെടുന്നത് സ്വാഭാവികം മാത്രം! കാർഷികരംഗത്തെ മുതലാളിത്ത ചൂഷണത്തിനെതിരാണെന്ന മട്ടിലാണ് ചിലരുടെ പടപ്പുറപ്പാട്! കാര്യമെന്തായാലും ഒരു വിഭാഗം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ഇവർക്ക് സാധിക്കുന്നുണ്ട്. ലാഭം മാത്രം ലക്ഷ്യമിട്ട് കൃഷിയും മറ്റ് അനുബന്ധ വ്യവസായങ്ങളും നടത്തുന്ന വൻകിട കുത്തകകൾക്കും മുതലാളിത്ത രാഷ്ട്രങ്ങൾക്കും ഒരു പോറൽ പോലും ഏൽക്കുകയുമില്ല. ആരോഗ്യരംഗത്തുള്ള അശാസ്ത്രീയതകളുടെ പിന്നിലും ഇതേപോലുള്ള ഗൂഢലക്ഷ്യങ്ങളുണ്ടെന്ന് നിസ്സംശയം പറയാം. ഇത്തരം പിന്തിരിപ്പൻ അവകാശവാദങ്ങളെ ശാസ്ത്രവും യുക്തിയുമുപയോഗിച്ച് വിശകലനം ചെയ്യുകയും തള്ളേണ്ടത് തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുകയാണ് ഇവയെ പ്രതിരോധിക്കാനുള്ള ഫലപ്രദമായ നടപടി. ■

# a rainy day



Hubaib Hassan C
Taurus'14

I don't remember exactly when I met her for the first time. All I could dust out from those black and white memories is that it was a rainy day. It was the first day in our college. And I could see multitudes of nervous and shy students all along the verandahs and corridors, busy with their admission procedures. Lazy and careless as ever, without any umbrella or anything to shield me from the unstoppable but otherwise comfortable rain, I rushed towards the academic block. And there she was, beside the Principal's room with her father. Her beautiful round eyes were adorned by an old fashioned spec. She wore a radiant blue salwar kameez and dupatta. I don't know when I fell in love with her, but little did I know that she would soon become the woman of my life.

As the pendulum of semester life began, clock began ticking faster with assignments, projects and presentations. We were very busy from the day one. Cultural, arts and sports programmes came like grand feasts amidst our tight schedule.

I don't remember when I talked to her for the first time. It might be asking for a pencil, or asking a doubt or asking the way to staff room. As days rolled on we became close friends. We began to interact more frequently and every time we talked, I began liking her more. She was more than a pretty face. She performed well in academics and was an active and lively girl all through the years I have known her. If anyone ever asked me to describe her in one word, I would say she is 'formidable'. Her very smile brought butterflies in my stomach. Slowly and lucidly, I fell in love with her and the arrow of cupid has struck me hard.

It was in the third year of my graduation that I was given the chairmanship to host the arts fest of our college. I conducted the event with pomp and splendour and all through my endeavor she was there to support me. I was quite happy that she found a candid friend in me. I slowly learned that her parents died in a car crash when she was 5 years old. And now she lived with her uncle(whom I mistook as her father on the first day), an alcoholic who constantly abused her for no reason. She was just a reflection of myself – destined to be alone and deprived. As an orphan I have endured difficulties more than anyone of my age. I knew what it would be like not to have enough food for a day. But deep inside me there was a rebel. I was very diligent and consciencious. It was my desire to become someone great in life, to earn a good job, to be someone respectful in life that has so far driven me against the enigmas of life. And then she happened. She gave wings to my dream and I couldn't lose her.

It was the twilight of our graduation, and all our batch mates were busy with their placement jobs, interviews and higher studies. It was on a rainy day that I proposed her. I could still remember her demure smile and that coughed 'yes' that triggered electric waves across my spine.

All hell broke loose once when her relatives came to know our affair. I went to her house and tried to settle things out, but her uncle was very cross over relationship. They didn't want her to marry an orphan and she refused to live with her wayward uncle. Finally, with no other option left, we decided to elope together. One night, I called her out from her house in front of her uncle. There was a big row, but finally, they acquiesced before our adamancy.

Our marriage was a simple function. A covenant was signed in the register office in the presence of our friends and few of her relatives who knew me and who supported us all along. By that time I had got a job as an account's officer in a bank. We shifted to the office quarter's and life began to roll on.

Those were the most beautiful days of my life. She was the perfect mate for me. She understood me from alpha to omega. She knew my likes and dislikes. She supported me, she loved me. She was my wife and through her I learned the unfailing quality of unconditional love. I was in my office when I got the phone call informing me that she was pregnant. I was overjoyed beyond anything and I still remember that I almost knocked my office desk down out of joy.

I still remember the last day I saw her. She was in the operation theatre. She looked weary and tired. Birth pang had exhausted her.She looked very pale. The doctor had informed me that she was diagnosed with a rare form of placenta cancer and an immediate operation was indispensable.

'Cancer is in the terminal stage. She won't survive. But the baby will' doctor has said to me then.

I was devastated. I couldn't think of a life without her. I felt lost. Few minutes before the operation, I sat near her in the hospital cot and she took my hands in hers. She didn't show any sign of distress or discomfort but when I looked into her beautiful round eyes, I could see the pain in her eyes.

'Take care of our child' was all that she said to me. She drove my face towards her and kissed me in the forehead. Tears started to roll down my cheek and for the first time in ages I felt lonely again.

After some hours which seemed like eternity, the doctor laid our child in my arms and told that she was gone; grief absorbed me like anything. The grief of separation was unbearable. As I left the hospital and looked at the night sky with the baby in my arm, rain was drizzling down, just like the one it rained on the first day I saw her. ■

# കൈകോർക്കാം രാഷ്ട്രീയത്തിനും മതത്തിനുമപ്പുറം



Reshma S Nair
Taurus'14

ഭാരതം ... വൈവിധ്യങ്ങളുടെ ദേശം, നാനാവിധ മതസ്ഥർ, പല ഭാഷകളും ആചാരങ്ങളും രാഷ്ട്രീയ -മത ചിന്തകളും വെച്ചു പുലർത്തുന്ന നൂറ്റിമുപ്പതു കോടിയിൽപ്പരം വരുന്ന ഒരു ജനസമൂഹം. ഉത്തരഭാഗത്ത് തലയുയർത്തി നിൽക്കുന്ന ഹിമാലയ പർവ്വതം, ദക്ഷിണഭാഗത്ത് ഒരു ജനതയുടെ മുഴുവൻ സ്വപ്നങ്ങൾ നുരയുന്ന ഇന്ത്യൻ മഹാസമുദ്രം, കിഴക്കും പടിഞ്ഞാറുമുള്ള വിഭിന്ന ദേശങ്ങളുമായി അതിർത്തി. വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തിലും ത്രിവർണ്ണ പതാകയുടെ കീഴിൽ ഒത്തുകൈകോർക്കുന്ന ഇന്ത്യൻ ജനത.


ഇന്ത്യൻ ഭരണവ്യവസ്ഥയുടെ അടിസ്ഥാനശിലയായ ഭരണഘടനയുടെ അനുശാസനത്തിൽ "ഭാരതം ഒരു പരമാധികാര,സ്വതന്ത്ര്യ, ജനാധിപത്യ, മത നിരപേക്ഷ റിപ്പബ്ലിക് ആണ്.' ഭരണഘടന നമുക്ക് പൂർണ്ണ പൗരസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. "നാനാത്വത്തിൽ ഏകത്വം പുലർത്തുന്ന രാജ്യം."-ലോക ജനത നമ്മെ നോക്കിക്കാണുന്നത് ഇത്തരത്തിലാണ്. എന്നാൽ ഇത് എത്രത്തോളം വാസ്തവമാണ്? സങ്കീർണമായതും തെല്ലൊന്നു ചിന്തിപ്പിക്കുന്നതുമായ ചോദ്യം. ഹിന്ദു, ഇസ്ലാം, ക്രിസ്തു, സിഖ്, ബുദ്ധിസം, ജൈനിസം തുടങ്ങി നിരവധി മതങ്ങൾ. ഇവയെല്ലാം എത്തിച്ചേരുന്നത് ഈശ്വരനിലേക്ക്, മോക്ഷത്തിലേക്ക്, നന്മയിലേക്കുള്ള വഴിയിൽ. എന്നിട്ടും ജനങ്ങൾ തമ്മിലടിക്കുന്നു.... കലഹിക്കുന്നു... സ്വാതന്ത്ര്യത്തിന്റെ ഈ ഏഴാം ദശകത്തിൽ ഭാരതീയന്റെ ഉള്ളിൽ അടക്കിപ്പിടിച്ച തീവ്രമതവികാരം അതിന്റെ അതിർവരമ്പുകളെല്ലാം ലംഘിക്കുന്നു.

ഒരു നാടിനെസംബന്ധിച്ചിടത്തോളം അതിന്റെ ഉന്നമനത്തിന് രാഷ്ട്രീയ പാർട്ടികൾ അത്യന്താപേക്ഷിതമാണ്. ബ്രിട്ടീഷ് സ്വേച്ഛാധിപത്യത്തിന്റെ കറുത്ത കരങ്ങളിൽ നിന്നും ഇന്ത്യൻ ജനതയുടെ മോചനം- പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ രൂപം കൊണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലക്ഷ്യം അതായിരുന്നു.

മഹാത്മഗാന്ധി, ജവഹർലാൽ നെഹ്റു, ഗോപാല കൃഷ്ണ ഗോഖലെ, ബാലഗംഗാതര തിലക് എന്നിങ്ങനെഅനേകായിരം ദേശസ്നേഹികളുടെ നേതൃത്വത്തിൽ 1947ൽ നാം സ്വാതന്ത്ര്യം നേടിയെടുത്തു. ജനതയുടെ വിശ്വാസത്തിന്റെയും ആദർശങ്ങളുടെയും ഫലമായി നിരവധി പാർട്ടികൾ രൂപം കൊണ്ടു. മനുഷ്യന്റെ മൗലികാവകാശങ്ങൾക്ക് പൂർണസ്വാതന്ത്ര്യം നൽകുന്ന നമ്മുടെ രാജ്യത്ത് ഭരണവ്യവസ്ഥയുടെ ഉന്നമനത്തിനായി രൂപംകൊണ്ട രാഷ്ട്രീയ പാർട്ടികളുടെ ഇന്നത്തെ അവസ്ഥ എന്താണ്? നേതാക്കന്മാരും അനുയായികളും അവരുടെ പേരിനും പ്രശസ്തിക്കും വേണ്ടി സാധാരണ പൗരന്മാരുടെ ഉൾചിന്തകളെ തെറ്റായി വ്യാഖ്യാനിക്കുന്നു, വളച്ചൊടിക്കുന്നു, അവരെ ശത്രുക്കളാക്കുന്നു. മതം, വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നിവ ഈ കലഹങ്ങൾക്കുള്ള ആയുധങ്ങളായി തിരഞ്ഞെടുക്കപ്പെടുന്നു.

1905 ലെ ബംഗാൾ വിഭജനവും ഇന്ത്യ-പാക് വിഭജനവുമെല്ലാം സാധാരണ ജനങ്ങളിലുണ്ടാക്കിയ ആഘാതം വളരെ വലുതായിരുന്നു. സ്വാതന്ത്ര്യം ലഭിച്ച നാളുകളിൽ ഒരു ജനവിഭാഗം അതിന്റെ മാധുര്യം നുകരുമ്പോൾ ഒരു വിഭാഗം വിഭജനത്തിന്റെ കയ്പേറിയ ദുഃഖം പേറുകയായിരുന്നു. സ്വാതന്ത്ര്യാനന്തരം, ഒരു കൂട്ടം ജനങ്ങളിൽ ഗാന്ധിജി ഹിന്ദുത്വത്തിന്റെ വക്താവായി മുദ്രകുത്തപ്പെട്ടു. തന്റെ ജീവിതത്തിലുടനീളം എല്ലാ മതങ്ങളെക്കുറിച്ച് പഠിക്കുകയും വിശ്വസിക്കുകയും ബഹുമാനിക്കുകയും ചെയ്ത അദ്ദേഹത്തെ ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ അന്തകനായി വിലയിരുത്തി. തത്ഫലമായി 1948 ജനുവരി 30ന് പ്രാർത്ഥനായോഗത്തിനുശേഷം ബിർള മന്ദിരത്തിൽ നിന്നും പുറത്തുവന്ന അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് നാഥുറാം വിനായക് ഗോഡ്സെ നിറയൊഴിച്ചു. “ഹേ റാം... ”, ഭാരതീയ ജനതയെ കണ്ണീരിലാഴ്ത്തി ആ ദിവ്യനക്ഷത്രം പൊലിഞ്ഞുപോയി.

നാളുകൾ പിന്നിട്ടു... കലാപങ്ങളും അക്രമങ്ങളും ഭാരതത്തിലുടനീളം നടമാടിക്കൊണ്ടിരുന്നു. അമൃത്സറിലെ സുവർണക്ഷേത്രത്തിൽ ആയുധങ്ങൾ ഒളിപ്പിച്ചതിന്റെ വാർത്തകൾ, സമാധാനസംരക്ഷണത്തിനായി നടത്തിയ ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ തിക്തഫലമായി ഭാരതത്തിന്റെ ഉരുക്കുവനിതയായ ഇന്ദിരാഗാന്ധിയെ നഷ്ടപ്പെട്ടു. അയോദ്ധ്യയിൽ രാമക്ഷേത്രത്തിനായുള്ള കോലാഹലങ്ങൾ-ആർക്കുമാർക്കും പ്രയോജനമില്ലാത്ത രാഷ്ട്രീയക്കളിയാട്ടങ്ങൾ. രാഷ്ട്രത്തിന്റെ അഖണ്ഡതയും ക്രമസമാധാനവും ,നഷ്ടപ്പെടുത്തുകയും ജനങ്ങളിൽ ഭീതിപടർത്തുകയും ചെയ്യുന്ന വാർത്തകൾ. അറിവും ജ്ഞാനവും ഉറയ്ക്കാത്ത പിഞ്ചുപൈതങ്ങളുടെ




കണ്ണുകളിൽ പോലും ഭീതിയുടെ കരിനിഴൽ, പ്രിയപ്പെട്ടവരുടെ വേർപാടിൽ വിതുമ്പുന്ന അമ്മമാർ, ഭാര്യമാർ, സഹോദരങ്ങൾ... എവിടെയും ദുഃഖം മാത്രം.

ലോകത്തിന്റെ മറ്റുഭാഗങ്ങളിലെ കാഴ്ചകളും ഇതിൽ നിന്ന് ഭിന്നമല്ല. പാലസ്തീനിലും,സിറിയയിലും, ഇസ്രായേലിലും നടക്കുന്ന ആഭ്യന്തരകലാപങ്ങൾ- മതരാഷ്ട്രീയ വർണ വർഗ്ഗീയതയുടെ ഭീകരമായ മറ്റൊരു മുഖം. ഇവ മൂലം ഭവനരഹിതരായവരോടും ബന്ധുക്കൾ നഷ്ടപ്പെട്ടവരോടും എന്തുത്തരം നൽകാൻ? ആര് ഉത്തരം പറയാൻ? ആരുമില്ല!! ലോകജനതയുടെ നന്മയ്ക്കും ഉന്നമനത്തിനും വേണ്ടി രൂപംകൊണ്ട രാഷ്ട്രീയം അവരുടെ ഐക്യത്തെയും സമാധാനത്തെയും കാർന്നുതിന്നുന്ന കാൻസറായി മാറിയാൽ, മോചനം തികച്ചും ദുഃസ്സഹം തന്നെ.

ഈ പ്രശ്നങ്ങൾക്കൊക്കെ ഒരു പരിധിവരെ തീർപ്പു കൽപ്പിക്കാനും അവ ഒഴിവാക്കാനുമുള്ള ഉത്തരവാദിത്വം നമുക്കാണ്-ഈ നാട്ടിലെ യുവജനതയ്ക്ക്. ഒരു മതത്തിൽ വിശ്വസിക്കുക എന്നതുപോലെ, വിശ്വസിക്കാതിരിക്കാനുമുള്ള ഒരുവന്റെ സ്വാതന്ത്ര്യത്തെ മാനിക്കാനുള്ള സഹിഷ്ണുതയും നമുക്കാവശ്യമാണ്. ഒന്നോർക്കുക... ഹിന്ദുവും മുസൽമാനും തോളുരുമ്മി കഴിഞ്ഞ രാമേശ്വരത്ത് ജീവിച്ച ഡോ. കലാമിന്റെ നാടാണിത്. രാമായണവും ബൈബിളും ഖുർ-ആനും ഉപനിഷത്തുകളും വിവിധ ആചാരാനുഷ്ഠാനങ്ങളും ഒന്നിച്ച് നിലനില്ക്കുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്ന ആർഷഭാരതം. മതസഹിഷ്ണുതയിലൂടെയും പരസ്പര ബഹുമാനത്തിലൂടെയും വിട്ടുവീഴ്ചകളിലൂടെയും മാത്രമേ നാനാത്വത്തിൽ ഏകത്വം പുലർത്താൻ നമുക്ക് സാധിക്കുകയുള്ളൂ.

■




# മൂന്നാം ലിംഗക്കാരും മനുഷ്യരല്ലേ?



Selva V P
Taurus'14

ഇന്ത്യൻ ഭരണഘടനയിൽ രാജ്യത്തെ എല്ലാ പൗരന്മാർക്കും ബാധകമാകുന്ന ഒരുപാട് അവകാശങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ഈ അവകാശങ്ങളെല്ലാം ഉറപ്പുവരുത്താനും, അവകാശലംഘനങ്ങൾ തടയാനും ഭരണകൂടങ്ങളും കോടതിയുമെല്ലാം കഴിവതും ശ്രമിക്കുന്നുണ്ട്. അവകാശങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് സമത്വം എന്നത്. സമൂഹത്തിന്റെ എല്ലാ നിലയിലുള്ളവരും

ഭരണഘടന അനുശാസിക്കുന്ന നിയമങ്ങളും കടമകളും ഒരുപോലെ പാലിക്കേണ്ടവരാണ്. പലപ്പോഴും ഈ സമത്വത്തിന് വിള്ളൽ വരുമ്പോൾ സമൂഹത്തിൽ സംഘർഷാവസ്ഥയും അരക്ഷിതത്വവും ഉടലെടുക്കുന്നു. സ്ത്രീ പുരുഷ സമത്വം എന്നത് വളരെ അധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. സ്ത്രീകളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഒരുപാട് സംഘടനകളും സംരംഭങ്ങളും മുന്നിട്ടിറങ്ങിയിട്ടുമുണ്ട്. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യസ്ഥാനം ലഭിക്കണമെന്ന ലക്ഷ്യത്തോടെയാണല്ലോ ഫെമിനിസം വരെ രൂപം കൊണ്ടത്. ഇവിടെയെല്ലാം നാം മറന്നുപോകുന്ന, ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന സമൂഹത്തിൽ പലപ്പോഴും അപമാനിതരായി ജീവിക്കുന്ന ഒരു കൂട്ടം മനുഷ്യരുണ്ട്. ഭിന്ന ലൈംഗിക വ്യക്തിത്വത്തിനുടമകളായ ട്രാൻസ്ജെൻഡറുകൾ. ആൺ പെൺ എന്ന പരമ്പരാഗത ലിംഗ സങ്കൽപങ്ങളിൽപ്പെടാത്ത ഇവർ കടുത്ത മനുഷ്യാവകാശ ലംഘനങ്ങളാണ് നേരിടുന്നത്. നമ്മുടെ നാട്ടിൽ അങ്ങനെയുള്ളവരുണ്ടോ എന്ന സംശയം ഒരു പക്ഷേ ഉടലെടുക്കാം. കാരണം പൊതുസമൂഹത്തിൽ അധികമൊന്നും ഇത്തരം ആളുകളെ നാം കാണാറില്ല. ഇവിടെ അവർ നേരിടുന്ന അരക്ഷിതാവസ്ഥയാണിതിന് കാരണം. കേരളം അവർക്കൊരു സുരക്ഷിതസ്ഥലമല്ല എന്നാണ് മൂന്നാം ലിംഗക്കാരുടെ സംഘടനയായ സഹോദരി മൂവ്മെന്റിന്റെ നേതാവായ കൽക്കി സുബ്രഹ്മണ്യത്തിന്റെ അഭിപ്രായം. കേരളം ഒരു പുരോഗമനസംസ്ഥാനമാണെന്ന കൽക്കിയുടെ ധാരണ മാറാനിടയായത് അവർ സംഘടനയുടെ പരിപാടിക്കായി ഇവിടെ വന്നപ്പോഴാണ്. ബസ്സിനായി കാത്തുനിൽക്കുമ്പോൾ വഴിപോക്കരുടെ അശ്ലീലവാക്കുകളും രൂക്ഷനോട്ടങ്ങളും അവർക്ക് നേരിടേണ്ടി വന്നു. വിദ്യാഭ്യാസവും മാനവികതയും തമ്മിൽ യാതൊരു ബന്ധവുമില്ല എന്ന് മനസ്സിൽ തോന്നിയത് അന്നാണ് എന്നവർ വേദനയോടെ പറയുന്നു.

വായനയും വിജ്ഞാനവുമാണ് ഒരാളെ മനുഷ്യനാക്കുന്നത് എന്നൊക്കെ നാം പറയാറുണ്ട്. വിജ്ഞാനത്തിലൂടെ നാം ആർജിച്ചെടുക്കുന്ന തിരിച്ചറിവും ബോധവുമെല്ലാം മനുഷ്യനന്മക്കായി ഉപയോഗപ്പെടുത്താനും സാമൂഹികതിന്മകൾക്കെതിരെ പോരാടാനും നമ്മെ പ്രാപ്തരാക്കുന്നു. ധാർമ്മിക മൂല്യങ്ങളും സാഹോദര്യവും സംരക്ഷിക്കുന്നതിനായി മുറവിളി കൂട്ടുന്ന സമൂഹം തന്നെ ഈ ലൈംഗിക ന്യൂനപക്ഷങ്ങളെ നിന്ദിക്കുകയും ആട്ടിയോടിക്കുകയും ചെയ്യുന്നു എന്നത് വിരോധാഭാസം തന്നെയാണ്. നമ്മുടെ സംസ്ഥാനത്തെ ട്രാൻസ്ജെൻഡറുകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. സംസ്ഥാനസാമൂഹികക്ഷേമ വകുപ്പ് കേരളത്തിലെ ട്രാൻസ്ജെൻഡറുകളിൽ നടത്തിയ പഠനത്തിൽ പകുതിയിലധികം പേരുടെയും ലൈംഗിക വ്യക്തിത്വം സ്വന്തം വീട്ടികാർക്കുപോലും അറിയില്ല എന്ന ഞെട്ടിപ്പിക്കുന്ന വസ്തുതയാണ് കണ്ടെത്തപ്പെട്ടിട്ടുള്ളത്. സ്വത്വം വെളിപ്പെടുത്തിയാൽ നേരിട്ടേക്കാവുന്ന അപമാനവും അരക്ഷിതാവസ്ഥയും ഭയന്നാണിത്. സ്വന്തം വീട്ടിലും നാട്ടിലും അവഹേളനം മാത്രം നേരിടുന്നതുകൊണ്ടു തന്നെ അധികം പേരും ബാംഗ്ലൂർ,ഹൈദരാബാദ്,ഡൽഹി പോലുള്ള സ്ഥലങ്ങളിലേക്ക് ചേക്കേറുന്നു. കുട്ടിക്കാലത്ത് എല്ലാവരേയും പോലെ സമാധാനാന്തരീക്ഷത്തിൽ ജീവിക്കുകയും ഉയരങ്ങൾ സ്വപ്നം കാണുകയും ചെയ്യുന്ന ഇവർ വളർന്നു വരികയും മൂന്നാംലിംഗമാണെന്ന് തിരിച്ചറിയപ്പെടുകയും ചെയ്യുമ്പോൾ ബന്ധുക്കൾ പോലും ശത്രുക്കളെ പോലെ പെരുമാറുകയും വീട്ടിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയൊരാൾ വീട്ടിൽ ഉണ്ടാവുക എന്നത് അപമാനവും ദുശ്ശകുനവുമായാണ് പലരും കണക്കാക്കുന്നത്. സമ്പൂർണ്ണ സാക്ഷരസമൂഹമാണെന്ന് വീമ്പിളക്കുകയും അത്യാധുനിക സൗകര്യങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും വേണ്ടി നെട്ടോട്ടമോടുകയും ചെയ്യുന്നതിനിടയിൽ, സാധാരണ ജീവിതം നയിക്കുവാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട മനുഷ്യരെക്കുറിച്ച് ആലോചിക്കാൻ എവിടെയാണ് സമയം? പൊതുസ്ഥലങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഇവർക്ക് പരിഹാസങ്ങളും കുത്തുവാക്കുകളുമാണ് നേരിടേണ്ടി വരുന്നത്. അതുകൊണ്ടു തന്നെ കേരളത്തിലുള്ള ട്രാൻസ്ജെൻഡറുകളിൽ പകുതിയോളം പേർക്കു മാത്രമേ പ്രാഥമികവിദ്യാഭ്യാസം പൂർത്തീയാക്കാനിയിട്ടുള്ളു. 55 ശതമാനം പേർ മാത്രമേ പത്താംക്ലാസ് പൂർത്തീകരിച്ചിട്ടുള്ളൂ. പ്ലസ്ടു വരെ എത്തുന്നവർ വെറും 19 ശതമാനവും. ഒരു നല്ല ജോലി നേടുന്നതിന് ഈ വിദ്യാഭ്യാസക്കുറവ് വലിയൊരു തടസ്സമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇവർക്കനുകൂലമായ ഒരു സാഹചര്യമില്ലെന്നതാണ് ഇതിന്റെയെല്ലാം കാരണം. സഹപാഠികളും അദ്ധ്യാപകർപോലും ഇവരുടെ ഈ ഭിന്നസ്വഭാവത്തെ ചൂഷണം ചെയ്യുകയും അവരെ പീഡിപ്പിക്കുകയും ചെയ്യുന്നു. വീട്ടിലും നാട്ടിലും പരിഹാസപാത്രമാകുന്ന ഇവരെ സമാധാനിപ്പിക്കുകയും പ്രചോദനം നൽകുകയും ചെയ്യേണ്ട അധ്യാപകർ പോലും കൈവിടുമ്പോൾ പഠനം ഉപേക്ഷിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലാതാകുന്നു. ജോലിസ്ഥലങ്ങളിലെയും അവസ്ഥ മറിച്ചല്ല. ട്രാൻസ്ജെൻഡറുകൾക്ക് ജോലി കൊടുക്കരുതെന്ന

നിയമമുള്ളതുപോലെയാണ് പലരുടെയും നിലപാട്. സ്വത്വം തിരിച്ചറിഞ്ഞാലുടനെ ജോലിയിൽ നിന്ന് പിരിച്ചുവിടുന്നു.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദത്തിൽ ഇന്ത്യൻ പൗരൻ എന്ന നിർവചനത്തിൽ സ്ത്രീപുരുഷൻ എന്നല്ല വ്യക്തി എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ടു തന്നെ ഭരണഘടന ഉറപ്പുനൽകുന്ന എല്ലാ മൗലികാവകാശങ്ങളും ട്രാൻസ്ജെൻഡറുകൾക്കും ലഭിക്കേണ്ടതാണ്. എല്ലാ മേഖലകളിലും തുല്യതയ്ക്കുള്ള വ്യവസ്ഥകൾ ഇവരുടെ കാര്യത്തിൽ കാറ്റിൽ പറത്തപ്പെടുകയാണ്. മൂന്നാം ലിംഗക്കാരാണെന്നതിന്റെ പേരിൽ ജോലി നിഷേധിക്കുന്നതിനെതിരെ ഇവർക്ക് നിയമപരിരക്ഷ ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഇവർക്ക് ആത്മാഭിമാനത്തോടെ ജീവിക്കാൻ നിയമപരിരക്ഷയോടൊപ്പം തന്നെ സമൂഹത്തിന് ബോധവത്ക്കരണവും ട്രാൻസ് ജെൻഡറുകളെക്കുറിച്ചുള്ള അടിസ്ഥാനവിദ്യാഭ്യാസം വിദ്യാലയങ്ങളിലൂടെ നൽകുകയും വേണം. വിദ്യാലയങ്ങളിൽ തന്നെ ആൺ, പെൺ എന്നീ കോളങ്ങൾ കൂടാതെ ട്രാൻസ്ജെൻഡർ എന്ന ഒരു കോളം കൂടി ഉണ്ടെങ്കിൽ അത്തരം കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുവാനും അവർക്കാവശ്യമായ മാനസിക പിന്തുണ നൽകുവാനും അധ്യാപകർക്ക് സാധിക്കും. ഇതിനായി അധ്യാപകർക്കും പ്രത്യേക ബോധവത്ക്കരണം ആവശ്യമാണ്. ഇത്തരം നടപടികൾ സ്വീകരിക്കുക വഴി ഇവരുടെ കഷ്ടതകൾ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും.

സ്ത്രീസുരക്ഷ ഉറപ്പാക്കാനായും സ്ത്രീകളെ എല്ലാ മേഖലകളിലും ഉയർത്തികൊണ്ടുവരുന്നതിനും നിയമങ്ങളും നടപടികളും സ്വീകരിക്കുകയും സംവരണങ്ങളും ആനുകൂല്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യുമ്പോഴും ട്രാൻസ് ജെൻഡറുകൾക്ക് യാതൊരുവിധ പരിഗണനയും ലഭിക്കാതെ പോകുന്നു. സിനിമകളിൽ പോലും ഇവരെ നെഗറ്റീവായിട്ടുള്ള കഥാപാത്രങ്ങളായാണ് ചിത്രീകരിക്കുന്നത്. ട്രാൻസ്ജെൻഡറുകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും അവരുടെ ഇരുണ്ട ജീവിതങ്ങൾ പ്രകാശപൂരിതമാക്കുവാനുമായി അവരിൽ നിന്ന് തന്നെ ഏതാനും സംഘടനകൾ ഉയർന്നു വന്നിട്ടുണ്ട്. സഹോദരി ഫൗണ്ടേഷൻ അങ്ങനെയൊന്നാണ്. തമിഴ്നാടും കേരളവും കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു കൂട്ടം ചെറുപ്പക്കാരായ ട്രാൻസ്ജെൻഡറുകളാണ് ഇതിന് പിന്നിൽ. കൽക്കിയുടെ നേതൃത്വത്തിൽ കേരളത്തിലും തമിഴ്നാട്ടിലുമുള്ള പല കോളേജുകളിലും സെമിനാറുകളും ചർച്ചകളും ബോധവത്ക്കരണ ക്ലാസുകളും ഇവർ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസവും ജോലിയും നഷ്ടപ്പെട്ട് ജീവിത തകർച്ചയിലേക്ക് വഴുതി വീണുപോയ ആളുകൾക്കു പുതുജീവൻ നൽകികൊണ്ട്, അവരെ ജോലിചെയ്യാനും സമൂഹത്തിന്റെ ഭാഗമാക്കാനും പ്രാപ്തരാക്കി, അവരിൽ രാജ്യത്തെ പ്രധാനപൗരന്മാരാണെന്ന ബോധമുണർത്താൻവേണ്ടി സഹോദരി ഫൗണ്ടേഷൻ മുന്നോട്ടുവെച്ച ഒരു പ്രൊജക്ടാണ് ബട്ടർഫ്ളൈസ്. ഒരുപാടുപേർക്ക് പ്രതീക്ഷയ്ക്ക് വക നൽകികൊണ്ട് ഒരുപാട് ഇരുണ്ട ജീവിതങ്ങളിൽ വെളിച്ചം വീശികൊണ്ട് ഈ പ്രൊജക്ട് വിജയകരമായി മുന്നോട്ടു പോകുന്നു.

ലൈംഗിക ന്യൂനപക്ഷങ്ങളെ മൂന്നാം ലിംഗക്കാരായി പരിഗണിക്കണമെന്ന ചരിത്രവിധി 2015 ഏപ്രിലിലാണ് പുറപ്പെടുവിച്ചത്. ഇവരെ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരായി പരിഗണിച്ച് സംവരണങ്ങളും ആനുകൂല്യങ്ങളും നൽകണമെന്ന നിർദ്ദേശവും കൂടെയുണ്ടായി. സാമൂഹികനീതി വകുപ്പിന്റെ നേതൃത്വത്തിൽ ട്രാൻസ്ജെൻഡറുകൾക്കായി ബോർഡ് രൂപവത്കരിക്കുമെന്ന് മന്ത്രി എം.കെ. മുനീർ പ്രഖ്യാപിച്ചിട്ടുണ്ട്. വ്യത്യസ്ത ലൈംഗികവ്യക്തിത്വമുള്ളവരെ സർക്കാർ രേഖകളിൽ ആണെന്നോ പെണ്ണെന്നോ ചേർക്കുന്ന രീതി അവസാനിപ്പിച്ച് പകരം എം.എക്സ് എന്ന് ചേർക്കും എന്നും അദ്ദേഹം പ്രസ്താവിച്ചു. ഇങ്ങനെയുള്ള നിയമം കൊണ്ടുവന്ന് അവരെ ഉയർത്തികൊണ്ടുവന്നാൽ മാത്രമേ ഋതുപർണഘോഷിനെപോലെയുള്ള പ്രതിഭകളായ സംവിധായകരെയും ശബ്നം മോസിയെപോലുള്ള നേതാക്കളെയും അവരിൽനിന്ന് കണ്ടെത്താനാവുകയുള്ളൂ.

■





*Intercollegiate Arts made us more proud*
*to scream* ***'Horticos'***
*to save the spirit of* ***'Horticos'***
*It was the most enchanted moment when*
***'Horticos'*** *embraced the 'Golden Lady'*
*The Forth Time*
*The moment sparkled the fire of* ***'Horticos'.***











ANUSREE T
Kalathilakam



MEGHA L M
Chithraprathiba
& Sargaprathiba



ARUN THAZHATH
Best Actor



# INTER COLLEGIATE 2014-15


IGNITRA '14



# Sports
## 2014-2015



Gauri G. Lal
Gold Medal Winner
Kerala Amateur Boxing Federation

## UNIVERSITY BADMINTON TEAM



Asif Ali P



Durga Pradeep



Jain T V S

## UNIVERSITY FOOTBALL TEAM



Akhil K P



Amal Vijay



Arjun P



Aswin T



Mohammed Murthala



Semsheer M



















# Results

WINNERS OF INTERCOLLEGIATE

| | | |
|---|---|---|
| 01. **Poetry (Engl) - 1st** | : | Neeraja Puthiamadom |
| 02. **Poetry(Mal) - 3rd** | : | Aparna V M |
| 03. **Essay (Eng)** | : | Hubaib Hassan - 1st & Geethu S - 2nd |
| 04. **Essay (Mal) - 1st** | : | Ashly Mathew |
| 05. **Short Story (Eng)** | : | Roshna George - 1st & Hubaib Hassan - 3rd |
| 06. **Pencil Drawing - 3rd** | : | Megha L M |
| 07. **Painting** | : | Megha L M - 1st & Radhika - 3rd |
| 08. **Poster Making - 3rd** | : | Megha L M |
| 09. **Collage - 1st** | : | Megha L M & Gokul K Gopi |
| 10. **Mehandi -3rd** | : | Raeesa P |
| 11. **Rangoli -3rd** | : | Radhika R & Keerthana |
| 12. **Clay Modelling** | : | Vishakh N U & Gokul K Gopi - 1st<br>Riya Antony & Reshma T - 2nd |
| 13. **Flower Arrangement - 2nd** | : | Riya Antony & Nimisha Augustine |
| 14. **Face Painting - 2nd** | : | Megha L M |
| 15. **Instrumental Music-Percussion-3rd** | : | Sreejith R |
| 15. **Instrumental Music (wind) - 1st** | : | Ashwin Varghese |
| 16. **Quiz (1st)** | : | Hubaib Hassan & Arun Thazhath |
| 17. **Mohiniyattam - 1st** | : | Megha L M |
| 18. **Bharathanatyam - 1st** | : | Anusree T |
| 19. **Kuchupudi - 1st** | : | Anusree T |
| 20. **Adapt Tune (Male) - 2nd** | : | Hubaib Hassan C A |
| 21. **Adapt Tune (Female) - 2nd** | : | Megha M S |

22. **Recitation (Eng) - 2nd** : Thanzeela Hoorlin
23. **Light Music (Male) - 2nd** : Amalendhu M V
24. **Fancy Dress - 2nd** : Anusree T
25. **Monoact - 2nd** : Anusree T
26. **Folk Dance - 2nd** : Sreshma C K
27. **Kerala Nadanam - 2nd** : Megha L M
28. **Mappilapattu - 3rd** : Binsiya K
29. **Western Solo** : Sarin S - 1st & Reshma Ravi - 2nd
30. **Elocution (Mal)** : Anasooya Sebastian -1st & Arun Thazhath -3rd
31. **Nostalgia - 1st** : Hubaib Hassan, Sameer Muhammed , Sandra Maria , Minnu Ann, Sandra Jose, Neha Unni, Aparna Joseph, Dilja KM, Diya PV, Darsana Joseph & Rin Rose
32. **Oppana - 1st** : Anu Ann, Aparna RA, Shafna P C, Anitta Judy, Riya Mary, Beegum Salma, Lualu C, Shuhda Nalakath, Rashida V K, Pooja A, Keerthana Jayarajan, Asha John, Binsiya & Haritha M S
33. **Kathaprasangam - 1st** : Anusree T, Ashwin Varghese, Anjana Subramoniam & Arun Thazhath
34. **Thiruvathira - 1st** : Anjana Subramonia, Reshma Ravi, Megha MS, Amritha Manohar, Annika Elizabeth, Aashika Sasindran, Christy George, Nayana Narayanan, Megha LM & Pooja A
35. **Group Music (western) - 2nd** : Anjana Subramoniam, Binsiya K,Mahesh Mohan, Ashwin Varghese,Pooja A, Roshna George, Reshma Ravi, Amalendhu ,Shruthi Surendran & Sarin S
36. **Patriotic Song - 2nd** : Sarin S, Megha L M, Sai Parvathy,Binsiya,Haritha MS, Amalendhu, Pooja A,Anagha V Gopal & Deena Sebastian
37. **Skit - 2nd** : Sameer Muhammed, Arjun P, Pournami Sreekumar, Anasooya Sebastian, Sreshma CK & Sugina P
38. **Drama - 2nd** : Anusree T, Amrita Manohar, Alan C Antony, Arun Thazhath, Anirudh K C & Kailas P

39. **Group Music (Eastern) - 3rd** : Megha LM , Sai Parvathy, Binsiya K, Haritha MS, Amalendhu MV, Sarin S, Pooja A, Anagha V Gopal & Deena Sebastian

40. **Ganamela - 3rd** : Sarin S , Megha LM, Manju Mohan E & Anirudh K C

41. **Mime - 3rd** : Arjun P, Amal Vijay, Hubaib Hassan, Abhin P K, Asif Ali, Akhil K P, Abinsha Asharaf & Vivek M C.




**BASKETBALL (WOMENS) WINNERS** : Shruthi Surendran ,Merin Elza George, Aparna K.Gokul, Daly George, Leema Mathew, Ann Maria Joseph, Christy George, Haritha M. S, Anu Ann Augustine, Devi Sreeja, Silpa V

**CRICKET RUNNERS UP** : Saleesh, Ranjith R., Asif Ali P, Vishnu S., Kailas P, Abhin P.K.,Harish,Abinsha,Jyothish Babu,Suhaid,Nisab C.P. Amal Vijay, Yogesh,Praveen,Sanjay,Manjesh

**FOOTBALL RUNNERS UP** : Mohammed Murthala, Semsheer M., Jyothish babu, Jain Shankar, Vishnu S., Abinsha, Nidhin Raj, Amal Vijay, Hubaib Hassan, Arjun P., Abid, Akhil K.P., Aswin P., Arun Kumar C., Auxillio, Mujhthaba M

**BADMINTON GIRLS WINNERS** : Durga Pradeep, Anitta Judy Kurian, Sethulekshmi, Nishidha C.T., Priyatha Sundaran

**TABLE TENNIS GIRLS WINNERS** : Aryasree S.L., Merin Elza George, Thanzeela Hoorlin, Manju A.

**ATHLETICS MENS** :
Sanjay - Javelin Throw (First)
Sujith - Hammer Throw (Second)
Asif Ali P - 100m Hurdles (Second)
Abhin P. K. - 10,000m Race Walk (Third)
Abinsha - High Jump (Third)

**WOMENS** :
Amrita Manohar - 100m Hurdles (First)
Liz J. Kappen - High Jump (First)
Shruthi Surendran - Javelin Throw (Second)
Nishidha C.T. - 800m Race (Second), 400m Hurdles (Third)
Aashika Sasindran - 400m Race (Second)
Ann Maria Joseph - Shot Put (Second)
Badariya P. S. - 5000m Race Walk (Third)

# ഒരു നെൽക്കതിരിന്റെ ഓർമ്മയ്ക്കായ് !



Raeesa P
Falcons'12

വെള്ളപ്പൊക്കം നക്കിയെടുത്ത അവളുടെ ദുരന്തമുഖത്തേക്ക് നോക്കി നിൽക്കാൻ അയാൾക്ക് കഴിഞ്ഞില്ല. ഒരിക്കൽ പച്ചപ്പരവതാനി വിരിച്ച് തന്നെ വരവേറ്റവൾ. പിന്നീട് പൊന്മണിയണിഞ്ഞ് തന്നെ കുളിർപ്പിച്ചവൾ. പാട്ടത്തിനെടുത്ത ഭൂമിയാണെങ്കിൽകൂടെ അത് അയാളുടെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. പെട്ടെന്നാണ് കാലാവസ്ഥ മാറിമറിഞ്ഞത്. സംഭവം നടന്നിട്ടിപ്പോൾ രണ്ടാഴ്ച തികയുന്നു. പിന്നെയും സൂര്യകിരണങ്ങൾ അവളെ പൊതിഞ്ഞിരിക്കുന്നു. എന്നാലിപ്പോൾ കാറ്റിലാടാൻ കതിർക്കുലകളില്ല. പാഴായിപ്പോയ വിളയുടെ അവശിഷ്ടവും വെറും മണ്ണും മാത്രം.

നഗ്നപാദനായി പാടവരമ്പിലൂടെ അയാൾ നടന്നു. മനസ്സ് ഏറെ ചൂടായിരുന്നത് കൊണ്ടായിരിക്കണം ചാറ്റൽ മഴയെ അയാൾ വകവെക്കാതിരുന്നത്. "ഭൂമിദേവീ..... എന്തിനീ പരീക്ഷണം...? എന്നും വണങ്ങുകയും പൂജിക്കുകയും ചെയ്തിട്ടല്ലേ ഞാൻ നുകവും കലപ്പയും എടുക്കാറുള്ളൂ. നിന്റെ മാറു പിളർക്കുമ്പോഴും ഞാനോർത്തത് ഉറ്റവരുടെ മുഖം മാത്രമായിരുന്നു. പറക്കമുറ്റാത്ത നാല് പൈതങ്ങൾ.... അവരുടെ വിശക്കുന്ന വയറുകൾ. അതല്ലാതെ ഓർക്കാൻ മറ്റെന്താണെനിക്കുള്ളത് ....?! " എന്തൊക്കെയോ ചിന്തിച്ച് വീട്ടുപടിക്കലെത്തിയതറിഞ്ഞില്ല.

വീടിന്റെ ഉമ്മറത്ത് വഴിക്കണ്ണുമായി ഓലമെടയുന്നു ധർമ്മപത്നി. "ആ പേരു നിനക്കനുയോജ്യമോ? എന്തു ധർമ്മമാണ് ഞാൻ നിന്നോട് പ്രവർത്തിച്ചിട്ടുള്ളത്...? മൂന്നുനേരം നിനക്ക് ധർമ്മക്കഞ്ഞി പോലും വാങ്ങിത്തരാൻ എന്നാൽ കഴിയുന്നില്ല. ഇത് അധർമ്മമല്ലേ?

അയാളെ കണ്ടപാടെ രമണി ഇറങ്ങി വന്നു. "നിങ്ങൾ വരാൻ വൈകുന്നത് കണ്ടപ്പോൾ തെക്കേതിൽ നിന്നും ഉരിയരി കടംവാങ്ങി. കഞ്ഞിയെങ്കിലും കുടിക്കണ്ടെ? ആട്ടെ പോയ കാര്യം എന്തായി...? മൗനം മാത്രം മറുപടി. അയാൾ അകത്തേക്ക് കയറി. രമണിയിൽ നിന്നും വെള്ളം വാങ്ങി അയാൾ പറഞ്ഞു. "എല്ലാം ശരിയാക്കാമെന്നു പറഞ്ഞിട്ടുണ്ട്. പക്ഷെ രണ്ടു ദിവസമാവും....". രമണിയിൽ നിന്നും ആശ്വാസത്തിന്റെ നെടുവീർപ്പുയർന്നു. അവൾ പുറത്തിറങ്ങി ഓലമെടയൽ തുടർന്നു. അതു തീർത്തിട്ടുവേണം വീട് മേയാൻ. തലേ ദിവസം കൂര മുഴുവൻ ചോർന്നൊലിച്ചിട്ടുണ്ടായിരുന്നു.

അയാൾ മുറിയുടെ മൂലയിൽ കിടന്ന കയറ്റുകട്ടിലിൽ കിടന്നു. അയാളുടെ നെഞ്ചിൻകൂട് അതിവേഗത്തിൽ ഉയർന്നു താണു. പഞ്ചായത്താഫീസിൽ നടന്ന സംഭവങ്ങൾ അയാളെ പിന്നെയും തളർത്തി. "മുഖ്യമന്ത്രി അനുവദിച്ച ഫണ്ടിൽ ആകെ ലഭിച്ചത് അഞ്ഞൂറു രൂപയാ... അതു ഭൂമിയുടെ ഉടമസ്ഥർ നേരത്തെ കൈപ്പറ്റിയിട്ടുണ്ടല്ലോ.... നിങ്ങൾ ഒരുപാട് വൈകിപ്പോയി." അപ്പോൾ കഴിഞ്ഞ രണ്ടാഴ്ചയായി ഫണ്ട് ലഭ്യമായിട്ടില്ലെന്നു പറഞ്ഞതോ...? അറിയില്ല. ഒരു പക്ഷേ അവർ... സൂര്യൻ അസ്തമിക്കുകയാണ്. ഇനിയൊരു ഉദയം വരെ കാത്തു നിൽക്കാൻ എനിക്കു കഴിയില്ല.

അരയിൽ കരുതിയ വിഷപ്പൊതിയുമായി അയാൾ അടുപ്പിൽ തിളച്ചുകൊണ്ടിരുന്ന കഞ്ഞിക്കലത്തിനടുത്തേക്ക് നീങ്ങി.

അന്നു രാത്രിയും ശക്തിയായി പെയ്ത മഴയിൽ കൂര ചോർന്നൊലിച്ചു. പക്ഷേ ആരും അറിഞ്ഞില്ല. വീണ്ടും അവൾ പച്ചപ്പരവതാനി നീട്ടി അയാളെ എതിരേറ്റു. ■





Leema Mathew
Falcons'12




# ഹർത്താൽ

ഇതു കേരളം, നവകേരളം,
യുവത്വത്തിൻ പ്രസരിപ്പാൽ കുതിക്കും കേരളം
ഓടിതീർക്കുന്നു നാമോരോദിനങ്ങളും,
തീരാത്തഭാരത്തിൻ ചുമടുകളുമായി
അമ്മ പുലർച്ചെയെഴുന്നേറ്റു പോയി
'ആടിത്തീർക്കുന്നു ' തൻ വേഷമടുക്കളേൽ
ആദ്യമച്ഛനെയയക്കണം, പിന്നീടു മക്കളെ
അതുകഴിഞ്ഞു വേണമവർക്കൊരുങ്ങീടുവാൻ
വീടുമാപ്പീസും തീർക്കുമായാന്ത്രികക്കുരുക്കിൽ,
വീർപ്പോടെയോർത്തവർ ഹർത്താൽ ദിനത്തിനായ്....
ഹോംവർക്കു ചെയ്യാത്ത കുട്ടി ആലോചിച്ചു,
ഓരോ ദിനവും ഹർത്താലായിരുന്നെങ്കിൽ....
പുരയിലെ ഭിത്തികൾ മാത്രം വിശേഷം പങ്കുവെയ്ക്കും,
വന്ധ്യമാതാവു പ്രാർത്ഥിച്ചു, "ദൈവമേ, ഒരു  ഹർത്താൽ"
ഹർത്താലോ...! ഹതെന്തു പുകിലാണപ്പാ?
ചില യുക്തിവാദികൾ ചോദിച്ചു.
കർക്കശ വിമർശനശരങ്ങളെക്കൊണ്ടവർ
താലോലിച്ചതിനെനിശ്ശബ്ദമായ്
കോളേജു കുമാരിയെ വലയിലാക്കാനോടും
കാമുകവൃന്ദങ്ങൾ പേടിച്ചതോ, ഇതേ ഹർത്താലിനെ
സർക്കാരിന്റെ സേവകക്കൂട്ടങ്ങൾ
സത്ക്കരിച്ചു ഹർത്താലുകളൊന്നൊന്നായ്
കൊട്ടിഘോഷിക്കപ്പെടുന്നൊരീ ദിനങ്ങളെ
ഞെട്ടലോടെ എതിരിട്ടൂ, ദിവസത്തൊഴിലാളികൾ
ഉന്മാദ രാഷ്ട്രീയത്തിൻ മത്തുപിടിച്ചവർ
കെട്ടഴിച്ചൂ, പുത്തൻ ഹർത്താൽ സമവാക്യങ്ങൾ തൻ
മാറിമാറിവരും തൊഴിലാളി യൂണിയനുകൾ,
മാലയിട്ടാദരിച്ചൂ ഈ ഹർത്താൽ പ്രഹേളിക
പുത്തൻ യുഗത്തിൻ പ്രവർത്തനക്ഷമതയെ,
മൊത്തം തകർക്കുമീ മഹാവിപത്തിനെ...
ഇടയ്ക്കാരോ മൂളി, "ഇന്നും കരിദിനം,
ഇതു മലയാളിയുടെ ട്രേഡ് മാർക്ക്,
ഇതാണു ന്യൂ ജനറേഷൻ ട്രൻഡ്,
ബട്ട്, ഈ പഴഞ്ചൻ പേരൊന്നു മാറ്റണം"....!
മുത്തച്ഛൻ 'ന്യൂസ്' ' ചാനൽ വെച്ചപ്പോൾ കേട്ടു,
"ഇന്നു ഹർത്താൽ പൂർണ്ണം,
സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലായ്
ഇരുപതോളം സംഘർഷങ്ങൾ".
ഹതെയോ ...! തകർപ്പൻ
ഇതുതന്നെ നിലനിർത്തുക
കണ്ടുപഠിക്കട്ടെ പുതുതലമുറ
'ശോഭനമായ' ഭാവിയെ പടുത്തുയർത്തട്ടെ...!



Remzeena A
Falcons'12



# GHTM

The si[illegible]ght was broken by the sound [illegible]was slippery due to continous raining , water was flowing along the road as if it would wash away everything on its way. He could see the rain drops splashing to the sides when the bikes head light shone along the way.

" Vijay please hurry up... or else uncle will see us"... Shankar's voice rose from behind. Dad is still that old school teacher.... advising ... scolding ... for him his son will never grow up... He is that old School boy walking behind his Dad... But Dad is the most unpredictable in this world,Vijay love him for the surprises he gave him.

the most unpredictable in this world, Vijay love him for the surprises he gave him.

On his birthday when Dad handed him the keys of his new bike he was totally astonished. He didn't even imagine his father would think of something like that in his life time. He was yearning for such a gift for a long time, but didn't have the courage to tell him. "By the way...you enjoyed the night?" Shankar asked. "Hmm ... yes ... but I think I had too much...

It was late in the night the road was deserted and occasionally one or two cars passed them. They reached the church square... It was a sharp turn...the alcohol with in him made him too drowsy and suddenly it happened. Someone was crossing the road ... he couldn't see clearly ... he tried to slow down, but he lost control ... there was a scream ... the rain water slowly turned red.

His head started to spin... many images flashed in his mind and many questions echoed in him –how will I answer Dad? ... how will I face mom? ... What will happen to this person soaked in blood lying on the road? Will anyone help him if I leave?

"Let's go, this will be a mess. If we get involved" Shankar whispered. He couldn't decide anything ...his mind went blank .. Shankar again prompted "Let's go". But deep inside him he heard a voice "you are a murderer, you are leaving him to death.

When he reached home, he checked for his father's car. It was there ... he again become that coward little boy. His hands shivered and his body ached. He knocked the door with a thumping heart. His mother opened the door. "I thought it was your dad, he went outside to buy his medicines" she said while opening the door. He didn't have the nerve to look into her eyes. He went to his room and collapsed in to the bed. The scenes of that dreadful night haunted him as nightmares.

Next morning, he woke up by hearing his mother's voice "They are asking for you" fear crept into her voice. She pointed to the door. He went outside. A policeman was waiting for him "Vijay you have to come with us". Oh, god I could not escape from this, he thought. He went along with them. But to his surprise, the police van stopped infront of a hospital. An inspector was waiting for him " There was an accident at the church square last night... but when we reached there, It was too late... we think your dad...". The remaining trailed off. The world crashed infront of him. ■

ബ്രാന്റഡ് കമ്പനികളുടെ 100 ൽ പരം
എയർകണ്ടീഷണറുകളുടെ ഡിസ്പ്ലേയും, മറ്റാർക്കും
നൽകാനാവാത്ത വിലക്കുറവുമായി മികച്ച
വിൽപ്പനാനന്തര സേവനത്തോടെ
വേണൂസ്...

MITSUBISHI
0.5 Ton A/c
EMI: 1742/-
5 Year Warranty
Low Power Consumption 400w

Panasonic
1 Ton 3 Star EMI : 2492/-
5 year Warranty
Full Copper




മുടക്കൂ... തവണ വ്യവസ്ഥയിൽ
BAJAJ FINSERV


നിങ്ങൾ കൊണ്ടുവരേണ്ട Documents
1. Cancelled Cheque Leaf
2. Photo ID Proof Copy
3. Eletricity Bill or Bank Staetment

SHARP VOLTAS BLUE STAR MITSUBISHI HEAVY DUTY Panasonic Haier Whirlpool SAMSUNG LG DAIKIN GENERAL

Helpline : 9387366600
VENU'S DIGITAL ARCADE
MANNUTHY | KALATHODE | PATTURAIKKAL | WESTFORT
9562310002 9387766600 9562310003 9562310004



Dr. Jayasree krishnankutty
Associate Professor
Dept. of Agricultural Extension



# Through an open window

A confinement is really an opportunity
To look inside, to look outside
And to look at you, as an outsider.
You really look at the small chip of the world.

You call your own
At the humble blades of grass fighting summer
At the joy in your pet's eyes
At your friends' achievements, their strife
You stop a sec to review who you are to them
You talk a lot, silently, loudly, you think a lo
You are more of you, and the world

A confinement showers you with that precious resource, time
You savour every morsel than simply downing your food
You feel the breeze in your face,
Watch the fine hairs of your hand faintly sway
Your eyes open to the wonder of a totally
unnoticed world around you
The trees, the birds, the flies,
small creatures and crawlers
You sliently witness the amazing lot of
communication going around
Which you never paused to
take in or understand

A confinement takes you deep into yourself,
You say hello to a stranger within you many a time
It makes you see, hear and experience love
That you just took for granted always
They are lonely hours, but they are also rich hours

When the person within you gets a long needed rejuvenation
A confinement, when you are convalescing
Is really a welcome change
It's been a long time but I think it's time too!





Aysha M M
Gagnants '15

# ആത്മനൊമ്പരം

ജീവിതസായാഹ്നം പടികടന്നെത്തി,
ഉഴറുകയാണു ഞാനീ നടവഴിയിങ്കൽ
വഴിയറിയാതെ , പാഥേയമില്ലാതെ
സ്നേഹ പരിചരങ്ങൾ ലഭിച്ചിടാതെ
ജന്മം കൊടുത്തൊരു വാത്സല്യപുത്രനും,
തന്റെ പെൺകുഞ്ഞും പേരക്കിടാങ്ങളും
വിസ്മരിച്ചിട്ട് യാത്രയായീടുന്നു,
പുതുയുഗമേ ശ്രവിക്കയീ രോദനം
കണ്ണിമ പൂട്ടാതെയോമനിച്ചും,
താരാട്ടു പാടിയുമുമ്മ വെച്ചും
അമ്പിളിമാമനെക്കാട്ടി, കൊച്ചുരുളകൾ
കയ്യാലെ ചുണ്ടോടു ചേർത്തുവെച്ചും
അക്ഷരപ്പൂട്ടു തുറന്നു കൊടുത്തും,
അമ്മിഞ്ഞപ്പാലിന്റെ മാധുര്യമേകിയും
ജീവിതയാത്രയിൽ വഴിതെളിച്ചും
നിന്നതിൻ പ്രതിഫലം നിങ്ങൾ തരുന്നതോ,
കണ്ണീരൊഴിയാത്തതാമന്തിക്കിനാവുകൾ
തലചായ്ച്ചുറങ്ങുവാൻ വെമ്പുന്ന കണ്ണുകൾ
ക്കാലംബമീ പെരുകിടും വൃദ്ധസദനങ്ങൾ

# Interview with Sippy Pallipuram



• ബാലസാഹിത്യം എന്നൊരു ശാഖ തിരഞ്ഞെടുക്കുവാനു ണ്ടായ കാരണങ്ങളെന്തെല്ലാമാണ്?

അധ്യാപനജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽ കുട്ടികളുടെ പഠനം സുഗമമാക്കാനുള്ള നുറുങ്ങു വിദ്യകൾ ഉണ്ടാക്കാനായി രുന്നു എന്റെ ശ്രമം. കുട്ടിക്കാലത്ത് ഞാൻ കേട്ടു പരിചയിച്ച കവിതകളും കഥകളും എന്റെ വിദ്യാർത്ഥികൾക്ക് ചൊല്ലി കൊടുക്കുവാനും അതിലൂടെ ഭാഷയുടെ സൗന്ദര്യം അവർക്ക് പകർന്നു നൽകാനും ഞാൻ ആഗ്രഹിച്ചു. അവിടെയാണ് ബാല സാഹിത്യം എന്ന മേഖലയിലേക്കുള്ള എന്റെ പ്രവേശനം..

പാഠപുസ്തകങ്ങൾക്കപ്പുറം കുട്ടിക്കവിതകൾക്കും ചെറുക ഥകൾക്കും വിദ്യാർത്ഥികളുടെ ഇളംമനസ്സിനെ സ്വാധീനിക്കാൻ കഴിയും. ഒരു രസകരമായ പാട്ടിതാ...

പത്ത് പത്തിരി ചുട്ടമ്മ  
പത്തായത്തില് വച്ചമ്മ  
ഒന്നേ രണ്ടേ മൂന്നേ നാലേ... അഞ്ചു വിഴുങ്ങി പൂച്ചമ്മ  
ആറേ ... ഏഴേ.... എട്ടേ... ഒമ്പതേ... പത്തും തിന്നു പൂച്ചമ്മ.

ഇങ്ങനെയെഴുതിയ പാട്ടുകളെല്ലാം തന്നെ അന്നത്തെ ബാല മാസികയായ 'ചിലമ്പൊലി' യിൽ പ്രസിദ്ധീകരിച്ചു വന്നിരുന്നു. അക്കാലത്തൊന്നും തന്നെ ബാലമാസികകളോ , കുട്ടികൾക്കു വേണ്ടിയുള്ള സൃഷ്ടികളോ അധികം പ്രചാരത്തിലുണ്ടായിരു ന്നില്ല. ബാലസാഹിത്യകർത്താക്കളും ചുരുക്കമായിരുന്നു. അതി നാൽ ബാലസാഹിത്യങ്ങൾ വിപുലീകരിക്കണമെന്നും സ്വന്ത മായി സൃഷ്ടികൾ രചിക്കണമെന്നും ഞാൻ തീരുമാനിച്ചു. ചുരു ക്കത്തിൽ അധ്യാപനമാണ് എന്നെ ബാലസാഹിത്യ ശാഖയിലേക്ക് നയിച്ചത്.

• കുട്ടിക്കവിതകളിലേക്കും കഥകളിലേക്കും അങ്ങ് വേരു ന്നിയതിൽ പ്രചോദനമായി കുട്ടിക്കാലത്ത് ആരുടെയെങ്കിലും സ്വാധീനമോ സഹായമോ ഉണ്ടായിരുന്നോ?

മുത്തശ്ശി എന്നെ മടിയിലിരുത്തി മുടിയിഴകൾ തലോടി പാടി തന്ന പാട്ടുകളും ഈരടികളും എന്റെ മനസ്സിൽ ആഴത്തിലുള്ള ആസ്വാദ്യലോകം സൃഷ്ടിച്ചിരുന്നു. അവയെല്ലാം തന്നെ ഓർമക ളിൽ ഇന്നും മായാതെ നിൽക്കുന്നു. ലളിതമായ വാക്കുകളിൽ മുത്തശ്ശി പാട്ടുകൾ പാടുമ്പോൾ കൗതുകത്തോടെയാണ് ഞാൻ അവ കേൾക്കാറുണ്ടായത് . മുത്തശ്ശിയുടെ ഒരു പാട്ട് ഞാനി പ്പോൾ ഓർക്കുകയാണ്.

തെക്കുതെക്കൊരു പോത്ത് ചത്തു  
പോത്തിന്റെ പുറത്തൊരു പൂമുളച്ചു.  
പൂവു കൊണ്ടോയി തട്ടാന് കൊടുത്തു  
തട്ടാനൊരു മിന്ന് തന്നു.....

ഇതെല്ലാം ഞാൻ 65 കൊല്ലം മുമ്പ് കേട്ടതാണ്. മുത്തശ്ശി പാടി തന്ന വായ്ത്താരികളും ഈണങ്ങളുമാണ് എന്റെ ബാലസാഹിത്യ സൃഷ്ടികളുടെ അടിത്തറ എന്നു ഞാൻ വിശ്വസിക്കുന്നു.

ഞാനൊരു പാവമാണേയ്  
പാലായിക്കാരനാണേയ്  
പാൽ വിൽക്കാൻ വന്നതാണേയ്  
പ്രാം പ്രാം പ്രാം

മുത്തശ്ശിയിൽ നിന്നു കിട്ടിയ ഈ താളാനുഭവം , ഈ പ്രചോ ദനം എല്ലാം എന്നെ കവിതകളെഴുതുവാൻ സഹായിച്ചിട്ടുണ്ട്. ഇവയിലെല്ലാം തന്നെ മണ്ണിന്റെ മണമുള്ള ഈണങ്ങളുണ്ട്. നമ്മുടെ നാടിന്റെ തനിമ ഇവയിൽ അലിഞ്ഞു ചേർന്നിരി ക്കുന്നു.

• സിപ്പി പള്ളിപ്പുറത്തിന് ഏറ്റവും ഇഷ്ടമുള്ള ബാലസാഹിത്യ കാരനാരാണ്?

ജി. ശങ്കരക്കുറുപ്പ് . അദ്ദേഹത്തിന്റെ രചനകളായ ഓലപീപ്പി ഇളംചുണ്ടുകൾ എന്നിവയെല്ലാം തന്നെ അത്യുത്തമമായവ യാണ്.

1928 ൽ കുമാരനാശാനാണ് മലയാളത്തിൽ ആദ്യത്തെ കുട്ടി ക്കവിതാസമാഹാരം രചിച്ചത്. പുഷ്പവാടി എന്നതായിരുന്നു അതിന്റെ പേര്. കുമാരനാശാനെപോലെ ആധുനിക കവിത്രയ ത്തിലെ അതികായൻ കുട്ടികളുടെ മനോനിലയിലേക്ക് താഴ്ന്നു ചിന്തിക്കുക എന്നതും എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യ മാണ്.

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി  
പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം

ഇങ്ങനെ പാടുമ്പോൾ പ്രകൃതിഭംഗി കുഞ്ഞുമനസ്സുകളി ലേക്ക് അതിന്റെ അന്തഃസത്ത ചോർന്നു പോകാതെ പകർത്താൻ ആശാന് കഴിയുന്നു.

• ഇന്ന് മലയാളത്തിൽ കുട്ടികൾക്കുവേണ്ടി കവിതയെഴുതു ന്നവർ വളരെ കുറവാണ്. വളരെ കുറച്ചു പേർക്കു മാത്രമേ ചെറിയ കാര്യങ്ങളിലെ ഭംഗി ആസ്വദിക്കാൻ പറ്റൂ. യഥാർത്ഥ ബാല്യം സാർ എങ്ങനെ സാറിന്റെ കവിതകളിലൂടെ കാണുന്നു?

കുട്ടികൾക്കുവേണ്ടി കവിതയെഴുതുമ്പോൾ അവർക്ക് മന സിലാകാത്ത ഒരു വാക്കും അതിലുണ്ടാവാൻ പാടില്ല. അതിന് യഥാർത്ഥത്തിൽ കുട്ടിയായി മാറിയേ മതിയാകൂ. അല്ലാത്ത ബാല സാഹിത്യകാരന്മാർ പരാജയത്തിലേക്കു പോകും. കടിച്ചാൽ പൊട്ടാത്ത വാക്കുകൾ കൊണ്ട് കവിതയെഴുതുന്ന

ജി. ശങ്കരക്കുറുപ്പിനെപ്പോലുള്ള മഹാകവികൾ കുട്ടികൾക്കു വേണ്ടി കവിതയെഴുതുമ്പോൾ യഥാർത്ഥത്തിൽ കുട്ടിയായി മാറുകയാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന്

വാ കുരുവി വരു കുരുവീ....
വാഴക്കയ്മൽ ഇരു കുരുവീ...
എന്നിങ്ങനെയുള്ള കവിതകൾ എഴുതാൻ സാധിച്ചത്.

• ബാലസാഹിത്യത്തിലൂടെ മനുഷ്യന്റെ സംസ്കാരത്തെ മാറ്റി മറിക്കാൻ സാധിക്കും. ബാലസാഹിത്യം എങ്ങനെയാണ് കുട്ടികളുടെ സംസ്കാരത്തെ മാറ്റി മറിക്കാൻ സഹായിക്കുന്നത്?

നല്ല ആശയങ്ങൾ കുട്ടികൾക്ക് കഥകളിലൂടെയും കവിതകളിലൂടെയും പകർന്നു കൊടുക്കുകയാണ് ബാലസാഹിത്യകാരന്മാർ ചെയ്യുന്നത്. ഉദാഹരണത്തിന് ഈസോപ്പു കഥകൾ. അനേകം വർഷങ്ങളക്കു മുൻപ് രചിച്ച കഥകൾ ഇന്നും ഒരു വെളിച്ചമായി കുട്ടികൾക്കു മുന്നിലുണ്ട്. അതുപോലെ തന്നെ പഞ്ചതന്ത്രം കഥകൾ.

• പ്രൊഫ. എൻ.ശിവദാസിനെപോലെയുള്ളവർ ബാലസാഹിത്യത്തിൽ ശാസ്ത്രം കൊണ്ടുവരുന്നു. ഇത് എത്രമാത്രം വിജയകരമാകും എന്നാണ് സാർ കരുതുന്നത്?

അത്തരത്തിലുള്ള രചനകൾക്ക് പ്രകടമായ നല്ല മാറ്റം കുട്ടികളിലുണ്ടാക്കാൻ സാധിക്കും. ശാസ്ത്രത്തിനോട് അഭിരുചി വളർത്താൻ കുട്ടികളെ സഹായിക്കുക മാത്രമല്ല, അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തിരിച്ചറിയുവാനും സാധിക്കും.

• താങ്കളുടെ അഭിപ്രായത്തിൽ ഒരു വ്യക്തി തന്റെ ജീവിതത്തിൽ നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ ഏതൊക്കെയാണ്?

പഞ്ചതന്ത്രം, ആയിരത്തൊന്ന് രാവുകൾ, ഈസോപ്പു കഥകൾ, ജാതക കഥകൾ തുടങ്ങിയവ ലോകത്തിലെ തന്നെ മികച്ച പുസ്തകങ്ങളാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ,പ്രചോദനമുണ്ടാക്കുന്ന തരത്തിലുള്ള ജീവിതത്തിലെ വലിയ വലിയ പാഠങ്ങൾ മൂല്യവത്തായ ഈ കഥകൾ പഠിപ്പിക്കുന്നു. പുതുതലമുറയ്ക്ക് ഇതു പോലെയുള്ള ഗുണപാഠകഥകളും ക്ലാസിക് നോവലുകളുമെല്ലാം പരിചയപ്പെടുത്തി കൊടുത്താൽ മാത്രമേ അവരെ വായനയുടെ ലോകത്തേക്ക് നയിക്കാൻ പറ്റൂ.

• നല്ലൊരു വായനക്കാരനേ നല്ല എഴുത്തുകാരനാവാൻ കഴിയൂ. വായന മരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വളർന്നു വരുന്ന സാഹിത്യകാരന്മാരോട് താങ്കൾക്കെന്താണ് പറയാനുള്ളത്.?

വായനയില്ലാതെ ഒരാൾക്കും എഴുത്തുകാരനാവാൻ കഴിയില്ല. നമുക്ക് ഒരു പക്ഷേ നൈസർഗികമായ കഴിവുണ്ടാകും. എന്നാൽ അത് വികസിപ്പിച്ചെടുക്കണമെങ്കിൽ വായനകൂടിയേ മതിയാകൂ. 'വായന വാസനയ്ക്കു വളം ' എന്ന് കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുണ്ടല്ലോ. വാസന വളർത്തിയെടുക്കുന്നതിലെ പ്രധാന ഘടകം വായനതന്നെയാണ്. സംസ്കാരം പഠിക്കാനായി ചരിത്രം പഠിക്കുന്നതുപോലെ, സാഹിത്യത്തിലേക്ക് കടക്കണമെങ്കിൽ അതിന്റെ ചരിത്രമറിയണം. എഴുത്തുകാർ എങ്ങനെ എഴുതുന്നുവെന്നറിയണം. എം.ടി വാസുദേവൻ നായർ, ടി. പത്മനാഭൻ, ലളിതാംബിക അന്തർജ്ജനം എന്നിവരുടെയൊക്കെ എഴുത്തിന്റെ ശൈലിയറിയണം. പത്മനാഭന്റെ കഥ വായിക്കുന്നത് പത്മനാഭനെ പോലെ എഴുതാനല്ല. ഒരാളുടെയും കൃതി വായിക്കുന്നത് അവരെ അനുകരിക്കാനല്ല. ഈ എഴുത്തുകാരുടെയെല്ലാം കൃതികൾ വായിച്ചു കഴിഞ്ഞ് തന്റേതായ രീതിയിൽ എഴുതുവാൻ കഴിയുക എന്നതാണ് ഒരെഴുത്തുകാരന്റെ മിടുക്ക്.

• ഇന്ന് പല തരത്തിലുള്ള മാറ്റങ്ങൾ ജീവിതത്തിന്റെ നാനാമേഖലകളിലും വന്നിട്ടുണ്ട്. സിനിമ, സാഹിത്യം അങ്ങനെ പല മേഖലകളിലും. സിനിമയെടുത്താൽ ന്യൂജനറേഷൻ എന്ന ഒരു വിഭാഗം തന്നെ രൂപീകൃതമായിട്ടുണ്ട്. ഇത്തരത്തിലൊരു മാറ്റം സാഹിത്യത്തിൽ വന്നിട്ടുണ്ടോ?

സാഹിത്യത്തിൽ അതുപോലൊരു മാറ്റം വന്നിട്ടില്ല എന്ന് പറയാനാകില്ല. പക്ഷേ, സിനിമയിൽ വന്ന പോലെ പ്രത്യക്ഷമായ മാറ്റം സാഹിത്യത്തിൽ വന്നിട്ടില്ല. ഇന്ന് സാഹിത്യത്തിൽ ആനന്ദൊക്കെ വന്നത് പുതിയ ആശയങ്ങളും രീതികളുമായിട്ടാണ്. 'ആൾക്കൂട്ടം', 'ശവഘോഷയാത്ര' പോലെയുള്ള അദ്ദേഹത്തിന്റെ



കൃതികൾ ഒരു വേറിട്ട അനുഭൂതിയാണ് നൽകുന്നത്. പക്ഷേ ബഷീറിനും തകഴിക്കും ഉണ്ടായതു പോലെയുള്ള ആരാധന ആനന്ദിന് കിട്ടിയിട്ടില്ല. പണ്ടത്തെ കവിതകളിലൊക്കെ മൂല്യവത്തായ ആശയങ്ങൾ അടങ്ങിയിരിക്കുന്നത് കൊണ്ടു തന്നെ അവയെല്ലാം ഇന്നും മനസിൽ തങ്ങിയിരിക്കുന്നു. കുമാരനാശാന്റെയും ചെറുശ്ശേരിയുടെയും കൃതികളെല്ലാം അതിനുദാഹരണമാണ്.

• കാർഷിക വിദ്യാർത്ഥികളെന്ന നിലയ്ക്ക് താങ്കൾക്ക് ഞങ്ങളോടെന്താണ് പറയാനുള്ളത്?

കാർഷിക വിദ്യാർത്ഥികൾക്ക് വായനയുടെ മാധ്യമത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും. സാഹിത്യത്തിന് കൃഷിയുമായി വലിയ ബന്ധമുണ്ട്. പണ്ടത്തെ പാട്ടുകളിലും കഥകളിലുമെല്ലാം കൃഷി ഒരു പ്രധാനവിഷയമാണ്. പ്രകൃതിയെയും മണ്ണിനെയും അടുത്തറിയാൻ സഹായിക്കുന്നതും സന്ദേശമുള്ളതുമായ ഒരുപാട് കലാരചനകൾ സൃഷ്ടിക്കാൻ നിങ്ങൾക്കു സാധിക്കും. അതുവഴി വരും തലമുറയെ കാർഷിക സംസ്കാരത്തിലേക്ക് ആകർഷിക്കാനും സാധിക്കും.

# Green The Black



How hectic the world has become?
The unrelieved life of mine
roaming through the horns
and dark shoots
Sun hesitates to peep here
May be more faster it comes and goes
No one talks, nobody knows,
nothing shared, never heard.
Black is veiled over every face
Every tomb and the entire town
Trees, not green, waters not blue
Flowers not yellow and clouds not white
It's time for action , not to preach.
Rise with slogan 'green the black'

Pooja A
Taurus'14

---

*Best Compliments From*



ITzone

**ITzone Infocom Pvt. Ltd**

Tc-25/699/2, Sreekrishna
Opp. K. Karunakaran Sapthathi Madiram
Marath Lane, M. G. Road, Thrissur- 680001
Ph: 0487 2322208, 6538281

Door No: 27/327/1, Akshaya Appartments
NP. Madom, Chakkanthara,
Pallipuram (po), Palakkad- 678006
Ph: 0491 6578281

e-mail: tcr@itzoneindia.com

url:www.itzoneindia.com





പാലക്കാടൻ കാറ്റിന്റെ നനുത്ത സ്പർശത്തിൽ ഒന്നാകെ നനഞ്ഞ്, ഒരുമിച്ചു തോളോടു തോൾ ചേർന്നു സ്വപ്നം കാണുവാൻ ഹോർട്ടി മാറ്റിവെച്ച കമിതാക്കളുടെ സ്വർഗ്ഗം... പ്രണയിക്കുന്നവർക്കു മാത്രം പ്രവേശനം എന്നു തെറ്റിദ്ധരിക്കേണ്ട മനസ്സിൽ പ്രണയവും സൗഹൃദവും സൂക്ഷിക്കുന്ന, എല്ലാ സൻമനസ്സുകൾക്കും സ്വാഗതം...



ഉത്തരമറിയാത്ത പല ചോദ്യങ്ങൾക്കും മുൻപിൽ പകച്ചിരിന്നിട്ടുള്ള ഞങ്ങളുടെ Exam hall Uthara...
അതിനുപരിയായി ഹോർട്ടിയുടെ കലയുടെ ഈറ്റില്ലം. ഉത്തരയുടെ ഓരോ ഏടുകൾക്കും പറയാനുണ്ടാകും, ആഘോഷങ്ങളുടേയും വിജയങ്ങളുടേയും ആരവങ്ങൾ...

Gokul

# അന്തസ്സാർന്ന അനിഷ്ടങ്ങൾ



Aparna V M
Falcons'12



വർത്തമാനത്തിന്റെ പോരാളിയാണു ഞാൻ
മർത്ത്യജന്മത്തിനടയാളമാണു ഞാൻ,
പെറ്റുവീണൊരു നിമിഷം മുതൽക്കേ
ഭൂമിയാമമ്മതൻ മുലയൂറ്റിക്കുടിച്ചവൻ,
ബാല്യകാലത്തിലെന്നാത്മ മിത്രങ്ങളാ-
മരുമമരങ്ങളെ മുറുകെപ്പിടിച്ചവൻ.
ചെത്തുന്ന വേഷവും അത്തറും പൂശി ഞാൻ
നിത്യവും പോകുന്നു ജോലി സ്ഥലങ്ങളിൽ
ശീതികരിച്ചോരാമുറിയുടെ വാതിലിൽ
നിൽക്കുമാളുകൾ സൽക്കരിച്ചിടാൻ ജ്യൂസുമായ്
എൻ മുറിക്കുള്ളിലെ ചില്ലിട്ട ജാലകം
വന്നു തുറക്കുന്നു തെരുവിന്റെ കണ്ണിലായ്,
അവിടെ ഞാൻ കാണുന്നിതൊരുപാടു ജന്മങ്ങ-
ളലയുന്നു, ജീവന്റെ നിലനിൽപ്പിനായി
ഒരു പിടിയന്നവുമുടുവസ്ത്രവും തേടി-
യപരന്റെ പാദം വന്ദിച്ചിരിക്കുവോർ
വൃത്തിയായ് ടൈലിട്ടൊരാനടപ്പാതയിൽ
നിത്യവും ബൂട്ടിട്ടു ഞാനോടിടുന്നു
പുഷ്ടിപ്പെടുത്തുവാനെൻ മേനി മൊത്തവും
കഷ്ടത്തിനവരെന്റെ കാഴ്ചയിൽ മറയുന്നു.
ഈ പ്രഭാത സഞ്ചാരത്തിൻ വേളകളിൽ
എൻ കണ്ണുടക്കുന്നതംബരചുംബികളിൽ,
കൂണുകൾ പോലെ കുമിഞ്ഞുകൂടുന്നൊരാ -
കൂറ്റൻ വ്യവസായ സംരംഭങ്ങളിലൊക്കെയും.
ഭാരിച്ച ജീവിതത്തിരക്കുകൾക്കിടയിൽ ഞാൻ
കാണുന്നതില്ലൊന്നും, നോട്ടുകെട്ടല്ലാതെ.
പുസ്തകത്തിൻ താളുകളിൽ വിഹരിക്കും
ശാസ്ത്രവും ഗണിതവും മാത്രമെൻ തോഴർ,
അറിയുന്നതില്ല ഞാൻ അയലത്തെ വീടിന്റെ -
യവകാശിയെയും, അതിർവരമ്പും
എങ്കിലുമറിയുന്നു സർവ്വലോകവുമെന്നെ,
കൽപിതമായ് ത്തീർന്നൊരെൻ 'വ്യക്തിമുദ്ര'യെ!
കുഞ്ഞിനെയറിയേണ്ട, കൂടപ്പിറപ്പിനേം
സ്വയമറിഞ്ഞാൽ തന്നെ ധാരാളമാവുമേ....
ഇതു ഞാൻ പഠിച്ചോരു ചിരകാലസത്യം,
ഇന്നിന്റെ ലോകമെന്നോടു മന്ത്രിച്ചത്
അതുകൊണ്ട് നിങ്ങളിതു മനസ്സിൽ കുറിക്കൂ
ഉരുവിട്ടു ചൊല്ലൂ ഹൃദിസ്ഥമാക്കീടൂ...!



# When Technology

Anjaly V A
Aagneya' 13

January 2150 AD

The day starts with the wake up alert of the servant, which is of course a robot. Afterwards breakfast is served which consists of protein, energy capsules and a combination of vitamins and minerals. The modern man has no time for delicious elaborate breakfast, lunch or dinner, so food is reduced to capsules. Though the picture looks like a sciencefiction movie, considering the present developments in the world of science and technology, those days are not far.

'Click a button, make life easier' is the motto nowadays, but what we fail to understand is that the button we click so easily may be the button leading to our own self destruction. Technology has made life easier and will continue to do so but aren't we too blindly depending on it, failing to notice its consequences on mankind. With robots becoming increasingly powerful, intelligent and autonomous, it's time to start making sure that they know the difference between good and evil.

Many critics worry that the recent advances in robotics combined with developments in artificial intelligence (AI) may pose a threat to humanity. For instance drons, more commonly called "killer robots' can't distinguish friend from enemies. What would happen in the coming 10 or 20 years, when robots have advanced exponentially and are working in homes as human aids and care takers? What happens when robots are fully at work in the military or law enforcement? It will be critical if these machines fail to know the difference between a good action and one that is harmful.

Artificial intelligence is now hailed as the most advanced discovery of the world. But there are many intelligent minds who don't agree with them. Recently Prof. Stephen Hawking has joined the roster of experts who worries about what follows when humans build a device or write some software that can properly be called intelligent, such as AI, which, could spell the end of humanity. Similar worries were voiced by Prof. Nick Bostron who said an AI led apocalypse could engulf us within a century.

Many movies have debated what happens when all gets smart enough to out think humans. Many films such as the terminator movies, The matrix, The Blade runner, picturise humans against AI driven enemies. Even today we are getting hints about how paltry human wit can be when set against computers. Chess computers now routinely beat all but the best human players. And there are many many examples of computers finding creative solutions to diverse problems that had never occurred to humans.

Although there are assurances that AI may not pose a great threat to mankind , it's probably a good idea for AI researchers to think about the issues that Stephen Hawking and others have raised. As in movies, we can't always expect a happy ending. ■



Divya Madhu
Falcons'12

# ഒരുനിമിഷം ഒന്നു കേൾക്കൂ...

"ഹൽവയും മത്തിക്കറിയും" കേൾക്കുന്നവരുടെ മനസ്സിൽ ചിരി പൊടിയുമെങ്കിലും ഇനി ചിലപ്പോൾ മലയാളിയുടെ മെനുവിൽ അങ്ങനെയൊരു വിഭവം കൂടി ഉണ്ടായേക്കാം. അത്രകണ്ട് മാറി പ്പോയിരിക്കുന്നു കേരളീയരുടെ ഭക്ഷണശീലങ്ങൾ.

കാളനും പച്ചടിയും കിച്ചടിയും കൂട്ടിക്കുഴച്ച് ചോറുരുള കഴിച്ച മലയാളി ഇന്ന് ഫോർക്കും സ്പൂണും കൊണ്ട് നൂഡിൽസ് കഴിക്കുന്നു. ഇക്കാലത്ത് ഭക്ഷണം രുചിക്കും പോഷണത്തിനും മാത്ര മല്ല ഉപയോഗിക്കുന്നത് അത് നമ്മുടെ സാമൂഹ്യ വ്യവസ്ഥയെ ത്തന്നെ സ്വാധീനിക്കുന്നു...

വെജിറ്റബിൾ സാലഡ് കഴിക്കുന്നവൻ ത്യാഗി, നൂഡിൽസും പിസയും കഴിക്കുന്നവൻ യോഗി, കഞ്ഞികുടിക്കുന്നവൻ ദ്രോഹി എന്നിങ്ങിനെയാണ് ഇനിയുള്ള തലമുറ പറയാനിരിക്കുന്നത്. അച്ചപ്പവും കുഴലപ്പവും പാലപ്പവും അരിയുണ്ടയും നിരത്തി വിരുന്നുകാരെ വിളിച്ച തീൻമേശയിൽ ഇപ്പോൾ കിടക്കുന്നത് ഹോംഡെലിവറി ബോയിയുടെ വിസിറ്റിംഗ് കാർഡ്. ഇതിനെ "പാശ്ചാത്യസംസ്കാരത്തിന്റെ കടന്നുകയറ്റം" എന്നു പറഞ്ഞാൽ ചിലരൊക്കെ മുഖം കറുപ്പിക്കാൻ ഇടയുണ്ട്.

ചോക്ക് മടിയിലിരിക്കുമ്പോൾ അത് തേടിപ്പോവുന്ന മലയാളിയുടെ സ്വഭാവം അന്നും ഇന്നും തുടരുന്നു. ഇതിനെ പാരമ്പര്യം എന്നു വിശേഷിപ്പിച്ചോട്ടെ... തൊടിയിലും പറമ്പിലും പണ്ടാരോ നട്ട പ്ലാവും മാവുമൊക്കെ പൂക്കുന്നു, കായ്ക്കുന്നു, താഴെ വീഴുന്നു, ചീഞ്ഞളിയുന്നു, നമുക്ക് ഉപദ്രവമുണ്ടാക്കുന്നു. അപ്പോഴിനി അവയെ 'കള' എന്നു വിശേഷിപ്പിക്കാമല്ലേ....?


യൂറിയയും പൊട്ടാഷും കാർബെൻഡാസിമുമൊക്കെ കഴിച്ച് വളർന്ന മെഴുകുപൂശിയ സുന്ദരികളായ പച്ചക്കറിയും പഴങ്ങളുമൊക്കെ ലഭ്യമാകുമ്പോൾ പിന്നാർക്കുവേണം മാങ്ങയും പ്ലാങ്ങയുമൊക്കെ... ക്ഷമിക്കണം അമേരിക്കയിലേക്കു പോകാനാഗ്രഹിക്കുന്ന എന്റെ സുഹൃത്ത് ചക്കയെ വിശേഷിപ്പിച്ചതിങ്ങനെയാണ്.

ഇപ്പോൾ ആളുകളെ നിർത്തി ഭക്ഷണം കഴിപ്പിക്കുന്നത് പ്രതാപത്തിന്റെ പ്രതീകമായി മാറിയിട്ടുണ്ട്. കല്യാണമായാലും ബൊഫെ... ഗൃഹപ്രവേശമായാലും ബൊഫെ... കുഞ്ഞിന്റെ നൂലുകെട്ടായാലും ബൊഫെ... കഴിഞ്ഞ ദിവസം ഇത്തരമൊരു ബൊഫെയിൽ കാത്തുനിൽക്കുമ്പോൾ ആഫ്രിക്കയിലെ ഒരു അഭയാർത്ഥി ക്യാമ്പ് ഓർത്തുപോയി.

സ്ലിം ആകാൻ ആഗ്രഹിക്കുന്ന കേരളം ഇത്തരത്തിൽ ഫാസ്റ്റ്ഫുഡ് കഴിക്കാൻ തുടങ്ങിയാൽ 'ഇൻഷേപ്പ്' അധികകാലമൊന്നും ധരിക്കേണ്ടിവരില്ല. ഫാസ്റ്റ്ഫുഡിൽ ഷുഗർ, കൊഴുപ്പ്, സോഡിയം തുടങ്ങിയവയുടെ അളവ് കൂടുതലായതിനാൽ പൊണ്ണത്തടി, ഹൃദ്രോഗം, ഡയബറ്റിസ്, അതിരോസ്ക്ലീറോസിസ്, ആർത്രൈറ്റിസ്, കാൻസർ എന്നീ മാരകരോഗങ്ങൾക്കും വഴിതെളിക്കുന്നു. ഇവിടെ സമയലാഭമല്ലാതെ മറ്റൊരു ഗുണവുമില്ല എന്നതാണ് വസ്തുത. സമയം എടുത്തുവെച്ചിട്ട് എന്തുകാര്യം?

സാക്ഷരതയിൽ മുന്നിലാണെങ്കിലും ചില വസ്തുതകളെ നിരക്ഷരരെപോലെ നോക്കിക്കാണുമ്പോൾ പലപ്പോഴും മലയാളിയെന്നു പറയാൻ നിരാശ തോന്നാറുണ്ട്. ഇപ്പോൾ നിങ്ങൾക്കും അത് തോന്നുന്നില്ലേ...? ■





# എനിയ്ക്കും....

[illegible]

എനിയ്ക്കും....

[illegible]



Fasna P
Gagnants'15



Arjun T P
Falcons'12

# അവൾക്കു കഴിയാതെ പോയത്

അവളുടെ കൈകൾ ചുവന്നിരുന്നു. ചുവന്ന് തുടുത്ത കവിളുകളുടെ സൗന്ദര്യമായിരുന്നില്ല ആ ചുവപ്പിന്. അതെ അത് ചോരയുടെ ചുവപ്പാണ്. താഴെ ഒരു കത്തി കിടക്കുന്നു. അയാളുടെ നാഡീവ്യൂഹത്തിന് പുറത്തേക്ക് കടന്നുവരാൻ രക്തത്തിന് വഴികാട്ടിയത് ആ കത്തിയായിരുന്നു. അവൾ കരയുന്നില്ല, കണ്ണ് കലങ്ങിയിട്ടില്ല കുറ്റബോധം ആ മുഖത്ത് തെല്ലും കാണാനുണ്ടായിരുന്നില്ല. തൊട്ടടുത്ത നിമിഷം തന്റെ ജീവിതം അവസാനിച്ചേക്കാമെന്നു തോന്നിയ അവൾക്ക് ആ ഭ്രാന്തന്റെ അരയിലെ കത്തികൊണ്ട് അയാളുടെ ശരീരം തുളയ്ക്കാനല്ലാതെ മറ്റൊന്നിനും കഴിയുമായിരുന്നില്ല... എന്തോ ഒരു ശബ്ദം ദൂരെ നിന്നും വരുന്നു.... അതൊരു തീവണ്ടിയാണെന്ന് എനിക്ക് തിരിച്ചറിയാം.

ഒരു ചൂളംവിളിയോടെ ആ തീവണ്ടി എന്നെ കടന്നുപോയി. ഞാൻ ചിന്തകളിൽ നിന്നുമുണർന്നു... വർഷങ്ങൾക്കുമിപ്പുറം നാം ഇന്നും മറന്നിട്ടില്ലാത്ത, സൗമ്യ പീഡിപ്പിക്കപ്പെട്ട റെയിൽവേ പാളത്തിനടുത്ത് ഒരു അന്വേഷണ ലേഖനദൗത്യവുമായ് നിൽക്കുമ്പോൾ ഞാനോർത്തു പോകുന്നു... അൽപം കൂടി മനക്കരുത്തുണ്ടായിരുന്നെങ്കിൽ!!! ആ സംഭവത്തിനുശേഷം അവിടെയെത്തുന്ന ആദ്യത്തെ വ്യക്തി കാണുന്ന കാഴ്ച ഒരു പക്ഷെ ഇതായിരുന്നിരിക്കാം. ■






Dr. P. Suresh Kumar
Professor RTL

# ചാനൽ ചർച്ച

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ വളരെ പ്രാധാന്യമേറിയ ഒരു വിഷയത്തിൽ ചാനലുകളായ ചാനലുകളിൽ മുഴുവൻ പണ്ഡിതശിരോമണികൾ കേട്ടറിവും കണ്ടറിവും അറിവില്ലായ്മയും കൈ മുതലാക്കി ചർച്ച തുടങ്ങി. വിഷയം സൃഷ്ടിച്ചിരിക്കുന്നത് സീസറിന്റെ ഭാര്യയോ ഭർത്താവോ അല്ലാത്ത ഒരു പല്ലിയാണ്. വിഷയദാരിദ്ര്യത്താൽ രണ്ടു മൂന്നു ദിവസമായി പട്ടിണിയിലായിരുന്ന ഒരു മാധ്യമ കേസരി മേല്പ്പോട്ടു നോക്കി മലർന്നു കിടന്നു ചിന്തിക്കുകയായിരുന്നു. അപ്പോഴാണ് ഉൾവിളി "അതാ മച്ചിലൊരു പല്ലി". നാല് കാൽപാദങ്ങളും മച്ചിലമർത്തി ഇഴയുന്ന പല്ലി ഇതാ ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തത്തെ വെല്ലുവിളിച്ചിരിക്കുന്നു. സിദ്ധാന്തം തെറ്റാണെന്ന് തെളിയിച്ചിരിക്കുന്നു. ഗുരുത്വാകർഷണമുണ്ടായിരുന്നെങ്കിൽ പല്ലി നടുതല്ലി താഴെ വീഴേണ്ടതായിരുന്നില്ലേ? "ആനന്ദലബ്ധിക്കിനിയെന്തു വേണം?" നമ്മുടെ ചാനൽ ചർച്ചകൻ (അങ്ങനെയൊരു വാക്ക് ഭാഷയിലില്ല. പക്ഷെ നമ്മളുണ്ടാക്കിയിരിക്കുന്നു.) കിടന്ന കിടപ്പിൽനിന്നും ചാടിയെഴുന്നേറ്റ് മൊബൈൽ എടുക്കുന്നു. ചാനലിലേക്ക് വിളി. "ക്യാമറ റെഡി. ചർച്ചക്കാരെ വിളിയ്ക്കൂ." മനോവേഗത്തിൽ മാധ്യമചർച്ച തുടങ്ങിയിരിക്കുന്നു.




മൂളിപ്പറക്കുന്ന കൊതുകിനെനോക്കി നിന്നിരുന്ന പല്ലി മനസ്സിൽപ്പോലും കാണാത്ത അവകാശവാദം ഇതാ ചാനലിൽ. "ഗുരുത്വാകർഷണം തെറ്റെന്ന് തെളിയുന്നു. ഇക്കാലമത്രയും ന്യൂട്ടൺ നമ്മളെ വഞ്ചിക്കുകയായിരുന്നു. ഭൂമിയ്ക്ക് അങ്ങനെയൊരു ശക്തിയില്ല. ഉണ്ടായിരുന്നെങ്കിൽ പല്ലി മച്ചിൽ നിന്നും വീണേനേ."

"ഇനി പല്ലികാലിൽ ഫെവിക്കോളോ അതോ വേറെവല്ല പശയോ തേച്ചിരുന്നോ. പല്ലിയാണോ യഥാർത്ഥ വഞ്ചകൻ! "

ഇക്കാര്യത്തിൽ മന്ത്രി തന്ത്രിമാരുടെ അഭിപ്രായം? പ്രതിപക്ഷം വല്ലതും ഉരിയാടിയോ? പ്രതിപക്ഷ വക്താവ് ടെലിഫോൺ ലൈനിൽ. ഈ വിഷയത്തിൽ എന്തുകൊണ്ട് ഗവൺമെന്റ് അന്വേഷണം നടത്താൻ മടിയ്ക്കുന്നു."

മറുപടിയായി മന്ത്രി മൊഴി, "ഏതന്വേഷണത്തിനും തയ്യാർ. ആരാണീ ന്യൂട്ടൺ? പല്ലിയുടെ പ്രകടനത്തെക്കുറിച്ച് ഉടൻ ക്വിക്ക് വെരിഫിക്കേഷൻ. കുറ്റക്കാർ ആരായാലും - ന്യൂട്ടണായാലും പല്ലിയായാലും - ഉടൻ നടപടി. ഗവൺമെന്റ് സുതാര്യനും ശുദ്ധനുമാണ്."

ചർച്ച മുന്നേറുകയാണ്.

"പല്ലി പണ്ടേ അഹങ്കാരിയാണെന്നും താനാണ് മനുഷ്യർ പണിത എല്ലാ കെട്ടിടങ്ങളും താങ്ങിനിർത്തുന്നതെന്നും ക്രിസ്തുവിന് മുൻപ് തന്നെ (ബി.സി- ൽ) പല്ലിയുടെ മുതുമുതുമുതു .... മുത്തശ്ശൻ പ്രസ്താവിച്ചിട്ടുണ്ട്."

ഇതൊന്നുമറിയാതെ പല്ലി അപ്പോഴും കൊതുകിനെപിടിയ്ക്കാനുള്ള തയ്യാറെടുപ്പിലാണ്.

ന്യൂട്ടന്റെ നിയമം പാഠപുസ്തകത്തിൽ നിന്ന് ഉടനടി നീക്കം ചെയ്യണമെന്നും ചർച്ചയിൽ അഭിപ്രായം നുരഞ്ഞുപൊന്തി. വില്ലനാരാണെന്ന് അടുത്ത ചർച്ചയിൽ കൂടുതൽ കൂലങ്കഷമായ് ചിന്തിയ്ക്കാമെന്നും കൂടുതൽ കാര്യങ്ങൾ വെളിപ്പെടാനുണ്ടെന്നും ബ്രേക്കിങ്ങ് ന്യൂസ്.

വാൽക്കഷ്ണം:

ന്യൂട്ടൺ ജനിക്കുന്നതിന് മുമ്പും പല്ലി ചുമരിൽക്കൂടി നടക്കുകയും മച്ചിൽ തലകീഴായി (മൈഡിയർ കുട്ടിച്ചാത്തൻ സ്റ്റൈലിൽ- കുട്ടിച്ചാത്തൻ ക്ഷമിയ്ക്കുമല്ലോ) നടക്കുകയും ചെയ്തിരുന്നു. ഈ പല്ലി ഇങ്ങനെനടക്കുന്നത് ന്യൂട്ടണും കണ്ടിട്ടുണ്ടാകണം - ചർച്ച തുടർന്നു കൊണ്ടേയിരുന്നു.

■

# കനൽപ്പൂക്കൾ



Anagha V. Gopal
Taurus'14

എന്തിനെന്നറിയാതെ... എവിടേയ്ക്കെന്നറിയാതെ
കടന്നുപോയൊരാ ദിനരാത്രങ്ങൾ...
ഇനിയെന്തെന്നറിവില്ല വിധിയെന്തെന്നറിവില്ലയെങ്കിലും
കൊഴിഞ്ഞു പോയൊരാ സുന്ദര സ്മൃതികൾ...
പിരിഞ്ഞിട്ടും പിരിയാതെ നിൽക്കുന്ന സൗഹൃദം
അടുത്തിട്ടും അടുക്കാതെ നിൽക്കുന്ന സ്വപ്നങ്ങൾ
വിടർന്നിട്ടും വിടരാതെ നിൽക്കുന്ന ആശകൾ...
വിളിച്ചിട്ടും നിൽക്കാതെ പോകുന്ന നാളുകൾ ...
ഒരു നേർത്ത തെന്നലായി അരികിലണഞ്ഞൊരാ നിമിഷങ്ങൾ
ഇനിയെന്നു കാണുമെന്നാലോചിച്ച്
നിറയാതെ നിറയുന്ന കണ്ണുനീരുമായി
ഞാനും.... നാളെയുടെ ഭാഗമാകാൻ
ഞാൻ നഷ്ടപ്പെടുത്തിയൊരീ നിമിഷങ്ങളിൽ,
ഇടറാതെ ഇടറുന്ന എൻ നെഞ്ചകവും
അതിൽ വിരിഞ്ഞൊരാ കനൽപ്പൂക്കളും ... മാത്രം...
കണ്ണിലും പുഞ്ചിരിതെളിയുന്ന "ഭാവി" യെന്ന
ചുഴികളിൽപ്പെട്ടു ഞാൻ... എന്നിടറിയ കണ്ഠങ്ങളിൽ
ഇനി താളമില്ല... സ്വപ്നമില്ല... ആശകളില്ല...
ഞാൻ മാത്രം ഒറ്റയ്ക്ക്...
ഞാൻ നഷ്ടപ്പെടുത്തിയൊരാ വർണ്ണങ്ങൾ...
ഇനിയും വരുമെൻ ചാരെ..
ഇനിയും നാം കണ്ടുമുട്ടും കാലമേ...
നഷ്ടപ്പെട്ടൊരെൻ ജീവിതം തിരിച്ചു ചോദിക്കാനായ്.....





Amrutha Hari
Taurus'14




# എന്റെ മയിൽപ്പീലി തുണ്ട്

അസ്വസ്ഥമായ മനസ്സിനെ ശാന്തമാക്കുവാൻ വേണ്ടിയാണ് ഞാനെന്റെയാ പഴയപ്പെട്ടി തുറന്നത്. വർണ്ണശബളമായ എന്റെ കോളേജ് ജീവിതമായിരുന്നു ആ പെട്ടിക്കുള്ളിൽ ഞാൻ അടച്ചു വച്ചിരുന്നത്. കാലം ഒരു കയ്പുനീരാണ്. മറക്കാൻ ശ്രമിക്കുന്ന പലതിനെയും അത് ഓർമ്മിപ്പിക്കും. നാം വിലപിടിപ്പുള്ളത് എന്നു കരുതുന്ന പലതും അത് നഷ്ടപ്പെടുത്തും. എന്റെ ആയുസിന്റെ നാലുവർഷമാണ് പൊടിപിടിച്ച് കിടക്കുന്നത്. അതാ കുറെ ഫോട്ടോസ്റ്റാറ്റ് നോട്ടുകൾ. പഠിത്തം കഴിഞ്ഞ് ജോലിയൊന്നുമായില്ലെങ്കിൽ ഇവിടെ തന്നെ ഒരു ഫോട്ടോസ്റ്റാറ്റ് കട തുടങ്ങുമെന്ന് ഞാൻ പണ്ട് തമാശ പറയുമായിരുന്നു. എന്റെ മനം ഇപ്പോൾ ആ കലാലയത്തിലൂടെ സഞ്ചരിക്കുകയാണ്. എന്റെ ക്രിസ്മസ് ഫ്രണ്ട് ആര്യ തന്ന 'ഡെസ്ക് ലാംബ് ക്ലോക്ക്' എന്റെ യാത്രയിലെവിടെയോ വച്ച് അതിന്റെ ഓട്ടം നിലച്ചു പോയി. ജീവിതത്തിൽ എന്റെ കൈപിടിച്ച് നടന്നവർ എന്നെ തനിച്ചാക്കി പോയതല്ലെ. പിന്നെ ഈ ക്ലോക്കിനെ എന്തിന് പറയുന്നു. ഓരോ റൂമിന്റെയും വെയിസ്റ്റ് ബാസ്കറ്റിൽ നിന്നും ഇലകൾ ശേഖരിച്ച് ഞാനുണ്ടാക്കിയ ഹെർബേറിയം. ഈ കരിഞ്ഞുണങ്ങിയ ഇലകൾ എന്നെ എന്റെ നഷ്ടപ്പെട്ടുപോയ യൗവ്വനത്തെ ഓർമ്മിപ്പിക്കുന്നു. പെട്ടിയിൽ നിന്നും കുറെ കൂറകൾ ഓടിപ്പോകുന്നു. പേടിക്കണ്ടാ ഇനി ഞാൻ ഇൻസെക്റ്റ് കളക്ഷൻ എന്ന പേരിൽ നിങ്ങളെ ഉപദ്രവിക്കില്ല. പാറ്റയേയും വണ്ടിനേയും ഒക്കെ കൊന്നും കൊലവിളിച്ചും ഞാൻ നേടിയ മാർക്കുകൾ എന്നെ നോക്കി ചിരിക്കുന്നു. പക്ഷേ ഈ ജീവിതയാത്രയിൽ ഞാൻ തിരിച്ച് ചിരിക്കുന്നതെങ്ങനെയെന്ന് മറന്നു പോയി.

എന്റെ ടോറസിന്റെ ജേഴ്സി, അതൊരോർമ്മപ്പെടുത്തലാണ്. എന്റെ ക്ലാസിനുവേണ്ടി ഞാൻ കൈയ്യടിച്ചതിന്റെയും സന്തോഷിച്ചതിന്റെയും.

എന്റെ പാഠപുസ്തകത്തിൽ നിന്നും ആ മയിൽപീലിതുണ്ട് ഞാൻ കൈയ്യിലെടുത്തു. പുറംലോകം കണ്ടാൽ ജീവൻ നഷ്ടപ്പെടുമെന്നു കരുതി ഞാൻ ആ പുസ്തകതാളുകളിൽ മാത്രമായ് ഒളിപ്പിച്ച് വയ്ക്കുവാൻ ശ്രമിച്ച ആ മയിൽപീലിതുണ്ട്. ഹോർട്ടിയിലെ ജീവിതത്തിൽ ഞാനെന്റെ മനസിന്റെ ഉള്ളറകളിൽ മാത്രമായി ഒതുക്കിവെച്ച എന്റെ മയിൽപീലി തുണ്ട്. പറയാതെ സൂക്ഷിക്കുന്ന പ്രണയം വ്യർത്ഥമാണ് എന്നത് അന്വർത്ഥമാക്കും വിധം എന്റെ പെട്ടിയ്ക്കുള്ളിൽ പൊടിപിടിച്ചു കിടന്നിരുന്നു, ഒരു കല്ല്യാണക്കുറി. ഞാൻ സ്നേഹിച്ചയാളും ഞാനറിയാതെ അയാളെ സ്നേഹിച്ച എന്റെ കൂട്ടുകാരിയും. നഷ്ടപ്പെടലിന്റെ വേദനയോടെ ഞാനാ മയിൽപ്പീലിയെ നോക്കി. ആ കണ്ണുകൾ എന്നെതന്നെ നോക്കിയിരിക്കുകയായിരുന്നു.... ■

# SCREENSHOT

*by Falcons '12*

Hiii guyzz ... എല്ലാവരും എവിടെ പോയി ...?

Arjun P
ആരെയാ നിനക്കിപ്പോ വേണ്ടേ...?

ഹോ... എന്റെ പൊന്നുമാഷേ, ഞാൻ എന്റെ പെൺപിള്ളേരെയാ ചോയ്ച്ചേ... !!

Arjun P
Mmmm...I Know , I know... നിനക്ക് ആരെയാ കാണേണ്ടത് എന്നൊക്കെ അറിയാട്ടോ ....

Aswin
ശ്ശോ... ആ കൊച്ചിനെവിരട്ടി വിട്ടു...

അതിനു നിനക്കെന്താ...?

Aswin
ഒന്നൂല്ലേയ്

Type a message

Arjun T P
ഒരുത്തൻ Beauty parlour ൽ പോയതാ രാവിലെ. ഇതുവരെ വന്നില്ല. ഇനിയിപ്പോ നാളെ ഉച്ചക്കത്തെ freshers day ക്കു നോക്കിയാൽ മതിയാവും ല്ലെ....?

ആരാത് ...?

Arjun T P
J.K. മൊയ്തീൻ എന്ന് ഇപ്പോൾ സ്വയം വിളിക്കപ്പെടുന്ന ജസ്ബീർ -കെ. മൊയ്തീൻ ... നാളെ എന്തായാലും കാഞ്ചനകുട്ടീനെ select ചെയ്യുംന്നാ പറഞ്ഞേ..

Anjana
ഹൊ.... നാളെ freshers day ആണല്ലേ...
നാളത്തെ ഒരു ദിവസത്തിനായി എത്ര കാലമായി ഞങ്ങളും കാത്തിരിക്കുന്നു.

freshers day .... കുവാൻ വർഷത്തിലൊരിക്കൽ മാത്രം കിട്ടുന്ന അവസരം.
നാളെ നല്ല പണി കൊടുക്കണം....

Anto
വേണ്ടാട്ടോ .... Ragging is a criminal offence

Type a message

Anjana
ഓ.... വന്നോ... സദാചാര പോലീസ്. അവളു മാത്രമല്ല ഞങ്ങൾ എല്ലാവരും അതിനുവേണ്ടി തന്നെയാ കാത്തിരിക്കുന്നെ.

Leema
Me too ...

Shruthi
freshers day യുടെ ഇടക്ക് ആരും വിസിൽ ഉപയോഗിക്കരുത്

Whistle ഇല്ലാതെ വിസിലടിക്കാമോ ശ്രുതി....?

Shruthi
കൂവിക്കോടി.... അതാ നല്ലത്... കൂവുന്നേന്റെ ഒരു effect വേറെ ഒന്നിനും കിട്ടൂല....

Murthu
നാളെ എന്തൊക്കെയാടീ tasks....പെൺപിള്ളേർക്ക് പണികൊടുക്കാൻ....?
പെണ്ണുകാണൽ ഉണ്ടെങ്കിൽ എന്നെത്തന്നെ വിളിക്കണേ ചെറുക്കനായി അഭിനയിക്കാൻ ....?

Aswin
അത് ഞാൻ നേരത്തെ book ചെയ്ത പോസ്റ്റാണ് മോനേ.... വിട്ടോ ...വിട്ടോ .... വണ്ടി വിട്ടോ .... R A .... മറക്കല്ലെ.... ചുരുണ്ട മുടിയുള്ള പൊക്കം കൂടിയ കുട്ടി.

Aparna R A
Done

Arjun T P
അപ്പോ എന്റെ കാര്യോ....?

Aparna R A
ഒന്നു നിർത്തെടോ നിനക്കൊന്നും നാട്ടിൽ വേറെ പെണ്ണുകിട്ടൂലെ .... പ്രേമിക്കാൻ വന്നിരിക്കുന്നു....
Hmm....

Type a message

Arjun T P
ഞാനൊന്നു നോക്കട്ടെ ..... പോയാലൊരു വാക്ക് ..... ഒത്താലൊരു life. നിങ്ങൾക്കൊക്കെ ഓസിനു വന്നു Biriyani തിന്നാലോ.

Anto
അയ്യോ.... വേണ്ടായേ...., എന്തൊക്കെയാ Tasks...?

Priyatha
Multiplication table for ലഡ്ഡു. Body show with muscle. മീൻകാരി with minimum 20 കൂവൽസ് ... പേടിക്കേണ്ട, എല്ലാം നമുക്ക് കിട്ടിയ tasks തന്നെയാ....

Aparna R A
ഓർമ്മിപ്പിക്കല്ലെടീ.... അന്നു വിറ്റ മീനിന്റെ മണം ഇതുവരെ മാറീട്ടില്ല ഇപ്പോഴും ....

Sajin
ഇപ്പഴും അവളെ ചാള മേരീന്നാ വിളിക്കുന്നെ...ല്ലെ....?

Aparna R A
മതി...

Anusree T
Freshersday ഒരു സംഭവമായിരുന്നില്ലേ... ഓർക്കുമ്പോ തന്നെ ചിരിച്ചു ചിരിച്ചു ചത്തു പോകും. ഇവിടുന്നു പഠിച്ച കാര്യങ്ങളൊന്നും ഇനി ചത്താലും മറക്കൂല.

ഇതും വല്ലതും പറഞ്ഞാൽ അവർക്കു മനസ്സിലാവോ? ....പരിചയപ്പെട്ടാ Ragging ..... നോക്കിയാ Ragging ..... മിണ്ടിയാ Ragging ....Apology letter എഴുതിക്കൊടുക്കാൻ സീനിയേഴ്സിന്റെ life പിന്നെയും ബാക്കി.

Arjun T P
സാരമില്ല ... പോട്ടെ...Every dog has a day...
Hmm...

Type a message

# കൈക്കുമ്പിളിലെ മണ്ണ്



Dr. Jayasree Sankar
Professor, Dept. of Soil Science
& Agricultural Chemistry

..... അവൻ ഉണർന്നു!

ബെഡ്ഡിൽ നിന്നും വശം ചെരിഞ്ഞെഴുന്നേറ്റ് , ബാത്ത്റൂമിന്റെ ആന്റി സ്ലിപ്പറിടൈൽസ് വിരിച്ച ഫ്ളോറിൽ പാദങ്ങളൂന്നി, കമോഡിൽ കാര്യം കഴിച്ച് , ഹോട്ട് വാട്ടറും, സ്റ്റെറിലൈസ്ഡ് ടിഷ്യുപേപ്പറുമായി പ്രഭാതമാരംഭിച്ചു. കീടാണുസംഹാരി നിറഞ്ഞ പൽപ്പശ വായിൽ പതപ്പിച്ച് ദന്തരോഗങ്ങളോട് വിട തേടി. മൗത്ത് വാഷ് കൊണ്ട് വായ് കഴുകി, ചൂടു വെള്ളം കൊണ്ട് മേൽകഴുകി, തല ഷാമ്പു ചെയ്ത് (അതൊന്നുമില്ല!) ബാത്ത്റൂം വിടുമ്പോൾ യുദ്ധം ഒന്നാംഘട്ടം പൂർണ്ണവിജയം!

തുടർന്ന് വീട്ടുചെരിപ്പണിഞ്ഞ് ഇത്തിരി നേരം പഠനമുറിയിൽ. രോഗാണുക്കളെക്കൊല്ലാനുള്ള സൂത്രമൊക്കെ എ/സിയിൽ ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് കോൾഡും, സ്നീസിംങ്ങുമില്ല. വാതിലും ജനലും കർട്ടനുകളും ചേർന്ന് സുരക്ഷ ഉറപ്പാക്കിയ പഠനമുറിയാണ്. നോ പ്രോബ്ലം!

തുടർന്ന് ബ്രേക്ക് ഫാസ്റ്റ്. റോസ്റ്റ് ചെയ്ത ബ്രെഡ്ഡും, സോസും, സാൻഡ്‌വിച്ചും മിൽക്കും. മമ്മിയ്ക്ക് ധൃതിയുള്ള ദിവസമാണെങ്കിൽ ടു മിനിറ്റ്സ് ന്യൂഡിൽസും പിന്നെ, ബൂസ്റ്റോ, ഹോർലിക്സോ കുടിക്കാൻ. നോക്കൂ, ഐ ആം എ കോംപ്ലാൻ ബോയ്!

പാന്റും, ഷർട്ടും, ടൈയും, സോക്സും, ഷൂസും നിമിഷം കൊണ്ടണിഞ്ഞ് തയ്യാർ. സ്കൂൾ ബസ്സ് ഇപ്പോൾ വരും . ഇടയ്ക്ക് കുടിക്കാൻ പ്ലാസ്റ്റിക് ബോട്ടിലിൽ വെള്ളം, ഫ്ളാസ്ക്കിൽ ചൂടു ബദാം മിൽക്ക്. ചൂടു കാക്കുന്ന ലഞ്ച് കിറ്റിൽ ഫ്രൈഡ് റൈസ്, മസാലയിട്ട് രുചിയേറ്റിയ ചിക്കൻ കറി. പുറത്തു കേറ്റാൻ ഒരു അഡിഡാസ് കുട്ടിച്ചാക്കു നിറയെ സ്റ്റെഡി മെറ്റീരിയൽ, ലാപ്പ്, രഹസ്യമായി മൊബൈൽ...

ദാ! ഗേറ്റിൽ വണ്ടിയുടെ ഹോൺ!

ടൈൽസിട്ടമുറ്റം താണ്ടി വാനിൽ. വാനിൽ നിന്നും ടൈൽസിട്ട സ്കൂൾ മുറ്റത്തേയ്ക്ക്. ക്ലാസ്മുറിയിലേയ്ക്ക്. ഇടയ്ക്കെപ്പോഴോ പഠനയജ്ഞത്തിലേയ്ക്ക്. മോസ്റ്റ് ഹൈജീനിക്ക്, ബോയ്ഫ്രണ്ടിലി, ടോയ്‌ലെറ്റിലേയ്ക്ക്. അത് കഴിയുമെങ്കിൽ അവോയ്ഡ് ചെയ്യും. മമ്മി പറഞ്ഞിട്ടുണ്ട്, എന്തായാലും പലരും ഉപയോഗിക്കുന്നതല്ലേ, വൃത്തിയുണ്ടാവില്ല എന്ന്...



വൈകീട്ട് വണ്ടിയിൽ കയറി വീട്ടിലേയ്ക്ക്. ആന്റി ഗേറ്റിൽ കാത്തുനിൽക്കും. പുറത്തെ സഞ്ചി ആന്റിക്ക്...

ഫ്രിഡ്ജിൽ ഫുഡ് റെഡി. ഇത്തിരിനേരം ഇൻഡോറിൽ കളി. ഷട്ടിൽ, ടേബിൾ ടെന്നീസ്... കഴിയുന്നതും അഴുക്കിൽ കിടന്നുരുളുന്ന ഫുട്ബോൾ, വോളിബോൾ എന്നിവ ഒഴിവാക്കും. ഓ ! കബഡിയെന്നൊരു സാധനമുണ്ട്. അഴുക്കിൽ കിടന്നു പിരളുകയാണ്, നാസ്റ്റി ബോയ്സ്.

പിന്നെ ചുടുവെള്ളത്തിൽ ഒരു കുളി. വെള്ളത്തിന് ഡെറ്റോൾ ഗന്ധം. കുളികഴിയുമ്പോൾ ഫ്രഷ്. ഇനി, പഠനം. എട്ടരമണിക്ക് ഡിന്നർ. ചിക്കനില്ലെങ്കിൽ ഒരു സുഖവുമില്ല. ചിലപ്പോൾ ചില വെജിറ്റബിൾസ്. കാരറ്റ്, ബീറ്റ്റൂട്ട്, കോളിഫ്ളവർ, നോൾകോൾ എന്നിങ്ങനെ.

പിന്നെ ഇത്തിരി ടി.വി. റിയാലിറ്റി നൃത്തം... ഹായ് എന്താ കോസ്റ്റ്യൂംസ്. ഇല്ലെന്നു തന്നെ പറയാം.

ഓ! ഉറക്കം വരുന്നു... ഹെക്റ്റിക് ഡേ!
പപ്പാ വന്നില്ലേ മമ്മീ ... ഗുഡ് നൈറ്റ്!!
മുറിയിൽ .... മൊബൈൽ... ഫേസ്ബുക്ക് ... വാട്സ് ആപ്.... ചാറ്റ്.... ചാറ്റ്.... ചാറ്റ്.... ചാ...!

അപ്രതീക്ഷിതമായി ഒരിക്കൽ കമ്പ്യൂട്ടർ ബ്രൗസു ചെയ്തപ്പോഴാണ് കണ്ടത്: 2015, മണ്ണു വർഷം!

മമ്മീ, വാട്ടീസ് ദിസ് 'മണ്ണ്'?

മറുപടി കിട്ടി (ഓ! ഈ മമ്മിക്കറിയാത്ത കാര്യമൊന്നുമില്ല!) റോഡിന്റെ സൈഡിലൊക്കെ ടാറിങ്ങിനും ഡ്രെയ്നേജിനും ഇടയിലായി കണ്ടിട്ടില്ലേ, ബ്രൗൺ നിറത്തിൽ കല്ലും കട്ടയുമായി ... അതാണ് മണ്ണ്.

രോഗാണുക്കളുടേയും കീടാണുക്കളുടേയും കൂടാണത്. അതിൽ വെള്ളം കൂടി വീണാൽ പിന്നെ പറയുകയും വേണ്ട. ഇറ്റീസ് ദ സ്റ്റോർ ഹൗസ് ഓഫ് ഡിസീസസ്. വൃത്തികേടിന്റെ പര്യായമാണ് മണ്ണ്... ചെളി... മനസ്സിലായോ?

കുട്ടന് മനസ്സിലായി; നന്നായി മനസ്സിലായി.

മണ്ണിൽ തൊടരുത്. ചവിട്ടുകപോലുമരുത്. അത് രോഗങ്ങളുടെ പ്രഭവകേന്ദ്രം!

അപ്പോൾ മോം, വാട്ടീസ് ദിസ് മണ്ണു വർഷം?

മമ്മി പറഞ്ഞു: സീ ഫോർ ഇറ്റ് ഇൻ ദ് നെറ്റ്, മൈ സൺ!

നെറ്റിൽ ചിത്രം തെളിയുന്നു.

മനുഷ്യന്റെ കൈക്കുമ്പിളിൽ മണ്ണും സസ്യവും സുരക്ഷിതമായിരിക്കുന്ന മനോഹരമായ 'ലോഗോ'!
കുറിപ്പുമുണ്ട്:

നമ്മുടെ മണ്ണ് സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും, അതിനുള്ള ചുമതല ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈസേഷനാണെന്നും യു.എൻ നിശ്ചയിച്ചതിൻപ്രകാരം പൊതുലോകം ആചരിക്കുകയാണ്, 2015 മണ്ണു വർഷമായി, അന്താരാഷ്ട്ര മണ്ണുവർഷം.

'നമ്മുടെ ' മണ്ണോ? കുട്ടനു പിന്നെയും സംശയം. നമുക്കെവിടെയാണ് മണ്ണ്? മണ്ണും ചെളിയും വൃത്തികേടല്ലേ? അതു സംരക്ഷിക്കാനൊരു വർഷമോ? ആകെ പ്രശ്നം. കുട്ടൻ ടോട്ടലി മൂഡോഫ്!

അവൻ വിളിച്ചു: മമ്മീ...!

മമ്മിയ്ക്ക് ദേഷ്യം: പോ , മോൻ സ്കൂളിൽ പഠിക്കാനുള്ളതു വല്ലതും നോക്ക് നീ... പോ, പോ!

അതു പറ്റില്ലല്ലോ...! നെറ്റി ചുളിച്ച്, അവൻ നെറ്റു വിടർത്തി പരതാൻ തുടങ്ങി. അറിവിന്റെ പറവകൾ ചിറകു വിടർത്തുന്നു. ഓരോ ചിറകടിയിലും വിവരങ്ങളേറെ കൊഴിഞ്ഞു വീഴുന്നു. അവൻ അവ പെറുക്കാൻ തുടങ്ങി... കുരുന്നു കണ്ണുകളിൽ അത്ഭുതം!

ഒരു മുത്തശ്ശൻ കുറിച്ചിരിക്കുന്നു:

മണ്ണുവർഷത്തിലെ നനവൂറുന്ന ഓർമ്മകൾ
അവനതു വായിച്ചു.

സ്കൂൾ തുറന്നു. ജൂൺ മാസം ഒന്നാം തിയ്യതി. രാവിലെ ഒമ്പതിനും, വൈകീട്ട് നാലിനും കൃത്യം കൃത്യമായി മഴ. ഭൂമിയും ആകാശവും അടക്കിപ്പിടിച്ച്, മൂടിക്കെട്ടി, 'തകർത്ത'കാറ്റും മഴയും. പേടിപ്പിക്കാൻ പാകത്തിന് ഇടിയും മിന്നലും.

ഞാൻ നടന്നല്ല വീട്ടിലെത്തിയത്. പറയണോ? ഓടി! തോളിൽ സഞ്ചിയും, തലമുകളിൽ കുടയും ചാഞ്ചാടി. വഴിയിലാകെ ചെളിവെള്ളം. കെട്ടിക്കിടക്കുന്നു. ചിലേടങ്ങളിൽ ചാലിട്ടൊഴുകുന്നുമുണ്ട്. ചെറു നിർച്ചാലുപോലെ. (ഇന്നത്തെ കാലടിപ്പുഴ പോലെ എന്നൊരുപമയും ഒക്കും).

ഞാനത് തട്ടിത്തെറിപ്പിച്ചാണ് പോന്നത്. നല്ല കട്ടിച്ചായ നിറം. കളഭം കലക്കിയ വെള്ളം. സുന്ദരിക്കുട്ടിയുടെ പാവാടയിലും പാറ്റിച്ചു വിട്ടു. അവളുടെ ഒരു പവറ്! വല്യ ഉർവ്വശിയല്ലേ, രംഭ! (അമ്മമ്മ പറയാറുള്ളതാണ്, ഈ വായ്ത്താരി! ) ഇതൊക്കെയല്ലേ ഒരു തമാശ?

ചെരിപ്പിടാത്തകുട്ടി മഴയത്ത്, ടാറിടാത്ത റോഡിലൂടെ ഓടിച്ചാടി നടന്നു വന്നപ്പോൾ, കാലിൽ ചെമ്മണ്ണും ചെളിയും പറ്റി. ഉമ്മറത്തെ വാൽക്കിണ്ടിയിൽ വെള്ളം വെച്ചിരുന്നു. അതു കാണാനൊക്കെ എവിടെ നേരം? വയറ് ' പൈലോ ,പൈലോ ' കരയുന്നു. ഞാനോടി അടുക്കളയിൽ ചെന്നു. അമ്മേ, ദോശതാ...!

നടന്നു പോയ വഴിനീളെ, കാൽപ്പാടുകൾ... പാദമുദ്രകൾ!!!

ഈശ്വരാ, ഞാനിപ്പോ തൊടച്ചു കയ്യെടുത്തതേയുള്ളൂ. ഈ കാലമാടൻ ചെക്കൻ തളത്തിലാകെ ചള്ള്യാക്കി, അസത്ത്, എന്നമ്മ.

ദോശയും വിശപ്പും എവിടെപ്പോയി?

നോക്കുമ്പോൾ, ഷർട്ടിലുമുണ്ട് അത്യാവശ്യം ചെളി.

ട്രൗസറിന്റെ പിന്നിൽ പിന്നെ എന്റെ കുറ്റല്ല, ഞാൻ ഓർത്തു. അച്ചെളി ബെഞ്ചുമ്മെണ്ടാർന്നതാ...

പോയിക്കുളിച്ചു വാടാ, കുരുത്തം കെട്ടവനേ, എന്നു പുന്നാരം.

ഈ തണുപ്പത്തു കുളിക്ക്യല്ലേ, പിന്നെ ...! എന്നു കുശുകുശുപ്പ്...

ഉമ്മറത്തും തളത്തിലും കിടക്കയിലും, വിരിയിലും, മണ്ണും ചെളിയും പുരട്ടിയതിനും. ചവിട്ടിച്ചെളിയാക്കിയതിനും ശകാരം കേൾക്കാത്ത കുഞ്ഞേതെങ്കിലും നമുക്കുണ്ടായിരുന്നോ, ഇവിടെ ? !

ഷർട്ടിലും, ട്രൗസറിലും ഉടുപ്പിലും, പാപ്പാസിലും ചെളിയും അഴുക്കും പുരണ്ടതിന് കേട്ടിട്ടില്ലേ വേണ്ടുവോളം? മണ്ണും ചുണ്ണാമ്പും തിരിച്ചറിയാത്തതിന് കളിയാക്കപ്പെട്ട അവസരങ്ങളെത്ര? 'മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും ദൈവമിരിക്കുന്നു' എന്നൊരു സിനിമാപ്പാട്ടുകൂടിയായപ്പോൾ സംഗതി ഗംഭീരം. സമഗ്രം.

ഇതിപ്പോൾ മണ്ണു വർഷവുമായി!!

കുട്ടൻ സ്ക്രീനിൽനിന്നും കണ്ണുയർത്തി. കുറച്ചു ബുദ്ധിമുട്ടിയാണു വായിച്ചത്. എന്തൊക്കെയാണ് പറഞ്ഞത്? ക്ലിയറല്ല ആരോടാണ് ചോദിക്കുക? അവസാനം പറഞ്ഞതൊന്നും മനസ്സിലായതേയില്ല! ആരായിരിക്കും ഈ മുത്തശ്ശൻ?

മുത്തശ്ശൻ തുടരുകയാണ്:
ലോകത്തിലെമ്പാടും മണ്ണുണ്ടെന്നും, മണ്ണാണ് നമ്മുടെ സമ്പാദ്യമെന്നും മനുഷ്യൻ തിരിച്ചറിയുന്നു. (മറ്റു ജന്തുക്കൾ ഇതു മുമ്പേ അറിഞ്ഞിരുന്നു. അതുകൊണ്ടല്ലേ, അവ മണ്ണിൽ പാർക്കുന്നതും, മണ്ണിൽ തിമിർക്കുന്നതും. മനുഷ്യനെ അറിയിച്ചില്ലെന്നേ ഉള്ളൂ! )

പുതിയൊരു പ്രയോഗം, 'മണ്ണു മാഫിയ' എന്നതാണ്. ഒരു ജെ.സി.ബി.യും, ഒരു ടിപ്പർ ലോറിയുമുണ്ടെങ്കിൽ ഏതു കുന്നും മണ്ണായി മാറും. ഏതു തണ്ണീർത്തടവും മണ്ണാൽ നിറയും. ഇതിനെപറയുന്ന പേരാണ് 'ലാന്റ് ഡെവലപ്പ്മെന്റ്'. 'ഭൂ വികസനം' എന്നു വേണമെങ്കിൽ പരിഭാഷചെയ്യാം. വികസനത്തിന്റെ പാരമ്യം എപ്പോഴും പൊട്ടിത്തെറിയാണല്ലോ. എക്സ്പ്ലോഷൻ. ഊതിയൂതി ഒരു ബലൂൺ വികസിപ്പിക്കുന്നതുപോലെ, അനിവാര്യമായ പൊട്ടിത്തെറിവരെ വികസനം ചെന്നെത്തും.


അവൻ കമ്പ്യൂട്ടർ അടച്ചു. കണ്ണടച്ചു. വായിച്ചകാര്യങ്ങൾ മനസ്സിൽ കുറിക്കാൻ ശ്രമിച്ചു. ഓ ! വല്ലാത്ത കട്ടിതന്നെ. ഒന്നുമങ്ങ് ശരിയാകുന്നില്ലല്ലോ...
ആരായിരിക്കും ഈ മുത്തശ്ശൻ?

അവൻ മമ്മിയോട് ചോദിച്ചു. മറ്റാരോട് ചോദിക്കാനാണ്?
മമ്മീ, ഈ മുത്തശ്ശൻ എന്നു പറഞ്ഞാൽ ആരാ?
മമ്മിയുടെ മുഖത്ത് അത്ഭുതം...
മമ്മി എഴുന്നേറ്റുപോയി, ഒരു പഴയ ആൽബം എടുത്തു. ഇതളുകൾ മറിച്ചു.
വലിയ കണ്ണുകളും പരന്ന നെറ്റിയും, ഉയർന്ന മൂക്കും, വെളുത്ത താടിയും, മിന്നുന്ന കഷണ്ടിയുമുള്ള ഒരാൾ! ഒരു വയസ്സൻ.
മോം, ആരാണിത്?
മമ്മി പറഞ്ഞു,
അതോ ,അത് ... മുത്തശ്ശൻ! മമ്മിയുടെ പപ്പ.
അവൻ മമ്മിയോട് ചേർന്നിരുന്നു. മമ്മിയുടെ ദേഷ്യമെല്ലാം അലിഞ്ഞുപോയിരിക്കുന്നു. ഐസ്ക്രീം പോലെ.. അവൻ കരുതി, അലിയുന്ന ദേഷ്യത്തിന് എന്തു മധുരമാണ്!

മമ്മീ, എവിടെയാണിപ്പോൾ മുത്തശ്ശൻ?
മമ്മി അവനെനോക്കുകയാണ്. ആ കണ്ണുകളിൽ നനവുണ്ടോ? അവൻ അൽപ്പം കൂടിച്ചേർന്നിരുന്ന് , ആ കവിളത്ത് കുഞ്ഞുവിരലുകൾ തലോടി...

എവിടെയാണു മമ്മീ, മുത്തശ്ശൻ?
അവനോട് മമ്മി ഒന്നും പറഞ്ഞില്ല...
അവന്റെ വിരലുകളിൽ ചൂടുള്ള നനവ്...
പതിവിനു വിപരീതമായി, അവൻ അന്ന് മമ്മിയോട് ചേർന്നാണ് ഉറങ്ങിയത്...
സ്വപ്നത്തിൽ, മുത്തശ്ശൻ അവനെവാരിയെടുത്തു. അവനോട് കുറേയേറെ കഥകൾ പറഞ്ഞു. മണ്ണിലും, വെള്ളത്തിലും കളിച്ചു മറിഞ്ഞ കഥകൾ.
അവനും മുത്തശ്ശനും കൂടി കുഴിച്ചൊരു വഴിയുണ്ടാക്കി. ആ വഴിയിലൂടെ അവൻ മുത്തശ്ശന്റെ വിരലിൽ തൂങ്ങി നടന്നു.
നടന്നു നടന്നു നടന്ന്...
പൊടുന്നനെ, മുത്തശ്ശൻ പുതഞ്ഞു പോയി... വിരലിന്റെ പിടി വിട്ടു...
ഞെട്ടിയുണർന്നപ്പോഴും, അവൻ മമ്മിയോട് ചേർന്നു കിടക്കുകയാണ്. വെളിച്ചം വീണിരിക്കുന്നു.
മമ്മി ചോദിച്ചു, കുട്ടന് സ്കൂളിൽ പോണ്ടേ?
അവൻ കൊഞ്ചി: ന്നു വേണ്ടമ്മെ... കുട്ടനു പന്യാ..!
മമ്മി മന്ദഹസിക്കുന്നു...!
മമ്മി അടുക്കളയിലേയ്ക്ക്...
അവൻ ബെഡ്ഡിൽ നിന്നും വശം ചെരിഞ്ഞെഴുന്നേറ്റ്, മുറ്റത്തിറങ്ങി, ഗേറ്റു കടന്നു നടന്നു.
റോഡിനപ്പുറത്ത് കറുകറുത്ത നിറത്തിൽ കിടക്കുന്നുണ്ട്, മണ്ണ്.
ചീറി വന്നൊരു ബസ്സ് കടന്നു പോയി. അവൻ പതുക്കെ റോഡ് മുറിച്ചു കടന്നു. നഗ്നമായ പാദങ്ങൾ നൊന്തു.
ടാറിനപ്പുറം അവൻ മുട്ടുകുത്തി; വലതുകൈ മുന്നോട്ടു നീട്ടി. കൈക്കുടന്നയിൽ ഒരു പിടി മണ്ണു നിറഞ്ഞു. അവനതു നെഞ്ചോടു ചേർത്തു.

■




Making Every
Species
Count





നിങ്ങളുടേതായ ലോകത്ത്
വിളയാടി ഞങ്ങളെത്തിയപ്പോൾ
ഒരായിരം സ്നേഹകണങ്ങളാൽ
ഞങ്ങളുടെ സ്വകാര്യ അഹങ്കാരമായി മാറി
ഒരിക്കലും മരിക്കാത്ത ഓർമ്മകൾ സമ്മാനിച്ചു
ആ ലോകം ഞങ്ങൾക്ക് കൈമാറിയ
ഹോർട്ടിയുടെ പ്രിയ അധ്യാപകന്
ഞങ്ങളുടെ കൂപ്പുകൈ



















PAMPA
Mens Hostel


HARSHA
Ladies Hostel


KERALA AGRICULTURAL UNIVERSITY
COLLEGE OF HORTICULTURE
Rural Agricultural Work Experience Programme- 2015

The New Generation Furniture Store



www.mrudulafurnitureworld.com

Supreme FURNITURE | Piyestra | FUMACO | Gilma | KOSMO | NIDRA
peps. | Repose | Kurl-on | Nilkamal | ZUARI | RUBCO

**MRUDULA FURNITURE WORLD**

19/99/1, ABC Complex, Near Jayalakshmi Silks, Poothole Road, Thrissur-4
Phone: 0487 238 5633 Mobile: 9946 851 951. Email: mrudularamachandran@gmail.com



Athira G R
Aagneya '13

# ഒരു പുഴുവിന്റെ അന്ത്യമൊഴി

സ്വപ്നങ്ങളുണ്ടായിരുന്നുവെനിക്ക്
നിദ്രയുടെ ആഴങ്ങളിൽ നിന്ന്
ചില്ലുകൂട് പൊട്ടിച്ച്
ചിറകു വിരിക്കാൻ
തുടങ്ങും വരെ.
എന്റെ ആകാശത്തിനെ
പ്ലാസ്റ്റിക് കൂട്ടിനുള്ളിലൂടെ
നീ
കാണാനനുവദിക്കും വരെ.
പിന്നെ, റോസാപ്പൂവിന്റെ -
കൃത്രിമ സുഗന്ധം
പഞ്ഞിയിൽ മുക്കി
ദയാവധം ചെയ്യും വരെ.
ഒടുവിൽ
ചിറകുവിരിക്കാത്ത
എന്റെ സ്വപ്നങ്ങളെ...,
പ്രകൃതിയോടുള്ള
എന്റെ പ്രണയത്തെ...
മൊട്ടുസൂചി തറച്ച്
നീ ഫ്രെയിം ചെയ്യുമ്പോൾ
കേൾക്കുക ഇതും കൂടി,
നന്ദി!
ജീവിച്ചിരുന്ന നിമിഷങ്ങളിൽ
വളർത്തമ്മയായതിന്
മാപ്പ്!
നിങ്ങൾ
മനുഷ്യർക്കു മാത്രമവകാശപ്പെട്ട
പ്രകൃതിയുടെ
ഇത്തിരി  പച്ചിലകൾ തിന്ന്
മുറിവേൽപ്പിച്ചതിന്.



# It's outrageous



Dilja K M
Taurus '14



'Why is it so disgusting ?' I whispered to myself. Screaming of vehicles trapped in the traffic block really made me intolerant. Leaning towards on my seat, I felt so relaxed. But something made me anxious and worried. Just when I was about to sleep, I heard a very sweet voice through the window of the taxi, which made my eyes open. I stared onto the one and only face from which that voice echoed . A face just like moon with glittering small eyes conveying something, I don't know. Throwing a serene smile on to my face, she begged me "Dheedhi zera kuch paisa dheejiye… subhah se khana nahi khaya". Feeling sorry, even without a mere look into my purse. I just pulled out a hundred rupee and stretched it towards her. She was totally astonished, her eyes filled with tears. As the taxi moved on, I could see her looking at me through the veil which covers her cute little face.

As usual I visited the seashore to experience the beauty of dusk and to get rid of all sorts of stress that my job used to impart on me. Sitting alone and recollecting the memories of my child hood, I happened to see that cute little face again, interrupting my thoughts. She was on her usual business. I can see bund of customers with her. But still she looked so unhappy and upset. My heart badly needed to talk to her and I approached her.

Just one look and she recognized me. Mind ful of gratitude, she asked me "Dheedhi… aap yaham bee?" Our conversation proceeded further. I understood that this girl is a victim of her step mother's brutal torture. She had been treated like an animal and compelled for child labour for their daily meals. I could feel her agony but I was helpless. I stood speechless and asked myself 'can my words console her?'

I felt so frustrated that night. I tried to erase those thoughts, but the lament of an innocent girl echoed in my ears. The white night, I kept thinking whether I



could do anything for her. At last I decided to do something .For this I have to know more about that cruel lady, her step mother.

Her colony was very untidy with narrow lanes in between the buildings. Cracking sound of machines, squabbling of women in queue for collecting tap water and barking of street dogs really made me unpleasant side I came across the house where she lived. On hearing the knocking sound, a fat lady who seemed to be very rude and harsh, opened the door. Without enquiring anything about me, she asked- " when shall I fix the time 10 to 11 pm or beyond it?" we had lots of customers but only few beautiful girls like you. Don't get worried on the rates. you will be offered a good wage". I was really shocked on hearing this. I felt so awkward when I learned that more than half of this colony inhabitants were engaged in this sort of business. The realization made me rush out from that terrible place. After this incident, I approached one of my friends who is also a lawyer to know whether I could take any legal steps to provide a secured life to that small girl. One and only way of legal approach he suggested was to file out a case on child labour and sexual abuse against those colony inhabitants with the support of atleast five such children. He also mentioned that there won't be any sort of immediate action since our justice always got delayed.

To make a final decision on this ,I went to the place where I used to meet her. But I couldn't even find a trace of her. I felt fear gripping my heart and I was helpless. Days went on, but I couldn't find her. I felt so restless and decided to go to the colony.

Alas! I was shocked on hearing that she had been sold to forty year old Arab sailor. Tears of pain rushed out from my eyes. I could feet the cry of a cute little girl. A yell for justice.An abortive light against her fate.

On closing my eyes, in the darkness of my mind, I whispered 'It's outrageous!'

# ചിറകൊടിഞ്ഞ കിനാവുകൾ



Anasooya Sebastian
Aagneya '13

കടലാസുപൂക്കൾ നിറഞ്ഞുനിന്ന വഴിയരികിൽ മഞ്ഞുകണങ്ങൾ കുളിരുപകർന്ന കാറ്റിന്റെ പശ്ചാത്തലത്തിൽ അന്ന് ആദ്യമായി ഞാനോളെ കണ്ടു. നെറ്റിയിലേക്ക് വീണുകിടന്ന മുടിയിഴകളെ ചെവികൾക്കു പിന്നിലേക്ക് ഒതുക്കിവെച്ച് ഏറെ പരിഭ്രമത്തോടെയോള് ഓൾടെ തുണിസഞ്ചിയിൽ എന്തോ തിരയുകയായിരുന്നു, ഇളം കാപ്പി നിറമുള്ള ഓൾടെ കൃഷ്ണമണികൾ



അങ്ങോട്ടുമിങ്ങോട്ടും പായുന്നത് ഏറെ നേരം ഞാൻ നോക്കി നിന്നു.

ഞാനും തിരയുകയാണ്. എന്നത്തെയുംപോലെ ചേച്ചിയുടെ പി.എസ്.സി. പരീക്ഷയുടെ ഫലം മാതൃഭൂമി പത്രത്തിന്റെ പുത്തൻ പേജിൽ ഞാൻ ആർത്തിയോടെ തിരഞ്ഞു. പി.എസ്.സി. ഫലം മാറ്റിനിർത്തിയാൽ വലുതും ചെറുതുമായ വാർത്തകൾ പത്രത്തെ ചൂടുപിടിപ്പിച്ചു. ഒട്ടേറെപേർ പലയിടങ്ങളിലായി മരണമടഞ്ഞു. ചില ഭ്രാന്തന്മാർ കൊല്ലുകയും, ചിലർ സ്വയം മരിക്കുകയും ചെയ്തു. അഴിമതിയുടെ പേരിൽ തമിഴ്നാട്ടിൽ മുഖ്യമന്ത്രിക്ക് ജയിലിൽ കഴിയേണ്ടി വന്നു... ധോണിയുടെ നീലപ്പട കഴിഞ്ഞ നാലു കളികളിലും വിജയം കൊയ്തു... ഒരു പെരുമ്പാമ്പ് പന്നിയെ വിഴുങ്ങി... അടുത്ത ആഴ്ചയിലെ രണ്ട് ഹർത്താലുകളുടെ കാര്യം തീരുമാനമായി. അങ്ങനങ്ങനെകാക്കത്തൊള്ളായിരം വാർത്തകൾ, വർത്തമാനങ്ങൾ, വിധികൾ, കുറ്റം പറച്ചിലുകൾ... ഇതിനിടയിൽ പി.എസ്.സി പരീക്ഷാഫലവും- പോരെ പൂരം!

ഓളെന്താണ് തിരയുന്നത്... ആ... അറിയില്ല. എങ്കിലും എനക്കിഷ്ട്ടായി... കാരണം എനക്കും ഓൾക്കും ഒരു സമാനത. ഞങ്ങൾ തിരയുകയായിരുന്നു. തിരച്ചിൽ... ഹായ് നല്ല വാക്ക് ... എനക്കോളെ ഇഷ്ട്ടായി... അമ്മയോട് പറയണം. അമ്മൂട്ടിയോട് പറയണം... ഓൾടെ വീട്ടിൽ ആലോചിച്ച് ചെല്ലണം. പിന്നെ ഒറപ്പിക്കൽ, നിശ്ചയം, കല്ല്യാണം... അങ്ങനങ്ങനെ... എനക്കുവയ്യ... ഓൾക്കെന്നെ ഇഷ്ടാവോ? അറിയില്ല... അല്ലെങ്കിലുമിപ്പൊ ഇഷ്ട്ടാവാതിരിക്കുമോ? ഏയ്... എനക്കെന്താ ഒരു കുറവ്? സൗന്ദര്യമില്ലേ? പഠിപ്പില്ലേ? പോരാത്തതിന് കുടുംബമഹിമ പറഞ്ഞറിയിക്കാനാവില്ലല്ലോ...

പണ്ടുകാലത്ത് ഈ നിലമ്പൂർ അങ്ങാടി മുഴുവനും ന്റെ കുടുംബത്തിന്റെ കൈയിലല്ലായിരുന്നോ? സത്യത്തിൽ ഞങ്ങളായിരുന്നു രാജാക്കന്മാർ. വീട്ടുപേരോ നിലമ്പൂരാൻ... എന്താ ഒരു ചന്തം! പക്ഷെ ആ കോന്ത്രമ്പല്ലൻ മമ്മദ് ന്നെ വിളിക്കണത് 'അലമ്പൂരി'ന്നാണ്... പാറപ്പുറത്ത് ചെരട്ടകൊണ്ട് ഒരച്ചാലുള്ള ഓന്റെ ശബ്ദം... ഓനെതട്ടണം... അതുപോട്ടെ. അപ്പൊ ഞാനോളെ കെട്ട്ണേല് എന്തെങ്കിലും ഒരു പ്രശ്നണ്ടോ? ഇല്ല... പിന്നെ പേരിനൊരു പണിയായിട്ടില്ലാന്നല്ലേയുള്ളൂ... ഒരു ഗവൺമെന്റ് പണി കിട്ടണം എന്ന് അമ്മ പറഞ്ഞിട്ട് കാര്യമില്ല. ആ പണി വിൽക്കാൻ വെച്ചിട്ടില്ലല്ലോ! പിന്നെ പെയ്ന്റ് പണിക്ക് എന്താ ഒരു കൊറച്ചില്. ജീവിതം കളർ ഫുളല്ലേ... അപ്പോ എനക്കോളെ കെട്ടാം... നല്ല കുട്ടി...

തിരഞ്ഞു തീർന്നിടത്ത്, ഒരു നീണ്ട നിശ്വാസത്തിന്റെ അപ്പുറത്ത് ഓൾടെ കൈയ്യിൽ ഒരു കടലാസുതുണ്ട്. പടച്ചതമ്പുരാനേഅത് എനക്ക് തരാൻ വേണ്ടി ഓളെഴുതിയുണ്ടാക്കി എട്ടാക്കി മടക്കിയ ലൗലെറ്ററാണോ? ഓള് ദാ ന്റെ അടുത്തേക്ക് വരണ്... തെക്കൻ കാറ്റ് വടക്കോട്ട് വീശുന്നതും ഒരു കാക്ക വെറുതേ കരയുന്നതും മാത്രം കേൾക്കാൻ പറ്റുന്നുണ്ട്. നീട്ടിപ്പിടിച്ച കടലാസുതുണ്ട് ന്റെ നേരെ നീട്ടി മധുരമായ ശബ്ദത്തിൽ ഓളെന്തോ പറഞ്ഞു... ചുരുട്ടിപ്പിടിച്ച പത്രം നിലത്തുവീണത് ഞാനറിഞ്ഞില്ല. തല ഇടത്തോട്ടാണോ വലത്തോട്ടാണോ കറങ്ങുന്നത്? ഓളെന്നെ തട്ടിവിളിച്ചു... 'എന്താ വേണ്ടത്?'ഞാൻ ചോദിച്ചു...

"can you please tell me...?

പടച്ചോനേ ഏതാ ഭാഷാ ഇംഗ്ലീഷാണോ! പെട്ടു. ഈ പെണ്ണിന് വേറാരോടേലും ചോദിച്ചൂടെ? എന്ത് കണ്ടിട്ടാ. ന്റെ അടുത്തേക്ക് തന്നെ വന്നത്... അല്ലെങ്കിലും കുറച്ചധികം കാണാൻ കൊള്ളാവുന്ന ചെക്കൻമാരെ കണ്ടാൽ ഈ പെൺകുട്ടികളെല്ലാം ഇങ്ങനെയാ...

പത്താംക്ലാസ് മൂന്നുവട്ടം എഴുതിജയിച്ച എന്നോടാ കളി. അങ്ങനെഇപ്പോ ഞാൻ ഇംഗ്ലീഷ് പറയിണില്ല... വരുത്തന്മാരുടെ ഭാഷ... എനക്കിഷ്ട്ടല്ല.... അയ്യേ....

ഓള്പോയി... ഒരു ഉത്തരവും പറയാതെ ഞാൻ അന്തംവിട്ട് നിന്നതുകൊണ്ടാവും... പോട്ടെ. സത്യത്തിൽ നമ്മള് ശ്രദ്ധിക്കാഞ്ഞിട്ടാണ്. ഓൾടെ മൂക്കിന് ഇടത്തോട്ട് ഒരു ചെറിയ വളവുണ്ട്. പല്ലാണെങ്കിൽ ലേശം പൊന്തീട്ടുമുണ്ട്. എനക്ക് ചേരില്ല... പോരാത്തതിനോ.... മലയാളം തീരെയറിയില്ല... പക്ഷെ എനക്ക് മലയാളം എന്നുവച്ചാ...അത് വേറെ ലെവലാണ്... നമ്മടെ മാതൃഭാഷ... നമ്മടെ മലയാളം... അത് വിട്ടിട്ട് ഒരു കളിയുല്ലാ...

പത്രമെടുത്ത് ഞാൻ നടന്നു. ഈ ചേച്ചിക്ക് ഇപ്രാവശ്യമെങ്കിലും കിട്ടുവോ ഉപ്പിലിട്ട ഗവൺമെന്റ് പണി.

■



# ഒരു നൊമ്പരം കൂടി.....



Aravind K S
Computer Club

കഥാപാത്രങ്ങൾക്കും സാഹചര്യങ്ങൾക്കും അവരുടെ ചിന്താഗതികൾക്കും വരുന്ന മാറ്റം ഒഴിച്ചാൽ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കാവുന്ന ഒന്നാണ് പ്രണയം. ഇത് അവന്റെ കഥയാണ്, പറഞ്ഞ കഥയിലെ വാക്കുകൾക്ക് പോലും മാറ്റം വരുത്താൻ പറ്റാത്ത അവന്റെ ജീവിതത്തിൽ സംഭവിച്ച കഥ....

ഒരു പ്രണയം തകർച്ച അപകർഷതകളുടെ തോരാ മഴയിലേക്ക് അവനെഇറക്കി വിട്ടു. നിറചിരിയോടെ സൗഹൃദത്തിനു നടുവിൽ നിന്നവൻ വീട്ടിലേക്ക് തിരികെ വരും വഴി ഓർമ്മകൾ വേട്ടയാടുന്നു. ആ ഏകാന്തതകളിൽ രക്ഷപ്പെടാൻ ഓർക്കൂട്ടിൽ നഷ്ടപ്രണയം എന്ന ഗ്രൂപ്പിൽ അവൻ സ്വയം ആഡ് ചെയ്തു. ആഴ്ചകൾക്കു ശേഷം ചെറുതുരുത്തിയിൽ നിന്നുള്ള പെൺകുട്ടിയെ അതിലൂടെ പരിചയപ്പെട്ടു.

മാതാപിതാക്കളുടെ ഏക മകൾ, അവരിരുവരും സർക്കാർ ജോലിക്കാരായതിനാൽ കൂടുതൽ സമയവും അവൾ തനിച്ചായിരുന്നു. അവളും ഒരു പ്രണയം തകർന്നതിന്റെ നിരാശയിലായിരുന്നു. ആദ്യ കാലങ്ങളിൽ ഫോണിലൂടെ ഒരു തേങ്ങൽ മാത്രം കാതിൽ വന്നലച്ചു. ഇരുവരും നല്ല സുഹൃത്തുക്കളായി. മാതാപിതാക്കൾക്ക് ഒന്നുമറിയാത്തതിനാൽ അവൾ ഒരു കേൾവിക്കാരനെആഗ്രഹിച്ചിരുന്നു. ഞങ്ങളുടെ വൈകുന്നേരങ്ങളിൽ അവളും സജീവ ചർച്ചാവിഷയമായി. അവൾ പഠിച്ചിരുന്ന കോളേജ് ഞങ്ങൾക്ക് പരിചിതമായിരുന്നു. അവൾക്കൊപ്പം അവിടെ പഠിക്കുന്ന അയൽപക്കത്തെ പയ്യനോട് അവളെക്കുറിച്ചു ചോദിച്ചു നോക്കാമെന്ന അഭിപ്രായം ഉയർന്നു വന്നു.

"അവളെ ആ കോളേജിൽ എല്ലാവർക്കും അറിയാം. അതിനോട് കൂട്ട് വേണ്ടാ. വൃത്തികെട്ട പെണ്ണാത്" എന്നായിരുന്നു മറുപടി. അന്നു രാത്രിയിലെ സംസാരത്തിനിടയിൽ അയാളെക്കുറിച്ചവൻ പറഞ്ഞതും.

"അവനെല്ലാം പറഞ്ഞു കാണുമല്ലേ" എന്നവൾ ചോദിച്ചു.

"എന്തായിരുന്നു നിന്റെ ജീവിതത്തിൽ സംഭവിച്ചത് എന്ന് ആവർത്തിച്ചു ചോദിച്ചപ്പോൾ, നീണ്ട മൗനത്തിനൊടുവിൽ അവൾ പറഞ്ഞു തുടങ്ങി.

"സഹീറും ഞാനും കോളേജിൽ ഒരേ ക്ലാസിലായിരുന്നു. കുറേ കാലം പിന്നാലെ നടന്നാണ് ഞാൻ പ്രണയം സമ്മതിച്ചത്. പിന്നെയാ ബന്ധം വളർന്നു. അച്ഛനും അമ്മയ്ക്കും ജോലിയുള്ള ദിവസങ്ങളിൽ കോളേജിൽ സമരത്തെ തുടർന്നു നേരത്തെ വിടുമ്പോൾ ഞങ്ങൾ ഒരുമിച്ചു എന്റെ വീട്ടിലെത്തി. എപ്പോഴോ ആ ബന്ധം എല്ലാ പരിധികളും ലംഘിച്ചു. വിവാഹം ചെയ്യുമെന്നുറപ്പുള്ളതിനാൽ ഒന്നും തെറ്റായി തോന്നിയില്ല. മൂന്നാം വർഷത്തോടടുത്തപ്പോൾ അവൻ പതുക്കെ അകന്നു തുടങ്ങി. പഠിക്കാനേറെ ഉണ്ടെന്നായിരുന്നു എന്ന മറുപടികൾ, ഒടുവിൽ സത്യം പറഞ്ഞു. നമ്മൾ രണ്ടു മതമാണ്, എല്ലാവരെയും നോവിച്ചു ഒന്നാകാനാവില്ലെന്നു."

ക്ലാസിൽ വെച്ചായിരുന്നു ഞങ്ങളുടെ സംസാരം, എന്റെ ശബ്ദം അറിയാതെ പൊങ്ങി.

വീട്ടിൽ വന്നങ്ങിനെയെല്ലാം സംഭവിക്കുമ്പോൾ ഇതൊന്നും ചിന്തിച്ചില്ലെയെന്നു ചോദിച്ചു. ടീച്ചർ കേട്ടു, ക്ലാസിലെ മറ്റ് കുട്ടികളും. വാർത്ത കാട്ടുതീ പോലെ പടർന്നു. അവരെല്ലാം എന്നെ വെറുപ്പോടെ നോക്കി. അവർക്കെല്ലാം അവൻ മാപ്പു സാക്ഷിയായിരുന്നു.

"ഞാൻ തേഡ്റേറ്റ് പെണ്ണും..."

മൂന്നാംവർഷ പരീക്ഷ അടുത്തുവന്നു. അവൾ കോളേജിൽ പോകാൻ കൂട്ടാക്കിയില്ല,

"വഴി പറഞ്ഞു തന്നാൽ ഞങ്ങൾ കൂട്ടിന് വരാം" എന്നൊക്കെയായിരുന്നു കമന്റ്സ്...

അവന്റെ നിർബന്ധത്താൽ ആരും മിണ്ടാത്ത ക്ലാസ്സിലേക്ക് അവൾ ഇടക്കൊക്കെ ചെന്നു. നിരന്തരമുള്ള ഫോൺ വിളികളിലൂടെ പകർന്നേകിയ കരുത്തിൽ അവൾ പരീക്ഷകൾ എഴുതി.

"പരീക്ഷ എളുപ്പമായിരുന്നു, എനിക്ക് നല്ല മാർക്കുണ്ടാകും. എനിക്ക് എം.സി.എ ചെയ്യണം, ദൂരെ എവിടെയെങ്കിലും ഈ കഥകൾ കടന്നുവരാത്ത എവിടെയെങ്കിലും" അവൾ പറഞ്ഞു.

എല്ലാം ശരിയാകുമെന്ന ഒറ്റവരിയിൽ അവൻ പറഞ്ഞൊതുക്കി.

"എന്ത് ശരിയാവാൻ, എന്റെ കോളേജിൽ ആയിരക്കണക്കിന് കുട്ടികളുണ്ട് അവരിൽ കുറെ പേർക്ക് എന്റെ കഥയറിയാം, ഇപ്പോഴും അമ്മയ്ക്കും അച്ഛനും ഒന്നും അറിയില്ല, എനിക്ക് നല്ലൊരുവിവാഹം വരുമ്പോൾ അയാളുടെ അയൽക്കാരനോ ബന്ധുവോ സുഹൃത്തോ ആയി എന്റെ സഹപാഠികൾ കാണും. ഇതെല്ലാം വെളിപ്പെടുമ്പോൾ അന്ന് ഞാൻ ആത്മഹത്യ ചെയ്യും."

"എല്ലാമറിയുന്ന ഒരാൾ വന്നാൽ പ്രശ്നം തീരില്ലേ"?

"അങ്ങിനെആരും വരില്ലാ"

